# കറുത്ത തമ്പ്രാട്ടി

ഇ. ഹരികുമാർ



50 വർഷം ഇ.ഹരികുമാർ സാഹിത്യം 2013

# ഇ. ഹരികുമാർ

## അമ്പതു വർഷത്തെ സാഹിത്യജീവിതം



Karutha Thambratti
കറുത്ത തമ്പ്രാട്ടി
(collection of short stories in Malayalam)
Author: E. Harikumar
Electronic version published in 2013
This book is meant for distribution among research organisations absolutely free of cost.

Address: E. Harikumar
5B, Avenue Crest Apartments
Avenue Road, Mundupalam
Kuriachira P.O.
Thrissur 680 006
Phone: (0487) 2251779
E-Mail: e.harikumar.novelist@gmail.com
Web: www.e-harikumar.com

Copyright © 2013 by E. Harikumar

**ഇ. ഹരികുമാർ**

1943 ജൂലൈ 13 ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി.എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ്. ഭാര്യ: ശുഭ. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതിത്തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72ൽ പ്രസിദ്ധപ്പെടുത്തി. 15 കഥാസമാഹാരങ്ങളും 9 നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പുരസ്കാരങ്ങൾ:**

1988 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.

1997 ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.

1998 ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.

2006 ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.

2012 ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ കാസറ്റ് റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തക പ്രസിദ്ധീകരണം എന്നിവയിലേർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

**കൃതികൾ:**

**ചെറുകഥാസമാഹാരങ്ങൾ:**

കൂറകൾ, വൃഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി, കാനഡയിൽ നിന്നൊരു രാജകുമാരി, ശ്രീപാർവ്വതിയുടെ പാദം, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ, കറുത്ത തമ്പ്രാട്ടി, അനിതയുടെ വീട്, ഇളവെയിലിന്റെ സാന്ത്വനം (കഥകൾ 1966-1996), നഗരവാസിയായ ഒരു കുട്ടി, എന്റെ സ്ത്രീകൾ (സ്ത്രീപക്ഷ കഥകൾ), വെള്ളിത്തിരയിലെന്നപോലെ.

**നോവലുകൾ:**

ഉറങ്ങുന്ന സർപ്പങ്ങൾ + ശാപശില, ആസക്തിയുടെ അഗ്നിനാളങ്ങൾ, ഒരു കുടുംബപുരാണം, എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി, അയനങ്ങൾ, തടാകതീരത്ത്, കൊച്ചമ്പ്രാട്ടി, പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ, അറിയാത്തലങ്ങളിലേയ്ക്ക്.

**ഓർമ്മകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ:**

നീ എവിടെയാണെങ്കിലും.

ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ.

**വിലാസം:** 5-ബി, അവന്യൂ ക്രെസ്റ്റ് അപാർട്മെന്റ്സ്
അവന്യൂ റോഡ്, മുണ്ടുപാലം
കുരിയച്ചിറ (പി.ഒ.)
തൃശ്ശൂർ 680 006
ഫോൺ: 091-0487-2251779

**ഇ-മെയിൽ:** harikumar_e@yahoo.com,
e.harikumar.novelist@gmail.com

**website:** www.e-harikumar.com

# കറുത്ത തമ്പ്രാട്ടി

കറുത്ത തമ്പ്രാട്ടി

കളിക്കാലം

ഒരു ഓണത്തിന്റെ കഥ

അയൽക്കാരൻ

അവസാനത്തെ വിസിൽ

പറിച്ചുനടാനാവാത്ത നാടൻസ്വപ്നം

ചൂച്ചിയും ഈനാമ്പീച്ചിയും

മാനസാന്തരത്തിനു ശേഷം

വലിയൊരു ആൽബം

വൈകിയോടുന്ന വണ്ടികൾ

എങ്ങിനെ വിപ്ലവമുണ്ടാക്കുന്നു

കുഞ്ഞിമാതു ചിരിച്ചുകൊണ്ടിരിക്കുന്നു

കഥയിലേയ്ക്കു നടന്നുപോയ സ്ത്രീ

തീവണ്ടി കയറിയിട്ടില്ലാത്ത പെൺകുട്ടി

മറ്റൊരു വാതിൽ

ഒരു പപ്പടക്കാരിയുമായി പ്രണയത്തിലായ കഥ

ആ പാട്ടു നിർത്തൂ

# കറുത്ത തമ്പ്രാട്ടി

**അ**മ്മയെ കൂട്ടിക്കൊണ്ടുവരാമെന്നു പറഞ്ഞ് അപ്പ ഇറങ്ങുമ്പോൾ സുലു പൊട്ടിപ്പൊളിഞ്ഞ ഇരുത്തിമേൽ ഇരിക്കുകയായിരുന്നു. അപ്പയുടെ തല ഇടവഴിയിൽ, വേലിക്കപ്പുറത്ത് മറഞ്ഞപ്പോൾ അവൾ ഇരുത്തിമേൽ കിടന്നുകൊണ്ട് രാത്രി കണ്ട സ്വപ്നത്തെപ്പറ്റി ആലോചിച്ചു. അമ്മ വന്ന് അവളെ കെട്ടിപ്പിടിക്കുകയാണ്. ഇപ്പോൾ ഇടക്കിടക്ക് ഈ സ്വപ്നം കാണുന്നുണ്ട്. അമ്മയുടെ മുഖം ഓർമ്മയിൽ വരുന്നില്ല. അമ്മയുടെ തലോടൽ മാത്രം, അമ്മയുടെ സാമീപ്യം മാത്രം അവളുടെ സ്വപ്നങ്ങളിൽ കടന്നുവന്ന് അവളെ സന്തോഷിപ്പിച്ചു. രാവിലെ എഴുന്നേറ്റാൽ അവൾ പറയും, 'അപ്പാ, ഞാങ്കണ്ടു സ്വപ്നം.' എന്തു സ്വപ്നമാണെന്ന് താമി ചോദിക്കില്ല. അയാൾക്കറിയാം. ഇരുത്തിമേൽ കിടന്നുകൊണ്ട് അവൾ സ്വപ്നത്തിൽ മാത്രം വരുന്ന അമ്മയെ കാത്തിരിക്കാൻ തുടങ്ങി. ഇനി പകൽ മുഴുവൻ അവൾ ഒറ്റയ്ക്കായിരിക്കും. അപ്പ പണിക്കുപോയി തിരിച്ചെത്തുമ്പോൾ ഇരുട്ടിയിരിക്കും. കുടിലിൽ ആ നാലു വയസ്സുകാരി ഒറ്റക്കിരുന്നു, ഒറ്റക്കു കളിച്ചു. വിശക്കുമ്പോൾ കലത്തിൽനിന്ന് കഞ്ഞിയെടുത്ത് കുടിച്ചു.

താമി മാളികയുടെ മുറ്റത്ത് ചുറ്റിപ്പറ്റി നിന്നു. അയാളുടെ തലയ്ക്കുമുകളിൽ മൊട്ട വെയിലാണ്. പറമ്പിലുള്ള മരങ്ങൾ അയാളെ മാടിവിളിച്ചു. അവിടെ തണലാണ്, തണുപ്പാണ്. പക്ഷേ അയാൾക്ക് അനങ്ങാൻ പറ്റിയില്ല. തമ്പ്രാൻ പുറത്തു വരാതിരിക്കില്ല. 'ഇനി നിക്കണ്ട താമി നീ പോയ്ക്കോ' എന്നാണ് തമ്പ്രാൻ പറഞ്ഞത്. അര മണിക്കൂർ നേരത്തെ യാചനയ്ക്ക് ഫലമൊന്നുമുണ്ടായില്ല. അങ്ങിനെയങ്ങു പോവാൻ പറ്റണ കാര്യമാണോ?

ഏല്പിക്കുമ്പോൾ പറഞ്ഞത്, 'പണം കൊണ്ടന്നാൽ എന്നു വേണങ്കിലും വന്നു കൊണ്ടുപൊയ്ക്കോ' എന്നാണ്. ഇന്ന് പണണ്ടാക്കിക്കൊണ്ടുവന്നിട്ടൊന്നുല്യ. എവിടന്നുണ്ടാക്കാനാണ് രണ്ടായിരം രൂപ. പലിശ എത്രയായിട്ടുണ്ടാവും എന്നറിയില്ല. എന്നാലും ചോദിക്കുകയാണ്, ഒരാഴ്ചത്തേക്കെങ്കിലും കൊണ്ടുപൊയ്ക്കോട്ടെ എന്ന്. വയ്യ, ഇനിയും ഇങ്ങിനെയൊരു ജീവിതം വയ്യ.

തുറന്നു കിടക്കുന്ന വടക്കേ വാതിലിനുള്ളിൽ പുറത്തുനിന്നു നോക്കുമ്പോൾ ഇരുട്ടാണ്. അതുകൊണ്ട് തമ്പ്രാട്ടി വാതിലിനു പുറത്തു കടന്നിട്ടേ താമി കണ്ടുള്ളൂ.

'എന്താ താമി ഇങ്ങനെ നിക്കണത്?'

'ഒന്നുംല്ല്യമ്പ്രാട്ടി.'

'നന്ദിനിപ്പശു പെറ്റൂന്നല്ലേ കഴിഞ്ഞ ആഴ്ച നീ പറഞ്ഞത്? എന്നാ അതിനെ കൊണ്ടരണത്?'

'രണ്ടീസം കഴിയട്ടെ തമ്പ്രാട്ടി, അയിന് കൊടുക്കാൻ ഒരു മരുന്ന് പറഞ്ഞിട്ട്ണ്ട് വേലായുധൻ വൈദ്യര്.'

'വേഗം കൊണ്ടരണം കെട്ടോ, ഇവിടെ പാലിന് ആവശ്യക്കാര് കൂടിവരാണ്.'

'ശരിമ്പ്രാട്ടി.'

'അപ്പോ നീയെന്തിനാ കാത്ത് നിക്കണത്ന്ന് പറഞ്ഞില്ലല്ലോ?'

താമി ഒന്നും പറയാതെ തല ചൊറിഞ്ഞുനിന്നു.

'എന്താച്ചാ പറഞ്ഞോ.'

'അടിയൻ ലച്മീടെ കാര്യം തമ്പ്രാനോട് പറഞ്ഞിര്ന്ന്.'

തമ്പ്രാട്ടിയുടെ മുഖഭാവം പെട്ടെന്നു മാറി. അവർ പെട്ടെന്ന് ഒന്നും പറയാതെ തിരിഞ്ഞ് അകത്തേയ്ക്കു പോയി. അകത്തെ ഇരുട്ടിൽ താമിയുടെ കണ്ണുകൾ ഒരു നിമിഷം പരതി നടന്നു. സാധാരണ ദിവസങ്ങളിൽ അടുക്കള ഭാഗത്തു വിളിച്ച് എന്തെങ്കിലും ഭക്ഷണം കഴിപ്പിച്ചേ വിടാറുള്ളു. ഒപ്പംതന്നെ വീട്ടിൽ കാത്തിരിക്കുന്ന മകൾക്ക് കൊടുക്കാൻ എന്തെങ്കിലും പലഹാരം പൊതിഞ്ഞ് തരികയും ചെയ്യും. ഇന്ന് അതൊന്നുമുണ്ടായില്ല. ഇനി തിരിച്ചുപോകാം, വീട്ടിലെത്തിയാൽ മകളുടെ ചോദ്യത്തിന് 'മോടെ അമ്മ ഞ്ഞിയൊരീസം വരാംന്ന് പറഞ്ഞ്' എന്ന് മറുപടി കൊടുക്കാം. അയാൾ തിരിഞ്ഞു നടന്നു.

മുകളിലെ വരാന്തയിൽ നിന്ന് ഉറ്റുനോക്കിയിരുന്ന രണ്ടു കണ്ണുകൾ താമി പടികടന്ന് മരങ്ങൾക്കിടയിൽ മറഞ്ഞപ്പോൾ പിൻവലിഞ്ഞു. അവൾ ധൃതിയിൽ താഴേയ്ക്കു കോണിയിറങ്ങി. തമ്പ്രാൻ ഊണു കഴിഞ്ഞ് വരേണ്ട സമയമായിരിക്കുന്നു. ഇടനാഴികയിൽനിന്ന് നരിച്ചീറുകൾ തൂങ്ങിക്കിടക്കുന്ന മച്ചിനകത്തേയ്ക്ക് ലക്ഷ്മി കടന്നു. രാവിലെ അടുക്കളമുറ്റത്തെ പുളിമാവിൽ പടർത്തിയ വള്ളിയിൽ നിന്ന് പറിച്ചെടുത്ത തളിർവെറ്റിലയുടെ ഒപ്പം വാസനചുണ്ണാമ്പും അടക്കയും പുളിയിട്ടു തേച്ചു മിനുക്കിയ പിച്ചളത്താലത്തിൽ നിറച്ചു. ചുമരിലെ കരയാമ്പുവിന്റെ മണമുള്ള കൊച്ചലമാറിയിൽ ഒളിപ്പിച്ചുവച്ച പനിനീർ ദേഹത്തു തളിച്ച് അവൾ താലവുമെടുത്ത് മുകളിലേയ്ക്കു നടന്നു. തേക്കിന്റെ, വണ്ണമുള്ള ചതുരൻ അഴികളുള്ള വലിയ ജനലുകളിൽക്കൂടി പറമ്പിൽനിന്ന് മരച്ചില്ലകളെ തൊട്ടുതലോടിയ കാറ്റ് ഒഴുകിവന്നു. അവൾ കിടക്കയിലെ വിരിയെടുത്തു കുടഞ്ഞ് ചുളിവില്ലാതെ വിരിച്ചിട്ടു. തലയിണയെടുത്ത് പതംവരുത്തി. ഇനി തമ്പ്രാൻ വരുന്നതുവരെ അവൾക്കൊന്നും ചെയ്യാനില്ല. ലക്ഷ്മി ജനലിന്നടുത്തു പോയി കാവിതേച്ചു മിനുപ്പിച്ച നിലത്ത് ഇരുന്നു. പുറത്ത് മരങ്ങൾക്കപ്പുറം വയലാണ്. തന്റെ കെട്ടിയോൻ ഇപ്പോൾ വീട്ടിലെത്തിയിരിക്കുമെന്നവൾ ഊഹിച്ചു. നാലു വയസ്സുള്ള മകൾ അവളെപ്പറ്റി ചോദിക്കുന്നുണ്ടാവും. അച്ഛൻ മറുപടി പറയുന്നുമുണ്ടാവും. അടുത്ത് തന്നെ അമ്മ വരുംട്ടോ മോളെ. സുലുമോള് എന്തായിരിക്കും മറുപടി പറഞ്ഞിട്ടുണ്ടാവുക?

കോണിമേൽ കനത്ത കാലടി പതിയുന്ന ശബ്ദം കേട്ടപ്പോൾ ലക്ഷ്മി എഴുന്നേറ്റു. കാലടി ശബ്ദം ഇടനാഴിയിൽക്കൂടി അടുത്തു വന്നു. തുറന്നിട്ട വാതിലിലൂടെ തമ്പ്രാൻ അകത്തുകടന്നു വാതിലടച്ചു ഓടാമ്പലിട്ടു. ചുമലിലിട്ട വേഷ്ടി ചുവരിൽ ഘടിപ്പിച്ച മരത്തിന്റെ അയലിൽ തൂക്കിയിട്ട് തമ്പ്രാൻ നേരെ കുളിമുറിയിലേയ്ക്ക് പോയി. ലക്ഷ്മി കട്ടിലിന്റെ ഒരറ്റത്തിരുന്ന് മുറുക്കാനുള്ളത് കൂട്ടുവാൻ തുടങ്ങി.

തമ്പ്രാൻ തോർത്തുകൊണ്ട് നരച്ച രോമങ്ങളുള്ള മാറിൽ തോർത്തി കുളിമുറിയിൽനിന്ന് പുറത്തു കടന്നു. കട്ടിലിൽ ഇരുന്ന് തലഭാഗത്ത് കയറ്റിവച്ച തലയിണയിൽ ചാരിയിരുന്ന് ലക്ഷ്മിയെ നോക്കി. അയാൾ അവളുടെ ഭാവമെന്താണെന്ന് പഠിക്കുകയായിരുന്നു. അവൾ ഒന്നും പറയാതെ മുറുക്കാൻ ചുരുട്ടിയത് അയാളുടെ കയ്യിൽ കൊടുത്ത്

അടുത്തിരുന്നു. അതു വായിലിട്ട ശേഷം അയാൾ സംസാരിക്കാൻ തുടങ്ങി.

'താമി വന്നിരുന്നു.'

ലക്ഷ്മി ഒന്നും പറഞ്ഞില്ല.

'എന്തിനാ വന്നതന്ന് നിശ്ശണ്ടോ?'

'ഉം.'

'നെന്നെ അങ്ങനെയങ്ങട്ട് പറഞ്ഞയക്കും ഞാൻന്ന് തോന്ന്ണ്ണ്ടോ?'

അവൾ ഒന്നും പറയാതെ അയാളുടെ മാറിൽ കൈയ്യോടിച്ചു. അവളുടെ കറുത്ത വിരലുകൾ അയാളുടെ വെളുത്ത മാറിലെ രോമങ്ങളിൽ പരതി നടന്നു. അയാൾ അവളുടെ ബ്ലൗസിന്റെ കുടുക്കുകൾ അഴിക്കുകയാണ്. അവൾ ബ്ലൗസഴിച്ചുമാറ്റി. അയാൾ നീങ്ങിയിരുന്ന് അവൾക്ക് സ്ഥലമുണ്ടാക്കിക്കൊടുത്തു.

വെറ്റിലയുടെ രൂക്ഷഗന്ധം അവൾക്കിഷ്ടമായിരുന്നു. തമ്പ്രാന്റെ ദേഹത്തിന്റെ ഗന്ധത്തോടു ചേരുമ്പോൾ അത് തടുക്കാനാവാത്ത ആകർഷണം കൊണ്ടവളെ വീർപ്പുമുട്ടിക്കുന്നു. അയാൾ വലതുകൈ കൊണ്ടവളെ വരിഞ്ഞ് ഇടതു കൈകൊണ്ട് അവളുടെ മുണ്ടിന്റെ കുത്ത് അഴിക്കുകയാണ്. അയാളുടെ കൈകൾ അവളുടെ മിനുത്ത, ഉറപ്പുള്ള അടിവയറിന്മേൽ അമർന്നു.

വായിലുള്ള വെറ്റിലനീര് പകുതി ഇറക്കിയശേഷം തമ്പ്രാൻ പറഞ്ഞു.

'ഞാനേയ് രണ്ടായിരം ഉറുപ്പിക എണ്ണിക്കൊടുത്തതാണ് താമിക്ക്, നിശ്ശണ്ടോ?'

അവൾ മൂളി. മൂളാതിരിക്കുന്നത് തമ്പ്രാനിഷ്ടമല്ല.

'അപ്പോ താമി എന്താ പറഞ്ഞത്? ഓർമ്മണ്ടോ?'

അവൾ മൂളാൻ മറന്നു. തന്നെ മുമ്പിൽവച്ചുകൊണ്ടാണ് താമി സമ്മതിച്ചത്. താമി മുറ്റത്തിനു നടുക്കു നിൽക്കുകയായിരുന്നു. അവൾ അയാളുടെ പിന്നിൽ പരിഭ്രമിച്ചു നിൽക്കുകയും. തമ്പ്രാൻ മാളികമുകളിൽ നിന്ന് താഴത്തേയ്ക്കിറങ്ങിവന്നതവളോർത്തു.

'പറഞ്ഞതൊക്കെ ഓർമ്മണ്ടല്ലോ താമീ?'

തമ്പ്രാൻ ചോദിച്ചു.

'ഓ.'

'പണം പലിശ്യോടുകൂടി എന്നു കൊണ്ടരാൻ പറ്റ്വോ, അന്ന് നെന്റെ കെട്ട്യോളെ കൊണ്ടുപൊയ്ക്കൊ. മനസ്സിലായോ?'

'ഓ.' തോളത്തിട്ട തോർത്തുമുണ്ടിന്റെ ഒരറ്റം കൂട്ടിപ്പിടിച്ച കൈയ്യാൽ വായ പകുതി പൊത്തിക്കൊണ്ട് താമി പറഞ്ഞു.

'ന്നാ അങ്ങനെയാവട്ടെ.' പിന്നെ തമ്പ്രാൻ തന്റെ നേരെ നോക്കി പറഞ്ഞു. 'എന്താ നെന്റെ പേര്?'

'ലക്ഷ്മി.'

'ലക്ഷ്മി വടക്കോറത്തേയ്ക്ക് പൊയ്ക്കൊ. അവടെ തമ്പ്രാട്ടിണ്ടാവും.'

വടക്കോറം അവളെ എതിരേറ്റത് സമ്മിശ്രവികാരങ്ങളോടെയായിരുന്നു. ഉരൽപ്പുരയിൽ നെല്ലുകുത്തുന്ന സ്ത്രീകൾ അവളെ അവഗണനയോടെ നോക്കി. പലരും അവൾക്ക് പരിചയമുള്ളവരായിരുന്നു. പക്ഷേ നെല്ലുകുത്തുപുരയിൽ അവൾ അന്യയായി. ഉലക്ക ഉണങ്ങിയ നെല്ലിൽ വീഴുമ്പോഴുള്ള കനത്തശബ്ദം സ്ത്രീകളുടെ ശ്വാസത്തിന് അകമ്പടി സേവിച്ചു. മുറത്തിൽ അരി ചേറുമ്പോഴുണ്ടാവുന്ന ശബ്ദം അതിനോടു ചേർന്ന് ഒരു സദിരായി മാറി.

ഉച്ചയ്ക്കവൾ മറ്റു സ്ത്രീകളുടെ ഒപ്പം പയർ വേവിച്ചതുകൂട്ടി കഞ്ഞികുടിച്ചു. വൈകുന്നേരം മറ്റു സ്ത്രീകൾ വല്ലി വാങ്ങി പോയപ്പോൾ അവൾ ഒറ്റയ്ക്കായി. അവൾ മകളെ ഓർത്തു, ഭർത്താവിനെ ഓർത്തു. ചുറ്റും പരക്കുന്ന ഇരുട്ടിനോടൊപ്പം വളർന്നുവന്ന വേദന സഹിക്കാതായപ്പോൾ അവൾ  കരയാൻ തുടങ്ങി.

രാത്രി എന്താണ് ചെയ്യേണ്ടതെന്നവൾക്കറിയില്ലായിരുന്നു. തമ്പ്രാട്ടി ഒട്ടും ദാക്ഷിണ്യമില്ലാതെയാണ് പെരുമാറിയത്. അവർ അവളെ ഒരു നികൃഷ്ടജന്തുവിനെപ്പോലെ അവഗണിക്കുകയായിരുന്നു. അടുക്കളയിൽ അവരും മറ്റൊരു ജോലിക്കാരിയുംകൂടി സംസാരിക്കുന്നത് അവൾക്കു കേൾക്കാം. ജോലിക്കാരിയുടെ പേര് മാധവിയെന്നാണെന്ന് അവ ൾക്കു മനസ്സിലായി. കത്തിച്ചുവച്ച വിളക്കിന്റെ പ്രകാശത്തിൽ ചൂട്ടഴിയിലൂടെ തമ്പ്രാട്ടിയും മാധവിയും ഭക്ഷണം പാകം ചെയ്തുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് അവൾക്കു കാണാൻ കഴിഞ്ഞു.

ഒരു റാന്തലിന്റെ വെളിച്ചം പടിഞ്ഞാറെ മുറ്റത്തുകൂടെ അരിച്ചുവന്നു. നേരിട്ടു പോയിരുന്ന വെളിച്ചം അവളെ കണ്ടപ്പോൾ വഴിമാറി അടുത്തേയ്ക്കു വന്നു. റാന്തൽ മുഖത്തിനുനേരെ ഉയർത്തപ്പെട്ടു. തമ്പ്രാന്റെ മുഖം ചോദ്യങ്ങൾ നിറഞ്ഞതായിരുന്നു. ഒരക്ഷരം ഉരിയാടലുണ്ടായില്ല. റാന്തലിന്റെ വെളിച്ചം അകന്നുപോയി. ഒരഞ്ചു മിനിറ്റിനുള്ളിൽ അടുക്കളയിൽനിന്ന് ജോലിക്കാരിയും തമ്പ്രാട്ടിയും പുറത്തേയ്ക്കു വന്നു. എണ്ണക്കിണ്ണത്തിൽ എണ്ണ, വാസനസോപ്പ്, തോർത്ത്, വെളുത്തേടൻ അലക്കിത്തേച്ച മുണ്ട്, രണ്ടാം മുണ്ട്  മുതലായവ  ഏറ്റിയ ജോലിക്കാരിയോടൊപ്പം അവൾ കുളത്തിലേയ്ക്ക് ആനയിക്കപ്പെട്ടു. കുളികഴിഞ്ഞ് കൂറഗുളികയുടെ വാസനയുള്ള മുണ്ടുടുത്ത് അവൾ ജോലിക്കാരിയുടെ ഒപ്പം തിരിച്ചുവന്നു. അടുക്കളയിൽ അവൾക്കായി പ്രത്യേകം ചോറു വിളമ്പപ്പെട്ടു. ജോലിക്കാരിയുടെ പെരുമാറ്റത്തിൽ മാറ്റമുണ്ടായിരുന്നു. ഉച്ചയ്ക്ക് മറ്റു ജോലിക്കാരികളുടെ ഒപ്പമിരിക്കുമ്പോൾ  കഞ്ഞി വിളമ്പിത്തരുമ്പോൾ മുഖത്തുണ്ടായിരുന്ന ധാർഷ്ട്യം മയപ്പെട്ടിരുന്നു. തമ്പ്രാട്ടിയും അവളോട് ദയാപൂർവ്വം പെരുമാറി.

ഇപ്പോൾ തമ്പ്രാന്റെ കിടക്കയിൽ, തമ്പ്രാന്റെ കൈകളിൽ കിടക്കുമ്പോൾ താൻ കടന്നുവന്ന വഴികളെപ്പറ്റി അവൾ ആലോചിച്ചു. ഉരപ്പുരയിൽനിന്ന് അടുക്കളയിലേയ്ക്ക്, അടുക്കളയിൽനിന്ന് ഇടനാഴികയിലൂടെ കോണിമുറിയിൽക്കൂടി, മാളികമോളിലേയ്ക്ക്, കിടപ്പറയിലേയ്ക്ക്, ദിവസങ്ങളുടെ, മാസങ്ങളുടെ സാവകാശത്തിൽ അവൾ സ്വയമറിയാതെ എത്തപ്പെട്ടു. കാലത്തിന്റെ കൈവിരുത് എല്ലാം സ്വാഭാവികമാക്കി. താൻ എന്താണ് ചെയ്യുന്നതെന്ന അറിവുപോലും യാഥാർത്ഥ്യത്തിന്റെ എരിവെയിലിൽ മറഞ്ഞില്ലാതായി. ഇടയ്ക്ക് തന്റെ കുടിലിൽ കാത്തിരിക്കുന്ന ഭർത്താവിനേയും മകളേയും ഓർമ്മ വരുമ്പോൾ അവൾ ആലോചിക്കും, എന്താണ് ഇതിനൊക്കെ അർത്ഥം?

'എന്താ ഒന്നും മിണ്ടാത്തത്. താമി എന്താ പറഞ്ഞത്ന്ന് ഓർമ്മ ഇല്ലേ?' തമ്പ്രാൻ വീണ്ടും ചോദിച്ചു.

'ഉം.' അവൾ മൂളി. 'ന്നാലും എനിക്ക് ന്റെ മോളെ ഒന്ന് കാണണംന്ന്ണ്ട്.'
തമ്പ്രാൻ ഒന്നമർത്തി മൂളി.
പിറ്റേന്ന് അടുക്കളയിൽ തമ്പ്രാനു വേണ്ടി ചായ കൂട്ടുമ്പോൾ തമ്പ്രാട്ടി ചോദിച്ചു.
'ഇന്നല്ലെ നെന്റെ മോളെ കൊണ്ടരാൻ പറഞ്ഞിട്ടുള്ളത്?'
'അത്യോ?' അവൾ ചോദിച്ചു.
'നെന്നോടൊന്നും പറഞ്ഞില്ലേ?'
'തമ്പ്രാൻ ഒന്നും പറഞ്ഞില്ലാ.'
'താമിടെ അടുത്തേയ്ക്ക് ആളയച്ചിട്ട്ണ്ട്.'
'എത്ര കാലായി മോളെ കണ്ടിട്ട്?'
രണ്ടു കൊല്ലം, അല്ലെങ്കിൽ മൂന്നു കൊല്ലം. വർഷങ്ങളുടെ കണക്ക് അവൾക്ക് നഷ്ടപ്പെട്ടിരുന്നു. മോൾ വലുതായിട്ടുണ്ടാവും. അവൾ ചായയുമെടുത്ത് മാളികപ്പുറത്തേയ്ക്കു നടന്നു. തമ്പ്രാൻ എഴുന്നേറ്റ് അവളെ കാത്തിരിക്കയാണ്. കട്ടിലിന്റെ തലയ്ക്കൽ ചാരിയിരുന്ന് തമ്പ്രാൻ ചായ കുടിക്കുമ്പോൾ അവൾ കട്ടിലിന്റെ കാൽക്കൽ ഭാഗത്ത് ഇരുന്നു.
'മോളെ കൊണ്ടരാൻ പറഞ്ഞിട്ട്ണ്ട് അല്ലേ?' അവളുടെ സ്വരത്തിൽ കൃതജ്ഞതയുണ്ട്.
'ഉം,' അയാൾ കനത്തിൽ മൂളി. 'രാവിലെ വന്നിട്ട് ഉച്ചതിരിഞ്ഞ് പൊയ്ക്കോട്ടെ.'
'ശരി.'
'നെന്റെ മോൾക്ക് കൊടുക്കാൻ രണ്ടുടുപ്പ് വാങ്ങാൻ കണാരനെ ഏൽപ്പിച്ചിട്ട്ണ്ട്.'
'അത്യോ?' അവളുടെ മുഖം വികസിക്കുന്നത് സംതൃപ്തിയോടെ തമ്പ്രാൻ നോക്കിയിരുന്നു.
'ഒക്കെ ഞാൻ എന്തിനാ ചെയ്യണതന്നറിയ്യോ?'
'ഉം.'
'എന്തിനാ?'
'ന്നോട്ള്ള ഇഷ്ടം കൊണ്ട്.'
'മനസ്സിലായല്ലോ, അതുപോലെയൊക്കെ പെരുമാറ്വാ.'
'ഉം.'
അവൾ വെറുതെ നടക്കുകയാണ്. ഇടനാഴികയിലൂടെ, ഓരോ മുറികളിലൂടെ, അടുക്കളയിലൂടെ. അവളുടെ നോട്ടം പടിക്കലേയ്ക്കായിരുന്നു. അതിനുമപ്പുറത്തായിരുന്നു. വെയിൽ ഓളമടിക്കുന്ന വയലുകളിൽ, പിന്നെ അതിനുമപ്പുറത്ത് അവളുടെ മനസ്സിനു മാത്രം കാണാൻ കഴിയുന്ന പ്രദേശങ്ങളിൽ, ഒരു കൊച്ചു കുട്ടിയുടെ പാദങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ടാകുന്ന വഴികളിൽ. പറമ്പിലേയ്ക്കിറങ്ങി വേലിക്കടുത്ത് വയലുകൾ തുടങ്ങുന്ന സ്ഥലത്തേയ്ക്ക് കണ്ണും നട്ട് നിൽക്കാൻ അവൾക്ക് കൊതിതോന്നി. പക്ഷേ അതെല്ലാം അവൾക്ക് വിലക്കപ്പെട്ട മേഖലകളാണ്. തമ്പ്രാൻ പറഞ്ഞിട്ടുണ്ട്.
'കുളിക്കാൻ കുളത്തിലേയ്ക്കല്ലാതെ പുറത്ത് ഇറങ്ങാൻ പാടില്ല. മുറ്റത്തേയ്ക്കുകൂടി ഇറങ്ങരുത്. അതുപോലെ താമി വന്നാൽ നിന്നെ കാണുകയുമരുത്. മനസ്സിലാവുന്നുണ്ടോ?'
അതിനു ശേഷം പലപ്പോഴും താമി വന്ന് പറമ്പിൽ ജോലി ചെയ്യുന്നത് അവൾ കാണാറുണ്ട്. ഒരിക്കലും അയാളുടെ കണ്ണിൽ പെടാതിരിക്കാൻ അവൾ ശ്രമിച്ചു. ഇടയ്ക്ക് കിളച്ചുകൊണ്ടിരിക്കുന്ന കൈക്കോട്ട് നിലത്തുവച്ച് താമി മാളികയുടെ നേരെ നോക്കും. മുകളിലേതെങ്കിലും ജനലിനടുത്ത് അയാളെ നോക്കിക്കൊണ്ടിരിക്കുന്ന ലക്ഷ്മി പെട്ടെന്ന് ഉള്ളിലേയ്ക്കു വലിയും. അവൾക്ക് തമ്പ്രാനെ പേടിയായിരുന്നു. പേടി മാത്രമല്ല എന്താണെന്നു പറയാൻ കഴിയാത്ത ഒരു വികാരം. തമ്പ്രാനെപ്പറ്റി അവൾ പുറത്തു കേട്ടിട്ടുള്ള കഥകൾ വളരെ മോശമായിരുന്നു. എല്ലാവർക്കും അയാളെ പേടിയായിരുന്നു. പക്ഷേ അവളെ സംബന്ധിച്ചേടത്തോളം അയാൾ മറ്റൊന്നായിരുന്നു. മനസ്സിലാക്കാൻ പറ്റാത്ത എന്തോരൂട്ടം. എന്നെങ്കിലും താമി കൊടുക്കാനുള്ള രണ്ടായിരം രൂപ പലിശയടക്കം കൊണ്ടുവന്നു കൊടുക്കുമെന്നും അവൾക്ക് പോകേണ്ടിവരുമെന്നും ഓർത്തപ്പോൾ അവൾക്കുണ്ടായത് വിഷമമാണെന്നവൾ കണ്ടു. അപ്പോൾത്തന്നെ തമ്പ്രാൻ പറഞ്ഞതുമോർത്തു. 'നെന്നെ അങ്ങനെയങ്ങട്ട് പറഞ്ഞയക്കും ഞാൻന്ന് തോന്ന്ണ്ണ്ടോ?' അത് എന്തർത്ഥത്തിലാണ് തമ്പ്രാൻ പറഞ്ഞതെന്ന് അവൾക്കറിയില്ലായിരുന്നു. തരാനുള്ള പണം തരാതെ പറഞ്ഞയക്കില്ലെന്നായിരിക്കുമോ. അപ്പോ തരാനുള്ള പണം താമി കൊണ്ടുവന്നാൽ തന്നെ പറഞ്ഞയക്കുമോ? അങ്ങിനെയാവരുതെന്നവൾക്കു തോന്നും. പെട്ടെന്നു തന്നെ മകളുടെ ഓമനമുഖവും ഓർമ്മ വരും. താൻ അങ്ങിനെയൊക്കെ ആലോചിച്ചതിൽ പ്രയാസവും തോന്നും.
കണാരൻ അടുക്കളയുടെ വാതിൽക്കൽ വന്ന് അവളെ വിളിച്ച് ഒരു പൊതി ഏൽപ്പിച്ചു. അവൾ പൊതി തുറന്നു. രണ്ട് ഭംഗിയുള്ള ഉടുപ്പുകൾ. നീലയിൽ ചുവപ്പു പൂക്കളും, മഞ്ഞയിൽ പച്ച ചിത്രങ്ങളുമുള്ള ഉടുപ്പുകൾ. രണ്ടു ഷെഡ്ഡികൾ. ഇത് അവൾക്കിട്ടാൽ നല്ല ഭംഗിയായിരിക്കും. അവൾക്കിതുവരെ ഇത്രയും നല്ല ഉടുപ്പുകൾ കിട്ടിയിട്ടില്ല.
താമി മോളെ വടക്കോറത്ത് എത്തിച്ചപ്പോൾ മാധവിയാണ് അവളെ അകത്തേയ്ക്കു കൊണ്ടുവന്നത്. അടുക്കളയിൽ നിന്ന് ഭക്ഷണമുറിയിലേയ്ക്ക് മാധവിയുടെ കൈ പിടിച്ചു വരുന്ന മോളെ കണ്ടപ്പോൾ ലക്ഷ്മിക്കുണ്ടായത് ഒരു തേങ്ങലായിരുന്നു. അവളുടെ മുഖഛായകൂടി താൻ മറന്നുതുടങ്ങിയെന്നതവൾക്കു വിഷമമുണ്ടാക്കി. അവൾ അമ്മയെ അദ്ഭുതത്തോടെ നോക്കുകയായിരുന്നു. മനസ്സിലായ ലക്ഷണമൊന്നുമില്ല. അവൾ ചുറ്റും നോക്കുകയാണ്. ആർക്കോവേണ്ടി പരതുകയാണ്.
'മോളെ ഇവിടെ വാ.' അവൾ ഇരുന്നുകൊണ്ട് സുലുവിനെ അടുപ്പിച്ചു പിടിച്ചു. തന്നെ ഇത്ര സ്നേഹത്തോടെ കെട്ടിപ്പിടിക്കുന്ന ഈ സ്ത്രീ ആരാണെന്ന മട്ടിൽ അവൾ നോക്കി. അവരെ കാച്ചിയ എണ്ണയുടെയും സോപ്പിന്റെയും വാസനയുണ്ടായിരുന്നു. അവർ ഭംഗിയുള്ള ബ്ലൗസും മുണ്ടും ആണുടുത്തിരിക്കുന്നത്. ഇത്രയും നന്നായി വസ്ത്രം ധരിച്ച ആരെയും അവൾ കണ്ടിട്ടുണ്ടായിരുന്നില്ല.

അകത്തുനിന്ന് മറ്റൊരു തമ്പ്രാട്ടി വന്ന് അവളുടെ മുമ്പിൽ നിന്നു.

'ലക്ഷ്മിയുടെ മോള് വന്നോ?' അവൾ ചോദിച്ചു.

സുലു പകച്ചു നിൽക്കുക തന്നെയാണ്. അവൾക്ക് അവളുടെ അമ്മയെയാണ് കാണേണ്ടത്.

നിലത്തു പ്ലേയ്റ്റിൽ വച്ചുകൊടുത്ത പലഹാരങ്ങൾ ആർത്തിയോടെ തിന്നുമ്പോഴും അവൾ ആലോചിച്ചു. ആരൊക്കെയാണിവർ?

ഭക്ഷണത്തിനുശേഷം ലക്ഷ്മി അവളെ എണ്ണതേപ്പിച്ചു നല്ല വാസനയുള്ള സോപ്പുകൊണ്ട് കുളിപ്പിച്ചു. കുളികഴിഞ്ഞശേഷം അവൾ അഴിച്ചുവച്ച ഉടുപ്പുതന്നെ ഇടാൻ ഭാവിച്ചപ്പോൾ ലക്ഷ്മി പറഞ്ഞു. 'മോളെ അമ്മ മോൾക്ക് പുത്യ ഉടുപ്പ് വാങ്ങീട്ട്ണ്ട്.'

സുലുവിന് സന്തോഷമായി. പുതിയ ഉടുപ്പ് കിട്ടിയെന്നതു മാത്രമായിരുന്നില്ല അവൾക്ക് സന്തോഷമുണ്ടാക്കിയത്. അമ്മയാണത് വാങ്ങിയത് എന്നതുകൂടി അവളെ സന്തോഷിപ്പിച്ചു. അകത്തു കൊണ്ടുപോയി ഉടുപ്പിടുവിക്കുമ്പോഴും സുലു ചുറ്റും ആർക്കോ വേണ്ടി തിരയുകയായിരുന്നു. പക്ഷേ ഒന്നും ചോദിക്കാൻ ധൈര്യമില്ലാതെ അവൾ നിന്നു.

മുണ്ടിയാൻ പാടത്ത് നിഴൽ വീണു. അതിനുമപ്പുറത്ത് കാരക്കുന്നിൻചരുവിലെ മരങ്ങളിൽ ചേക്കേറിയ ഇരുട്ടിൽ നിന്ന് പുറത്തു കടക്കുന്ന നെല്ലുകുത്തുകാരികൾ വരമ്പുകളുടെ അറ്റങ്ങളിൽ അലിഞ്ഞില്ലാതായി. വയലുകളുടെ അരുകിൽ ഒറ്റപ്പെട്ടുകിടക്കുന്ന കുടിലുകളിൽ ഓരോന്നിലായി വെളിച്ചം വീണു. പറമ്പിൽ അടിച്ചുകൂട്ടിയ ചവറുകൾ വാരിക്കത്തിച്ച് കഞ്ഞിയുണ്ടാക്കുകയാവും. ഇരുട്ടിന്റെ ഒരു കൊച്ചുസങ്കേതത്തിൽ മകളേയും കാത്ത് താമി നിന്നു. സുലുവിനുവേണ്ടി തമ്പുരാൻ ഉടുപ്പു വാങ്ങിവച്ചിട്ടുണ്ടെന്ന് കണാരൻ അയാളോട് പറഞ്ഞിരുന്നു. 'നെന്റെ പെമ്പ്രന്നോര് ഭാഗ്യം ചെയ്തോളാ', കണാരൻ പറഞ്ഞു. 'ഇനി താൻ അതിന്റെ അന്നം മൊടക്കണ്ട. ഓള് വഴിക്ക് നെന്റെ മോളും ഒരു പാട്ടിലായ്ക്കോളും.'

താമി കണാരനോട് ഒന്നും പറഞ്ഞില്ല. എന്തു പറയാനാണ്. രണ്ടായിരം രൂപ പലിശയോടുകൂടി കൊടുക്കാൻ തനിക്ക് എന്നാണ് പറ്റുക? അതൊരിക്കലും കൊടുക്കലുണ്ടാവില്ല. ലക്ഷ്മി ഒരിക്കലും തന്റെ കുടിലിൽ മടങ്ങി വരികയുമുണ്ടാവില്ല.

പാടത്തിന്റെ നടുവിലൂടെ നടന്നുവരുന്ന നെല്ലുകുത്തുകാരികളുടെ ഇടയിൽ താമി സുലുവിനെ തിരിച്ചറിഞ്ഞു. അവൾ ഉറക്കെ സംസാരിക്കുകയായിരുന്നു. ഇടവഴിയിൽ നിന്ന് കയറിയ മകളെ താമി എടുത്തു. ഒപ്പം വന്ന പെണ്ണുങ്ങൾ അവളുടെ ഉടുപ്പുകളുള്ള സഞ്ചി അയാളുടെ കയ്യിൽ കൊടുത്തു. 'മോക്ക് രണ്ടുടുപ്പ് കിട്ടീട്ട്ണ്ട്.' അവർ ധൃതിയിൽ നടന്നുപോകുന്നതിനിടയിൽ വിളിച്ചു പറഞ്ഞു.

അയാൾ ആർത്തിയോടെ അവളെ ഉമ്മവച്ചു.

'അമ്മേ കണ്ടോ?' അയാൾ ചോദിച്ചു.

'അമ്മ്യോ?' അവൾ അദ്ഭുതത്തോടെ ചോദിച്ചു. 'ഞാങ്കണ്ടില്ല അമ്മേനെ.'

'പിന്നെ ആരാണവ്ടെണ്ടായിര്ന്നത്, മോളെ?'

'അതോ, അവ്ടെ ഒരു വെളുത്ത തമ്പ്രാട്ടിണ്ട് ഒരു കറുത്ത തമ്പ്രാട്ടിംണ്ട്.' അവൾ ഒന്നു നിർത്തികൊണ്ട് തുടർന്നു. 'ആ കറുത്ത തമ്പ്രാട്ടിയാ എന്നെ കുളിപ്പിച്ചത്, ഈ ഉടുപ്പ് ഇടീച്ചുതന്നത്. നല്ല തമ്പ്രാട്ടി.'

'അത് മോള്ടെ അമ്മ്യല്ലെ?'

'അല്ലപ്പാ, അതവ്ടത്തെ തമ്പ്രാട്ട്യാ, കറുത്ത തമ്പ്രാട്ടി.'

അവൾ പെട്ടെന്ന് സംസാരം നിർത്തി. അവൾ ആലോചിക്കുകയായിരുന്നു. താമി മുട്ടവിളക്കു കത്തിച്ചു. അതിന്റെ വെട്ടത്തിൽ എണ്ണമയമുള്ള ആ കൊച്ചുമുഖം അയാൾ നോക്കിക്കണ്ടു. അവൾ അപ്പോഴും ആലോചിക്കുകയായിരുന്നു. പിടികിട്ടാത്ത ഒരുപാടു കാര്യങ്ങൾ ആ കൊച്ചുമനസ്സിൽക്കൂടി കടന്നു പോകുകയായിരുന്നു. ആരാണാ കറുത്ത തമ്പ്രാട്ടി? എന്തിനാണവർ തന്നോട് സ്നേഹത്തോടെ പെരുമാറിയത്? ഉടുപ്പു വാങ്ങിത്തന്നത്? ആലോചന ഒരിടത്തും ചേക്കേറുന്നില്ലെന്നു മനസ്സിലായപ്പോൾ അവൾ ചോദിച്ചു.

'അപ്പാ....'

'എന്തമ്മൂ?'

'ന്റമ്മ എപ്പഴാ വര്വാ?'

back to index

# കളിക്കാലം

**രാ**ജു ഊഞ്ഞാലിൽനിന്ന് ഊർന്നിറങ്ങി. ആകാശത്തിലെ ഈർപ്പം മണത്തറിഞ്ഞ് വരാൻ പോകുന്ന മഴയേപ്പറ്റിയറിയുന്ന കിളിയെപ്പോലെ അവൻ, ക്രിക്കറ്റ് തുടങ്ങാറായെന്ന് മനസ്സിലാക്കി. നിരത്തിൽ ആൾക്കാരുടെ പരക്കംപാച്ചിൽ, പാർക്കിന്നെതിരെയുള്ള ടിവി ഷോറൂമിന്റെ മുമ്പിലെ ആൾക്കൂട്ടം, പാർക്കിൽ മുതിർന്ന കുട്ടികളുടെ അഭാവം, എല്ലാം അതിന്റെ ലക്ഷണങ്ങളായിരുന്നു. അവൻ രേണുകയോട് പറഞ്ഞു.

'പോവ്വാ.'

രേണുക അടുത്ത ഫ്ളാറ്റിലെ ജോലിക്കാരിയോട് സംസാരിച്ചു നിൽക്കുകയാണ്. തന്നെപ്പോലെ ഒരു ജോലിക്കാരിയാണ് ആ കുട്ടിയും. അവളുടെ പ്രായംതന്നെയാണ്, പതിനാലു വയസ്സ്. രാജു വന്ന് അവളുടെ പാവാടത്തുമ്പ് പിടിച്ചുവലിച്ചു കൊണ്ട് പറഞ്ഞു. 'നമുക്ക് പോവ്വാ.'

'അയ്യോ ഇപ്പോ പോയാൽ അമ്മ ചീത്തപറയും. എന്നെയാണ് ചീത്ത പറയ്വാ.' പിന്നെ അവൾ കൂട്ടുകാരിയോട് പറഞ്ഞു. 'എന്തിനാ അവനെ ഇപ്പൊത്തന്നെ കൊണ്ടുവന്നത്. ഇവിടെ ജോലിയൊക്കെ ഇനി നടക്കോ്വാ. ഇതാ പറച്ചില്.'

അവൻ വീണ്ടും പറഞ്ഞു. 'പോവ്വാ, ക്രിക്കറ്റ്ണ്ട്.'

'ഓ ഒരു കളിക്കാരൻ!' അവൾ അവന്റെ കൈപിടിച്ചു നടന്നു. അവൻ സമ്മതിക്കില്ലെന്നവൾക്കറിയാം. കൊച്ചമ്മയുടെ ചീത്ത കേട്ടാലും വേണ്ടില്ല.

മൂന്നാംനിലയിൽ തുറന്ന വാതിലിലൂടെ ഓടിക്കയറുമ്പോൾത്തന്നെ സ്വീകരണമുറിയിലെ ആൾത്തിരക്ക് അവൻ കണ്ടു. അവന് സന്തോഷമായി. അച്ഛനുണ്ടെന്നർത്ഥം. അവൻ ഓടിപ്പോയി സ്നേഹിതന്മാരുടെ ഒപ്പം ഇരുന്ന് കളി കണ്ടിരുന്ന അച്ഛന്റെ മടിയിൽ പോയിരുന്നു. അച്ഛൻ കുടിച്ചുകൊണ്ടിരുന്ന ഗ്ലാസ് ടീപോയിമേൽ വച്ച് മകനെ എടുത്ത് കൊഞ്ചിച്ചു. 'മോൻ പോയി കുളിക്ക്, മേലാകെ ചളിയാണ്.'

അവൻ കൂട്ടാക്കുന്നില്ല. അയാൾ പറഞ്ഞു. 'രേണൂ, ഇവനെ കൊണ്ടുപോയി കുളിപ്പിക്കു.'

അവൻ അച്ഛനോട് കൂടുതൽ അള്ളിപ്പിടിച്ചിരുന്നു. അച്ഛൻ ഗ്ലാസെടുത്ത് അവന്റെ ചുണ്ടോടു ചേർത്തു. 'വേണോ?'

വേണ്ടെന്നവൻ തലയാട്ടി. ഒരിക്കൽ കുടിച്ചിട്ടുള്ളതാണ്. മതിയായി. ഇത്ര വൃത്തികെട്ട സാധനമാണ് അച്ഛനും സ്നേഹിതന്മാരും കുടിക്കുന്നതെന്നറിഞ്ഞപ്പോൾ അവരുടെ രുചിയെപ്പറ്റി അവനുണ്ടായിരുന്ന മതിപ്പെല്ലാം പോയിരുന്നു.

പെട്ടെന്ന് എല്ലാവരും ആർത്തു. 'സിക്സർ!' 'ഞാൻ പറഞ്ഞില്ലേ അഷ്റുദ്ദിൻ ഇന്ന് ഫോമിലാണ്.'

രാജു ടിവിയ്ക്കു പുറംതിരിഞ്ഞാണിരുന്നത്. അതിൽ എന്താണ് നടക്കുന്നതെന്നവന്നറിയാം. ഇപ്പോൾ ടോം ആന്റ് ജെറിയുടെ സമയമാണ്. ഇത്രയും ആൾക്കാർക്കിടയിൽ അവന് കാർട്ടൂൺ നെറ്റ്വർക്ക് വെക്കാനാവില്ലെന്ന് അവന്നറിയാം. അച്ഛനെ വിസ്കിയുടെയും സിഗററ്റിന്റേയും മണമുണ്ടായിരുന്നു. അത് അച്ഛന്റെ മണമായതുകൊണ്ട് അവൻ ആസ്വദിച്ചു. മറ്റുള്ളവർക്ക് ആ മണമുണ്ടാവുമ്പോൾ പക്ഷേ അവന് ഛർദ്ദിക്കാൻ വരാറുണ്ട്.

രേണുക പോയി. അവൾക്കറിയാം അച്ഛൻ വീട്ടിലുണ്ടാകുന്ന അപൂർവ്വസന്ദർഭങ്ങളിൽ രാജുവിനെ കിട്ടില്ലെന്ന്. ഇനി എട്ടുമണിക്ക് അവനെ നിർബ്ബന്ധിച്ച് കൊണ്ടുപോവണം, മേൽക്കഴുകിക്കണം, ഭക്ഷണം കൊടുത്ത് ഉറക്കാൻ നോക്കണം. അല്ലെങ്കിൽ കൊച്ചമ്മയുടെ വക കേൾക്കാം. അവൾ അടുക്കളയിൽ കൊച്ചമ്മയെ സഹായിക്കാൻ പോയി. ഭക്ഷണം പാകംചെയ്യാൻ ഒരു സ്ത്രീ വരുന്നുണ്ട്. എല്ലാം ഉണ്ടാക്കിവച്ച് അഞ്ചുമണിയോടെ അവർ പോവും. ഇന്ന് ഇത്രയധികം അതിഥികളുണ്ടാവുമെന്നറിഞ്ഞിരുന്നില്ല. അതുകൊണ്ട് കൂടുതൽ വിഭവങ്ങളുണ്ടാക്കണം. അവൾ, ഫ്രീസറിൽനിന്നെടുത്ത ചിക്കൻ മുറിക്കാൻ തുടങ്ങി. സ്വീകരണമുറിയിൽനിന്ന് ആരവങ്ങൾ കേൾക്കുന്നുണ്ട്.

എട്ടുമണിക്ക് അവൾ പോയിനോക്കിയപ്പോൾ രാജുമോൻ അപ്പോഴും അച്ഛന്റെ മടിയിൽത്തന്നെയായിരുന്നു. ടിവിയിൽ നോക്കിക്കൊണ്ടിരിക്കുന്ന അച്ഛന്റെ മുഖം അവന്റെ കൊച്ചുകൈകൊണ്ട് തിരിച്ച് അവൻ സംസാരിക്കാൻ ശ്രമിക്കയാണ്. വിസ്കിയുടെയും സിഗററ്റിന്റേയും നാറ്റം, സോഫയിലും കസേലയിലുമൊക്കെയായി ഇരിക്കുന്ന കുഴഞ്ഞുതുടങ്ങിയ മനുഷ്യരുടെ നോട്ടം പോലെത്തന്നെ വൃത്തികെട്ടതും അസഹ്യവുമായിരുന്നു. അവൾ പിൻവാങ്ങി.

സാധാരണ എട്ട് എട്ടരയ്ക്ക് ഭക്ഷണം കഴിക്കാറുള്ള രാജു അന്ന് പത്തുമണിക്കാണ് ഊണുകഴിച്ചത്, അതും അച്ഛന്റേയും സ്നേഹിതന്മാരുടേയും ഒപ്പം. കൊച്ചമ്മയും അവരുടെ ഒപ്പം ഊണുകഴിക്കുമ്പോൾ രേണുക ആവശ്യമുള്ള സാധനങ്ങൾ മേശപ്പുറത്ത് കൊണ്ടുവന്നു വെച്ചു. അവൾക്കു വിശക്കുന്നുണ്ടായിരുന്നു. മേശപ്പുറത്ത് വിളമ്പുന്ന കറികളുടെ മണം ആ വിശപ്പ് ഇരട്ടിച്ചു. ഇനി എല്ലാവരും എഴുന്നേറ്റു പോയാൽ പാത്രങ്ങളെല്ലാം കഴുകിയെടുക്കണം. അതു കഴിയുമ്പോഴേയ്ക്കും എന്തെങ്കിലും വാരിത്തിന്ന് കിടന്നാൽമതിയെന്ന പരുവത്തിലായിട്ടുണ്ടാവും അവൾ.

രാവിലെ നാലരയ്ക്ക് എഴുന്നേൽക്കണം. വീടുമുഴുവൻ അടിച്ചുവാരി തുടക്കണം. കൊച്ചമ്മ കിടക്കുന്ന മുറിയൊഴികെ. അവരുടെ മുറിയുടെ മുമ്പിൽ തുടയ്ക്കുമ്പോൾ ശബ്ദം കേൾപ്പിക്കാതിരിക്കാൻ ശ്രമിക്കും. അടച്ചിട്ട വാതിലിനപ്പുറത്ത് ശീതീകരിച്ച മുറിയിൽ കൊച്ചമ്മയും സാറും ഉറങ്ങുന്നത് അവൾ മനസ്സിൽ കാണും. ഉറക്കത്തിൽ എല്ലാവരും ഒരുപോലെയാണെന്നവൾ ഓർക്കും. എന്തുകൊണ്ടോ അവളുടെ മനസ്സ് ആർദ്രമാവും. നിലം തുടച്ചുകഴിഞ്ഞാൽ അവൾ കുളിച്ച് ചായയുണ്ടാക്കി കൊച്ചമ്മയെ വിളിക്കും. അപ്പോഴേയ്ക്ക് രാജുമോൻ എഴുന്നേൽക്കും.

അന്ന് രാജു എഴുന്നേറ്റ ഉടനെ ചോദിച്ചത് ക്രിക്കറ്റുണ്ടാവുമോ എന്നാണ്. അവൾക്കതിന്റെ അർത്ഥം അറിയാമായിരുന്നു.

പ്രാതലുണ്ടാക്കാൻ കൊച്ചമ്മയെ സഹായിക്കുമ്പോൾ അവൾ രാജുവിന്റെ ചോദ്യത്തെപ്പറ്റി പറഞ്ഞു. അതിൽ അദ്ഭുതമൊന്നുമില്ലെന്നും അവന് ക്രിക്കറ്റ്കളി നല്ല വശമാണെന്നും ഓരോ ടീമിലേയും കളിക്കാരുടെ പേരൊക്കെ അറിയാമെന്നും അവർ പറഞ്ഞു. 'സ്കോർ കണക്കാക്കാൻകൂടി കൂടി അറിയാം.' അവർ അഭിമാനപൂർവ്വം പറഞ്ഞു. 'അച്ഛന്റെ മോൻതന്ന്യാ.' രേണുക നിശ്ശബ്ദയായി. ഭവിഷ്യത്തുകളെക്കുറിച്ചോർക്കാതെ ഒരു കൊച്ചുകുട്ടിയുടെ കിളിക്കൊ

ഞ്ചലിനെപ്പറ്റി പറഞ്ഞതായിരുന്നു അവൾ. ആ കൊച്ചു മനസ്സിലെന്തൊക്കെയാണ് നടക്കുന്നതെന്ന് അവന്റെ അമ്മയെക്കാൾ അവൾക്കാണറിയുക.

പിന്നെ കളികളുടെ ദിവസങ്ങളായിരുന്നു. വൈകുന്നേരങ്ങളിൽ പാർക്കിൽ പോകാൻ അവൻ സമ്മതിച്ചില്ല. അച്ഛൻ ഓഫീസിൽനിന്നു വരുമ്പോൾത്തന്നെ അവൻ കാവലുണ്ടാവും. അവനെ ഒക്കത്തുവെച്ചുകൊണ്ടേ അയാൾക്ക് ഷൂസ് ഊരുവാൻകൂടി പറ്റൂ. പിന്നെ ഉറങ്ങുന്നതുവരെ അവൻ അച്ഛന്റെ കൂടെയുണ്ടാവും. അച്ഛന്റെ സ്നേഹിതന്മാർ ഓരോരുത്തരായി വരും. ഗ്ലാസ്സുകൾ കൂട്ടിമുട്ടി ശബ്ദമുണ്ടാക്കും. സിഗരറ്റിന്റെ പുക പുറത്തുപോകാൻ വിസമ്മതിച്ച് മുറിയിൽത്തന്നെ തങ്ങിനിൽക്കും. അച്ഛനെ തുടക്കത്തിൽ, രാവിലെ ഓഫീസിൽ പോകുമ്പോൾ അടിച്ച പെർഫ്യൂമും വിയർപ്പും കലർന്ന വാസനയായിരിക്കും. പിന്നെ ക്രമേണ അത് വിസ്കിയുടേയും സിഗരറ്റിന്റേയും മണമാകും. രാജു അച്ഛന്റെ മുഖത്തും നെഞ്ചി ലും മുഖമുരച്ച് ആ വാസന ആസ്വദിക്കും. മുമ്പിൽ കുടിക്കുന്നവർക്കുവേണ്ടി കൊണ്ടുവന്നുവെയ്ക്കുന്ന പൊരിച്ച സാധനങ്ങൾ വാരിത്തിന്നും. അതെല്ലാം തിന്നുകഴിഞ്ഞാൽ രാത്രിഭക്ഷണത്തിന്റെ ആവശ്യമേ ഉണ്ടാവില്ല. എന്നാലും അച്ഛൻ തരാമെന്നു പറഞ്ഞാൽ അവൻ കുറച്ച് ഊണു കഴിക്കും. അച്ഛന്റെ മടിയിൽ കിടന്നുറങ്ങിപ്പോയ രാജുവിനെ രേണുക വന്നെടുത്തുകൊണ്ടുപോകും.

ഒരാഴ്ച അവന് ഉത്സവമായിരുന്നു. കളി കഴിഞ്ഞത് അവൻ അറിഞ്ഞിരുന്നില്ല. പിറ്റേന്ന് വൈകുന്നേരം കാത്തിരുന്ന് അച്ഛനെ കാണാതിരുന്നപ്പോഴാണ് അവന് സംശയം തോന്നിയത്. അവൻ അമ്മയോടു ചോദിച്ചു. കളികഴിഞ്ഞെന്ന മറുപടികേട്ടപ്പോൾ അവൻ നിരാശനായി. അന്ന് കാര്യങ്ങളെല്ലാം സാധാരണമട്ടിൽ നടന്നു. ആറരമണിക്ക് രാജുവിനെ പാർക്കിൽനിന്നു കൊണ്ടുവന്നു, കുളിപ്പിച്ചു.

അമ്മ പുറപ്പെടുകയാണ്. രാത്രി പുറത്തെവിടേയോ പാർട്ടിയുണ്ടെന്നവനു മനസ്സിലായി. അവൻ അസന്തുഷ്ടനായി. അച്ഛൻ അപ്പോഴും ഓഫീസിൽനിന്ന് എത്തിയിട്ടില്ല. ഇങ്ങിനെയുള്ള ദിവസങ്ങളിൽ അവന് അച്ഛനെ തൊടാൻ പോലും കിട്ടില്ല. വന്നാൽ ഉടനെ ചായകുടിക്കും, കുളിക്കും, ഫോണിൽ ഓരോരുത്തരെ വിളിക്കും, എട്ടുമണിയോടെ അമ്മയേയും കൂട്ടി പോകുകയും ചെയ്യും. അമ്മയെ കെട്ടിപ്പിടിക്കുമ്പോൾ ഉണ്ടാകുന്ന വാസന അവന്റെ മൂക്കിൽ തങ്ങിനിൽക്കും. അച്ഛനും അമ്മയും കാറിൽ കയറി പോകുന്നത് അവൻ ബാൽക്കണിയിൽനിന്ന് രേണുകയുടെ ഒക്കത്തു കയറി നോക്കും. അമ്മ ടാറ്റ പറയുമ്പോൾ അവൻ മുഖം കനപ്പിച്ചിരിക്കയേ ഉള്ളൂ.

രേണുക രാജുവിനെ അകത്തുകൊണ്ടുപോയി ഭക്ഷണം കൊടുക്കാൻ ശ്രമിക്കും. മീൻപൊരിച്ചത് ചൂടാറാത്ത പാത്രത്തിൽ സൂക്ഷിച്ചുവച്ചിട്ടുണ്ടാവും. രാജുവിന് കൊടുക്കാനുള്ളതേ ഉണ്ടാവൂ. ഫ്രിഡ്ജിൽനിന്ന് തലേ ദിവസത്തെ ചിക്കൻ കറി ബാക്കിയുള്ളത് ചൂടാക്കി അതും കൊടുക്കണമെന്ന് കൊച്ചമ്മ പറഞ്ഞിരുന്നു. അമ്മയും അച്ഛനും രാത്രി പാർട്ടിക്ക് പോകുന്ന ദിവസങ്ങളിൽ അവന്റെ ഒപ്പമിരുന്ന് ഭക്ഷണം കഴിക്കാൻ അവൻ ആവശ്യപ്പെടും. പക്ഷേ രേണുകയ്ക്ക് ധൈര്യമുണ്ടാവില്ല. അവൾക്കുള്ള ഭക്ഷണം കൊച്ചമ്മ വേറെ പാത്രത്തിൽ അടച്ചുവച്ചിരിക്കും. ആ ഭക്ഷണം രാജുവിന്റെ മുമ്പിൽവച്ച് തുറക്കാൻതന്നെ അവൾക്കിഷ്ടമായിരുന്നില്ല. അതിൽ തരംതാഴ്ത്തുന്ന എന്തോ ഉണ്ട്. രാജുവിനെ കൊണ്ടുനടക്കുമ്പോൾ ഉയർത്തപ്പെടുന്ന തന്റെ ശിരസ്സ് താഴ്ത്തുന്ന എന്തോ ഉണ്ടതിൽ. അവൾ കുടിക്കാനുള്ള വെള്ളമെടുക്കാൻ അടുക്കളയിലേയ്ക്കു നടന്നു. രാജു ഒപ്പം കൂടിയത് പക്ഷേ അവൾ കണ്ടില്ല. വെള്ളമെടുത്ത് തിരിഞ്ഞപ്പോഴാണ് അവൾ കണ്ടത്, രാജു എന്തോ തപ്പുന്നു.

'എന്താ മോന് വേണ്ടത്?'

'കിട്ടി.' അവൻ തിണ്ണയിൽനിന്ന് ഒരു പ്ലെയ്റ്റ് എടുത്തുകൊണ്ടു നടന്നു. അത് അവളുടെ പ്ലെയ്റ്റായിരുന്നു. അവൾ ഓടിച്ചെന്ന് അതു വാങ്ങാൻ നോക്കി. രാജു വിട്ടു കൊടുത്തില്ല. അവൻ അതും മേശപ്പുറത്തു കൊണ്ടുവച്ചു, കസേലയിൽ കയറിനിന്ന് പരിശോധിക്കുകയാണ്.

'ഇതിൽ മീമിയില്ലല്ലോ,' അവൻ പറഞ്ഞു. 'ചിക്കനുംല്ല്യ.' ആ പ്ലെയ്റ്റിലെ വിഭവങ്ങൾ അവന്ന് തീരെ ഇഷ്ടമായില്ലെന്ന് അവന്റെ മുഖം വിളിച്ചുപറഞ്ഞു.

'മോനെന്തിനാണ് അതൊക്കെ എടുത്തുകൊണ്ടന്നത്?' അവളുടെ മുഖം വിവർണമായിരുന്നു. അവളുടെ സ്വകാര്യത, അവളുടെ നേരെയുള്ള അവഗണന, അപമാനം എല്ലാം ഒരു കൊച്ചുകുട്ടിയുടെ മുമ്പിൽ അനാവരണം ചെയ്തത് അവളെ വിഷമിപ്പിച്ചു. ആ പ്ലെയ്റ്റിൽ കുറച്ചു ചോറും അതിന്റെ മേലെ ഒഴിച്ച സാമ്പാറും മാത്രമാണുണ്ടായിരുന്നത്. കൊച്ചമ്മയുള്ളപ്പോഴും ഇല്ലാത്തപ്പോഴും അവൾ അടുക്കളയുടെ നിലത്ത് ഒതുങ്ങിയിരുന്ന് കഴിക്കുകയാണ് പതിവ്.

'മോന്റെ ഒപ്പം മാമുണ്ണാൻ.' രാജു പറഞ്ഞു. 'ചേച്ചി വാ.'

അവൻ മേശമേൽ കയറിയിരുന്നുകൊണ്ട് കോഴിക്കറിയും മീൻ പൊരിച്ചതും അവളുടെ പ്ലെയ്റ്റിലേക്കിടുകയാണ്.

'മോനെന്താണ് ചെയ്യണത്?" അവൾ ദ്വേഷ്യപ്പെട്ടു.

'എന്താ?'

'എനിക്ക് ഇതൊന്നും തിന്നാൻ പാടില്ല മോനെ.'

'എന്താ കാരണം?'

അവൻ വ്യാകരണം ഒപ്പിച്ച് സംസാരിക്കാൻ തുടങ്ങുന്നേയുള്ളു. അതുകൊണ്ട് കൈയ്യിലുള്ള പദസമ്പത്ത് മുഴുവൻ ഉപയോഗിച്ചു സംസാരിക്കാൻ അവൻ ശ്രമിച്ചു.

'കാരണമോ?' അവൾ സംശയിച്ചു. താനൊരു വെറും ജോലിക്കാരിയാണെന്നും, ആ വീട്ടുകാർ കഴിക്കുന്നപോലെ ഭക്ഷണം കഴിക്കാനോ, അവർ ജീവിക്കുന്നപോലെ ജീവിക്കാനോ തനിക്കവകാശമില്ലെന്നും അവനെ എങ്ങിനെയാണ് പറഞ്ഞു മനസ്സിലാക്കുക? അവന്റെ മനസ്സിന്റെ സാരള്യം തകർക്കാൻ അവളിഷ്ടപ്പെട്ടില്ല. ആ രണ്ടരവയസ്സുകാരനെ രേണുകയ്ക്കിഷ്ടമായിരുന്നു.

രാത്രി കിടക്കുന്നതിനുമുമ്പ് രാജു അമ്മയുടെ കിടപ്പുമുറിയിൽ പോയിനോക്കി. രേണുക കിടക്കയിലെ വിരി നേരെയാക്കുകയാണ്. അവൾ പറഞ്ഞു.

'മോൻ പോയി കിടന്നോ, ചേച്ചി ഇപ്പോ വരാം.'

‘ഉം, ങും.’
അവൾ കിടക്ക വിരിച്ചശേഷം എയർ കണ്ടീഷണർ ഓണാക്കി. കൊച്ചമ്മയും സാറും വരുമ്പോഴേയ്ക്ക് മുറി തണു ത്തില്ലെങ്കിൽ അവൾക്ക് ചീത്ത കേൾക്കും. വരുമ്പോൾ എന്തു മൂഡിലായിരിക്കുമെന്നൊന്നും പറയാൻ പറ്റില്ല. അവൾ മിക്കവാറും ഉറങ്ങിയിട്ടുണ്ടാവും. രാജു കട്ടിലിന്റെ അടുത്തുപോയി കിടക്കയിൽ മുഖമമർത്തി നിന്നു. മുറിയിൽ അപ്പോഴും അമ്മയുടെ വാസനയുണ്ടായിരുന്നു.
‘വരൂ.’
അവൻ അവിടെത്തന്നെ നിന്നു. അവന് ആ വാസന കുറച്ചുനേരംകൂടി ആസ്വദിക്കണം. അവൻ എന്തോ ആ ലോ ചിക്കുകയാണ്. അവൾ അവന്റെ അടുത്ത് വന്നിരുന്ന് ചോദിച്ചു. ‘മോനെന്താണ് ആലോചിക്കണത്?
രാജു അവന്റെ കുഞ്ഞിക്കൈകൾ അവളുടെ തോളിൽവച്ചു. അവന് കുറേ പറയാനുണ്ടായിരുന്നു. പക്ഷേ ചോദി ച്ചത് ഇതു മാത്രം. ‘ചേച്ചീ, ഇനി എന്നാണ് ക്രിക്കറ്റ് വരവ്വാ?’
‘ചേച്ചിക്കറിയില്ല മോനെ, അടുത്ത്വന്നെണ്ടാവും.’
രാജുവിന്റെ മുറിയിലെത്തിയപ്പോൾ അവൻ പറഞ്ഞു.
‘ഞാനിന്ന് ചേച്ചീടെകൂട്യാണ് കെടക്കണത്.’
അവന്റെ കട്ടിലിൽ നിറയെ കാർട്ടൂൺ കഥാപാത്രങ്ങളുള്ള വിരി വിരിച്ചിരുന്നു. താഴെ നിലത്ത് കട്ടികുറഞ്ഞ കിട ക്കയിട്ട് അതിലാണ് രേണുക കിടക്കാറ്.
‘അതു വേണ്ടാ മോനെ. ചേച്ചീടെ കിടക്കേല് കിടന്നാൽ മോന് ഉറക്കം വരില്ല.’
‘അതെന്താ?’
‘അതിന് കട്ടിയില്ല. പിന്നെ മോന്റെ അമ്മയ്ക്ക് അതിഷ്ടാവില്ല.’
‘ന്നാ, ചേച്ചി ന്റെകൂടെ കട്ടിലില് കെടക്കു.’
മുമ്പൊരിക്കൽ അങ്ങിനെ കിടന്ന് ഉറങ്ങിപ്പോയി. അന്ന് കൊച്ചമ്മ കുറെ ചീത്തപറഞ്ഞു. ആ കൊച്ചുമുഖത്തേയ്ക്കു നോക്കിയപ്പോൾ ഒന്നും പറയാൻ തോന്നിയില്ല. അവൾ അവനോടു ചേർന്നു കിടന്നു. രാജു അവളെ കെട്ടിപ്പിടിച്ചു ഉമ്മവച്ചു. പെട്ടെന്നവൻ പറഞ്ഞു. ‘ചേച്ചിക്ക് അമ്മേടെ മണംല്ല്യ. അമ്മയ്ക്ക് നല്ല മണാ.’
അവൾ സ്വന്തം ഉടുപ്പ് മണത്തുനോക്കി. മണമില്ലെന്നുതന്നെയല്ല നാറ്റമുണ്ടുതാനും. അവൾ വൈകുന്നേരം കുളിച്ച് ഉടുപ്പ് മാറ്റിയതാണ് എന്നിട്ടും. അവളുടെ ഉടുപ്പുകൾ അവൾ സ്വന്തം തിരുമ്പുകയാണ് പതിവ്. അതിനായി വിലകു റഞ്ഞ ബാർസോപ്പ് കൊച്ചമ്മ വാങ്ങിവെക്കാറുണ്ട്. വാഷിങ്മെഷിനിൽ അവളുടെ ഉടുപ്പുകളിടാൻ അവർ സമ്മതി ക്കില്ല. മേൽതേക്കാനും വിലകുറഞ്ഞ സോപ്പാണ് വാങ്ങിക്കൊടുക്കാറ്. അതിന്റെയൊക്കെ നാറ്റമാണ്. ആ നാറ്റം ആ വീടിന്റെ വാസനയുടെ ഒരരുകിൽ അവഗണിക്കപ്പെട്ടു കിടന്നു.
‘ചേച്ചി ഒരു കഥ.’
‘ശരി, പറയാം.’ പിന്നെ ഒന്നാലോചിച്ച് അവൾ പറഞ്ഞു. ‘ഞാനിപ്പോ വരാം, കുളിമുറിയില് പോയിട്ട്.’
‘വേഗം വരണം.’
അവൾ കുളിമുറിയിലേയ്ക്കു കടന്നു. രാജുവിന്റെ സോപ്പ് നല്ല വാസനയുള്ളതാണ്. അവൾ ധൃതിയിൽ ഉടുപ്പ് ഊരി യിട്ട് മേൽ വെള്ളമൊഴിച്ചു. ഈ സോപ്പ് തേയയായാൽ കൊണ്ടുപോയി തന്റെ സോപ്പിന്റെ ഒപ്പം ഒട്ടിച്ചുവെയ്ക്കണ മെന്നവൾ തീർച്ചയാക്കി. കുളികഴിഞ്ഞ് ഉടുപ്പിടുമ്പോൾ അവൾ വാസനിച്ചുനോക്കി. തന്റെ ദേഹത്തിന് വാസനയു ണ്ട്, പക്ഷേ ഉടുപ്പിന് പഴയ നാറ്റംതന്നെയാണ്. അവൾ സോപ്പെടുത്ത് വെറുതെ ഉടുപ്പിന്മേൽ ഉരച്ചു. അവൾക്ക് അല്പം ആത്മവിശ്വാസം തോന്നി.
അവൾ കട്ടിലിന്റെ അടുത്തുചെന്നു. രാജു തിരിഞ്ഞുകിടക്കുകയാണ്. അവൾ കുനിഞ്ഞുനോക്കി. അവൻ ഉറക്ക മായിരിക്കുന്നു. അവന്റെ കവിളിൽ ഉമ്മകൊടുക്കാനായി അവൾ കുനിഞ്ഞു. അതവനെ ഉണർത്തിയാലോ എന്നു കരുതി അവൾ ആ ശ്രമം ഉപേക്ഷിച്ചു. അവൻ ഉറങ്ങിക്കോട്ടെ. അവൾ വിളക്കണച്ച് നിലത്ത് വിരിച്ചിട്ട കിടക്കയിൽ കുറച്ചുനേരം കാലുംനീട്ടി ഇരുന്നു. മുറി ഒരുമാതിരി ഇരുട്ടിലായിരുന്നു. അവൾ സ്വന്തം അമ്മയെപ്പറ്റി ആലോചിച്ചു, അച്ഛനെപ്പറ്റി ആലോചിച്ചു. നാലാംക്ലാസിൽ പഠിക്കുന്ന കൊച്ചനുജനെപ്പറ്റിയും. ‘നീയെങ്കിലും രക്ഷപ്പെടട്ടെ’ എന്ന് അമ്മ പറയാറുള്ളതും ഓർത്തു. ഉറക്കം വന്നുതുടങ്ങിയപ്പോൾ അവൾ കിടന്നു.
ഒരു നേരിയ സ്പർശം അവളെ ഞെട്ടിച്ചു. അത് രാജുവിന്റെ കുഞ്ഞിക്കൈകളാണെന്നവൾക്കു മനസ്സിലായി.
‘സൂത്രക്കാരീ....’ അവൻ പറയുകയായിരുന്നു. ‘കഥ പറയാംന്ന് പറഞ്ഞിട്ട്?’
അവൾ തിരിഞ്ഞ് അവനെ കെട്ടിപ്പിടിച്ചു ഉമ്മവച്ചു, ഒരമ്മയെപ്പോലെ. ‘മോൻ ഉറങ്ങീന്ന് വിചാരിച്ചു, ചേച്ചി.’
പെട്ടെന്നവൾക്ക് കരച്ചിൽ വന്നു. ഒരു കൊച്ചുകുട്ടിയുടെ ഏകാന്തത ശക്തമായൊരു തേങ്ങലായി നെഞ്ചിൽനിന്ന് പുറത്തേയ്ക്കു വന്നപ്പോൾ കാരണമറിയാതെ പകച്ചുപോയ രാജുവിനെ അമർത്തിപ്പിടിച്ച് അവൾ കരയാൻ തുടങ്ങി.

back to index

# ഒരു ഓണത്തിന്റെ കഥ

വിനിത അവളുടെ കൊച്ചു സൂട്ട്കേസ് ഒതുക്കുകയാണ്. കാര്യമായി ഉടുപ്പുകളാണ്, പിന്നെ കുറച്ചു സൗന്ദര്യം വർദ്ധിപ്പിക്കുന്ന വസ്തുക്കളും. നെയിൽ പോളിഷ്, പൗഡർ ടിൻ, കവിളുകളിൽ അരുണിമ പകരുന്ന റൂഷ്, ഒരു ചെറിയ കുപ്പി ഫ്രെഞ്ച് പെർഫ്യൂം. ഇതൊന്നുംതന്നെ കഴിഞ്ഞ കൊല്ലം കൊണ്ടുപോയിരുന്നില്ല. അവിടെ രജനിച്ചേച്ചിയുടെ അലമാറിയിൽ പൗഡറുണ്ട്. മറ്റൊന്നുമില്ല. ചേച്ചിക്ക് അതിന്റെ തന്നെ ആവശ്യമില്ല. അത്ര ഭംഗിയുള്ള കുട്ടിയാണവൾ. തുടുത്ത നിറം, നീണ്ട തലമുടി, ഭംഗിയുള്ള വലിയ കണ്ണുകൾ. വിനിത ഏറെനേരം അവളെ നോക്കിയിരിക്കാറുണ്ട്. തന്നെക്കാൾ മൂന്നു വയസ്സുകൂടും, പതിനാല്.

തോർത്തെടുക്കാൻ അമ്മയാണ് ഓർമ്മിപ്പിച്ചത്. എവിടെ പോകുകയാണെങ്കിലും സ്വന്തം തോർത്തെടുക്കണമെന്ന് അമ്മ പറയും. എല്ലാവർക്കും നമ്മുടെ മാതിരി വൃത്തിയുണ്ടായെന്നു വരില്ല. പക്ഷേ രജനിച്ചേച്ചിയുടെ കാര്യത്തിൽ വൃത്തി ഒരു പ്രശ്നമേയല്ല. കൈ കഴുകിവേണം രജനിച്ചേച്ചിയെ തൊടാൻ.

അവൾ സൂട്ട്കേസ് എടുത്തു നോക്കി. ഉം, വലിയ ഭാരമില്ല. മുത്തച്ഛന് പെട്ടിയൊന്നും ഏറ്റാൻ പറ്റില്ല. മുത്തച്ഛന്റെ ഒരു ജോടി ഷർട്ടും മുണ്ടുംകൂടി വേണമെങ്കിൽ ഇതിൽത്തന്നെ വെക്കാം. പാവം മുത്തച്ഛൻ. ആകെയുള്ളത് രണ്ടു ജോഡി ഷർട്ടും മുണ്ടും മാത്രം. രണ്ടു ജോഡികൂടി വാങ്ങട്ടെ എന്ന് ചോദിച്ചാൽ അമ്മയോടു കയർക്കും.

മുത്തച്ഛൻ അമ്മയോടു കയർക്കുന്ന സന്ദർഭങ്ങളുണ്ട്. ഒന്ന് അമ്മ തന്നെ കറമ്പി എന്നു വിളിക്കുമ്പോഴാണ്. മുത്തച്ഛൻ കേട്ടുവന്നാൽ പിന്നെ പൊടിപൂരമായി. തുടങ്ങും പറയാൻ. 'നീ അവളെ കറമ്പിയെന്നു വിളിക്കരുതെന്ന് ഞാൻ കുറേ പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അവൾ കറമ്പിയൊന്നും അല്ല. നിറം കുറച്ച് കുറവാണെന്നു മാത്രം. നിനക്കെന്ത് നെറാള്ളത്? അവള്ടെ അത്രേം നെറല്ല്യ. രാമചന്ദ്രനെവിടെ നെറം? നിങ്ങൾക്ക് രണ്ടാൾക്കുംല്ല്യാത്ത നെറം എങ്ങന്യാ അവൾക്ക് കിട്ടണത്?'

അമ്മ ചിരിക്കും. അവൾ ആരും കാണാതെ കണ്ണാടിയുടെ മുമ്പിൽ പോയി നോക്കും. ശരിയാണ് അവൾ കറമ്പി തന്നെയാണ്. ഭംഗിയും കുറവാണ്. കണ്ണുകൾ രജനിച്ചേച്ചിയുടെ കണ്ണുകൾപോലെ വലുതല്ല. മൂക്കിനും ഭംഗി കുറവാണ്. വായ.... അവൾ കണ്ണാടിയുടെ മുമ്പിൽനിന്ന് മാറും.

'വലുതാവട്ടെ, എന്റെ കൊച്ചുമോള് ഒരു അപ്സരസ്സാവും. അവളെ കെട്ടാൻ രാജകുമാരന്മാരെപ്പോലത്തെ ചെറുപ്പക്കാര് ക്യൂ നിൽക്കും. നീ കണ്ടോ.' മുത്തച്ഛൻ പറഞ്ഞു.

ആ വാക്കുകൾ അവളെ കഴിഞ്ഞ ഓണത്തിലേയ്ക്കു നയിക്കും. രജനിച്ചേച്ചിയുടെ വീട്ടിൽ ചെലവഴിച്ച ഒഴിവുകാലം. അവളെ സുന്ദരിയെന്നു വിളിച്ച ചേട്ടൻ രജനിച്ചേച്ചിയുടെ അയൽ വീട്ടിലേതായിരുന്നു. രാജുച്ചേട്ടൻ. ഓണത്തിന് പൂവറുക്കാൻ പറമ്പിലേയ്ക്കിറങ്ങിയതായിരുന്നു അവർ. ഒരു പൂമ്പാറ്റയുടെ ഭംഗിയിൽ ആകൃഷ്ടയായി നിൽക്കുകയായിരുന്നു വിനിത.

'ഇങ്ങിനെ അനങ്ങാതെ നിന്നാൽ നീയൊരു സൂര്യകാന്തിപ്പൂവാന്നു കരുതി ഞാൻ അറുത്തുവെന്നു വരും.'

രാജു അടുത്തു വന്ന് പറഞ്ഞു. അവൾക്ക് ലജ്ജയായി. അവൾ തിരിഞ്ഞുനോക്കി. ഇല്ല രജനിച്ചേച്ചി കേട്ടിട്ടില്ല. അവൾ വേലിയുടെ മറുവശത്ത് കാടുപിടിച്ചു നിൽക്കുന്ന ചുവന്ന അരിപ്പൂ ചെടികളിൽനിന്ന് കയ്യെത്തിച്ച് പൂക്കൾ വട്ടിയിലാക്കുകയാണ്. നിറച്ചുകഴിഞ്ഞാൽ പൂവട്ടി ശക്തിയോടെ ചുഴറ്റും. അപ്പോൾ പൂക്കളെല്ലാം അമർന്ന് വട്ടിയുടെ പകുതിയോളമെ കാണൂ. പിന്നേയും നിറക്കും, പിന്നേയും ചുഴറ്റും. ഒക്കെക്കഴിഞ്ഞ് വീട്ടിലെത്തി പൂക്കൾ പുറത്തെടുക്കുമ്പോൾ ഒരു വലിയ കൂമ്പാരമുണ്ടാകും. വിനിത ഒരിക്കൽ പൂവട്ടി ചുഴറ്റിയപ്പോൾ പൂക്കൾ പകുതിയും പുറത്തേയ്ക്കു പോകുകയാണുണ്ടായത്. അതു കണ്ടുനിന്ന രാജുച്ചേട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

'അറിയില്ലെങ്കിൽ വിവരമുള്ളവരോടു പഠിക്കുക. ഇങ്ങട്ടു തരൂ, ഞാൻ കാണിച്ചുതരാം.'

വിനിത പൂവട്ടി വിവരമുള്ള ആൾക്കു കൊടുത്തു. രാജുച്ചേട്ടൻ അതെടുത്ത് ഒരു ചുഴറ്റൽ, പിന്നെ രണ്ടാമതൊന്ന്. അതിൽ ബാക്കിയുള്ള പൂക്കൾകൂടി പുറത്തേയ്ക്കു തെറിച്ചുപോയി.

തലയിലും മുഖത്തും പുഷ്പാഭിഷേകം നടത്തി നിൽക്കുന്ന വിദഗ്ദനെ നോക്കിക്കൊണ്ട് അവൾ കുടുകുടെ ചിരിക്കാൻ തുടങ്ങി.

'ഓ,' ഒഴിഞ്ഞ പൂവട്ടി പരിശോധിച്ചുകൊണ്ട് രാജുച്ചേട്ടൻ പറഞ്ഞു. 'ചിരിക്കേണ്ട കാര്യമല്ല ഇത്. സാങ്കേതികതയുടെ പ്രശ്നമാണ്, കാര്യമാക്കേണ്ട. പൂവട്ടി നിറഞ്ഞു നിൽക്കുമ്പോഴെ ചുഴറ്റാൻ പാടൂ. ഇതും കുട്ടിക്കുള്ള പാഠങ്ങളിൽ ഒന്നായിയെടുത്താൽ മതി.'

പിന്നെ മൂക്കിനു മുകളിൽ തങ്ങിനിന്ന ഒരു പൂവെടുത്ത് പരിതാപകരമായ മുഖഭാവത്തോടെ അതിനെ നോക്കി പൂവട്ടിയിൽ നിക്ഷേപിച്ച് വട്ടി തിരിച്ചുതന്നു.

പാവം രാജുച്ചേട്ടൻ, ഒരിക്കൽപ്പോലും സ്വന്തം പൂവട്ടി ചുഴറ്റേണ്ടി വന്നിട്ടില്ല. ഒരു പൂവറുത്താൽ പിന്നെ ഒരു മണിക്കൂർ സംസാരമാണ്. വൈകുന്നേരംവരെ പറമ്പിൽ നടന്നാലും മുക്കാൽ പൂവട്ടി പൂവേ കിട്ടൂ. അതു കൊണ്ടുപോയി പപ്പടത്തിന്റെ വട്ടത്തിൽ ഒരു പൂക്കളമുണ്ടാക്കും. പൂക്കളം കാണാൻ വിനിത പോയാൽ എന്തോ മഹത്തായ കാര്യം നേടിയിരിക്കുകയാണെന്ന മട്ടിൽ അതു കാണിച്ചു തരികയും ചെയ്യും.

'എന്താ നീ സ്വപ്നം കാണ്വാണോ?' അമ്മ ഇടപെട്ടു. 'നിന്റെ സാധനങ്ങളൊക്കെ എടുത്തുവെച്ചോ?'

അമ്മ എപ്പോഴും അങ്ങിനെയാണ്. തന്റെ സ്വപ്നങ്ങളിൽ വളരെ കർക്കശമായി ഇടപെടും. പക്ഷേ അതവളെ കൂടുതൽ ഓർമ്മകളിലേയ്ക്കു കൊണ്ടുപോയി. കഴിഞ്ഞ ഓണദിവസമാണ് രാജുച്ചേട്ടൻ ചോദിച്ചത്?

'വിനിത എപ്പോഴെങ്കിലും സ്വപ്നം കണ്ടിട്ടുണ്ടോ?'

എന്തൊരു ചോദ്യമെന്ന മട്ടിൽ അവൾ അയാളെ നോക്കി. നല്ല ഭംഗിയുള്ള മുഖമാണ്. മീശ കുരുത്തു വരുന്നേയുള്ളു. അയാളുടെ കണ്ണുകൾ അവളുടെ കണ്ണുകളിൽ ഉറ്റുനോക്കുകയാണ്. അവർ പറമ്പിൽ ഒരു മൂലയിലായിരുന്നു. അവർക്കും വീടിനുമിടയിൽ സർപ്പക്കാവ് ഇടതൂർന്നു നിന്നു. രജനിച്ചേച്ചി ഓണസദ്യയുണ്ട് മയങ്ങാൻ കിടന്നു.

വിനിതക്ക് ഉറക്കം വരാഞ്ഞതുകൊണ്ട് അവൾ പറമ്പിലേയ്ക്കിറങ്ങി നടന്നു. അപ്പോഴാണ് രാജുചേട്ടൻ ഇങ്ങിനെയൊരു ചോദ്യവുമായി വന്നത്. വേലി പൊളിഞ്ഞു വഴിയായ സ്ഥലത്തുകൂടെ വരാതെ അയാൾ പെട്ടെന്ന് എത്താനായി അതിരിലുള്ള മാവിന്റെ മേൽ കയറി ഇപ്പുറത്തേയ്ക്ക് ചാടുകയാണ് ചെയ്തത്. എന്തിനാണ് അങ്ങിനെ ചെയ്തതെന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു.

'സ്നേഹത്തിനു വേണ്ടി യുദ്ധംതന്നെ ചെയ്തവരുണ്ട്. അതു നോക്കുമ്പോൾ ഇതെത്ര നിസ്സാരം?'

പിന്നെയാണ് അയാൾ മുഖത്തുറ്റുനോക്കിക്കൊണ്ട് ആ അദ്ഭുതചോദ്യം തൊടുത്തു വിട്ടത്. 'വിനിത എപ്പോഴെങ്കിലും സ്വപ്നം കണ്ടിട്ടുണ്ടോ?'

'ഞാനെന്നും സ്വപ്നം കാണാറുണ്ടല്ലോ.'

'ഉറക്കത്തിൽ?'

'അതെ...'

'അതിനെ സ്വപ്നമെന്നു വിളിക്കാൻ പറ്റില്ല. അതല്ല ഞാനുദ്ദേശിച്ചത്.' പിന്നെ ഒന്നു നിർത്തി വീണ്ടും അവളുടെ കണ്ണുകളിൽ ഉറ്റുനോക്കിക്കൊണ്ട് അയാൾ തുടർന്നു. 'കുട്ടിക്ക് എത്ര വയസ്സായി?'

'പതിനൊന്ന്.'

'അതാണ് പ്രശ്നം.' രാജുച്ചേട്ടൻ ഒരു ദാർശനികനെപ്പോലെ പറഞ്ഞു. 'കുട്ടിക്ക് ഈ പതിനൊന്നിനു പകരം പതിനെട്ടാണെന്നു കരുതു. കാര്യങ്ങളെല്ലാം വളരെ വ്യത്യസ്ഥമായിരിക്കും. ഇനി ഏഴു വർഷങ്ങൾ കഴിഞ്ഞ് ഈ സന്ദർഭം ഓർത്താൽ കുട്ടിക്ക് എന്റെ ചോദ്യത്തിന്റെ പ്രസക്തിയും വ്യാപ്തിയും മനസ്സിലാവും.'

അവൾക്ക് പതിനൊന്നു വയസ്സു മാത്രമായതുകൊണ്ട് അയാൾ പറയുന്നത് മനസ്സിലായില്ല. അവൾ നിരന്തരം സ്വപ്നം കാണാറുണ്ട്. ചിലപ്പോൾ നല്ല സ്വപ്നങ്ങൾ, മിക്കവാറും ചീത്ത സ്വപ്നങ്ങൾ. ഒരിക്കൽ വല്ലാതെ ചീത്ത സ്വപ്നം കണ്ടുണർന്ന് ബഹളമുണ്ടാക്കി. പിറ്റേന്ന് മുത്തച്ഛൻ ഒരു ചരട് ഊതിച്ചുകൊണ്ടുവന്ന് അവളുടെ കയ്യിൽ കെട്ടി. ക്ലാസ്സിലെ കുട്ടികൾ വല്ലാതെ കളിയാക്കാൻ തുടങ്ങിയപ്പോൾ അവൾ അതൂരിയെറിയുകയാണുണ്ടായത്.

'ഞാൻ പറയുന്നത് ജീവിതത്തെപ്പറ്റിയാണ്.' രാജുച്ചേട്ടൻ വീണ്ടും പറഞ്ഞു. 'ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. സുന്ദരിയായ പെൺകുട്ടി..... അവർ ഒന്നിച്ച് സ്വപ്നം കാണുന്നു......'

അയാൾ പെട്ടെന്ന് നിശ്ശബ്ദനായി. അയാൾ ആലോചനയിലായിരുന്നു. ഇനി എന്താണ് പറയാൻ പോകുന്നതെന്നറിയാൻ വിനിത വീർപ്പടക്കി നിന്നു. അവൾക്കയാളുടെ സംസാരം ഇഷ്ടമാവുന്നുണ്ട്. എന്തോ ഒരാകർഷണം. രണ്ടു പേർ ഒന്നിച്ചു സ്വപ്നം കാണുക എങ്ങിനെയാണെന്നൊന്നും മുഴുവൻ പിടികിട്ടിയില്ലെങ്കിലും ഒരേകദേശ രൂപം അവൾക്കു കിട്ടുന്നുണ്ടായിരുന്നു. പെട്ടെന്ന് രാജുച്ചേട്ടൻ ധ്യാനത്തിൽനിന്നുണർന്നു.

'വിനിത ഒരു സുന്ദരിയാണെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?'

വിനിത ഓർത്തു നോക്കി. ഓർക്കാൻ അധികമൊന്നുമില്ലെങ്കിലും. ആരും അവൾ സുന്ദരിയാണെന്നു പറഞ്ഞിട്ടില്ല. മറിച്ച് പറഞ്ഞിട്ടുമുണ്ട്. അവൾ നിഷേധാർത്ഥത്തിൽ തലയാട്ടി.

'എങ്കിൽ....' അയാൾ സാവധാനത്തിൽ, പക്ഷേ ഉറപ്പിച്ചുകൊണ്ട് പറഞ്ഞു. 'വിനിത സുന്ദരിയാണെന്നു കണ്ടുപിടിക്കുകയും അത് ആദ്യമായി പറയുകയും ചെയ്തുവെന്ന പദവി എനിക്കുതന്നെ. ഇത് വിനിതയുടെ ജീവിതത്തിന്റെ താളുകളിൽ തങ്കലിപികളിൽ എഴുതിവച്ചോളൂ.'

അവൾ അലിയുകയായിരുന്നു. ഇങ്ങിനെയൊന്നും ആരും അവളോട് സംസാരിച്ചിട്ടില്ല.

'ഇന്നു വൈകുന്നേരം അമ്മ എന്നെ പിടിച്ച് വീട്ടിൽനിന്നു പുറത്താക്കും. എന്റെ സഞ്ചിയും, ഉടുപ്പുകളും, എന്റെ പ്രിയപ്പെട്ട ഷൂസും എല്ലാംകൂടി മുറ്റത്തേയ്ക്ക്.... ഒരു സ്വകാര്യം പറയട്ടേ? വിനിതയെക്കഴിഞ്ഞാൽ എനിക്കിഷ്ടം എന്റെ രണ്ടായിരം ഉറുപ്പിക വിലയുള്ള ഷൂസുകളാണ്. ആ ഷൂസുകൾ കെട്ടിപ്പിടിച്ചാണ് ഞാൻ ഉറങ്ങാറ്. ആരോടും പറയരുതേ. അപ്പോൾ ഞാനെന്താ പറഞ്ഞുവന്നത്? ഓ, അമ്മ എന്നെ പിടിച്ച് പുറത്താക്കാൻ പോവ്വാണ്, വീട്ടിൽനിന്ന്.'

'ഔ...' വിനിതയ്ക്ക് വിഷമമായി. 'എന്താ കാരണം?'

'ഊഹിച്ചുനോക്കു.'

'അമ്മയ്ക്കിഷ്ടല്ല്യാത്ത് വല്ലൂം പറഞ്ഞോ?'

'ഇല്ല.'

'പിന്നെ?'

'ഒരു ഊഹംകൂടി തന്നിരിക്കുന്നു. ലാസ്റ്റ് ചാൻസ്.'

'രാജുച്ചേട്ടൻ ആരെയെങ്കിലും ലൗ ചെയ്തുവോ?'

'ഊംഉം. തോറ്റു. ഈ കാര്യത്തിനൊന്നും അമ്മ എന്നെ വീട്ടിൽ നിന്ന് പുറത്താക്കില്ല.'

'പിന്നെ?'

'നാളെ കോളേജ് തുറക്കുന്നു.'

'ഓാാ...'

'അപ്പോൾ ഇനി വിനിതയെ കാണുക അടുത്ത ഓണത്തിനു മാത്രം, കാരണം വിനിത ഒരു ഓണപ്പക്ഷിയല്ലേ. ഓണപ്പൂക്കൾ വിരിയുമ്പോൾ മാത്രം പറന്നുവരുന്ന ദേശാടനക്കിളി?'

വിനിതയ്ക്കു പെട്ടെന്നു സങ്കടമായി. അവൾക്ക് രാജുച്ചേട്ടനെ ഇഷ്ടമായി വരികയായിരുന്നു.

'സുന്ദരിയായ ഓണപ്പക്ഷി.'

അയാൾ നിർത്തി ചുറ്റും നോക്കി, സ്വകാര്യമായി പറഞ്ഞു.

'ഞാനൊരു സാഹസം ചെയ്യാൻ പോകുന്നു.'

അവൾ ചോദ്യത്തോടെ അയാളെ നോക്കി.

'വൈകുന്നേരം ഞാൻ പോകുന്നതിനുമുമ്പ് നമ്മൾ ഇനിയും കണ്ടേക്കാം. പക്ഷേ നമ്മെ സംബന്ധിച്ചേടത്തോളം ഇതാണ് വിടപറയൽ. അതുകൊണ്ടാണ് ഞാനീ സാഹസം ചെയ്യാൻ ഒരുമ്പെടുന്നത്. എന്റെ പ്രായത്തിൽ ലോകത്ത് അധികം പേരും ഒരുമ്പെട്ടിട്ടില്ലാത്ത സാഹസമാണത്.'

വിനിതയ്ക്ക് അല്പം പേടിയായി. നേരത്തെ മാവിൻകൊമ്പത്തു കയറി താഴേയ്ക്കു ചാടിയപ്പോൾ തന്നെ അവൾ പേടിച്ചിരുന്നു. ഇനിയെന്തു സാഹസമാണാവോ ചെയ്യാൻ പോകുന്നത്. ചുറ്റുമുള്ള, ചാടാൻ സാധ്യതയുള്ള, ഉയർന്ന മരങ്ങൾ നോക്കി അവൾ ഭയത്തോടെ ചോദിച്ചു.

'എന്തു സാഹസം?'

'പേടിയാവുന്നുണ്ടെങ്കിൽ കണ്ണടച്ചുകൊള്ളൂ.' രാജു പറഞ്ഞു.

അവൾക്കു ശരിക്കും പേടിയായിരുന്നു. അവൾ കണ്ണുകൾ ഇറുകിയടച്ചു.

'പെണ്ണേ, നീയൊന്ന് എണീറ്റ് കുളിക്കാൻ നോക്ക്.' അമ്മയുടെ ശബ്ദം സാധാരണപോലെ അവളുടെ സ്വപ്നാടനം തകർത്തു. അമ്മ പോയിക്കഴിഞ്ഞു. അതെപ്പോഴും അങ്ങിനെയാണ്. കുന്നിന്മേൽനിന്ന് ഒരു പാറ ഉരുണ്ടിറങ്ങുന്നപോലെയാണത്. എല്ലാം തകർത്ത പാറ താഴ്‌വാരത്തിലേയ്ക്കു പോകുന്നു, അതു തകർത്ത വസ്തുക്കളെ തിരിഞ്ഞുനോക്കുന്നില്ല.

അവൾക്ക് സ്വപ്നം കാണാൻ ഇനിയും സമയമുണ്ട്. ഉച്ചയ്ക്ക് ഒന്നരക്കാണ് വണ്ടി. ഒരുമണിക്ക് പുറപ്പെട്ടാൽ മതി. ഇപ്പോൾ 10 മണിയായിട്ടേയുള്ളൂ. കുറച്ചുനേരം കൂടി സ്വപ്നം കണ്ടാൽ കുഴപ്പമൊന്നുമില്ല, പ്രത്യേകിച്ച് രാജുച്ചേട്ടനെക്കുറിച്ച്. അവൾ സുന്ദരിയാണെന്നു പറഞ്ഞ ഏകവ്യക്തിയെക്കുറിച്ച്. അയാൾ പറഞ്ഞു. 'കണ്ണടച്ചു നിന്നോളൂ.'

അവൾ കണ്ണടച്ചു നിന്നു. കവിളിൽ സ്പർശം അനുഭവപ്പെട്ടപ്പോഴാണവൾ കണ്ണു തുറന്നത്. രാജുച്ചേട്ടൻ വളരെ അടുത്തായിരുന്നു. അയാൾ അവളുടെ കവിളിൽ മൃദുവായി ഉമ്മവെയ്ക്കുകയാണ്. അവൾക്ക് നാണത്തേക്കാൾ ചിരിയാണ് വന്നത്. ഇതാണോ ഇത്ര വലിയ സാഹസം?

ഇന്നവൾ കുറച്ചുകൂടി വലുതായി. ആൺകുട്ടിയിൽനിന്ന് ഒരു ഉമ്മകിട്ടുക എന്നതിന്റെ അർത്ഥം അവൾ മനസ്സിലാക്കിത്തുടങ്ങിയിരുന്നു. അവൾ ചാടിയെഴുന്നേറ്റു. വല്ല്യമ്മയുടെ വീട്ടിൽ പോകാൻ അവൾക്കു ധൃതിയായി. കുളിക്കണം. കുളിമുറിയിൽ ഷവറിനുതാഴെ കുറെയേറെ നേരം അവൾ നിന്നു. കുളികഴിഞ്ഞു തോർത്തുമ്പോൾ അവൾ കണ്ണാടിയിൽ അവളുടെ മുഖം ശ്രദ്ധിച്ചു. ചെറിയ കണ്ണുകൾ, ഭംഗിയില്ലാത്ത മൂക്ക്, വലിയ വായ, ഇരുണ്ട നിറം. ഒരു നിമിഷം അവൾ രജനിച്ചേച്ചിയുമായി അവളെ താരതമ്യപ്പെടുത്തി.

കട്ടിലിൽ എന്തോ ആലോചിച്ചിരിക്കുന്ന മകളെ കുറേക്കഴിഞ്ഞേ അമ്മ കണ്ടുള്ളൂ. അവർ ചോദിച്ചു.

'എന്താ നീ പുറപ്പെടാതെ ആലോചിച്ചുകൊണ്ടിരിക്കണത്?'

അവൾ മറ്റൊരു ലോകത്തായിരുന്നു. വല്ല്യമ്മയുടെ വീട്ടിലെ പറമ്പിന്റെ അതിരിൽ ഇടതൂർന്നു വളർന്നു പൂത്തുനിൽക്കുന്ന അരിപ്പൂച്ചെടികൾ, മഴയിൽ കഴുകിവൃത്തിയാക്കിയ കടുംപച്ച ഇലകളിൽ വന്നിരുന്ന് വെയിലു കായുന്ന ഓണത്തുമ്പികൾ, സർപ്പക്കാവിലെ ഇടതൂർന്ന മരങ്ങൾ, പിന്നെ അതിരിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന മാവിന്റെ കൊമ്പിൽനിന്ന് ചാടിവന്ന.....

'എണീറ്റ് പുറപ്പെട്' അമ്മ വീണ്ടും പറഞ്ഞു.

'അമ്മേ,' അവൾ പറഞ്ഞു. 'ഞാൻ പോണില്ല്യാ വല്ല്യമ്മടെ വീട്ടിലേയ്ക്ക്. മുത്തച്ഛൻ തനിയെ പൊയ്ക്കോട്ടെ.'

കണ്ണിൽ നിറഞ്ഞ വെള്ളം അമ്മ കാണാതിരിക്കാൻ അവൾ തിരിഞ്ഞിരുന്നു.

back to index

# അയൽക്കാരൻ

രാവിലെയുണ്ടായ കാര്യങ്ങൾ പറഞ്ഞപ്പോൾ അച്ചുമ്മാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചു. 'തന്റെ ചെറിയമ്മയുടെ മകനാണ്ന്ന് മാത്രല്ല, അയൽക്കാരനുമാണ്. അയാളുമായി സ്നേഹത്തിലിരിക്കയാണ് നല്ലത്.'

അച്ചുമ്മാൻ ഞങ്ങളുടെ അടുത്തൊന്നുമല്ല താമസിക്കുന്നത്. അകലം സംഭവങ്ങളുടെ തീക്ഷ്ണത കുറക്കുന്നു. ഇതൊന്നും അച്ചുമ്മാനെ നേരിട്ടു ബാധിക്കുന്നുമില്ല എന്നതുകൊണ്ട് അയൽക്കാരന്റെ പരാക്രമങ്ങൾ മുഴുവൻ വിശദമായി കേൾക്കാനുള്ള ആവേശം ആ മുഖത്തുണ്ടാവും. ഞാൻ സംസാരിക്കാൻ തുടങ്ങിയാൽ അദ്ദേഹം വെറ്റില ച്ചെല്ലം തുറന്ന് നല്ല തളിർവെറ്റിലയെടുത്ത് ഞെട്ടി കളയുന്നു. കുഴിനഖം ബാധിച്ച നഖങ്ങൾകൊണ്ട് ഇലയുടെഞരമ്പുകൾ ഞെരടിക്കളയുന്നു. പിച്ചളയുടെ ചുണ്ണാമ്പുചെപ്പു തുറന്ന് ഇളംചുവപ്പു നിറത്തിലുള്ള വാസനചുണ്ണാമ്പ് തോണ്ടിയെടുത്ത് ഒരു ചിത്രകാരന്റെ ശ്രദ്ധയോടെ തേയ്ക്കുന്നു. അതിനുശേഷം നേരിയതായി നുറുക്കിയ അടക്കയും സുഗന്ധമുള്ള പുകയിലക്കൂട്ടും വെച്ച് മടക്കുന്നു. പിന്നെ അതും വായിലിട്ട് അഴിഞ്ഞുതുടങ്ങിയ മുണ്ട് അരയിൽ ഉറപ്പിച്ച് ഞാൻ പറയുന്നത് സശ്രദ്ധം കേൾക്കുന്നു. എല്ലാം കഴിഞ്ഞാൽ ആ കണ്ണുകളിൽ ഉണ്ടാവുന്നത് അശ്ലീലമായൊരു സംതൃപ്തിയാണ്. അതറിഞ്ഞുകൊണ്ടുതന്നെഞാൻ ഓരോവട്ടം പീഡനമേൽക്കുമ്പോഴും അച്ചുമ്മാന്റെ അടുത്തേയ്ക്കോടുന്നു. എന്റെ വിഷമങ്ങൾ വിവരിക്കുന്നു. സഹായത്തിന്നായി, അല്പം മനസ്സമാധാനത്തിന്നായി.

രാവിലെയുണ്ടായത് ചില്ലറ കാര്യമൊന്നുമല്ല. അല്ലെങ്കിൽ അയാളുമായുണ്ടായ ഏതുകാര്യമാണ് നിസാരമായിട്ടുള്ളത്? ഞാൻ ആദ്യം മുതൽ പറയാം.

തുടക്കം അതിരിന്മേലായിരുന്നു. കാലം കുറച്ചായി. ഭാഗം നടത്തുമ്പോൾ അച്ചുമ്മാനാണ് എന്നോട് തറവാട് എടുത്തോളാൻ പറഞ്ഞത്. 'ഭാർഗ്ഗവിയല്ലെ മൂത്തത്. അപ്പോ മൂത്തവളുടെ മൂത്തമോനുതന്നെയാവട്ടെ തറവാട്.' ഞാൻ ഉടനെ സമ്മതിച്ചു. ഒരു ഗൃഹാതുരത്വം. പക്ഷേ അതിന് രാവുണ്ണിയുടെ രൂപത്തിൽ ഇത്ര വലിയ വിലകൊടുക്കേണ്ടി വരുമെന്നൊന്നും ഓർത്തില്ല. അല്ലെങ്കിലും ഭാഗം കഴിഞ്ഞശേഷമല്ലേ അയാൾ തനിനിറം കാട്ടാൻ തുടങ്ങിയത്?

ഒരു ദിവസം രാവിലെ നോക്കിയപ്പോൾ തെക്കെ വേലികെട്ടു തുടങ്ങിയിരുന്നു. അത് രാവുണ്ണിയുടെ വടക്കേ അതിരായതിനാൽ രാവുണ്ണിയാണ് വേലികെട്ടേണ്ടത്. രാവുണ്ണി ഒരു കള്ളിമുണ്ടും ബനിയനുമുടുത്ത് നിൽക്കുന്നുണ്ട്. ലോഗ്യം ചോദിക്കാൻ പോയപ്പോൾ അയാൾ പറഞ്ഞു.

'ആ, രാജേട്ടൻ വന്നതു നന്നായി. ഞാനീ മുളങ്കൂട്ടം ഒന്ന് വെട്ടി ശരിപ്പെടുത്ത്ണ്ണ്ട്. അതൊന്ന് പറയാൻ ഞാൻ അങ്ങട്ട് വരണംന്ന് വിചാരിച്ചിരിക്ക്യായിരുന്നു.'

മുളങ്കൂട്ടം എന്റേതാണ്. മുക്കാൽ ഭാഗവും എന്റെ പറമ്പിൽ, ഒന്നോ രണ്ടോ മുളകൾ രാവുണ്ണിയുടെ പറമ്പിലുമുണ്ട്.

'അപ്പോ വേലികെട്ടാന്ള്ള മുള്ള് കിട്ടും ചെയ്യും.' രാവുണ്ണി തുടർന്നു.

'അതെന്താപ്പോത്ര ചോദിക്കാൻ.' ഞാൻ പറഞ്ഞു. രാവുണ്ണി ജോലിക്കാർക്ക് നിർദ്ദേശം കൊടുക്കുകയാണ്.

'എടോ താഴത്ത്ള്ള ആ മുള്ളൊ ക്കെ അങ്ങട് വെട്ടിക്കോ. ആളൊയരത്തിൽ വെട്ട്യാൽ മതി.....'

ഞാൻ സ്കൂളിൽ പോവുകയും ചെയ്തു. ഇൻസ്പെക്ഷനുള്ള ദിവസാണ്, മാഷമ്മാരെല്ലാം നേരത്തെ എത്തണമെന്ന് ഹെഡ്മാസ്റ്റർ പ്രത്യേകം പറഞ്ഞിരുന്നു.

വൈകുന്നേരം സ്കൂൾവിട്ട് തിരിച്ചെത്തിയപ്പോഴാണ് വേലികെട്ടിന്റെ സ്വഭാവം മനസ്സിലായത്. തെക്കേ അതിര് ഒരടിയോളം എന്റെ പറമ്പിലേയ്ക്ക് തള്ളിയാണ് വേലികെട്ടിയിരിക്കുന്നത്. രണ്ടോ മൂന്നോ മുളകളൊഴിച്ച് ആ മുളങ്കൂട്ടം മുഴുവൻ അവന്റെ പറമ്പിലാണിപ്പോൾ. അപ്പുറത്തും ഇപ്പുറത്തും ഉള്ള കായ്ചുതുടങ്ങിയ മാവുകളും ഒരു ആഞ്ഞിലിയും മറുകണ്ടത്തിലെത്തിയിരിക്കുന്നു. അതിരു മാറിയതറിയാതിരിക്കാൻ അവന്റെ കണ്ടം കിളച്ച് അതിരു തേമ്പിയിരിക്കുന്നു.

ഞാൻ നളിനിയെ വിളിച്ചു കാണിച്ചുകൊടുത്തു. അവൾ വിശ്വസിക്കാൻ പ്രയാസമായപോലെ വേലിയുടെ മുന്നേറ്റം നോക്കിക്കണ്ടു.

'അപ്പോ നിനക്കൊന്ന് ഇടയ്ക്ക് വന്ന് നോക്കായിര്ന്നില്ലേ?' ഞാൻ ചോദിച്ചു.

'അയ്യാള് അവിടെത്തന്നെ നിൽക്ക്ണ്ണ്ടായിരുന്നു.'

'അതോണ്ടെന്താ?' ഞാൻ അരിശത്തോടെ പറഞ്ഞു. 'നമ്മടെ മൊതല് പോവാതെ നോക്കണ്ടേ?'

'രാജേട്ടന് മനസ്സിലാവില്ല.' അവൾ ശബ്ദംതാഴ്ത്തിക്കൊണ്ടു പറഞ്ഞു. 'അയാള് രാജേട്ടൻ വിചാരിക്കണമാതിരിയൊന്നും അല്ല.'

ഞാൻ ഒന്നും പറഞ്ഞില്ല. അങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ. വേലി കെട്ടിയകാരണം പടിക്കലൂടെത്തന്നെ വേണം രാവുണ്ണിയുടെ വീട്ടിൽ പോകാൻ. വേലി പൊളിഞ്ഞുകിടന്ന കാലത്ത് അതിരുകടന്നു പോകാമായിരുന്നു.

രാവുണ്ണി പറമ്പിലായിരുന്നു. വേലികെട്ട് പടിഞ്ഞാറേ പറമ്പിലെത്തിയിരിക്കുന്നു. ഞാൻ വിളിച്ചുപറഞ്ഞു.

'രാവുണ്ണി ഒന്നിത്രേടം വരൂ.'

'എന്താ രാജേട്ടാ?' അയാൾ ഓടിവന്നു.

ഞാനയാളെ കൊണ്ടുപോയി അയാളുടെ വടക്കേ അതിർത്തി കാണിച്ചുകൊടുത്തു.

'ഇതെന്താണ് ചെയ്തിരിക്കണത്?'

'എന്താണ് രാജേട്ടാ?' വളരെ സൗമ്യമായ ചോദ്യം, ഒന്നും അറിഞ്ഞിട്ടില്ലാത്ത മട്ടിൽ.

'അറിഞ്ഞില്ലേ?' ഞാൻ ചൂടായി പറഞ്ഞു. 'വേലി എന്റെ അതിരിലേയ്ക്ക് ഒരടി മാറ്റീട്ടാണ് കെട്ടിയിരിക്കണത്?'

'അതേയോ?' അയാൾ മനസ്സിലാകാത്ത മാതിരി പറഞ്ഞു.

'അതേ, ഈ രണ്ടു തൈമാവും ആഞ്ഞിലിയും എന്റെ പറമ്പിലായിരുന്നത് ഇപ്പോ എവിട്യാണ്ന്ന് നോക്ക്?'

'അത് എന്റെ പറമ്പിലായിരുന്നില്ലേ?'

‘അല്ല എന്റെ പറമ്പിലായിരുന്നു. അതുപോലെ ഈ മുളങ്കൂട്ടവും എന്റെ പറമ്പിലായിരുന്നു. അതിപ്പൊ എവിട്യാണ്ന്ന് നോക്ക്.’

‘അത് മുള്ള് വെട്ടിയതോണ്ട് തോന്നണതാ.’

‘അതൊന്നുല്ല. ശരിക്കും ഒരടി വാങ്ങീട്ടാ വേലികെട്ടീട്ട്ള്ളത്.’

‘എടാ, വേലായുധാ.’ രാവുണ്ണി തിരിഞ്ഞുനിന്ന് ഉറക്കെ വിളിച്ചു.

‘എന്തോ?’ വേലായുധൻ ഓടിവന്നു.

‘നീയിതെന്താണ് കാണിച്ചുവച്ചത്? ഈ മുളങ്കൂട്ടം നമ്മടെ അതിരിലേയ്ക്ക് എടുത്തതെന്തിനാ?’

വേലായുധൻ പുച്ഛമടക്കിനിന്നു.

‘നീയിന്ന് പോണതിനുമുമ്പ്തന്നെ വേലി ശരിക്ക്ള്ള സ്ഥാനത്തേയ്ക്കാക്കണം കെട്ടോ?’

‘അടിയൻ...’

‘ഏട്ടൻ പൊയ്ക്കോളു. ഇന്നിനി സമയല്ല്യ. നാളെ രാവിലെ ഇവര് വന്നാലുടനെ ഇത് ശരിയാക്കാം. ശാരദ്യോട് ചായണ്ടാക്കാൻ പറയട്ടേ?’

‘വേണ്ട, ഞാൻ ചായ കുടിച്ചിട്ടേ വന്നത്.’

പിറ്റേന്ന് രാവിലെ സ്കൂളിൽപോകാൻ നേരത്ത് ചെന്നപ്പോൾ ജോലിക്കാർ പടിഞ്ഞാറെ വേലി കെട്ടുകയാണ്. ഉച്ച തിരിയുമ്പോഴേയ്ക്ക് അതു കഴിയും. ഉടനെ ഈ വേലി മാറ്റാമെന്ന് രാവുണ്ണി ഒരിക്കൽക്കൂടി ഉറപ്പു നൽകി.

ഉറപ്പുമാത്രമേ ഉണ്ടായുള്ളൂ. വൈകുന്നേരംഞാൻ സ്കൂൾ വിട്ടു വന്നപ്പോഴേയ്ക്ക് വേലിപ്പണി കഴിഞ്ഞ് ജോലിക്കാർ പോയിരുന്നു. എന്റെ തെക്കേ അതിരിലെ വേലി അതിന്റെ പുതിയ സ്ഥാനത്തുതന്നെ ഉറച്ചു നിൽക്കയാണ്. പിന്നെയുണ്ടായത് വക്കാണമാണ്. കയ്യാങ്കളിയാവുമെന്ന ഘട്ടത്തിൽ രണ്ടു ഭാര്യമാർ വരികയും ഞങ്ങളെ കൂട്ടിക്കൊണ്ടുപോകയും ചെയ്തു. വേലി അതിന്റെ പുതിയ സ്ഥാനത്ത് തലയുയർത്തി നിന്നു.

കാര്യങ്ങളെല്ലാമറിഞ്ഞപ്പോൾ അച്ചുമ്മാൻ പറഞ്ഞത് ഇപ്പോൾ ഒന്നും ചെയ്യേണ്ട, അടുത്ത വേലികെട്ടിന്റെ സമയത്ത് മാറ്റാൻ പറഞ്ഞാൽ മതിയെന്നാണ്. ‘നിന്റെ അയൽക്കാരനാണ്. മാത്രല്ല ചോരയ്ക്ക് വെള്ളത്തേക്കാൾ കട്ടി കൂടുംന്നല്ലേ സായ്പ് പറേണത്.’

അതാണ് ആദ്യത്തെ സംഭവം. പിന്നീട് സംഭവങ്ങൾ പലതും നടന്നു. മിക്കവയും കയ്യേറ്റങ്ങളുടെ കഥകൾ. അടയ്ക്ക വില പറയാൻ വന്ന മാപ്പിള തെക്കേ കണ്ടത്തിൽ നിന്നു തിരിച്ചുവന്നു ചോദിച്ചു. ‘നിങ്ങള് ആളെ കളിപ്പിക്ക്യാണോ മാഷേ?’

‘എന്തേ?’ ഞാൻ അദ്ഭുതപ്പെട്ട് ചോദിച്ചു.

‘ഒരൊറ്റ എണ്ണത്തിന്റെ മണ്ടേല് അടയ്ക്ക ഇല്ലല്ലോ?’

ഞാൻ ഓടിക്കൊണ്ടുതന്നെ തെക്കേ പറമ്പിലേയ്ക്കു ചെന്നു. ശരിയാണ് തെക്കേ പറമ്പിലെ നാൽപ്പത്തെട്ടു കവുങ്ങുകളും ആഭരണങ്ങൾ കൊള്ളയടിക്കപ്പെട്ട പെണ്ണുങ്ങളെപ്പോലെ ഒഴിഞ്ഞ കഴുത്തോടെ നിൽക്കുന്നു. മിനിഞ്ഞാന്നുവരെ അവയിലെല്ലാം മഞ്ഞനിറം കയറിയ അടക്കക്കുലകൾ തൂങ്ങിക്കിടന്നിരുന്നു. പെട്ടെന്നാണ് ഓർത്തത്. ഇന്നലെ രാവുണ്ണിയുടെ പറമ്പിൽ കവുങ്ങു കയറ്റിയിരുന്നു. സ്കൂളിൽ പോകുമ്പോഴാണതു കണ്ടത്. ശരിക്കു പറഞ്ഞാൽ പോകുന്ന വഴി ഹൈദ്രോസു മാപ്പിളയെ കണ്ട് അടക്കയുടെ കാര്യം പറയാൻ ഓർമ്മവന്നതുതന്നെ രാവുണ്ണിയുടെ പറമ്പിൽ അടക്കയിറക്കുന്നതു കണ്ടതുകൊണ്ടാണ്. സംഗതി വ്യക്തം, രാവുണ്ണി എന്റെ പറമ്പിലെ അടക്ക കൂടി ഇറക്കി കൊണ്ടുപോയിരിക്കുന്നു. രണ്ടു പറമ്പിലും വേലിയുടെ അടുത്തുവരെ കവുങ്ങുകൾ ഉള്ളതിനാൽ കയറ്റക്കാർക്ക് വേലി കടക്കാതെത്തന്നെ കവുങ്ങുകൾ ഞാത്തിയടുപ്പിച്ചുക്കൊണ്ട് എല്ലാ കവുങ്ങിന്മേലും എത്താം.

എന്താണ് ചെയ്യേണ്ടത്? രാവുണ്ണിയോടു പറഞ്ഞിട്ടു കാര്യമില്ല. രാവുണ്ണി അടക്കയിറക്കുന്നതു കണ്ടവരാരുമില്ല. അന്വേഷിച്ചപ്പോൾ ഒരു കാര്യം തെളിഞ്ഞു. രാവുണ്ണി എണ്ണായിരത്തഞ്ഞൂറ് അടക്കയാണ് വിറ്റിട്ടുള്ളത്. അയാളുടെ പറമ്പിൽ നാൽപതിൽ താഴെയാണ് കവുങ്ങുള്ളത്. അതിൽനിന്ന് ഒരിക്കലും എണ്ണായിരം അടയ്ക്ക കിട്ടാൻ വഴിയില്ല. അപ്പോൾ സ്വാഭാവികമായും അയാൾതന്നെയാണ് അടയ്ക്ക മോഷ്ടിച്ചിട്ടത്. പക്ഷേ ആരെങ്കിലും വിശ്വസിക്കുമോ?

അതുതന്നെയാണ് അച്ചുമ്മാനും പറയുന്നത്.

‘ഏട്ടന്റെ പറമ്പിൽനിന്ന് രാവുണ്ണി അടക്ക മോഷ്ടിച്ചൂന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്ക്യോ?’ അച്ചുമ്മാൻ ചെല്ലമെടുത്ത് മടിയിൽ വച്ചു.

‘ഞാനെന്താണ് ഇനി ചെയ്യേണ്ടത്?’ ഞാൻ അമർഷത്തോടെ ചോദിച്ചു.

അച്ചുമ്മാൻ വെറ്റിലയെടുത്തു നിവർത്തി. വിശദമായൊരു മുറുക്കിനുള്ള തയ്യാറെടുപ്പാണ്. എന്നെ പെട്ടെന്നങ്ങോട്ട് ഒഴിവാക്കാനുള്ള ഉദ്ദേശമില്ല. എല്ലാം വിശദമായിത്തന്നെ അറിയണം. ആർക്കാണ് രാവുണ്ണി അടയ്ക്ക വിറ്റത്, എന്തു വിലയ്ക്കാണ്. കച്ചവടക്കാരനത് നീറ്റടക്കയാക്കാനാണോ, അതോ അപ്പടി കോയമ്പത്തൂരിൽ കൊണ്ടുപോയി വിൽക്കാനാണോ?

എന്തിനാണ്ഞാനിതിനെല്ലാം മറുപടി പറയുന്നതെന്ന്ഞാൻ ആലോചിക്കാറുണ്ട്. അച്ചുമ്മാൻ എന്തോ ഒരു പ്രത്യേക ശക്തികൊണ്ട് എന്നെ കെട്ടിയിടുന്നു. ഞാൻ ഒരു കാർമ്മികന്റെ മുമ്പിലെന്ന പോലെ അദ്ദേഹത്തിന്റെ മാസ്മരശക്തിയിൽ മയങ്ങിനിൽക്കുന്നു. മുറുക്കിച്ചുവന്ന വായിൽനിന്ന് കുരുതിയൊഴുകുന്നു. എന്റെ ശക്തികൾ ഞാൻ ആ വൃദ്ധന്റെ കൈപ്പിടിയിൽ അടിയറ വയ്ക്കുന്നു. മുറുക്കിന്റെ അന്ത്യത്തിൽഞാൻ നിസ്സഹായനായി തിരിച്ചു പോകുന്നു; വീണ്ടും പീഡാനുഭവമുണ്ടാകുമ്പോൾ ഓടി ചെല്ലാനായി മാത്രം.

കൃഷ്ണൻകുട്ടിയും രാവുണ്ണിയുടെ മകൻ മോഹനനും ഒരേ ക്ലാസ്സിലായത് സംഘർഷങ്ങൾക്ക് വഴിവച്ചു. എന്റെ മകൻ കളിക്കാനൊക്കെ മിടുക്കനാണ്. മോഹനൻ അക്കാര്യത്തിൽ മോശക്കാരനും. സ്വതവേ ആരോഗ്യമില്ല, അതുകൊണ്ടുതന്നെ കലഹപ്രിയനുമാണ്. കളികളിൽ അവൻ ജയിക്കണം. കൃഷ്ണൻകുട്ടി ജയിച്ചാൽ പിന്നെ വഴക്കാണ്. ഉച്ചയ്ക്ക് അവർ കുട്ടിയും കോലുമാണ് കളിക്കാറ്. വൈകുന്നേരം വന്നാൽ കൃഷ്ണൻകുട്ടിക്കു പറയാനുള്ളത് മോഹനൻ കാണിച്ച കള്ളവും അവൻ വഴക്കിട്ടതിന്റെ വിവരണവുമാണ്. ഞാനും നളിനിയും അവനെ സമാധാനിപ്പിക്കും. അവൻ നിന്റെ സഹോദരനല്ലേ. ശരിക്കു പറഞ്ഞാൽ മാസങ്ങൾക്കു ഇളയതാണ് മോഹനൻ. അപ്പോൾ നീ ക്ഷമിക്ക്.

അങ്ങിനെ പോകുമായിരുന്നു സംഭവങ്ങൾ. പക്ഷേ ഒരു ദിവസം രാവുണ്ണി എന്നെ വഴിക്കുവച്ച് തടഞ്ഞു നിർത്തി ക്ഷോഭിച്ചുകൊണ്ട് പറഞ്ഞു.

'മോനെ നിലയ്ക്കു നിർത്തുകയാണ് നല്ലത്. അല്ലെങ്കിൽ ചെയ്യേണ്ടതെന്താണെന്ന് എനിക്കറിയാം.'

എന്തു പറ്റിയെന്ന് ഞാൻ അന്വേഷിച്ചു.

'ഒന്നു പറ്റിയിട്ടില്ല. തണ്ടും തടീംണ്ട്ന്ന് വച്ച് ചെറിയ കുട്ട്യോളെ തല്ലാൻ നിന്നാൽ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടി വരും.'

എന്റെ ചോദ്യങ്ങൾക്കു മറുപടി തരാതെ അയാൾ സ്ഥലം വിട്ടു. വീട്ടിൽ ചെന്നു കൃഷ്ണൻകുട്ടിയോടു ചോദിച്ചു. കാര്യമായൊന്നുമുണ്ടായിട്ടില്ലെന്ന മറുപടി എന്നെ തൃപ്തനാക്കിയില്ല. ഒന്നുമില്ലാതെ ഒരാൾ ഇത്ര ക്ഷോഭിക്കുമോ? ഇല്ല, അവൻ തറപ്പിച്ചു പറഞ്ഞു, ഒന്നുമുണ്ടായിട്ടില്ല. ഇന്ന് അവന് ഒരിക്കൽപ്പോലും ജയിക്കാൻ പറ്റിയിട്ടില്ല. അതുകൊണ്ട് അവൻ വീട്ടിൽപ്പോയി ഏഷണി കൂട്ടിയതായിരിക്കും.

കൃഷ്ണൻകുട്ടിയെ സംശയിക്കേണ്ട കാര്യമില്ല. പിറ്റേന്ന് മേലാകെ പോറലേറ്റ് കൃഷ്ണൻകുട്ടി വന്നപ്പോൾ ഞാൻ കരുതിയത് കളിക്കുമ്പോൾ വീണതായിരിക്കുമെന്നാണ്. അങ്ങിനെയല്ല എന്നു കേട്ടപ്പോൾ ഞാൻ ശരിക്കും ഭയന്നു. എന്താണയാളുടെ ഉദ്ദേശം? കൃഷ്ണൻകുട്ടി സ്കൂൾ വിട്ടു വരുമ്പോഴാണതുണ്ടായത്. ഒരിടവഴിയിൽവച്ച് രാവുണ്ണി അവന്റെ കഴുത്തിനു പിടിച്ച് ഒരു തള്ള്. അവൻ കമിഴ്ന്നടിച്ചു വീണു. അവന്റെ പുസ്തകങ്ങൾ തെറിച്ചുചിതറി. എഴുന്നേറ്റ് പുസ്തകങ്ങൾ പെറുക്കുമ്പോൾ അയാൾ അവന്റെ കരണത്ത് ഒരടി. കൃഷ്ണൻകുട്ടി വീണ്ടും വീണു. വേലിയുടെ മുള്ളിൽത്തട്ടി അവന്റെ മേലാകെ പോറലേറ്റു.

ഞാനിരുന്ന് പുകയുകയാണ്. നളിനി എന്നെ പിടിച്ചുവച്ചിരിക്കയാണ്. 'ഒന്നിനും പോകണ്ട.' അവൾ കേണപേക്ഷിച്ചു. 'അയാൾ എന്തും ചെയ്യാൻ മടിക്കാത്തവനാണ്.'

ഞാൻ അച്ചുമ്മാനെ കാണാൻ പോകുന്നെന്നു പറഞ്ഞപ്പോഴാണ് അവൾ എന്നെ വിട്ടത്.

അച്ചുമ്മാൻ എന്നെ പ്രതീക്ഷിച്ചപോലെ ഉമ്മറത്തുതന്നെ ചാരുകസേരയിൽ ഇരിക്കുന്നു. കസേലക്കൈമേൽ ചെല്ലവുമുണ്ട്. ഒരിക്കലെങ്കിലും അച്ചുമ്മാൻ അതു തൊടാതെ, മുറുക്കാതെ ഞാൻ പറയുന്നത് ശ്രദ്ധിക്കണമെന്നുണ്ടായിരുന്നു എനിക്ക്. പക്ഷേ ഞാൻ ഉമ്മറത്തിന്റെ ഒതുക്കുകൾ കയറാൻ തുടങ്ങിയപ്പോൾത്തന്നെ അദ്ദേഹം ചെല്ലപ്പെട്ടി തുറക്കുന്നു. എന്റെ കഥകളുടെ ആസ്വാദ്യത വർദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നു. അദ്ദേഹം പറഞ്ഞു.

'ഇരിക്ക്, ഇരിക്ക്, എന്തൊക്കെയാണ് വിശേഷങ്ങൾ?'

ഒരു കോമാളി സ്റ്റേജിൽ പ്രകടനം തുടങ്ങുന്നതിനുമുമ്പുതന്നെ പ്രേക്ഷകരിൽ ചിരിയുതിർത്തുന്നതുപോലെ എന്റെ വരവുതന്നെ അച്ചുമ്മാനെ ഹരം പിടിപ്പിക്കുന്നു. ഞാൻ പറഞ്ഞുതുടങ്ങി.

മേലാസകലം ചോരയിൽ മുങ്ങിയ കൃഷ്ണൻകുട്ടിയുടെ വരവ് വിഭാവനം ചെയ്യാനെന്നപോലെ അച്ചുമ്മാൻ ഒരു നിമിഷം കണ്ണടച്ചു. ആ മുഖത്ത് വഴിഞ്ഞൊഴുകിയിരുന്നത് നിർവൃതിയാണോ അതോ സായൂജ്യമാണോ? അദ്ദേഹം പറഞ്ഞു.

'നമുക്ക് ചില പാരമ്പര്യമൊക്കെയില്ലേ? അവൻ നിന്റെ അയൽക്കാരനാണ്. നിന്റെ അതിഥിയാവേണ്ടവൻ. അവനോട് പ്രതികാരം ചെയ്യരുത്. അവനെ പറഞ്ഞു മനസ്സിലാക്കണം. അതിലാണ് നിന്റെ മിടുക്ക് കിടക്കുന്നത്. ഒടിക്കരുത്, വളക്കണം. അതാവട്ടെ നിന്റെ ലക്ഷ്യം.'

പാരമ്പര്യം! മണ്ണാങ്കട്ട. എനിക്കുള്ള പാരമ്പര്യമെല്ലാം അവനുമുള്ളതാണ്. ഒരേ വീട്ടിൽ ജനിച്ചവർ, ഒരേ വീട്ടിൽ വളർന്നവർ. ഭാഗം കഴിച്ചുവെന്നതുകൊണ്ട് എങ്ങിനെ രണ്ടു പാരമ്പര്യമാകുന്നു? ഞാൻ ചോദിച്ചു.

'അച്ചുമ്മാന് ഇതിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോ?'

'ഞാനെന്താണ് ചെയ്യേണ്ടത്?' തൊണ്ടയിലേയ്ക്ക് ഇറങ്ങിപ്പോയി അലോസരം സൃഷ്ടിച്ച മുറുക്കുനീര് മുഖമുയർത്തിപ്പിടിച്ച് ഒരു ശബ്ദത്തോടെ വായിലേയ്ക്കു വലിച്ചെടുത്ത് അച്ചുമ്മാൻ ചോദിച്ചു.

'അവൻ അച്ചുമ്മാന്റേയും മരുമകനല്ലേ?'

'അതോണ്ടല്ലേ പറേണത്, നിങ്ങള് തമ്മിൽ ശണ്ഠകൂടരുതെന്ന്. അവന് നെന്നെപ്പറ്റിയും ആവലാതികള്ണ്ട്. ഞാനത് പൊറമേന്ന് അറിഞ്ഞിരിക്കുണു. പക്ഷേ അതുംകൊണ്ട് അവനിങ്ങോട്ട് വര്ണില്ലല്ലോ?'

'എന്താവലാതി?'

'മോനെപ്പറ്റിയൊക്കെയാണ്. അതൊക്കെപ്പോട്ടെ. ഞാനൊരിക്കൽക്കൂടി പറയ്യ്യാണ് അവൻ നെന്റെ അയൽക്കാരനാണ്. നല്ല നെലയ്ക്ക് കഴിയ്യ്യാണെങ്കിൽ രണ്ടുകൂട്ടർക്കും നല്ലതാണ്. അല്ലെങ്കില് രണ്ടൂട്ടർക്കും ചീത്ത്യാ.'

'അത് രാവുണ്ണീം കരുതണ്ടേ?'

അന്നു രാത്രി തെക്കെ കുളത്തിൽ വളർത്തിയ മീനുകളെ മുഴുവൻ രാവുണ്ണി വലയിട്ട് പിടിച്ചു കൊണ്ടുപോയി. രാവിലെ കുളിക്കാൻപോയ കൃഷ്ണൻകുട്ടിയാണ് പറഞ്ഞത്.

'അച്ഛാ തെക്കെ കൊളത്തില് ഒരൊറ്റ മീനില്ല. എല്ലാം രാവുണ്ണിച്ചെറിയച്ഛൻ പിടിച്ചു കൊണ്ടുപോയി.'

പടിഞ്ഞാറു താമസിക്കുന്ന വേലായുധൻ വൈദ്യരാണ് കൃഷ്ണൻകുട്ടിയ്ക്ക് തുമ്പുകൊടുത്തത്. രാത്രി ഉറക്കമില്ലാത്ത ആ വൃദ്ധൻ നക്ഷത്രമെണ്ണുമ്പോൾ കണ്ട കാഴ്ചയാണ്. രാവുണ്ണിയുടെ വേലി പൊളിഞ്ഞിടത്തുകൂടെ രണ്ടുപേർ റാന്തലുമായി വന്ന് കുറേ നേരം കുളത്തിൽ എന്തോ ചെയ്തിരുന്നു. നീന്തൽ പഠിക്ക്യായിരുന്നില്ല തീർച്ച.

'ദാ ന്റെ പേരൊന്നും പറഞ്ഞുപോവല്ലേ?' വൃദ്ധൻ പ്രത്യേകം പറഞ്ഞു. 'ഞാനിവിടെ സ്വൈരായി കഴിഞ്ഞോട്ടെ.'

വൈകുന്നേരം ഒന്നുമറിയാത്തമട്ടിൽ രാവുണ്ണിച്ചെറിയച്ഛന്റെ വീട്ടിലെ കുളത്തിൽ പരിശോധന നടത്തി തിരിച്ചെത്തിയ കൃഷ്ണൻകുട്ടി പറഞ്ഞു.

'അച്ഛാ, നമ്മടെ മീനൊക്കെ രാവുണ്ണിച്ചെറിയച്ഛന്റെ കൊളത്തില് നീന്തിക്കളിക്ക്ണ്ണ്ട്.' ഒന്നു നിർത്തിയിട്ട് അവൻ പറഞ്ഞു. 'നല്ല സുഖായിട്ട്.'

രാവുണ്ണിയുടേത് നല്ല മണിക്കുളമാണ്. ഏതുകാലത്തും തെളിവെള്ളം നിറഞ്ഞുനിൽക്കുന്ന കുളം. നിറയെ ആമ്പലുകൾ വിരിഞ്ഞുനിൽക്കുന്നു. തറവാട് ഭാഗിക്കുന്നതിനുമുമ്പ് എല്ലാവരും അതിലായിരുന്നു കുളിച്ചിരുന്നത്. എനിക്കു കിട്ടിയ പറമ്പിൽ ശരിക്കു പറഞ്ഞാൽ രണ്ടു കുളമാണുള്ളത്. രണ്ടും ഒരുപോലെ മോശം. മീനുകൾ പുതിയ വാസ

സ്ഥലം ആസ്വദിക്കുന്നുണ്ടാവും.
'ഞാനൊന്ന് പുറത്തിറങ്ങിയിട്ടു വരാം.'
'എങ്ങോട്ടാണ്?'
നളിനിയുടെ ചോദ്യത്തിൽ ആകാംക്ഷയുണ്ടായിരുന്നു.
'മാർക്കറ്റിലേയ്ക്കാണ്.'
ഞാൻ പുറത്തേയ്ക്കിറങ്ങി. എങ്ങോട്ടാണ് പോകുന്നതെന്ന് എനിക്കുതന്നെ അറിയില്ലായിരുന്നു. എങ്ങോട്ടെങ്കിലും പോകണമെന്നുമാത്രം. ആരോടാണ് അരിശം തീർക്കേണ്ടതെന്നറിയില്ല. രാവുണ്ണിയുടെ പടിക്കലെത്തിയപ്പോൾ ഞാൻ ഒന്നു നിന്നു. തിരിഞ്ഞുനോക്കിയപ്പോൾ നളിനി മുറ്റത്തുനിന്ന് എന്നെത്തന്നെ നോക്കുകയാണ്. അവളുടെ കണ്ണുകളിൽ അപേക്ഷാഭാവമുണ്ട്. ഞാൻ രാവുണ്ണിയുടെ പടികയറാതെ നേരെ നടന്നു. എത്തിയത് അച്ചുമ്മാന്റെ ഉമ്മറത്താണ്. എന്നെ കണ്ടതോടെ, ചാരുകസേലയിലിരുന്ന അച്ചുമ്മാൻ ചെല്ലപ്പെട്ടിയെടുത്തു മടിയിൽവച്ചു.
തിരിച്ചു വീട്ടിലേയ്ക്കു നടക്കുമ്പോൾ ആലോചിച്ചത് ഇതിനെന്തു പോംവഴിയെന്നായിരുന്നു. രാവുണ്ണിയെപ്പറ്റി മറ്റുള്ളവർക്ക് നല്ല അഭിപ്രായമാണ്. ഞാൻ എന്റെ പ്രശ്നങ്ങൾ പറയുമ്പോൾ അവർ ഓരോരുത്തരും അച്ചുമ്മാന്റെ കൊച്ചുകൊച്ചു പതിപ്പുകളാവുന്നു. ഞാൻ തിരിഞ്ഞുനടക്കുമ്പോൾ പിന്നിൽനിന്ന് കേൾക്കുന്ന അമർത്തിപ്പിടിച്ച ചിരി എന്നെ കളിയാക്കിക്കൊണ്ടല്ല എന്നു വിശ്വസിക്കാൻഞാൻ ശ്രമിക്കുന്നു.
ശനിയാഴ്ച ഉച്ചക്ക് വീട്ടിലെത്തിയപ്പോൾഞാൻ ഒരപകടവും പ്രതീക്ഷിച്ചിരുന്നില്ല. അത് അസ്വാഭാവികമായിരുന്നു. കാരണം ഏതു നിമിഷവും എന്തെങ്കിലും സംഭവിക്കാം എന്ന മട്ടിലായിരുന്നു എന്റെ മാനസികാവസ്ഥ. രാവുണ്ണി എന്റെ പേടിസ്വപ്നമായി മാറിയത് ഞാൻ അറിയുന്നു.
വാതിൽ തുറന്നു കിടക്കയാണ്. ഉച്ചയ്ക്ക് രണ്ടുമണിനേരത്ത് അത് അടച്ചിടുകയാണ് പതിവ്. കൃഷ്ണൻകുട്ടി എത്താനിടയില്ല. ശനിയാഴ്ചയും അവൻ ഭക്ഷണം കൊണ്ടുപോകും. അതു കഴിച്ച് നാലഞ്ചു മണിവരെ കളിച്ചശേഷമേ അവൻ വീട്ടിലെത്താറുള്ളൂ.
ഞാൻ അകത്തു കടന്നു. ആളനക്കമില്ല. തളത്തിൽനിന്ന് അടുക്കളയിലേയ്ക്കു കടന്നു. ആരുമില്ല. ഞാൻ പരിഭ്രമിച്ചു. ഇടനാഴികയിലൂടെ ഓടി കിടപ്പുമുറിയിലെത്തി. അവിടെ നിലത്ത് നളിനി കിടന്നിരുന്നു, ബോധമില്ലാതെ.
അവളുടെ ബ്ലൗസ് കീറിയിരുന്നു. സാരി പകുതി അഴിഞ്ഞ മട്ടിലായിരുന്നു. മുകളിലേയ്ക്ക് കയറിക്കിടക്കുന്ന പാവാടയിൽ ചോരപ്പാടുകൾ. ഞാൻ അവളെ താങ്ങിപ്പിടിച്ചു. അവൾ ശ്വാസം വിടുന്നുണ്ടെന്ന് ആശ്വാസത്തോടെ മനസ്സിലാക്കി. അവളെയെടുത്ത് കട്ടിലിന്മേൽ കിടത്തി, കുളിമുറിയിൽപോയി മെള്ളമെടുത്ത് മുഖത്തു തളിച്ചു.
സാവധാനത്തിൽ അവൾക്ക് ബോധം തിരിച്ചുകിട്ടി. പക്ഷേ കാര്യങ്ങളുടെ കിടപ്പ് മനസ്സിലാവാൻ അവൾക്ക് പിന്നേയും സമയമെടുത്തു. അവൾ എന്നെ പകച്ചുനോക്കുകയായിരുന്നു. എന്താണ് കാര്യമെന്ന മട്ടിൽ. പിന്നെയാണ് അവൾ തന്റെ കീറിയ ബ്ലൗസും അഴിഞ്ഞു വീണുകിടക്കുന്ന സാരിയും കണ്ടത്. അവൾ പൊട്ടിക്കരയാൻ തുടങ്ങി.
അവൾ എന്നെ പിടിച്ചുവലിക്കുകയായിരുന്നു.
'ദയവു ചെയ്ത് പോകല്ലേ.' അവൾ കേണപേക്ഷിക്കുകയാണ്. 'അയാൾ ദുഷ്ടനാണ്. എന്തും ചെയ്യാൻ മടിക്കില്ല. ഭീഷണിപ്പെടുത്ത്വായിരുന്നു. എന്നിട്ടും ഞാൻ പിടിച്ചുനിന്നു. ഭഗവാനെ ഓർത്ത് ഒന്നും ചെയ്യല്ലേ എന്റെ മോന് അച്ഛനില്ലാതാവും. പോവല്ലേ.'
ഞാൻ കുഴഞ്ഞ് നിലത്തിരുന്നു. രാവുണ്ണിയെ പേടിയുള്ളതുകൊണ്ടല്ല ഞാൻ പോകാതിരുന്നത്. ഒരു രംഗം ഉണ്ടാക്കി അതുവഴി അനാശാസ്യമായ പരസ്യം കൊടുക്കുന്നതുകൊണ്ട് എന്തു ഫലം? പോലീസിൽ പോയി പരാതിപ്പെട്ടാലും ഫലം അതുതന്നെ. കാര്യമൊന്നും നടന്നെന്നു വരില്ല.
ഞാൻ കൊല്ലൻ രാമുവിന്റെ ആലയിൽ എത്തിച്ചേർന്നത് അങ്ങിനെയാണ്. ഉണ്ടാക്കാനുദ്ദേശിച്ച കത്തിയുടെ വലുപ്പം കേട്ടപ്പോൾ രാമു ചിരിച്ചുകൊണ്ട് പറഞ്ഞു.
'മാഷെന്താ അറവുകച്ചവടം തുടങ്ങാമ്പോവ്വാ?'
ഞാനൊന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ അയാൾ തുടർന്നു. 'അല്ലാ ഓരോരുത്തര്ടെ പോക്കു കണ്ടാൽ കത്ത്യല്ല അതിനപ്പുറത്തുള്ളത് ഉണ്ടാക്കാൻ തോന്നും ചെയ്യും.'
ഞാൻ ആലയിൽ കത്തിയുണ്ടാക്കാൻ ഏല്പിച്ചത് എങ്ങിനെ പരസ്യമായി എന്നറിയില്ല. കാണുന്നവർക്കെല്ലാം ഒരേ ചോദ്യമേയുള്ളൂ. 'അല്ലാ, മാഷ് വല്യോരു കത്തിണ്ടാക്കാൻ കൊടുത്തൂന്ന് കേൾക്ക്ണ്ണ്ടല്ലോ.'
നേരിട്ട് ആ ചോദ്യം ചോദിക്കാത്തവർ എന്നെ അർത്ഥഗർഭമായി നോക്കി. അഭ്യുദയകാംക്ഷികൾ വഴിയിൽ നിരന്നുനിന്ന് എന്നെ ഗുണദോഷിച്ചു. ആയുധം എടുത്തുള്ള കളിയൊക്കെ അപകടല്ലേ? മറ്റെയാൾക്കും ഉണ്ടാക്കിക്കൂടെ ഇതൊക്കെ? ഞാൻ മറുപടി പറയുന്നില്ല. എന്റെ പറമ്പിന്റെ അതിരിൽ രണ്ടടി സ്ഥലം വളച്ചുകെട്ടിയെടുത്തപ്പോൾ ഇവരൊക്കെ എവിടെയായിരുന്നു? എന്റെ കവുങ്ങിലെ അടക്കയെല്ലാം മറ്റൊരുത്തൻ പറിച്ചു വിറ്റപ്പോൾ ഇവരൊക്കെ എവിടെയായിരുന്നു? എന്റെ കുളത്തിൽഞാൻ വളർത്തിയ മീനെല്ലാം വലയിട്ടു പിടിച്ചു കൊണ്ടുപോയപ്പോൾ, എന്റെ മകനെ നടുവഴിയിലിട്ട് തല്ലി മുള്ളുവേലിയിലേയ്ക്കു തള്ളിയപ്പോൾ, എന്റെ ഭാര്യയെ......
എവിടെയായിരുന്നു നിങ്ങളൊക്കെ? ഞാൻ മനസ്സിൽ അലറുകയായിരുന്നു.
കത്തിയുണ്ടാക്കി കിട്ടിയ ദിവസമാണ് അച്ചുമ്മാന്റെ കാര്യസ്ഥൻ വന്നു വിളിച്ചത്.
'കമ്മളെ തമ്പ്രാൻ വിളിക്ക്ണ്ണ്ട്. ഒന്ന് വേഗം ചെല്ലണംന്ന് പറഞ്ഞിരിക്ക്ണ്.'
പോകുന്നതിനുമുമ്പ്ഞാൻ കത്തിയെടുത്തു നോക്കി. ശരിയാണ്, ഒരു കാളയെ അറുക്കാനുള്ള വലുപ്പവും മൂർച്ചയുമുണ്ട്. ഞാൻ സംതൃപ്തിയോടെ അതെടുത്തുവച്ചു.
അച്ചുമ്മാൻ ചാരുകസേലയിൽ ഇരിക്കുകയാണ്. ചെല്ലം താഴെ സിമന്റിട്ട നിലത്ത് കിടക്കുന്നു. അതെടുത്ത് മടിയിൽ വയ്ക്കുമെന്ന എന്റെ പ്രതീക്ഷ തെറ്റി. അച്ചുമ്മാന്റെ മുഖം ഗൗരവമായിരുന്നു. ഞാൻ പൂമുഖത്തു കയറി തിണ്ണമേലിരുന്നു. എനിക്ക് പരാതിയൊന്നും പറയാനില്ലെന്നത് എന്നെ ആശ്വസിപ്പിച്ചു. ഇനിമുതൽ ഒരുവിധ പരാതിയും കൊണ്ട്ഞാനീ പടി കയറില്ലെന്നു തീരുമാനിച്ചിരുന്നു.
നിലത്തുവച്ച പിച്ചളമൊന്തയെടുത്ത് ഒരു കവിൾ വെള്ളം കുടിച്ചശേഷം മേൽ പുതച്ച തേർത്തെടുത്ത് ചിറി തുട

ച്ചുകൊണ്ട് അച്ചുമ്മാൻ എന്നെ നോക്കി. പിന്നെ അച്ചുമ്മാന്റെ തുളച്ചുകയറുന്ന നോട്ടത്തെ നേരിടാൻ എന്റെ കണ്ണുകളെ പിടിച്ചുനിർത്തുമ്പോൾ അദ്ദേഹം ചോദിച്ചു.

'താൻ ചെയ്തത് ശരിയായോ?'

'എന്ത്?' ഞാൻ ചോദിച്ചു. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. എന്താണെന്ന് എനിക്കു നല്ലപോലെ അറിയാമെന്നത് അച്ചുമ്മാനും മനസ്സിലായിരിക്കുന്നു.

'അല്ലാ, താൻ ചെയ്തത് ശരിയായയോന്ന് ?'

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല.

അച്ചുമ്മാൻ എന്റെ നേരെ നോക്കിക്കൊണ്ട് നിലത്തു ചെല്ലത്തിനുവേണ്ടി തപ്പുകയാണ്. അച്ചുമ്മാന്റെ ചുളിഞ്ഞ കൈകൾ ചെല്ലത്തിനടുത്തെത്തി തെന്നിമാറുന്നത് കുറച്ചൊരു അസഹ്യതയോടെ ഞാൻ നോക്കി. അദ്ദേഹം ചെല്ലമെടുത്ത് തുറന്ന് വാടിത്തുടങ്ങിയ ഒരു വെറ്റിലയെടുത്തു കമിഴ്ത്തി സാവധാനത്തിൽ ഞെരടാൻ തുടങ്ങി. ഒരു ധൃതിയുമില്ല. ചുണ്ണാമ്പിന്റെ ചെപ്പുതുറന്ന് നടുവിരലിൽ ചുണ്ണാമ്പെടുത്ത് അതീവ ശ്രദ്ധയോടെ വെറ്റിലമേൽ തേക്കുകയാണ്. അച്ചുമ്മാൻ എന്നെ തീരെ മറന്നെന്നു തോന്നുന്നു. ചതച്ച അടക്കയും വാസനപുകയിലയും ചേർത്ത് വെറ്റില ചുരുട്ടി കുറച്ചുനേരം കൈയ്യിൽ വച്ച് അദ്ദേഹം പുറത്തേയ്ക്ക് നോക്കിയിരുന്നു. അങ്ങിനെ നോക്കിക്കൊണ്ടിരിക്കേ വാ തുറന്ന് വെറ്റില തിരുകുകയും സാവധാനത്തിൽ ചവയ്ക്കാൻ തുടങ്ങുകയും ചെയ്തു.

മുറുക്കാൻ ചവച്ച് വായിൽ കുരുതിപോലെയുള്ള ദ്രവം നിറഞ്ഞപ്പോൾ അച്ചുമ്മാൻ എന്റെ നേരെ നോക്കി. പിന്നെ മുഖം അല്പമൊന്നുയർത്തിപ്പിടിച്ച് കുരുതി വായിൽനിന്നൊഴുകാതെ ശ്രദ്ധിച്ച് അദ്ദേഹം പറഞ്ഞു.

'ഇപ്പോ എന്തേണ്ടായത്? ആകെക്കൂടി നിനക്കുള്ള ഒരു സ്നേഹിതനായിരുന്നു, ബന്ധുവായിരുന്നു, അയൽക്കാരനായിരുന്നു. അയാള്ടെ സ്നേഹാ നിനക്ക് നഷ്ടായത്?'

എന്റെ കത്തികൊണ്ട് രണ്ടാമതൊരുപയോഗം ഉണ്ടാവുമെങ്കിൽ അതിന്റെ ഇര ആരാവുമെന്ന് ഞാൻ തീർച്ചയാക്കിയത് ആ നിമിഷത്തിലായിരുന്നു.

back to index

# അവസാനത്തെ വിസിൽ

**പ**തിവുപോലെ നീനയ്ക്ക് കളികാണാൻ താല്പര്യമുണ്ടായിരുന്നില്ല. അവൾ മുറുമുറുക്കുകയാണ്, കാണാൻ കഴിയാതിരുന്ന സിനിമയെപ്പറ്റി. മൂന്നു ചാനലുകളിൽ അവൾക്കിഷ്ടപ്പെട്ട സിനിമയാണ്. രണ്ടെണ്ണം മലയാളം, ഒന്ന് ഹിന്ദി. സ്ക്രീനിൽ പന്തുകളി നടന്നുകൊണ്ടിരിക്കയാണ്. ആർജെന്റീനയുടെ ഒർട്ടേഗ പ്രതിസന്ധികൾ തകർത്തുകൊണ്ട് മുന്നേറുകയാണ്. മുന്നോട്ട്, മുന്നോട്ട്, ഗോൾപോസ്റ്റിന്നടുത്തേയ്ക്ക്. പിന്നെ.... പെട്ടെന്ന് ഗോൾ അയാളുടെ കാൽക്കൽനിന്ന് തട്ടിയെടുക്കപ്പെട്ടു. ഇപ്പോൾ ഹോളണ്ടിന്റെ ബർകാംപ് പന്തുംകൊണ്ട് മറുവശത്തേയ്ക്ക് മുന്നേറുകയാണ്.

രാജൻ എഴുന്നേറ്റു. അയാൾ ടിവി ഓഫാക്കിയില്ല. നീന അകത്ത് മുഖം വീർപ്പിച്ചിരിക്കയാണ്. അയാൾ പറഞ്ഞു. 'ഞാൻ പ്രാക്ടീസിനു പോവ്വാണ്, നീ ടി.വി. കണ്ടോ.'

'ഞാൻ കാണ്ണില്ല്യ.' അവൾ നീരസത്തോടെ പറഞ്ഞു.

'വേണ്ടെങ്കിൽ വേണ്ട.' അയാൾ ദ്വേഷ്യപ്പെട്ടു. 'സൗകര്യമുണ്ടെങ്കിൽ കണ്ടാൽ മതി. ഞാനൊരു കളിക്കാരനാണ്. സ്റ്റേറ്റ് ടീമിൽ ഉള്ള ആളാണ്. നല്ല കളിക്കാരനെന്നു പേരെടുത്തയാൾ. പക്ഷേ വീട്ടിൽ ഞാനാരുമല്ല. ഞാൻ കളി കാണുന്നത് അതിൽ നിന്നെന്തെങ്കിലും പഠിക്കാനുണ്ടോ എന്നു നോക്കാനാണ്. പല ടെക്നിക്കുകളും മറ്റുള്ളവർ കളിക്കുന്നതു കാണുമ്പോഴേ മനസ്സിലാവൂ. ഇപ്പോൾ ലോകകപ്പ് നടന്നുകൊണ്ടിരിക്കയാണ്. ലോകനിലവാരത്തിലുള്ള ടീമുകളാണ് കളിക്കുന്നത് അത് കാണാൻ ഇനി ഒരവസരം അടുത്ത ലോകകപ്പിന്റെ സമയത്തേ കിട്ടൂ. അപ്പോൾ കുറച്ചു സമയം അതിനുമുമ്പിൽ ഇരുന്നു എന്നത് വലിയൊരു തെറ്റായിട്ട് എനിക്ക് തോന്നിയിട്ടില്ല. നിനക്ക് ഒരു സിനിമ നഷ്ടമായെന്നല്ലേ ഉള്ളൂ. അതൊരു തീരാനഷ്ടമാണോ?'

അവൾ കുറച്ചു മയപ്പെട്ടപോലെ തോന്നി. അവൾ പറഞ്ഞു. 'നിങ്ങൾ കളി കണ്ടോളൂ, എനിക്ക് വിഷമമൊന്നുമില്ല.'

'എനിക്ക് പ്രാക്ടീസ് ഉണ്ട്, പോണം.'

'അപ്പോൾ ശശി വരുംന്ന് പറഞ്ഞിട്ടില്ല്യേ?'

അയാൾ നിന്നു. ശശി എന്തിനാണ് വരുന്നത്? ഒരാൾ വീട്ടിൽ വരാമെന്നു പറഞ്ഞാൽ എന്താണ് പറയുക? ആ സമയത്ത് പ്രാക്ടീസിന്റെ കാര്യം ഓർത്തുമില്ല.

'എനിക്ക് പോവാതിരിക്കാൻ പറ്റില്ല. കോച്ച് ഇപ്പോൾത്തന്നെ എത്തീട്ടുണ്ടാവും. ശശി ഞാനില്ലാന്ന് കണ്ടാൽ പൊയ്ക്കോളും.'

അവൾ ഒന്നും പറഞ്ഞില്ല. അയാൾ വശങ്ങളിൽ ചുവന്ന വരകളുള്ള നീല ട്രൗസറും വെള്ള ടീഷർട്ടും ധരിച്ച് ബൈക്കിൽ കയറി ഓടിച്ചുപോയി. ഒരു തിരിവിലെത്തിയപ്പോൾ അയാൾ ശശി നടന്നുവരുന്നതു കണ്ടു. ശശി തന്നെ കണ്ടുവോ എന്നറിയില്ല. അയാൾ ബൈക്ക് നിർത്താതെ ഓടിച്ചുപോയി. നിന്നാൽ പിന്നേയും വൈകും. വീട്ടിൽ ചെന്നു താനില്ലെന്നു കണ്ടാൽ അയാൾ തിരിച്ചുപൊയ്ക്കോളും.

പന്ത് കാലുകൾക്കിടയിൽ ഒരു പൂച്ചയെപ്പോലെ ഉരുമ്മിനിന്നു. രാജൻ പാസ് ചെയ്യുകയാണ്. കാലുകളുടെ വിരലിൽ നിന്ന് പൊട്ടിവിരിയുന്ന ഹർഷം കാൽപടങ്ങളിൽ, കാലുകളുടെ വണ്ണകളിൽ, മുട്ടുകളിൽ തട്ടിത്തട്ടി മേലാസകലം പടരുകയാണ്. അയാൾ ഹാഫ്‌വേ ലൈനിലെത്തിയിരുന്നു. പന്ത് ലെഫ്റ്റ് ഫുൾബാക്കായ ജോർജിനു പാസ് ചെയ്തതു തിരിച്ചുകിട്ടി, വീണ്ടും മുന്നോട്ട്. മറുടീം നന്നായി കളിച്ചിരുന്നു. രാജൻ പന്ത് സെന്റർഹാഫായ തോമസിനു പാസ് ചെയ്ത് മുന്നേറി. തന്നെ മറുടീമിലെ സെന്റർഫോർവേഡ് ലത്തീഫ് നല്ലവണ്ണം കവർചെയ്യുന്നുണ്ട്. വീണ്ടും പന്ത് തന്റെ കാലുകളിൽ. പാസ് ചെയ്തുകൊണ്ട് മുന്നോട്ട്.

മുറ്റത്ത് ബൈക്ക് പാർക്ക് ചെയ്യുമ്പോൾത്തന്നെ അയാൾ ശശിയുടെ ചെരിപ്പു കണ്ടിരുന്നു. അയാൾ വാതിൽ തുറന്ന് അകത്തു കടന്നു. ശശി സോഫയിലിരുന്ന് ഒരു വാരിക വായിക്കുകയാണ്.

'ഞാനിപ്പോ ഇങ്ങട്ട് കയറിയതേയുള്ളു.' ശശി പറഞ്ഞു.

നീന അകത്തുനിന്ന് ഒരു ഗ്ലാസ് തണുത്ത വെള്ളവുമായി വന്നു. അവൾ ബൈക്കിന്റെ ശബ്ദം കേട്ടിരിക്കണം. വെള്ളം കുടിച്ചുകൊണ്ട് രാജൻ ഷൂസുകൾ അഴിച്ചു. അയാൾ ഒരു സ്റ്റൂളിലാണ് ഇരുന്നത്. മേലാസകലം ചെളിയാണ്. കഴിയുന്നതും വേഗം കുളിക്കണം. അയാൾ എഴുന്നേറ്റു.

'ശശി ഇരിക്കു, ഞാൻ കുളിച്ചുവരാം.'

ശശിയും എഴുന്നേറ്റു. 'ഞാൻ വെറുതെ വന്നതാ, പിന്നെ വരാം. താൻ കുളിയൊക്കെ കഴിക്ക്.'

രാജൻ കുനിഞ്ഞ് ഷൂസുകളെടുത്ത് കുളിമുറിയിലേയ്ക്ക് നടന്നു.

'ഞാൻ കഴുകിവയ്ക്കാം, നിങ്ങൾ കുളിച്ചുകൊള്ളൂ.' നീന കൈനീട്ടി. അയാൾ കൊടുത്തില്ല. വിവാഹത്തിനു മുമ്പ് അയാൾ ചെയ്തിരുന്നതാണത്, അതിനുശേഷവും ചെയ്യാനറിയാം.

'ഞാൻ കഴുകിക്കൊള്ളാം.' അയാൾ ശുണ്ഠിയോടെ പറഞ്ഞു. 'ശശി എപ്പോഴാണ് വന്നത്?'

'ശശിയോ?' നീന ഒരു നിമിഷം ആലോചിച്ചു. 'കുറച്ചു നേരായി.'

അയാൾ അതു പ്രതീക്ഷിച്ചിരുന്നു. താൻ പോയ ഉടനെ വന്നിട്ടുണ്ടാകും. നീന പക്ഷേ അതു പറഞ്ഞില്ല. രണ്ടു വാചകങ്ങൾക്കിടയിലെ ദൈർഘ്യം അയാളിഷ്ടപ്പെട്ടില്ല. ഉത്തരം ആലോചിച്ചുണ്ടാക്കുന്നപോലെ.

'അയാൾക്ക് ഞാനില്ലെന്നു കണ്ടാൽ തിരിച്ചു പൊയ്ക്കൂടെ?'

'ഞാനെന്താ ചെയ്യ്യാ? അയാളങ്ങനെ ടിവിയും നോക്കി ഇരുന്നു. വന്ന ആളോട് പോവ്വാൻ പറയാൻ പറ്റ്വോ?'

അതും ശരിയാണ്. വന്ന ആൾ ശ്രദ്ധിക്കേണ്ട കാര്യമാണത്. വെറുതെ ആളുകളെക്കൊണ്ട് ഓരോന്ന് പറയിപ്പിക്കാതിരിക്കയാണ് നല്ലത്.

നീന ചായയുണ്ടാക്കി കൊണ്ടുവന്നു. അവൾ മേശപ്പുറത്തിരുന്ന കാലിക്കപ്പ് എടുത്തു കൊണ്ടുപോയി. അയാൾ

ആ കപ്പ് ശ്രദ്ധിച്ചിരുന്നു. അടിയിൽ ഇത്തിരി ചായയുണ്ടായിരുന്നത് പാടകെട്ടി ഉണങ്ങിത്തുടങ്ങിയിരുന്നു. ശശി വന്ന ഉടനെ ചായയുണ്ടാക്കിക്കൊടുത്തിട്ടുണ്ടാവണം. ഇനി നീനയ്ക്ക് ശശി വന്നതിനെപ്പറ്റി എന്തെങ്കിലും പറയാൻ കാണും. അവൾ ഇപ്പോൾ ഒന്നും പറയാതെ ഒരവസരത്തിനു വേണ്ടി കാത്തിരിക്കും.

ഉച്ചയൂണു കഴിഞ്ഞ് കിടക്കുമ്പോൾ അവൾ പറഞ്ഞു. 'എനിക്ക് ഉറക്കം വര്ണില്ല, നമുക്ക് കുറച്ച് സംസാരിച്ചുകൂടെ?'

'നീ ദിവസവും പകൽ മുഴുവൻ കിടന്നുറങ്ങുന്നതുകൊണ്ടാണത്; എനിക്ക് ഞായറാഴ്ച മാത്രേ പകലുറക്കം പറ്റൂ.'

അവൾ തലയിണയിന്മേൽ ചാരിയിരുന്നുകൊണ്ട് സംസാരിക്കാൻ തുടങ്ങി.

'ശശി പറയ്യ്യാണ് ഇപ്പോ വാഷിങ് മെഷിൻ വാങ്ങാൻ പറ്റിയ സമയാന്ന്.'

'എന്താ കാരണം?'

'കാരണം ഒന്നും എനിക്കറിയില്ല. ഒരുപക്ഷേ വില കുറവായിരിക്കും ഇപ്പോ.'

'ഇപ്പോൾ വേൾഡ്കപ്പുകാരണം ടിവിക്കു മാത്രേ വിലകുറവുള്ളൂ. പിന്നെ നമുക്കിപ്പോ വാഷിങ്മെഷിന്റെ ആവശ്യം ഒന്നും ഇല്ല. നിനക്ക് വിഷമമാണെങ്കിൽ ഒരു ജോലിക്കാരീനെ വെക്കാം. അല്ലെങ്കിൽ എന്റെ തുണിയൊക്കെ ഞാൻതന്നെ തിരുമ്പിക്കൊള്ളാം.'

'അത്ര എളുപ്പം ഒന്നുമല്ല നിങ്ങടെ തുണി തിരുമ്പാൻ. പ്രാക്ടീസുകഴിഞ്ഞു വന്നാൽ നിറയെ ചളിയായിട്ടുണ്ടാവും. അങ്ങനത്തെ തുണിയൊക്കെ വാഷിങ് മെഷിനിൽ ഇട്ടാൽ നല്ലോണം വൃത്ത്യാവുംത്രെ.'

ശശി ഒരു സങ്കല്പം നീനയ്ക്കു വിറ്റു കഴിഞ്ഞു. ഇനി രക്ഷയൊന്നുമില്ല. ഇതിനു മുമ്പത്തേത് സ്റ്റീൽ അലമാറയായിരുന്നു. അതു വാങ്ങാനെടുത്ത അഡ്വാൻസ് ഇനിയും തിരിച്ചടച്ചിട്ടില്ല. ഒരു കളിക്കാരനെന്ന പരിഗണനയുള്ളതുകൊണ്ട് അക്കൗണ്ടന്റ് അത്ര കർശനമായി പറയാറില്ല.

'ശശീടെ മൂന്ന് ഫ്രെന്റ്സിന്റെ വീട്ടിൽ വാഷിങ്മെഷിന്ണ്ടത്രെ. ഒരാളടെ വീട്ടില് വീഡിയോക്കോൺ, ഒരാളടെ വീട്ടില് ഐ.എഫ്.ബി., ഇനി ഒരാളടെ വീട്ടില് വേൾപൂൾ. വേണങ്കീ കൊണ്ടുപോയി കാണിച്ചുതരാംന്ന് പറഞ്ഞിട്ട്ണ്ട്.'

അയാൾ ഒന്നും പറയുന്നില്ലെന്നുകണ്ടപ്പോൾ അവൾ തുടർന്നു. 'കാണ്വാ നല്ലത് അപ്പോപ്പിന്നെ നമുക്ക് ഓരോന്നിന്റേം പ്രവർത്തനം മനസ്സിലാവും. വാങ്ങിയവരോട് അഭിപ്രായം ചോദിക്കീം ചെയ്യാം.'

'നമുക്ക് സാവധാനത്തിൽ ആലോചിക്കാം.' രാജൻ പറഞ്ഞു. 'എന്താ ധൃതി?'

അവൾ തൃപ്തയായില്ല. അവൾ അങ്ങിനെയാണ്. ഒരുകാര്യം മനസ്സിൽ വന്നാൽ പിന്നെ അതിന്റെ പിന്നാലെയാണ്. രാജൻ ഇപ്പോൾത്തന്നെ ബൈക്കിൽ ശശിയുടെ വീട്ടിലേയ്ക്കു പോയി, അയാളോട് സംസാരിച്ച് മൂന്നു വീടുകളിലും പോകുന്ന കാര്യം ഉറപ്പിച്ചു വന്നാലെ അവൾക്ക് സമാധാനമാകൂ. രാജനാണെങ്കിൽ അതിനു തയ്യാറല്ലതാനും.

അയാൾ വൈകുന്നേരം വീണ്ടും പ്രാക്ടീസിനു പോകുന്ന കാര്യം ഓർത്തു. നീന പിണങ്ങുമെന്നറിയാം. പോകാതിരിക്കാൻ വയ്യ. മംഗലാപുരത്ത് മാച്ചിന് ഇനി ഒരാഴ്ചയെ ഉള്ളൂ.

'നമുക്കൊരു കാര്യംചെയ്യാം.' അയാൾ പറഞ്ഞു. 'മംഗലാപുരത്തുനിന്ന് വല്ലതും കിട്ടിയാൽ അതുകൊണ്ട് വാഷിങ്മെഷിൻ വാങ്ങാം.'

'ജയിച്ചാലല്ലേ കിട്ടൂ.' അവൾ വിശ്വാസമില്ലാത്തപോലെ പറഞ്ഞു.

'എന്താ ഞങ്ങൾ ജയിക്കില്ലെന്നു തോന്നുന്നുണ്ടോ?'

'അങ്ങിനെയല്ലാ.....'

ഫുൾ ടീംതന്നെ പ്രാക്ടീസ് ചെയ്യണമെന്ന് പറഞ്ഞത് കോച്ചായിരുന്നു. എങ്കിലേ കോർഡിനേഷനുണ്ടാവൂ. അപ്പോൾ ഒരുവശം മാത്രം കളിക്കലാവും ഫലം. എന്നാലും സാരമില്ല. മറുവശം വെറും ഡമ്മി ടീം ആണ്. ലത്തീഫിന്റെ ഒപ്പം കളിക്കുക ഒരനുഭവമാണ്. ഒരോവട്ടം ഗ്രൗണ്ടിലിറങ്ങുമ്പോഴും രാജനതു തോന്നിയിട്ടുണ്ട്. അയാൾ തന്റെ മനസ്സു വായിക്കുന്നപോലെയാണ് പന്തു പാസ് ചെയ്തുതരിക. പന്ത് എവിടേയ്ക്കാണ് പാസ്ചെയ്തുതരേണ്ടതെന്ന് മുൻകൂട്ടി പറഞ്ഞപോലെയാണ് അയാൾ അടിക്കുക. ഒരുപക്ഷേ തന്നെപ്പറ്റി ലത്തീഫിനും അതേ അഭിപ്രായമുണ്ടാവും. രാജനും ലത്തീഫുമുണ്ടെങ്കിൽ ഒരു 2-0 ജയം ഉറപ്പാക്കാമെന്ന് കോച്ച് പറയുന്നു. രണ്ടുപേർക്കുമിടയിൽ പന്ത് തടസ്സമില്ലാതെ മുന്നേറിക്കൊള്ളും.

മടങ്ങുമ്പോൾ രാമകൃഷ്ണന്റെ ഗെയ്റ്റ് തുറന്നുകിടക്കുകയായിരുന്നു. ഗെയ്റ്റിനുനേരെയുള്ള സ്വീകരണ മുറിയുടെ വാതിലും തുറന്നുകിടക്കുകയാണ്. രാമകൃഷ്ണൻ വായിച്ചുകൊണ്ടിരിക്കുന്നു. രാജൻ ബൈക്ക് നിർത്തി ഹോണടിച്ചു. രാമകൃഷ്ണൻ തലയുയർത്തികൈവീശി. അയാൾ എഴുന്നേറ്റുവരികയാണ്. രാജൻ ബൈക്കിൽനിന്നിറങ്ങാതെ ഇരുന്നു.

'എന്താ ഇന്നത്തെ യുദ്ധം കഴിഞ്ഞുവോ?' അയാൾ ചോദിച്ചു. കളികൾ യുദ്ധം തന്നെയാണെന്നാണ് രാമകൃഷ്ണന്റെ വാദം. യുദ്ധം പാടില്ലെന്നു വാശിപിടിക്കുന്നവർ കളികളെ പ്രോത്സാഹിപ്പിക്കാൻ പാടില്ല എന്നും അയാൾ പറയുന്നു.

അയാൾ പറയാറുണ്ട്. 'ഞാൻ പറയുന്നത് ശരിയല്ലേ. ഫുട്ബാളിന്റെ കാര്യംതന്നെ എടുക്കാം. രണ്ടു ടീമുകൾ, രണ്ടു രാജ്യങ്ങളാണ്. നടുവിൽ അതിർത്തിരേഖയുമുണ്ട്. നിങ്ങൾ മറുരാജ്യത്തിന്റെ അതിർത്തി ലംഘിച്ചു കടക്കുകയാണ് ചെയ്യുന്നത്. ആക്രമണം. അതിന് നിങ്ങൾ ബലം പ്രയോഗിക്കുന്നു, എതിരാളിയുടെ എതിർപ്പിനെ തട്ടിമാറ്റി മുന്നേറുന്നു. നഗ്നമായ ബലപ്രയോഗം. അവസാനം ഗോൾ പോസ്റ്റിന്റെ സ്വകാര്യതയിലേയ്ക്ക് അതിക്രമിച്ചുകടക്കുന്നു. അതിനെ കളിയെന്നെങ്ങിനെ പറയാം?'

'എല്ലാ കളികളും അങ്ങിനെത്തന്നെയല്ലേ?' രാജൻ ചോദിക്കും.

'ആവണമെന്നില്ല. ടെന്നീസ്, ഒരുദാഹരണം. നിങ്ങൾ നിങ്ങളുടെ തട്ടകത്തിൽ നിന്നുകൊണ്ടാണ് അഭ്യാസങ്ങൾ കാട്ടുന്നത്. എതിരാളിയേക്കാൾ നൈപുണ്യമുണ്ടെന്നു കാണിക്കുക മാത്രമേ വേണ്ടൂ നിങ്ങൾക്കു ജയിക്കാൻ. മറുവശത്തേയ്ക്ക് ഇരച്ചുകയറേണ്ട. ഫുട്ബാൾ അങ്ങിനെയല്ല. അതിൽ അക്രമണസ്വഭാവമുണ്ട്, അശ്ളീലമായൊരു മനശ്ശാസ്ത്രമാണതിനു പിന്നിൽ. ആൻ ഇമ്മോറൽ ഫിലോസഫി.'

രാമകൃഷ്ണൻ വന്ന് ബൈക്കിന്റെ ഹാന്റിൽബാറിൽ പിടിച്ചു.

‘അകത്തു വരുന്നോ?’

‘ഇല്ല, കുളിക്കണം.’

‘എന്നാണ് ശരിക്കുള്ള യുദ്ധം?’

‘അടുത്ത ഞായറാഴ്ച. ഇന്നലെ രാത്രി ബ്രസീലിന്റെ കളികണ്ടോ?’

‘കണ്ടു.’ രാമകൃഷ്ണൻ പറഞ്ഞു. ‘എനിക്ക് ഫ്രാൻസ് ജയിക്കണമെന്നാണ്.’

‘എന്താണങ്ങനെ?’

‘എല്ലാവരും ബ്രസീലിനെ പിൻതാങ്ങുമ്പോൾ എനിക്കങ്ങിനെ തോന്നുന്നു. ഒഴുക്കിനെതിരെ നീന്താനുള്ള താല്പര്യം മാത്രമല്ല. എനിക്ക് ബ്രസീലിന്റെ കളി ഇഷ്ടമല്ല; തികച്ചും അസന്മാർഗ്ഗികമായ ഒരു കളിയിൽ അശ്ളീലമായ എന്തോ ഉണ്ടവരുടെ നീക്കങ്ങളിൽ. ഫ്രെഞ്ചുകാർ കളിക്കുമ്പോൾ എനിക്കങ്ങിനെ തോന്നിയിട്ടില്ല.’

‘പക്ഷേ ഇത്തവണ ബ്രസീൽ തന്നെ കൊണ്ടുപോകും കപ്പ്.’

‘ജയിക്കുമായിരിക്കും. ഒരു ജനത എത്രത്തോളം നിഷ്ഠൂരരാകുന്നുവോ, അത്രതന്നെ ജയിക്കാനുള്ള സാധ്യതയും ഏറുന്നു. പെനൽട്ടി അടിക്കാനൊരുങ്ങുന്ന കളിക്കാരന് മുമ്പിലുള്ള വിശാലമായ ഗോൾപോസ്റ്റിൽ ഏകനായി, വിയർക്കുന്ന കൈകളോടെ നിൽക്കുന്ന ഗോളിയിൽ അനുകമ്പതോന്നിയാൽ കുഴഞ്ഞില്ലേ കാര്യം? ആ സമയത്ത് വേണ്ടത് കില്ലിങ് ഇൻസ്റ്റിങ്ട് തന്നെ. ആടിന്റെ മുമ്പിലെ അറവുകാരന്റെ മനോഭാവം. ഒരു വെട്ട് രണ്ടു കഷ്ണം. ഒരു കളിക്കാരനിൽ അന്നേരം കുടികൊള്ളുന്നത് അതേ അറവുകാരനല്ലേ?

രാജന് ഒന്നും പറയാനുണ്ടായിരുന്നില്ല. കളികൾ രാജ്യങ്ങൾതമ്മിലുള്ള സൗഹൃദം ഊട്ടിയുറപ്പിക്കുന്നുവെന്ന് ഒരിക്കൽ അയാൾ പറഞ്ഞു. രാമകൃഷ്ണന്റെ മറുപടി ഇതായിരുന്നു. അങ്ങിനെയാണെങ്കിൽ ഇന്ന് ഏറ്റവും മൈത്രിയിൽ വർത്തിക്കുന്ന രണ്ടു രാജ്യങ്ങൾ ഇന്ത്യയും പാകിസ്ഥാനുമായിരിക്കണം. രാമകൃഷ്ണന്റെ മുമ്പിൽ അടിയറ പറയുകയാണ് പതിവ്.

നീന ടിവിക്കു മുമ്പിലായിരുന്നു. ഒരു പാട്ട് നടന്നുകൊണ്ടിരിക്കയാണ്. ഏതെങ്കിലും സിനിമയായിരിക്കും, അല്ലെങ്കിൽ ചിത്രഗീതമായിരിക്കും.

‘ചായയുണ്ടാക്കണോ?’

‘നീ സിനിമ കണ്ടോ, ഞാനുണ്ടാക്കാം.’ അയാൾ കുളിക്കാനായി കുളിമുറിയിൽ കയറി. അവൾ സിനിമയാണ് കാണുന്നതെങ്കിൽ എഴുന്നേല്പ്പിക്കുന്നതു ശരിയല്ല. രസച്ചരടു മുറിഞ്ഞുപോകും. പിന്നെ അടുക്കളയിൽ ജോലിയെടുക്കാൻ അയാൾക്കിഷ്ടമായിരുന്നുതാനും. കുളികഴിഞ്ഞ് അയാൾ അടുക്കളയിൽ പോയി ചായക്കു വെള്ളം വെച്ചു. അപ്പോഴാണ് അയാൾ കണ്ടത് കപ്പും സോസറുംവച്ചിരുന്ന ട്രെയിൽ വെള്ളം. നോക്കിയപ്പോൾ അതിൽ ഒരു കപ്പ് മാത്രം നനഞ്ഞിരിക്കുന്നു. അതിഥികൾ വരുമ്പോൾമാത്രമേ കപ്പും സോസറും ഉപയോഗിക്കാറുള്ളു. അല്ലെങ്കിൽ ഗ്ലാസിലേ ചായകുടിക്കാറുള്ളൂ. ആരായിരിക്കും വന്നിട്ടുണ്ടാവുക?

ചായഗ്ലാസുമായി സോഫയിൽ ചെന്നിരിക്കുമ്പോൾ അയാൾ ചോദിച്ചു.‘ ആരെങ്കിലും വന്നിരുന്നോ?’

‘ഇല്ല.’ ടിവിയിൽനിന്ന് കണ്ണെടുക്കാതെ നീന പറഞ്ഞു. ‘എന്തേ?’

‘ഊം ഒും, ചോദിച്ചതാ.’

ആരെങ്കിലും വന്നിട്ടുണ്ടെങ്കിൽ അയാൾ താമസിയാതെ അറിയും. നീനയ്ക്ക് എപ്പോഴും ജാഗ്രതയോടെ ഇരിക്കാൻ കഴിയില്ല. അശ്രദ്ധമായൊരു നിമിഷത്തിൽ അവൾ അവളെത്തന്നെ ഒറ്റിക്കൊടുക്കുകയാണ് പതിവ്.

രാത്രി കിടക്കുമ്പോൾ നീന പറഞ്ഞു. ‘വാഷിങ് മെഷീൻ വാങ്ങുമ്പോ ഓട്ടൊമാറ്റിക് തന്നെ വാങ്ങ്വാണ് നല്ലത്.’

‘അതെന്താ?’

‘ഓട്ടൊമാറ്റിക്കാവുമ്പോ നമ്മൾ ഒന്നും അറിയണ്ട. അല്ലെങ്കില് ഒരു ടബ്ബിൽനിന്ന് മറ്റേ ടബ്ബിലേയ്ക്കിടാനും മറ്റും മെനക്കെടാണ്.’

‘നോക്ക് നീന, നമുക്ക് കൊക്കിലൊതുങ്ങുന്നത് വാങ്ങാൻ നോക്കാം. വല്ലാതെ വിലകൂടുതലാണെങ്കിൽ വാങ്ങാൻ പറ്റില്ല, പറഞ്ഞേക്കാം. മംഗലാപുരം മാച്ച് അറിഞ്ഞിട്ടേ അതുതന്നെ പറ്റൂ. തോറ്റാൽ ഒന്നും കിട്ടില്ല. ജയിച്ചാൽത്തന്നെ പോരാ, ഏറ്റവും നല്ല കളിക്കാരനുള്ള സ്പോൺസറുടെ സമ്മാനംകൂടി കിട്ടണം. അത് പതിനായിരമാണ്. നിന്റെ പ്രശ്നമെന്തെന്നാൽ ഒരാശയം കിട്ടിയാൽ അതിന്മേൽ നീ മനക്കോട്ടകെട്ടുന്നു. അതു തകർന്നുവീഴുമ്പോൾ നീ ഒപ്പം തകരുന്നു.’

‘അല്ല, നമുക്ക് ലോണെടുത്ത് വാങ്ങാം. ഇപ്പോ ഷോപ്പുകാര് തന്നെ ലോൺ ഏർപ്പാടാക്കിത്തരുംത്രെ. നമ്മളൊന്നും അറിയണ്ടാന്ന്.’

ഇതെല്ലാം രാവിലെ ഇല്ലാതിരുന്ന അറിവുകളാണ്. സ്വയമറിയാതെ അവളുടെ നാവ് അവളെ ഒറ്റിക്കൊടുക്കുകയാണ്. രാജൻ അസ്വസ്ഥനായി.

കളിക്കാർ നാലുപേർ രാജന്റെ കമ്പാർട്ടുമെന്റിലാണ് കയറിയത്. ലത്തീഫ്, ജോർജ്, ഉണ്ണി, ശിവൻ. എല്ലാം അവിവാഹിതർ. അവിവാഹിതനായിരുന്നപ്പോൾ പോലും അവിവാഹിതരുടെ കൂട്ടുകെട്ട് അത്ര ഇഷ്ടപ്പെടാത്ത ആളായിരുന്നു രാജൻ. അവരുടേതായ സ്ഥിരം തമാശകൾ, വിലകുറഞ്ഞ സ്ത്രീസങ്കല്പങ്ങൾ, സിനിസിസം, ഇതൊന്നും അയാൾ ഇഷ്ടപ്പെട്ടിരുന്നില്ല. മംഗലാപുരത്ത് ഹോട്ടലിൽ ജോർജും ശിവനും അയാളുടെ മുറിയിലായിരുന്നു.

ലത്തീഫ് ഇടതുവശത്തുകൂടെ മുന്നേറുകയാണ്. മുന്നിൽ വെട്ടിത്തെളിയിച്ച പാതയിൽ പന്തോടിച്ച് അയാൾ മുന്നേറി. വഴിയടയുമ്പോൾ അയാൾ പന്ത് രാജനു പാസ്ചെയ്തു. കിക്കോഫിനുശേഷം അരമണിക്കൂർ കഴിഞ്ഞു. ഇപ്പോഴും ഗോളടിക്കാൻ പറ്റിയിട്ടില്ല. മറുകക്ഷി ധീരമായി പോരാടുകയാണ്. പെട്ടെന്നാണ്, അപൂർവ്വമായി കിട്ടുന്ന ഒരവസരം മുന്നിൽ വന്നത്. മുമ്പിൽ ചെടികൾക്കിടയിൽ മറഞ്ഞുനിന്ന ഒരു കാട്ടുപാതപോലെ ഒരൂടുവഴി രാജന്റെ മുമ്പിൽ തെളിഞ്ഞുവന്നു. പന്ത് ഒരു മെരുങ്ങിയ പുലിപോലെ കാലുകൾക്കിടയിൽ ഉരുമ്മി തന്നോടൊപ്പം ഓടുന്നത് രാജൻ കണ്ടു. ആരും എതിർക്കാനില്ലാത്ത ഒരവസ്ഥ. കാട്ടിൽ അയാളും പന്തും മാത്രമേയുള്ളു, മുമ്പിൽ തെളിഞ്ഞുവരുന്ന പാതയും. ഇടയ്ക്ക് കടക്കൺകോണിൽ ലത്തീഫിനെയും കാണാം. അയാൾ പന്ത് പാസ് ചെയതു. ലത്തീഫ് പന്തും

കൊണ്ട് ഓടുകയാണ്. എതിർഭാഗത്തെ കളിക്കാരുടെ കാലുകൾ നിഷ്ഫലമായി. ലത്തീഫ് പന്ത് രാജനു പാസ് ചെയ്തു. കളിക്കളത്തിൽ മൂന്ന് വന്യജീവികൾമാത്രം. രാജനും, ലത്തീഫും പന്തും. ഗോൾപോസ്റ്റിന്നടുത്തെത്തിയിരുന്നു. ലത്തീഫിന്റെ ശക്തമായൊരു ലെഫ്റ്റ് കിക്ക് രാജൻ ഹെഡ്ചെയ്തു. ഗോൾ!

കാണികളുടെ ആരവങ്ങൾ. ലത്തീഫും ജോർജും ശിവനും അയാളെ കെട്ടിപ്പിടിക്കുകയാണ്. കോച്ച് രാഘവൻ അയാളെ അഭിനന്ദിച്ചു. അയാൾ മറ്റു കളിക്കാർക്ക് നിർദ്ദേശങ്ങൾ കൊടുക്കുകയാണ്. ഇനി ഗോളടിച്ചില്ലെങ്കിലും ഡിഫൻസ് നല്ലവണ്ണം ശ്രദ്ധിക്കണം.

രണ്ടാം പകുതിയിൽ മറുടീമിന്റെ ആക്രമണം രൂക്ഷമായിരുന്നു. ഓരോ പ്രാവശ്യവും പന്ത് തങ്ങളുടെ ഗോൾപോസ്റ്റുവരെ എത്തി ഭീഷണിമുഴക്കി. ഫുൾബാക്ക് ജോർജ്ജായിരുന്നു. ഇന്ന് അയാൾ ഫോമിലായതുകൊണ്ട് രക്ഷപ്പെട്ടു. പിന്നിലും ശ്രദ്ധിച്ചില്ലെങ്കിൽ കളിയുടെ നില മാറും. പിന്നെ കപ്പിനുപകരം നാണക്കേടായിരിക്കും കൊണ്ടു പോകേണ്ടിവരിക. രണ്ടാംപകുതിയുടെ അവസാനത്തിൽ പക്ഷേ മറുടീം പകരംവീട്ടുകതന്നെ ചെയ്തു. കളി സമനിലയിലായി. 1 – 1.

വിസിൽ. പന്ത് കാലുകൾ മാറി. കളിക്കളത്തിലെ നടുവിലെ വെള്ളവര അയാളുടെ അബോധമനസ്സിൽ പ്രക്ഷുബ്ധമായ ഒരു ചലനമുണ്ടാക്കി. താൻ അതിർത്തി മുറിച്ച് വിലക്കപ്പെട്ട നാട്ടിലേയ്ക്ക് കടക്കുകയാണ്. മുന്നോട്ട്, മുന്നോട്ട്. തടസ്സം സൃഷ്ടിക്കുന്ന പരുഷമായ കാലുകളെ വെട്ടിച്ച് രാജൻ കുതിക്കുകയാണ്. ഇടതുവശത്ത് കൺവെട്ടത്ത് ലത്തീഫ് എപ്പോഴുമുണ്ടായിരുന്നു. അടുത്തുകിട്ടിയപ്പോൾ അയാൾ പറഞ്ഞു. 'രണ്ടു മിനിറ്റേയുള്ളൂ, വേഗം.' തടസ്സങ്ങളെ തട്ടിനീക്കി രാജൻ എതിർദേശത്ത് കുതിക്കുകയാണ്. പെട്ടെന്നയാൾക്ക് അതെല്ലാം വളരെ അധാർമ്മികമായി തോന്നി. അയാൾ നീനയെ ഓർത്തു. ശശിയെ ഓർത്തു. അവർ വളരെ ദൂരത്താണ്. ശരിക്കും ഉള്ളതിനേക്കാൾ ദൂരെ. ഫുട്ബാൾ ഒരു ഹിംസ്രജന്തുവിനെപ്പോലെ അയാളുടെ കാലുകളെ നോവിപ്പിച്ചു. അയാൾ കാൽ കുടഞ്ഞു. വീണ്ടും പന്ത് അയാളുടെ കാൽക്കീഴിൽത്തന്നെ. അയാൾക്ക് വഴി തെളിഞ്ഞു കിട്ടിയിരുന്നെങ്കിലും മുന്നേറാനുള്ള ഇഛാശക്തി നഷ്ടപ്പെട്ടിരുന്നു. കാണികളിൽനിന്ന് ആരവം തുടങ്ങിക്കഴിഞ്ഞപ്പോഴാണ് താൻ ഗോൾപോസ്റ്റിന്റെ വളരെ അടുത്തെത്തിയെന്നു രാജനു മനസ്സിലായത്. അയാൾ ഒഴിവാക്കാൻ ശ്രമിക്കുന്ന പന്ത് പിന്നേയും ലത്തീഫ് തന്റെ നേർക്കിട്ടു തരികയാണ്. കാണികളുടെ പ്രതീക്ഷ ഒരാരവമായി ഇപ്പോൾ സ്റ്റേഡിയവും കടന്ന് പുറത്തേയ്ക്കൊഴുകി. മുമ്പിൽ ഗോൾപോസ്റ്റിനുനടുവിൽ പോസ്റ്റുകൾക്കിടയിലുള്ള അപാരതയിൽ ഗോളി പന്തിനുനേരെ നോക്കി കുതിച്ചുചാടാൻ പാകത്തിൽ കുനിഞ്ഞു നിൽക്കുകയാണ്. അയാൾ കൈകൾ തിരുമ്പുന്നു. അയാളുടെ മുഖത്ത് പരിഭ്രമം, നെറ്റിമേൽ വിയർപ്പ്. അറവുകാരന്റെ കത്തിക്കുവേണ്ടി രാജൻ പരതുകയാണ്.

കളിക്കളം ആക്രമിക്കപ്പെട്ട, നിസ്സഹായയായ ഒരു സ്ത്രീയുടെ നഗ്നശരീരമായും ഗോൾപോസ്റ്റ് യോനീമുഖമായും മാറി. അതിക്രമിച്ചുകടക്കാൻ വയ്യാതെ അയാൾ നിൽക്കുകയാണ്. സദാചാരത്തിന്റെ മുൾമുനയിൽ സെക്കന്റിന്റെ നൂറിലൊരുഭാഗം മാത്രം. പന്ത് അക്ഷമമായി കാലിൽ ഉരുമ്മിനിൽക്കുകയാണ്. അറവുകാരന്റെ നിഷ്ഠൂരതയ്ക്കു വേണ്ടി കാത്തിരിയ്ക്കെ അവസാനത്തെ നീണ്ട വിസിലിന്റെ ശബ്ദം ആശ്വാസത്തോടെ അയാൾ കേട്ടു.

സ്റ്റേഡിയത്തിൽ ആരവം കെട്ടടങ്ങിയിരുന്നു.

back to index

# പറിച്ചുനടാനാവാത്ത ഒരു നാടൻ സ്വപ്നം

**കു**ന്നിനു മുകളിലേയ്ക്കുള്ള ഒറ്റയടിപ്പാതയുടെ തുടക്കത്തിൽ അയാൾ കാർ നിർത്തി. ഇനി മുകളിലേയ്ക്ക് കാർ പോവില്ല. ചെമ്മൺപാത ഒരു ധൃതിയുമില്ലാതെ മുകളിലേയ്ക്ക് ഇഴഞ്ഞു നീങ്ങുന്നത് മോഹനൻ നോക്കി. രാജീവനും ചുറ്റും നോക്കുകയായിരുന്നു. അവന്റെ കണ്ണുകളിൽ കൗതുകം. ഒരുപക്ഷേ ഇങ്ങിനെയൊരു സ്ഥലത്തു വരുന്നത് അവൻ ആദ്യമായിട്ടായിരിക്കണം. മുത്തശ്ശിവല്ല്യമ്മയുടെ വീട്ടിൽ പോകാമെന്നു പറഞ്ഞപ്പോൾ അവൻ ഇത്രയൊന്നും പ്രതീക്ഷിച്ചിരിക്കില്ല. സാധാരണ നാട്ടിൽ വരുമ്പോൾ അച്ഛമ്മയെ കാണാറുണ്ട്. അച്ഛമ്മ താമസിക്കുന്ന പഴയ വീട് അവന് ഇഷ്ടമാകാറുണ്ട്. അതൊരു വെറും നാട്ടിൻപുറം മാത്രമാണ്. ഋതുമതിയാകാൻ പോകുന്ന ഒരു കുട്ടിയുടെ മട്ടിൽ അതൊതുങ്ങിനിൽക്കയാണ്. അച്ഛമ്മയുടെ ചെറിയമ്മയുടെ വീട്ടിലേയ്ക്കാണ് ഇപ്പോൾ പോകുന്നത്. അവൻ ഇതു വരെ കണ്ടിട്ടില്ലാത്ത മുത്തശ്ശിവല്ല്യമ്മ.

'ഇനി നമുക്ക് നടക്കണം.'

'ശരി' രാജീവൻ ഉത്സാഹത്തോടെ പറഞ്ഞുകൊണ്ട് നടക്കാൻ തുടങ്ങി.

തലേന്നു പെയ്ത മഴയിൽ മണ്ണു നനഞ്ഞിരുന്നു. ചെടികളുടെ ഇലകൾ കഴുകപ്പെട്ടിരുന്നു. കാറ്റിൽ ഏതോ പൂക്കളുടെ, ഇലകളുടെ സുഗന്ധം. ഈ ഗന്ധങ്ങൾ പണ്ടെങ്ങോ തനിക്കു നഷ്ടപ്പെട്ട കുട്ടിക്കാലം തിരിച്ചു നൽകുകയാണ്. അയാൾ വീണ്ടും ഒരു കുട്ടിയായി, മീനാക്ഷിവല്ല്യമ്മയുടെ കുട്ടനായി.

ഒരു തിരിവിൽ തെളിവെള്ളം നിറഞ്ഞ ഒരു ചെറിയ അരുവി പാതയുടെ ഒപ്പം ചേർന്നു. അയാൾ കൗതുകത്തോടെ നോക്കി. രാജീവനും അതുതന്നെയായിരുന്നു നോക്കിയിരുന്നത്. മദ്രാസിൽ ഇങ്ങിനെയുള്ള തെളിവെള്ളം വീട്ടിലെ ടാപ്പിൽ മാത്രമേ കാണൂ. നിരത്തുകളുടെ അരുകിലുള്ള ഓടകളിൽ കെട്ടിനിൽക്കുന്ന അഴുക്കുവെള്ളം മാത്രം, പുഴയും ഈ ഓടകളെ സ്പോൺസർ ചെയ്യുകവഴി മലിനമാണ്. ഇവിടെ ഇതാ ഒരരുവി, മനുഷ്യസ്പർശമേറ്റിട്ടുണ്ടെന്നു തോന്നാത്ത വിധത്തിൽ തെളിവെള്ളവുമായി ഒഴുകുന്നു.

'അച്ഛാ, ഇതെവിടെനിന്നാണ് വരണത്?'

'കുന്നിന്റെ മുകളിൽനിന്ന്. മഴക്കാലത്ത് കുന്നിന്റെ ഉള്ളിലേയ്ക്ക് കിനിഞ്ഞിറങ്ങിയ വെള്ളം കുറേശ്ശെ പുറത്തു വരവാണ്. ഒരു ഒക്ടോബർ നവമ്പർ വരെണ്ടാവും. അതുകഴിഞ്ഞാൽ ഈ അരുവി വറ്റിവരളും.'

'പിന്നെ വെള്ളംണ്ടാവില്ല്യേ?'

'ഇല്ല.'

'അപ്പോ ഈ അരുവി എവിടെപ്പോകും.'

രാജീവിന്റെ ചോദ്യം അർത്ഥവത്താണ്. തന്റെ കുട്ടിക്കാലത്ത് താൻ ഇങ്ങിനെയൊരു ചോദ്യം ചോദിച്ചിട്ടില്ല. മഴയോടുകൂടി അരുവിയുടെ ഉദ്ഭവവും, മഴകഴിഞ്ഞ് മാസങ്ങൾക്കകമുള്ള തിരോധാനവും സ്വീകരിക്കപ്പെട്ട യാഥാർത്ഥ്യങ്ങളാണ്. അത് ചോദ്യത്തിനുള്ള വക തരുന്നില്ല. മറിച്ച് ജീവിതത്തിൽ നടാടെ ഒരരുവി കാണുകയാണ് രാജീവൻ. ഇതിനുമുമ്പ് വല്ല്യമ്മയുടെ വീട്ടിൽ പത്മയുടെ ഒപ്പം വന്നപ്പോൾ അവൻ കൈകുഞ്ഞായിരുന്നു. മദ്രാസിൽ ഒരു ഫ്ളാറ്റിൽ പാഠപുസ്തകങ്ങൾക്കും, വീഡിയോഗേയ്മിനും ടിവിയുടെ മയക്കുന്ന ദൃഷ്യവലയത്തിനുമുള്ളിൽ അവന്റെ ജീവിതം കെട്ടിയിടപ്പെട്ടിരിക്കുന്നു. നാട്ടിൻപുറവും അവിടെ കെടാറായി കിടക്കുന്ന നന്മയുടെ ചൂടുതരുന്ന നെരിപ്പോടുകളും അവന്ന് അപരിചിതമാണ്.

'ഈ അരുവി അപ്പോ എവിടെപ്പോവും അച്ഛാ?' അവൻ ചോദ്യം ആവർത്തിക്കുന്നു.

അയാൾ ആലോചിച്ചു. ഒരുപക്ഷേ മണ്ണിന്നടിയിൽ, ആഴത്തിൽ അതൊഴുകുന്നുണ്ടാവും. അല്ലെങ്കിൽ? ഒരരുവിയുടെ നിലനില്പ് അതിലെ വെള്ളത്തെ ആശ്രയിച്ചാണിരിക്കുന്നത്. അപ്പോൾ വെള്ളമില്ലാതായാൽ? ഒരുപാട് സങ്കീർണ്ണതകൾ നിറഞ്ഞതാണ് അവന്റെ ചോദ്യം.

'അതാ, ആ കാണുന്നതാണ് വല്ല്യമ്മയുടെ വീട്.' അയാൾ ചൂണ്ടിക്കാട്ടി. ഒരു നാൽപതു വാര അകലെ മരങ്ങൾക്കിടയിൽ ഒരു ഓടുമേഞ്ഞ വീട്. നാട്ടിൻപുറത്തെ മറ്റേതു വീടുംപോലെ സാധാരണമായ ഒരു വീട്.

രാജീവ് അല്പം നിരാശനായെന്നു തോന്നുന്നു. അവൻ കൂടുതലെന്തെങ്കിലും പ്രതീക്ഷിച്ചു കാണും. കൂടുതൽ പ്രതീക്ഷിക്കുക, പിന്നെ അതു ലഭിക്കാഞ്ഞാൽ നിരാശപ്പെടുക എന്നത് അവന്റെ സ്വഭാവമാണ്.

കാവിതേച്ച തൂണുകളിൽ തൂങ്ങിക്കിടക്കുന്ന ഗെയ്റ്റ് കടന്ന് അവർ മുറ്റത്തേയ്ക്കുള്ള വഴിയിലെത്തി. ഇരുവശത്തും കൃഷ്ണക്കിരീടം പൂത്തു നിൽക്കുന്നു. പല വലുപ്പത്തിലുള്ളവ. ഒരു രാജകുടുംബത്തിന്റെ എഴുന്നള്ളത്തുപോലെ തോന്നി.

ഉമ്മറത്തെ കറുത്ത സിമന്റിട്ട നിലം മിനുത്തു കിടന്നു. അകത്തേയ്ക്കുള്ള വാതിൽ തുറന്നു കിടക്കയാണ്. വാതിൽക്കൽ മുട്ടാനൊന്നും മിനക്കെടാതെ അയാൾ അകത്തേയ്ക്കു കടന്നു. പിന്നാലെ അല്പം മടിച്ചിട്ടാണെങ്കിലും ഒരു ചോദ്യഭാവത്തോടെ രാജീവും. എന്താണ് വാതിൽക്കൽ മുട്ടാതിരുന്നത് എന്നാണവന്റെ ചോദിക്കാത്ത ചോദ്യം. നഗരത്തിലെ സാമാന്യമര്യാദകളിലുള്ള ഔപചാരികത്വം ഈ നാട്ടിൻപുറത്ത് മുഴച്ചുനിൽക്കും. ഇടനാഴികയുടെ ഇടതുവശത്തുള്ള രണ്ടു മുറിയിലും വല്ല്യമ്മയുണ്ടായിരുന്നില്ല. അയാൾ അവിടെയൊന്നും അവരെ പ്രതീക്ഷിച്ചതുമില്ല. ഇടനാഴിക അവസാനിക്കുന്നത് തളത്തിലാണ്. തളത്തിൽനിന്ന് അടുക്കളയിലേയ്ക്കും അടുക്കളമുറ്റത്തേയ്ക്കും വാതിലുകളുണ്ട്. പെട്ടെന്ന് അടുക്കളവാതിൽ കടന്നുവന്ന വല്ല്യമ്മയുടെ മുഖത്ത് അദ്ഭുതമൊന്നും കണ്ടില്ല. നാട്ടിൻപുറത്ത് ഇതു സാധാരണമാണ്. വേണ്ടപ്പെട്ടവർ തുറന്നുകിടക്കുന്ന വാതിൽ കടന്നുവരും, വല്ല്യമ്മ എവിടെയാണെന്നു പരതും.

'രണ്ടു കൊള്ളക്കാരാണ് വന്നിരിക്കുന്നത്.' മോഹനൻ പറഞ്ഞു.

വല്ല്യമ്മയ്ക്ക് ആളെ മനസ്സിലായി.

'അതു നന്നായി, ഇവിടൊന്നും സാധാരണ കാണാത്തവരാണ് കൊള്ളക്കാർ. രണ്ടുപേരെ കാണാൻ പറ്റീലോ.'

അവർ അടുത്തുവന്നു, രാജീവിന്റെ തലയുഴിഞ്ഞുകൊണ്ട് തുടർന്നു. ‘ഈ കൊച്ചുകൊള്ളക്കാരനെ, പ്രത്യേകിച്ചും.’

ഒരു കൊള്ളക്കാരനെന്ന സങ്കല്പം രാജീവന് ഇഷ്ടമായെന്നു തോന്നുന്നു. അവൻ ചിരിച്ചുകൊണ്ട് മുത്തശ്ശിവല്ല്യമ്മയുടെ ലാളനത്തിന് വഴങ്ങിക്കൊടുത്തു.

‘വല്ല്യമ്മ എന്താ ചെയ്തിരുന്നത്?’ അയാൾ ചോദിച്ചു.

‘ഉച്ചക്കിലേയ്ക്കുള്ള ചോറുണ്ടാക്ക്വാണ്.’ അവർ അടുക്കളയിലേയ്ക്കു നടന്നുകൊണ്ട് പറഞ്ഞു. ‘നിങ്ങളിരിക്ക്. ഞാൻ കുറച്ചു ചായയുണ്ടാക്കിക്കൊണ്ടുവരാം.’

‘ചായയ്ക്കൊന്നും ധൃതിയില്ല.’ അയാൾ അവരുടെ ഒപ്പം അടുക്കളയിലേയ്ക്കു നടന്നു. രണ്ടടുപ്പുകളിൽ വിറകു കത്തുന്നുണ്ട്. പാത്രത്തിൽ അരിയിടാനുള്ള വെള്ളം തിളക്കുന്നു.

‘വല്ല്യമ്മയ്ക്ക് ഒരു ഗ്യാസടുപ്പ് വാങ്ങിക്കൂടെ? കുക്കിങ്ങൊക്കെ എത്ര എളുപ്പാവും?’

‘അപ്പോ ഈ പറമ്പില് വീഴണ മടലും, ഓലക്കൊടീം, ചുള്ളിം ഒക്കെ എന്തു ചെയ്യാനാ? പിന്നെ അടുപ്പില് വേവിക്കണ ഭക്ഷണത്തിന്റെ സ്വാദൊന്നും ഗ്യാസടുപ്പിൽ വേവിച്ചാൽ കിട്ടില്ല.’

‘എന്താണ് കൂട്ടാൻ?’

‘വെണ്ടക്കയും വഴുതിനങ്ങീം കൂട്ടീട്ട് ഒരു സാമ്പാറ്. കുരുത്തോലപ്പയറും കായേംകൊണ്ട് ഒരു മെഴുക്കു പെരട്ടീം. നിങ്ങള് വരണ കാര്യം ഞാൻ അറിഞ്ഞിരുന്നെങ്കില് ജാനകിയെക്കൊണ്ട് നല്ല പച്ചക്കറിയെന്തെങ്കിലും വാങ്ങിച്ചേനെ?’

‘ആരാണ് ജാനകി?’

‘ങാ, നീയറിയില്ലേ? ഇല്ല്യ? നീ മുമ്പു വന്നപ്പോ മാലത്യായിരുന്നു. അവള് കല്യാണം കഴിച്ചു പോയി. ഇത് അതിന്റെ അനിയത്ത്യാ. രാവിലെ വന്ന് എന്നെ സഹായിക്കും. വൈകുന്നേരവും വരും. ചെലപ്പോ എനിക്ക് വയ്യ്യാന്ന് തോന്ന്യാൽ ഞാൻ അവളോട് ഇവിടെ കെടക്കാൻ പറയും. നല്ല കൂട്ടത്തിലാ.’

അയാൾ അടുക്കളവാതിലിലൂടെ പുറത്തേയ്ക്കു നോക്കി. വല്ല്യമ്മയുടെ തോട്ടത്തിന്റെ ഒരു കഷ്ണം വാതിലിലൂടെ കാണാം. ആരോഗ്യമുള്ള നീണ്ട വെണ്ടക്ക, പച്ചമുളക്, അതിനുമപ്പുറത്ത് ഒരു തടം ചീര. അയാൾ മുറ്റത്തേയ്ക്കിറങ്ങി.

‘ഞാൻ വല്ല്യമ്മടെ തോട്ടം കാണട്ടെ.’

രാജീവൻ പറമ്പിലെത്തിക്കഴിഞ്ഞിരുന്നു. അഴിച്ചവിട്ട ഒരു പശുക്കുട്ടിയെപ്പോലെ അവൻ ഓടിനടക്കുകയാണ്.

‘തോട്ടംന്ന് പറയാൻമാത്രൊന്നുംല്ല്യ.’ അവർ ഒപ്പം വന്നു.

തോട്ടം വിപുലംതന്നെയായിരുന്നു. ഒരു അവരപ്പന്തൽ നിറയെ കായ്ചു നിൽക്കുന്നു. അപ്പുറത്ത് മരക്കൊമ്പുകൾ ഞാത്തുകൊടുത്തതിൽ വെള്ളയും വൈലറ്റും നിറത്തിൽ കുരുത്തോലപ്പയർ നിറയെ നീണ്ടുകിടക്കുന്നു. പെട്ടെന്ന യാൾക്ക് വിശപ്പുതോന്നി. വീട്ടിൽ നട്ടുണ്ടാക്കിയ പച്ചക്കറികളുടെ സ്വാദ് ഓർമ്മ വന്നു. ആ സ്വാദ് കുട്ടിക്കാലത്തേയ്ക്കു നയിക്കുന്നു. മദ്രാസിൽ കിട്ടുന്ന പച്ചക്കറികളുടെ സ്വാദെന്തണെന്ന് അയാൾക്ക് മനസ്സിലാവാറില്ല. മാർക്കറ്റിൽ നിന്നു വാങ്ങുന്ന ചീര കഴിച്ചാൽ വയറിളക്കം തീർച്ചയാണ്. ഫാക്ടറിയിൽ പോകുമ്പോൾ ഇരുവശത്തും ചീരത്തോട്ടങ്ങളിയേല്ക്ക് കാനയിലെ വൃത്തികെട്ട വെള്ളം പമ്പുചെയ്യുന്നത് നിത്യകാഴ്ചയാണ്.

ചായകുടിക്കുമ്പോൾ അയാൾ ചോദിച്ചു.

‘വല്ല്യമ്മ എന്തിനാ ഇവിടെ ഒറ്റയ്ക്ക് താമസിച്ച് കഷ്ടപ്പെടണത്? കൃഷ്ണൻകുട്ടീടെ ഒപ്പം പോയി താമസിച്ചൂടെ?’

‘ആർക്കാ അതിന് ഇവടെ കഷ്ടപ്പാട്?’ അവർ ചിരിച്ചുകൊണ്ട് ചോദിച്ചു. ‘നല്ല കാര്യായി. ഇവിടെ എനിക്ക് സുഖല്ലേ? ഈ വയസ്സുകാലത്ത് ഞാനെന്തിനാണ് മദ്രാസിലൊക്കെ പോയി താമസിക്കണത്. ഇവിടെ ഒരു വെഷമവും ഇല്ല്യ. പിന്നെ മദ്രാസിലൊക്കെ ഞാൻ പോയിട്ട്ള്ളതല്ലെ. എനിക്ക് ആ ജീവിതം ഒന്നും ഇഷ്ടല്ല, പറയാലോ.’

ശരിയാണെന്ന് അയാൾ ഓർത്തു. നാട്ടിലേയ്ക്കു വരുമ്പോൾ കൃഷ്ണൻകുട്ടിയും ഒപ്പമുണ്ടായിരുന്നു. ഓണം അമ്മമ്മയുടെ ഒപ്പം ആവണമെന്നവന് നിർബ്ബന്ധമുണ്ട്. തിരിച്ചുപോകുമ്പോൾ വീട്ടിൽ വന്നപ്പോൾ അവൻ പറഞ്ഞു. ‘ഞാൻ ഒരിക്കൽ കൂടി അമ്മമ്മടെ അടുത്ത് തോറ്റിരിക്കുണു. ഇനി മോഹനേട്ടൻ ഇപ്രാവശ്യം ഒന്നവിടെ പോണം. എങ്ങിനെയെങ്കിലും അമ്മമ്മയെ പറഞ്ഞു മനസ്സിലാക്കി സമ്മതിപ്പിക്കണം. അവിടെ ഒറ്റയ്ക്ക് ഒരു സഹായവും ഇല്ലാതെ...’

‘ഞാൻ ചായണ്ടാക്കട്ടെ. മോനെന്താണ് കുടിക്ക്യാ. മദ്രാസിലെപ്പോലെ ബോൺവിറ്റയൊന്നും ഇവിടെണ്ടാവില്ല.’

‘വല്ല്യമ്മ മിണ്ടാതിരി, അവൻ ചായ കുടിച്ചുകൊള്ളും.’

വല്ല്യമ്മ അടുക്കളയിലേയ്ക്കു പോയി. അയാൾ പറമ്പിലേയ്ക്കു നടന്നു.

‘അച്ഛാ’, രാജീവൻ വിളിച്ചുപറഞ്ഞു, ‘ഒരു പാമ്പ്.’

അയാൾ അടുത്തുചെന്നു. പുല്ലുകൾക്കിടയിൽ ഒരു പാമ്പ്.

‘അത് മൂർഖൻ പാമ്പാണ്.’

‘അത് വെഷള്ളതാണോ അച്ഛാ?’

‘അതെ, നീയിങ്ങു വാ.’

അവനെ സംബന്ധിച്ചേടത്തോളം മൂർഖൻ പാമ്പും നീർക്കോലിയും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. രണ്ടും പാമ്പുതന്നെ.

കുളത്തിൽ നാല് ആമ്പൽ പൂക്കൾ വിരിഞ്ഞു നിന്നിരുന്നു. തെളിവെള്ളം. അടുത്തുചെന്നാൽ നീന്തിക്കളിക്കുന്ന മീനുകളെ കാണാൻ പറ്റും.

‘ചായ കാലായി, വരൂ.’ വല്ല്യമ്മ വിളിച്ചു പറഞ്ഞു.

അടുക്കളയിൽ ഇപ്പോൾ പത്തുപതിനെട്ടു വയസ്സുള്ള ഒരു പെൺകുട്ടി ജോലിയെടുത്തിരുന്നു.

‘ഇതാണോ വല്ല്യമ്മയുടെ അസിസ്റ്റന്റ്?’

‘ഞാൻ മോഹനനോട് പറയ്യ്യായിരുന്നു.’ വല്ല്യമ്മ ആ കുട്ടിയോട് പറഞ്ഞു. ‘മാലതി കല്യാണം കഴിച്ച് പോയപ്പോ നീ എന്നെ സഹായിക്കാൻ വര്ണ്ണ്ട്ന്ന്. മാലതീനെ മോഹനൻ കണ്ടിട്ട്ണ്ട്.’

‘ചേച്ചി ഇപ്പൊ എവിട്യാണ്?’ അയാൾ ചോദിച്ചു.

‘ചേച്ചി പ്രസവിക്കാൻ വന്നിട്ട്ണ്ട്. ഈ ധനുവിലാണ് പ്രസവം.’ അവൾ ഉത്സാഹത്തോടെ പറഞ്ഞു.

അയാൾ എന്തെങ്കിലും ചോദിക്കണ്ടേ എന്നു കരുതി ചോദിച്ചതായിരുന്നു. പക്ഷേ അവളത് ഗൗരവമായി എടുത്തു. അവൾ ചേച്ചിയെപ്പറ്റി പറയുകയായിരുന്നു. അവരുടെ ഭർത്താവിനെപ്പറ്റി, തേയിലത്തോട്ടത്തിൽ ജോലിചെയ്യുന്ന ഭർത്താവ് വരുമ്പോൾ ചേച്ചിക്കു കൊണ്ടുവരുന്ന സാധനങ്ങളെപ്പറ്റി. അയാളുടെ മനസ്സ് ആർദ്രമായി. ഇവിടെ അന്തരീക്ഷംപോലെത്തന്നെ മനുഷ്യരുടെ മനസ്സും തെളിഞ്ഞ് നിർമ്മലമായിരുന്നു. നന്നാവട്ടെ കുട്ടി. അയാൾ മനസ്സിൽ പറഞ്ഞു. നിനക്കും ഒരു നല്ല ഭർത്താവിനെ കിട്ടട്ടെ.

അയാൾ ഉമ്മറമുറ്റത്തേക്കിറങ്ങി. രാജീവൻ തൊടിയിലെ തൈമാവിൽ കയറാനുള്ള ശ്രമമാണ്. തന്റെ കുട്ടിക്കാലത്ത് എത്രയും അനായാസം ചെയ്തിരുന്ന ഒരു കാര്യം അവൻ വളരെ ക്ലേശിച്ചാണ് ചെയ്യുന്നത്. അയാൾക്ക് പെട്ടെന്ന് പേടിതോന്നി. ചെറിയ മാവാണ്, കൊമ്പുകൾ അധികം ഉയരമൊന്നുമില്ല, എങ്കിലും അവന്റെ കാൽവെപ്പിൽ ഒരു ഉറപ്പില്ലായ്മ അയാൾ അസ്വസ്ഥതയോടെ നോക്കി. അവൻ കയറുന്ന ആദ്യത്തെ മരമായിരിക്കണം ഇത്.

‘സൂക്ഷിച്ചു കയറണം കേട്ടോ.’ അയാൾ വിളിച്ചുപറഞ്ഞു. പറമ്പിന്റെ അറ്റത്തെത്തിയപ്പോൾ കുന്ന് താഴോട്ടിറങ്ങുന്നത് കണ്ടു. കാർ നിർത്തിയിടം അധികം ദൂരമൊന്നുമില്ല. കുട്ടിക്കാലത്ത് ഇവിടെ വന്നിരുന്നപ്പോൾ ഇത് വലിയൊരു ദൂരമായി തോന്നിയിരുന്നു.

അയാൾ കൃഷ്ണൻകുട്ടിയെ ഓർത്തു. എന്തുകൊണ്ടോ ആ കാലം ഗൃഹാതുരത്വം നിറഞ്ഞതായിരുന്നു. രാജീവൻ വലുതായാൽ ഓർക്കാൻ എന്താണുണ്ടാവുക? ഫ്ളാറ്റിനുള്ളിൽ അടച്ചുപൂട്ടിയ ഒരു ബാല്യം മാത്രം. ടിവി സീരിയലുകളുടെ വിരസത വീഡിയോഗെയ്മിൽ മുക്കി മാറ്റുന്നത്? പരീക്ഷകളിൽ റാങ്കു കിട്ടാനായി കളിസമയം വെട്ടിക്കുറക്കുന്നത്? അതിനിടയ്ക്ക് കൊല്ലത്തിലൊരിക്കലോ, അല്ലെങ്കിൽ വർഷങ്ങൾ കൂടുമ്പോഴോ ഇങ്ങിനെയൊരു യാത്രയിലുണ്ടാവുന്ന അനുഭവങ്ങൾ?

മോഹനന് അവനോട് സഹതാപം തോന്നി. ഇനി തിരിച്ചുപോയാൽ കുറച്ചു ദിവസത്തേയ്ക്ക് അവന്റെ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കലാണ് തന്റെ പണി. ഇപ്പോൾ അവൻ ഒന്നും ചോദിക്കുന്നില്ല. ചോദ്യത്തിനുള്ള സമയം കൂടി പാഴാക്കരുതെന്നുണ്ടാവും അവന്ന്. ഇനി മദ്രാസിൽ തിരിച്ചുപോയാൽ അവന്റെ ചോദ്യങ്ങൾക്കു മറുപടി പറയാൻ അയാൾ വിഷമിക്കുന്നു, കാരണം അവൻ ചോദിക്കുന്നതെന്തിനെപ്പറ്റിയാണെന്ന് അയാൾക്ക് മനസ്സിലാവുന്നില്ല. ഭാഷ അവന്റെ പ്രശ്നമാണ്, പ്രത്യേകിച്ചും നാട്ടിൻപുറത്തെ കാര്യങ്ങളെപ്പറ്റി പറയുമ്പോൾ?

ഊണ് ഗംഭീരമായിരുന്നു. വീട്ടിൽ നട്ടുവളർത്തിയ പച്ചക്കറികളുടെ സ്വാദ് ആസ്വദിച്ച് വല്ല്യമ്മ വിളമ്പിത്തന്ന ഊണു കഴിക്കുമ്പോൾ അയാൾ വീണ്ടും പറഞ്ഞു.

‘വല്ല്യമ്മ ഒരു കാര്യം ചെയ്യൂ. ഞങ്ങൾ ഇരുപത്തെട്ടാം തീയ്യതിയാണ് പോണത്. ഞാൻ വല്ല്യമ്മയ്ക്കുകൂടി ടിക്കറ്റ് ബുക്ക് ചെയ്യാം. കുറച്ചുകാലം കൃഷ്ണൻകുട്ടീടെ ഒപ്പം പോയി താമസിക്കൂ.’

അവർ ഒന്നും പറഞ്ഞില്ല. അയാളുടെയും രാജീവന്റേയും ഊണു കഴിഞ്ഞശേഷം വല്ല്യമ്മയും ജാനകിയും ഊണു കഴിക്കാൻ തുടങ്ങി. ഒപ്പം ഊണു കഴിക്കാമെന്നയാൾ പറഞ്ഞുനോക്കിയതാണ്. അപ്പോൾ വിളമ്പൽ നടക്കില്ലെന്നു പറഞ്ഞ് അവർ ഒഴിഞ്ഞുമാറി. കൈകഴുകിവന്ന് അവർ ഊണു കഴിക്കുന്നതും നോക്കിയിരിക്കേ വല്ല്യമ്മ സംസാരിക്കാൻ തുടങ്ങി.

‘ഞാനീ വീട്ടിൽ വന്നിട്ട് എത്ര കാലായിന്നറിയ്യ്യോ? അറുപതു കൊല്ലം. പതിനഞ്ചാം വയസ്സിൽ കല്ല്യാണം കഴിച്ച് വന്നതാണ്. ഇവിടെ എന്തൊക്കെ സംഭവിച്ചു. വല്ല്യച്ഛൻ മരിച്ചു. കല്യാണി മരിച്ചു. കൃഷ്ണൻകുട്ടീടെ അച്ഛൻ മരിച്ചു. കല്യാണിടെ കല്യാണം നടന്നത് എനിക്ക് ഇപ്പഴും നല്ല ഓർമ്മണ്ട്. കൃഷ്ണൻകുട്ടീനെ പ്രസവിച്ചത് ഇവ്ട്ന്നാണ്. ഇപ്പോ എല്ലാം കഴിഞ്ഞു. എല്ലാം കഴിഞ്ഞ വീടാണിത്. ഇവിടെ ഓർമ്മകള് എന്റെ ഒപ്പംണ്ട്. മരിച്ചുപോയോരൊക്കെത്തന്നെ എന്റെ ഒപ്പംണ്ട്. അവരെയൊക്കെ വിട്ട് ഞാൻ വരണ്ടേ?’

കാര്യം ശരിയാണ്.

സന്ധ്യയുടെ അരങ്ങേറ്റം നടന്നു. ആകാശം ചുവന്നു, മരങ്ങൾ നിഴലുകളായി കാറ്റിൽ നേരിയ തണുപ്പിന്റെ കലർപ്പ്. ദൂരെനിന്ന് ഇടക്കയുടെ ശബ്ദം.

‘അമ്പലത്തിൽനിന്നാണ്. ദീപാരാധന.’

വല്ല്യമ്മ പറഞ്ഞു.

‘വല്ല്യമ്മ എന്നും അമ്പലത്തിൽ പോവാറുണ്ടല്ലോ. ഇന്ന് പോണില്ലേ?’

‘ഇപ്പോ എന്നും ഒന്നും പോവില്ല. കയറ്റല്ലേ. അതിനൊന്നും വയ്യ്യാണ്ടായിരിക്കുണു.’

വല്ല്യമ്മയുടെ നിർബ്ബന്ധത്തിനു വഴങ്ങി അയാൾ അന്നവിടെ താമസിക്കാമെന്ന് സമ്മതിച്ചു. പോകാത്തതു നന്നായിയെന്നയാൾക്കിപ്പോൾ തോന്നി. രാജീവനും ഇത് ഓർമ്മിച്ചുവയ്ക്കാൻ പറ്റിയ ദിവസമായിരിക്കും.

വേലിക്കരികിൽ തലയുണങ്ങിയ ഒരു തെങ്ങ് അയാൾ കണ്ടു. അയാൾ വല്ല്യമ്മയോട് ചോദിച്ചു.

‘എന്താണാ തെങ്ങ് ഉണങ്ങാൻ കാരണം?’

‘അതോ, അത് മാറ്റിവച്ചതാ. എടവഴീക്കൂടെ വൈദ്യുതികമ്പി വലിക്കുമ്പോ അവര് വെട്ടാൻ പറഞ്ഞു. ഞാന്ന് കെടക്കായിരുന്നു. ഞാൻ മറ്റിക്കോളാംന്ന് പറഞ്ഞു. എങ്ങന്യാ പത്തമ്പതു വയസ്സുള്ള ഒരു കേടുംല്ല്യാത്ത തെങ്ങ് വെട്ടിക്കളയണത്? മാറ്റിവച്ചപ്പോ അത് ഒണങ്ങും ചെയ്തു. ഒരു പ്രായൊക്കെ കഴിഞ്ഞാൽ മാറ്റിനടലൊന്നും ശര്യാവില്ല.’

അവർ എന്തൊക്കെയോ അർത്ഥംവച്ച് പറയുകയാണെന്ന് മോഹനന്ന് തോന്നി. ശരിയായിരിക്കാം.

‘വല്ല്യമ്മ കണക്ഷനെടുത്തിട്ടില്ലേ?’

‘ഏയ്, അതിന്റെയൊക്കെ ആവശ്യം എന്താ. ഫാനിന്റെ ആവശ്യം ഇല്ല. രാത്രി നമ്മടെ പഴേ മേശവിളക്ക് കത്തിച്ചാൽ ധാരാളായി. രാത്രി പകലാക്കിയിട്ട് എന്താ കാര്യം?’

ശരിയാണ്. ഇരുട്ട് എന്താണെന്നറിയണമെങ്കിൽ നാട്ടിൻ പുറത്തുതന്നെ വരണം. രാത്രി കിടക്കുമ്പോൾ അയാൾ കൃഷ്ണൻകുട്ടിയെ ഓർത്തു. പന്ത്രണ്ടാം വയസ്സിൽ അമ്മ മരിച്ചു. ഇരുപത്തിരണ്ടാം വയസ്സിൽ അച്ഛനും. അമ്മമ്മയാണയാളെ വളർത്തിയെടുത്തത്. ആ അമ്മമ്മ ഈ എഴുപത്തഞ്ചാം വയസ്സിൽ ഒറ്റയ്ക്കു താമസിക്കുന്നത് അയാൾക്ക് വിഷമമുണ്ടാക്കുന്നുണ്ട്. അയാൾ നേരിട്ടു സംസാരിക്കുമ്പോഴൊന്നും അവർ വഴങ്ങുന്നില്ല. അതുകൊണ്ടാണ് തന്നെ

ദൂതനായി അയച്ചിരിക്കുന്നത്. ഒരുപക്ഷേ രാവിലെ ഒരിക്കൽക്കൂടി നിർബ്ബന്ധിച്ചാൽ അവർ സമ്മതിക്കുമായിരിക്കും. കൊച്ചുനാളിലെതൊട്ട് മോഹനനു മനസ്സിലായിട്ടുള്ളതാണത്. കാര്യമുള്ള സംഗതികളിലേ അയാൾ നിർബ്ബന്ധം പിടിക്കാറുള്ളു. അങ്ങിനെ നിർബ്ബന്ധം പിടിച്ച കാര്യങ്ങളെല്ലാംതന്നെ വല്ല്യമ്മ സമ്മതിച്ചുതന്നിട്ടുമുണ്ട്. വല്ല്യമ്മയെ സംബന്ധിച്ചേടത്തോളം സ്വന്തം കല്യാണകാര്യമടക്കം കൃഷ്ണൻകുട്ടി തോറ്റിടത്തെല്ലാം അയാൾ ജയിക്കുകയാണുണ്ടായത്. രാവിലെ ഒന്നുകൂടി പറഞ്ഞുനോക്കാം.

രാത്രി അയാൾ മുകളിൽ കൃഷ്ണൻകുട്ടിയുടെ മുറിയിൽ കിടന്നു. പണ്ട് വേനലവധിക്ക് വരുമ്പോൾ ആ മുറിയിലാണ് കിടക്കാറ്. മറുവശത്തുള്ള കട്ടിലിൽ രാജീവൻ ഉറക്കമായി. അയാൾ എപ്പോഴാണ് ഉറങ്ങിയതെന്നോർമ്മയില്ല. ഉണർന്നപ്പോൾ നേരം നന്നായി വെളുത്തിരുന്നു. അയാൾ വാച്ചുനോക്കി. സമയം ആറരയായിട്ടേയുള്ളൂ. രാജീവൻ കുറച്ചുസമയംകൂടി കിടന്നോട്ടെ. അയാൾ കോണിയിറങ്ങി താഴേയ്ക്കു പോയി. വല്ല്യമ്മ ചായ കൊണ്ടുവന്നു. താൻ കോണിയിറങ്ങുന്ന ശബ്ദം അവർ കേട്ടുകാണും. അന്തരീക്ഷത്തിലെ പ്രസരിപ്പ് അയാൾ ശ്രദ്ധിച്ചു. ഇവിടെ നാട്ടിൻപുറത്ത് ഓരോ പ്രഭാതവും പുതുമയോടെ എതിരേൽക്കുന്നു. നഗരത്തിന്റെ വിരസതയില്ല. വെറുതെ പുറത്തേയ്ക്കു നോക്കിയിരുന്നാൽ മതി. വൈചിത്ര്യം നിറഞ്ഞ കാഴ്ചകൾ. വല്ല്യമ്മയോട് എന്താണ് പറയേണ്ടതെന്ന് അയാൾ തീർച്ചയാക്കിയിരുന്നില്ല. അതിനിടയ്ക്ക് അയാൾ മാറ്റിനട്ടു കരിഞ്ഞുപോയ തെങ്ങിനെ ഓർത്തു. അയാൾ ചോദിച്ചു.

‘ഞാൻ കൃഷ്ണൻകുട്ടിയോട് എന്താണ് പറയേണ്ടത്?’

‘നീ ഒന്നും പറയണ്ട. വല്ലപ്പഴും ഒന്ന് വന്ന് കണ്ടാൽ മതി. ഇനി എനിക്ക് ഒരു പറിച്ചുനടൽ വയ്യ.’

രാജീവൻ താഴേയ്ക്കിറങ്ങി വന്നു.

‘നീയെന്താണ് കുടിക്കണത്? പാലു തരട്ടെ?’ വല്ല്യമ്മ ചോദിച്ചു.

‘വേണ്ട വല്ല്യമ്മേ’ മോഹനനാണ് പറഞ്ഞത്, ‘അവൻ രാവിലെ ചായതന്നെയാണ് കുടിക്കാറ്.’

‘അച്ഛാ, നമ്മളെന്നാണ് പോണത്?’

‘ഇതാ, വല്ല്യമ്മ ദോശയുണ്ടാക്കിത്തന്നാൽ അതും കഴിച്ച് ഇറങ്ങ്വാണ്.’

‘ഇത്ര വേഗോ?’ അവൻ നിരാശനായിയെന്നു തോന്നുന്നു. രണ്ടു ദിവസംകൂടി ഇവിടെ കൂടാമെന്നവൻ പ്രതീക്ഷിച്ചിരുന്നു. ഒരു പക്ഷേ ഈ രണ്ടു ദിവസത്തേയ്ക്കായി അവൻ എന്തെങ്കിലും പ്ലാൻ ഉണ്ടാക്കിയിട്ടുമുണ്ടാവും. കയറാൻ കൂടുതൽ മരങ്ങൾ കണ്ടുവച്ചിട്ടുണ്ടാവും, തലേന്നു വൈകുന്നേരത്തെപ്പോലെ ആമ്പൽക്കുളത്തിൽ ഒന്നുരണ്ടു കുളികൂടി, ആ വലിയ പറമ്പിൽ ഇന്നലെ നിർത്തിവച്ച പര്യവേഷണത്തിന്റെ തുടർച്ച, അങ്ങിനെ പലതും.

വൈകുന്നേരത്തെ കുളി അവന് നല്ലവണ്ണം ഇഷ്ടപ്പെട്ടിരുന്നു. ക്ലബ്ബിലെ നീന്തൽകുളത്തിലെ കുളിയിൽ നിന്ന് വ്യത്യസ്ഥമാണിത്. ഇവിടെ പ്രകൃതിയും നിങ്ങളുടെ ഒപ്പമുണ്ട്. വിരിഞ്ഞുനിൽക്കുന്ന ആമ്പൽപൂക്കൾ, കുളത്തിൽ അവിടവിടെയായി തഴച്ചു വളർന്ന ജലസസ്യങ്ങൾ, നഗ്നമായ ദേഹത്ത് പരൽമീനുകൾ വന്ന് കൊത്തുമ്പോഴുണ്ടാവുന്ന ഭയസമ്മിശ്രമായ കിക്കിളിയും, എല്ലാം ഉളവാക്കുന്ന അനുഭൂതി സ്വിമ്മിങ്പൂളിൽ കിട്ടില്ല.

‘ഒരാഴ്ച ഇവിടെ താമസിച്ചിട്ട് പതുക്കെ പോയാ മതി.’ വല്ല്യമ്മ പറഞ്ഞു.‘നിന്റെ അച്ഛന് അല്ലെങ്കിലും എപ്പഴും തിരക്കാ.’

അയാൾ അമ്മയെ ഓർത്തു. കൊല്ലത്തിൽ ഒരിക്കൽ നാട്ടിൽ വരുമ്പോൾ മകൻ അമ്മയുടെ അടുത്തുതന്നെ വേണമെന്ന് അവർക്ക് നിർബ്ബന്ധമാണ്. തന്റെ മനസ്സു വായിച്ചിട്ടെന്നപോലെ അവർ പറഞ്ഞു.

‘കാര്യം ശര്യാണ്. വല്ലപ്പഴും കാണുമ്പോ പാർവ്വതിക്കുംണ്ടാവില്ലെ മക്കളെ അടുത്ത് കിട്ടണംന്ന്.’

വല്ല്യമ്മയുടെ സ്വരത്തിൽ വേദനയുണ്ടോ?

കുന്നിറങ്ങുമ്പോൾ രാജീവിന്റെ മൂഡ് മോശമായിരുന്നു. അയാൾ ഒന്നും പറയാതെ നടന്നു. എന്തെങ്കിലും പറഞ്ഞാൽ അവൻ അതിന്മേൽ കയറിപിടിച്ച് വീണ്ടും അവന്റെ മനസ്സ് കേടുവരുത്തും. തിരിഞ്ഞുനോക്കിയപ്പോൾ അയാൾ വല്ല്യമ്മ പടിക്കൽ നോക്കിനിൽക്കുന്നത് കണ്ടു. കുറച്ചുമാറി പച്ചപ്പിൽ കുളിച്ചുനിൽക്കുന്ന പറമ്പിന്റെ ഒരറ്റത്ത് ഉണങ്ങിയ തെങ്ങും.

back to index

# ചൂച്ചിയും ഈനാമ്പീച്ചിയും

ഈനാമ്പീച്ചികളുടെ കഥ പറഞ്ഞു തന്നത് ഷൈലയായിരുന്നു. അവൾ അക്കരെ ദ്വീപിലാണ് താമസം. എന്റെ മനസ്സമാധാനം കളയാൻ അവൾ അമ്മയുടെകൂടെ ദിവസവും കടവു കടന്നു വരുന്നു. ദ്വീപിലെ ചൂച്ചിയുടെ കഥകൾ പറയുന്നു. ഒരു വാചകത്തിൽ ചുരുങ്ങിയത് നാല് 'അങ്ക്ൾ' വിളിയെങ്കിലുമുണ്ടാവും. അവൾ എന്റെ ആരുമല്ല. എങ്കിലും രാവിലെ എത്തുന്നു, ഞങ്ങൾ പ്രാതൽ കഴിക്കുന്ന മേശക്കരികെ കസേലയിൽ വന്നിരിക്കുന്നു, കാലാട്ടിക്കൊണ്ട് ദോശ തിന്നുന്നു, പേടിപ്പെടുത്തുന്ന കഥകൾ പറയുന്നു.

'ഞാൻ പറഞ്ഞില്ലേ, അമ്പലക്കുളം പച്ചനെറാവണത് ഈനാമ്പീച്ചികൾ കുളിക്കുമ്പൊത്തന്ന്യാണ്. ഇന്നലെവരെ ഒരു കൊഴപ്പുംണ്ടായിര്ന്നില്ല. ഇന്ന് രാവിലെ ഞങ്ങള് വരുമ്പോ പച്ച നെറാ. വിൽസന്റെ അമ്മച്ചി കണ്ടൂത്രെ, ഈനാമ്പീച്ചികള് രാത്രി വന്ന് കുളിക്കണത്.'

'ഞാൻ അവളുടെ കഥകൾ വിശ്വസിച്ചു തുടങ്ങിയിരിക്കുന്നു. എന്തുകൊണ്ടായിക്കൂടാ? മനസ്സിലാക്കാൻ പറ്റാത്ത ഒരുപാട് പ്രതിഭാസങ്ങൾ ചുറ്റും നടക്കുമ്പോൾ ഒരു ഈനാമ്പീച്ചിയെ മാത്രം മാറ്റി നിർത്തേണ്ട ആവശ്യമെന്ത്? ആദ്യമെല്ലാം ഞാൻ പറഞ്ഞു നോക്കി, സൂര്യവെളിച്ചം....പായൽ....ഫോട്ടോസിന്തസിസ്.....

'അല്ല അങ്ക്ൾ, അത് ഈനാമ്പീച്ചിള് കുളിച്ചിട്ട് തന്ന്യാ.'

ഷൈല വരാൻ വൈകുന്ന ദിവസങ്ങളിൽ ഞങ്ങൾ പ്രാതൽ വൈകി കഴിക്കുന്നു. അവൾ വരാത്ത ദിവസങ്ങളിൽ ചിലപ്പോൾ പ്രാതൽതന്നെ മറന്നെന്നു വരും. അവളെ അനുജത്തി മേമയുടെ വീട്ടിലാക്കി അവളുടെ അമ്മ ജെൻസി അടുത്തുള്ള ചെരിപ്പു ഫാക്ടറിയിൽ ജോലിക്കു പോകുന്നു. മേമയുടെ വീട്ടിൽ കയറാതെ ആ നാലുവയസ്സുകാരി നേരിട്ട് ഞങ്ങളുടെ വാതിൽ കടന്നു വരുന്നു. നേരെ അടുക്കളയിലേയ്ക്ക്; മേശക്കരികെ ഇട്ട കസേലയാണ് ലക്ഷ്യം.

വലിയ മാളികയിൽ താമസിക്കുന്ന ചൂച്ചിയെപ്പറ്റി ധാരാളം കഥകളുണ്ട്. പള്ളിയുടെ തൊട്ടടുത്ത് സെമിത്തേരിക്ക് എതിരെയാണ് മാളിക. രണ്ടു നില മാളികയാണ്. മൂന്നാമതൊരു നിലകൂടിയുണ്ട്, ഉയരമില്ലാത്ത ഒരു തട്ട്. അവിടെ ആരും കയറാറില്ല. ഒന്നാം നിലയിലേയ്ക്കുതന്നെ കുട്ടികൾ കയറാറില്ല. ആ മാളികയിൽ വയസ്സായ ചൂച്ചി ഒറ്റയ്ക്കു താമസിക്കുന്നു. ചൂച്ചിയെന്നാൽ ആംഗ്ലോ ഇന്ത്യക്കാരി. ദ്വീപിൽ അവരെ ചൂച്ചികൾ എന്നാണ് വിളിക്കുക.

ഷൈല പോയിക്കഴിഞ്ഞാൽ ഞാൻ പുറത്ത് വീതി കുറഞ്ഞ വരാന്തയിലിട്ട കസാലയിൽ പോയിരിക്കുന്നു. ഒന്നും ചെയ്യാനില്ല. ഒന്നും കാണാനുമില്ല. മതിൽ കാരണം ഇടവഴിയിലൂടെ പോകുന്നവരെ കാണില്ല. മരത്തിന്റെ അഴികളുള്ള ഗെയ്റ്റിലൂടെ ഒരു കൊള്ളിയാൻപോലെ ആളുകൾ പോകുന്നതു കാണുന്നു. അത്രയും ആശ്വാസം. അകത്ത് വത്സല തുന്നൽമെഷിന്റെ മുമ്പിലായിരിക്കും. അതിന്റെ കടകടശബ്ദം അവൾക്ക് ആശ്വാസം കൊടുക്കുന്നുണ്ടാവും. അവൾ എംബ്രോയ്ഡറിയാണ് തുന്നുന്നത്. ചുറ്റുവട്ടത്തുള്ള പെൺകുട്ടികൾ അവൾക്ക് ഓർഡർ കൊടുക്കുന്നു. ചൂരിദാറിന്റെ ഏറ്റവും പുതിയ ഫാഷനും എമ്പ്രോയ്ഡറി ഡിസൈനുകളും കാണാൻ വത്സല ജോസ് ജങ്ക്ഷനിലെ തുണിക്കടകൾ കയറിയിറങ്ങുന്നു. തിരിച്ചുവന്ന ഉടനെ അവ ഓർമ്മയിൽനിന്ന് എടുത്ത് ഒരു നോട്ടുപുസ്തകത്തിൽ പകർത്തുന്നു. അവൾ നന്നായി വരയ്ക്കും. പെൺകുട്ടികൾ അദ്ഭുതത്തോടെ ആ ഡിസൈനുകൾ നോക്കും. പിന്നെ തിരിച്ചറിയലിന്റെ കുതൂഹലമാണ്. അവർ തമ്മിൽ പറയുന്നു. 'എടീ ഇത് പ്രണയവർണങ്ങളില് ദിവ്യാ ഉണ്ണി സുരേഷ്ഗോപിടെ ഒപ്പം കാറിൽ പോമ്പ ഇട്ട ചൂരിദാറാണ്.' പിന്നെ ഓർഡറുകൾക്ക് ക്ഷാമമില്ല.

വത്സല ഏറ്റവും പുതിയ സിനിമകൾ കാണുന്നതിന്റെ ആവശ്യകത ഞാൻ മനസ്സിലാക്കുന്നു. ബിസിനസ്സിൽ പിടിച്ചുനിൽക്കണമെങ്കിൽ ഏറ്റവും പുതിയ ഫാഷനുകളെപ്പറ്റി ധാരണയുണ്ടാവണം. ഫാഷനുകൾ ജനിക്കുന്നത് സിനിമയിൽനിന്നുതന്നെ. അതുകൊണ്ട് 'ഞങ്ങളിന്നൊരു സിനിമയ്ക്കു പോകുന്നുണ്ട്' എന്നു വത്സല പറയുമ്പോൾ ഞാൻ മുടക്കുന്നില്ല. അവൾ മേമയുടെ ഒപ്പം നൂൺഷോ കാണാൻ പോകുമ്പോൾ ഷൈലയുടെ രക്ഷാധികാരം പൂർണമായും എന്നിലർപ്പിക്കപ്പെടുന്നു. അവർ പടികടന്നാലുടൻ ഞങ്ങൾ അടുക്കളയിൽ കയറി കക്കാൻ തുടങ്ങും. അലമാറിയിൽ ഒരു നാട്യവുമില്ലാതെ വളരെ ലാഘവത്തോടെ വച്ച ടിന്നുകളിൽ പലപ്പോഴും ഈത്തപ്പഴമോ, മിക്സ്ചറോ, ബിസ്കറ്റോ ആയിരിക്കും. ആവുന്നത്ര കൈയ്യിട്ടു വാരി ഒരു പ്ലെയ്റ്റിലിട്ട് ഞങ്ങൾ ഉമ്മറത്തു വന്നിരിക്കും. ഞാൻ എന്റെ കസേലയിൽ, അവൾ എനിക്കെതിരായി തിണ്ണമേൽ. പിന്നെ തിന്നുകൊണ്ട് കഥകൾ ഓരോന്നായി പുറത്തുവരും. പേടിപ്പിക്കുന്ന കഥകൾ അവളുടെ കൂസലില്ലാതെ നാവിലൂടെ പുറത്തുവരുമ്പോൾ എന്റെ വയറ്റിനുള്ളിൽ മിക്സ്ചർ അസിഡിറ്റിയുണ്ടാക്കുന്നു.

ചൂച്ചിയാണ് പ്രധാന കഥാപാത്രം. ഇനാമ്പിച്ചികളെപ്പറ്റി പറഞ്ഞത് ചൂച്ചിയാണ്. അകാലമരണം സംഭവിക്കുന്ന ഗർഭിണികളാണ് ഈനാമ്പീച്ചികളാവുന്നത്. അവർ ചോര കുടിക്കുന്നു. രാത്രികളിലാണവർ പുറത്തിറങ്ങുന്നത്. രാത്രി മുഴുവൻ ചോരകുടിച്ച് വിശപ്പടക്കിയാൽ അടുത്തുകണ്ട കുളത്തിൽ ഇറങ്ങി കുളിക്കുന്നു. അവർ കുളിച്ചുകഴിഞ്ഞാൽ വെള്ളം പച്ചനിറമാകുന്നു. പിന്നെ പച്ചപ്പു വിടുന്നതുവരെ ആ വെള്ളത്തിൽ കുളിക്കരുതെന്നാണ് ഷൈല പറയുന്നത്. ഞാനതെല്ലാം വിശ്വസിക്കുന്നു. ഈനാമ്പീച്ചികൾക്ക് വയറു നിറയെ കുടിക്കാനുള്ള ചോര എവിടെനിന്നു കിട്ടുന്നുവെന്ന ചോദ്യം നാവിന്റെ തുമ്പിൽ കിടന്നു കളിക്കുന്നു. ഞാൻ ചോദിക്കുന്നില്ല.

ചൂച്ചിയും രാത്രിയാണ് പുറത്തിറങ്ങുക. അവർ ആകെ മൂടുന്ന വെള്ള വസ്ത്രം ധരിച്ച് പള്ളിക്കടുത്തുള്ള വീടുകളിൽ കയറിയിറങ്ങുന്നു. രാത്രി കൂട്ടിന്ന് ഒരു കുട്ടിയെ കിട്ടാനാണ് ഈ യാത്ര. ആഴ്ചയിലൊരിക്കൽ മട്ടാഞ്ചേരിയിൽ പോയികൊണ്ടുവരുന്ന പലഹാരങ്ങൾ നിറച്ച ടിന്നുകൾ കുട്ടികളിൽ താൽപര്യമുണ്ടാക്കുന്നു. പേടിയുണ്ടെങ്കിലും അവർ കൂട്ടിനു കിടക്കാമെന്ന് സമ്മതിക്കുന്നു. അങ്ങിനെ ചൂച്ചിക്കു കൂട്ടിനു കിടക്കുന്ന അപൂർവ്വം കുട്ടികളിൽ ഒരുവളാണ് ഷൈലയെന്നറിയുമ്പോൾ എനിക്കവളോട് ബഹുമാനം തോന്നുന്നു.

കൂടുതൽ അറിയുമ്പോൾ ആ ബഹുമാനം വർദ്ധിക്കുന്നേയുള്ളൂ. അവൾ പറയുന്നു. ചൂച്ചിയുടെ വീട്ടിൽ നിറയെ മരത്തിന്റെ പെട്ടികളാണ്. പത്തുപതിനഞ്ചെണ്ണമുണ്ട്. പല വലുപ്പത്തിൽ. അതെല്ലാം മരിച്ചുപോയവരുടെ വസ്ത്രങ്ങൾ നിറച്ചുവച്ച പെട്ടികളാണത്രെ. ഓരോ പെട്ടികളിൽ ഓരോരുത്തരുടെ വസ്ത്രങ്ങൾ. അത്രയും ശരി. അവൾ ഇനി പറ

യാൻ പോകുന്നത് എന്റെ കൈയ്യിലെ രോമങ്ങളെ ഉണർത്തി എഴുന്നേൽപ്പിക്കുന്നു. രാത്രി അവർ വരുമത്രെ, മരിച്ചുപോയവർ! അവർ ശവപ്പെട്ടിയിൽനിന്ന് പുറത്തിറങ്ങിയാൽ കൊടും ശൈത്യമാണ്. അപ്പോൾ അവർ അവരുടെ വസ്ത്രങ്ങളന്വേഷിച്ചു വരാറുണ്ട്. 'എന്റെ പെട്ടി എവിടെ, എന്റെ പെട്ടി....'

ചൂച്ചി അതൊന്നും ശ്രദ്ധിക്കാറില്ലത്രെ. ആവശ്യമുള്ളവർ അവരവരുടെ വസ്ത്രങ്ങൾ എടുക്കുകയോ തിരിച്ചുവയ്ക്കുകയോ ചെയ്യട്ടെ. പക്ഷേ നിങ്ങളൊന്നും ആ പെട്ടി തുറക്കരുത് കെട്ടോ? അവർ കുട്ടികൾക്ക് മുന്നറിവു കൊടുക്കും.

എനിക്കു കാര്യം മനസ്സിലാവുന്നു. കുട്ടികൾ കൂട്ടുകിടക്കാൻ വരുമ്പോൾ അവരെ നിയന്ത്രിക്കാൻ ഇതിലേറെ നല്ല വഴികളില്ല. ഞാൻ പക്ഷേ ഒന്നും പറയുന്നില്ല. ഷൈല ചോദിക്കുന്നു.

'അങ്കിളിന് പേടി തോന്നുന്നുണ്ടോ?'

ഞാൻ പറയുന്നു. 'കുറേശ്ശെ.'

'എനിക്ക് പേടിയൊന്നുംല്ല്യ.' അവ ൾ പറയുന്നു. പക്ഷേ അവൾ ഈ സമയത്തിനുള്ളിൽ തിണ്ണയിൽനിന്ന് ഇറ ങ്ങി അരിച്ചരിച്ച് ഞാനിരിക്കുന്ന കസേലയ്ക്കരികിൽ എത്തിയിരുന്നു. ഒന്നുരണ്ടു വാചകംകൂടി പറഞ്ഞുകഴിഞ്ഞാൽ അവൾ ചാടി മടിയിലെത്തും. അങ്കിളിന് അവളുടെ ധൈര്യത്തെപ്പറ്റി എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ അവ ദൂരീകരിക്കാനായി പറയുകയും ചെയ്യും.

'അമ്മയ്ക്ക് പേടിയാ, എനിക്ക് പേടിയൊന്നുംല്ല്യ.'

'നീ മിടുക്കിയാണ്.'

റിട്ടയർ ചെയ്ത ശേഷം ഒന്നും ചെയ്യാനില്ലാത്ത ഒരവസ്ഥയിൽ വിഷമിക്കുമ്പോഴാണ് ഷൈല ചാടി വീണത്. ഒരു രാവിലെ പടിക്കൽ നിൽക്കുമ്പോൾ അമ്മയുടെ മുമ്പിൽ നടന്നുവന്ന പെൺകുട്ടിയെ നോക്കി ചിരിച്ചതിന്റെ അനന്തരഫലമാണ് താൻ ഇപ്പോൾ അനുഭവിക്കുന്നത്. ഒരു നോട്ടത്തിൽ, ഒരു ചിരിയിൽ ഒരു പെൺകുട്ടി വളയുമെന്ന് കരുതിയിരുന്നില്ല. അവൾ എന്റെ നേരെ നടന്നുവന്നു, കൈവിരൽ പിടിച്ചുകൊണ്ട് ആകാശത്തേയ്ക്കു തലയുയർത്തി നോക്കിക്കൊണ്ട് ചോദിച്ചു.

'അങ്കിളിന്റെ പേരെന്താ?'

അതിനു ശേഷം അവൾ അവളുടെ മേമയുടെ വീട്ടിൽ കാലു കുത്തിയിട്ടില്ല. നേരിട്ട് ഞങ്ങളുടെ വീട്ടിലേയ്ക്കു കയറി വരുന്നു. ഞാനാകട്ടെ അവൾ പറയുന്ന കഥ കേട്ട് നിരന്തരം പേടിസ്വപ്നം കണ്ടു കഴിയുന്നു. ഞങ്ങൾക്ക് കഥ കേൾക്കാനുള്ള താല്പര്യമുണ്ടെന്ന് അവൾ എങ്ങിനെയോ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഓരോ ദിവസവും പുതിയ കഥകളും കൊണ്ടാണ് അവൾ വരാറുള്ളത്. ചൂച്ചിയും അവളും പാത്രങ്ങളായുള്ള കഥകൾ.

'കർത്താവ് നിങ്ങളെ അനുഗ്രഹിക്കും.' അവളുടെ അമ്മ ജെൻസി പറയും. 'വീട്ടില് വന്നാൽപിന്നെ ഇവിടത്തെ കാര്യം മാത്രെ അവൾക്കു പറയാനുള്ളൂ. എന്തൊക്കെ തിന്നാൻ കിട്ടി, എന്തൊക്കെ ചെയ്തു എന്നൊക്കെ. മേമടെ അവിട്യാണെങ്കില് ഇങ്ങിനെ തിന്നാനൊന്നും കിട്ടില്ല്യ. കണ്ടില്ലെ അവള് ഉരുണ്ട് വരണത്? ഒക്കെ ഇവിടുത്തെ ഭക്ഷണം കാരണാ.'

'ഇവിടെ ഇതാ അങ്കിളും ഉരുണ്ടു വര്ണ്ണ്ട്. ഞാൻ പുറത്തു പോയാൽ രണ്ടുപേരുംകൂടി കട്ടുതിന്നല് തന്ന്യാ പണി.' വത്സല ചിരിച്ചുകൊണ്ട് പറയും. ആന്റി ഞങ്ങളുടെ സ്വകാര്യം കണ്ടുപിടിച്ചെന്ന കാര്യത്തിൽ ഷൈലയ്ക്ക് സ്വല്പം ചമ്മലുണ്ടാവുന്നു. അവൾ ഒരു കള്ളച്ചിരിയോടെ എന്നെ നോക്കി അമ്മയുടെ പുറകിലേയ്ക്ക് മാറുന്നു.

കട്ടുതിന്നൽ മാത്രമല്ല. പത്തു മണി കഴിഞ്ഞാൽ ഞാൻ പുറത്തിറങ്ങുന്നു. കായലിൽ മീൻപിടിക്കുന്നവരിൽനിന്ന് നല്ല വണ്ണമുള്ള നെയ്മീനോ, കണമ്പോ വാങ്ങിക്കൊണ്ടുവരുന്നു. ചിലപ്പോൾ ഷൈല ഒപ്പം കൂടും. അങ്ങിനെയുള്ള ദിവസങ്ങളിൽ വഴിക്കുള്ള ഐസ്ക്രീം കടയിൽ കുറച്ചുനേരം തങ്ങുന്നു. വെറുതെ, ഒന്നു കാണാനെന്നാണ് ഷൈല പറയുന്നത്. എന്തൊക്കെയാണ് നടക്കുന്നത് എന്നറിയണമല്ലോ. കടയിൽനിന്ന് പുറത്തിറങ്ങുമ്പോൾ കൈയ്യിൽ ഐസ്ക്രീം ബാറുണ്ടാവുന്നത് അവളുടെ തെറ്റല്ല. ഈ അങ്കിൾ എന്തിനാണ് ഇങ്ങിനെ പണം ചെലവാക്കുന്നത് എന്ന് അവൾ ചോദിക്കുന്നു. കഥകൾ പറഞ്ഞുതരുന്നതിന്റെ റോയൽറ്റിയാണെന്ന് ഞാൻ മറുപടി കൊടുക്കും.

ഷൈലയുടെ കഥകൾ കാടുകയറാൻ തുടങ്ങിയിരിക്കുന്നു. പുതിയ സ്രോതസ്സുകൾ അന്വേഷിച്ച് അവൾ അഭൗമികതലങ്ങളിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. രാത്രി കൂട്ടിനു കിടക്കാൻ പുറത്തിറങ്ങി സെമിത്തേരിയുടെ പടിക്കൽ നിൽക്കുന്ന ചൂച്ചിയെ കണ്ട് പേടിച്ചു പനിപിടിച്ച രാഹുലിന്റെ കാര്യം ഷൈല പറഞ്ഞു. ചൂച്ചിയാണെന്നു കരുതി അടുത്തു ചെന്ന രാഹുലിന് എന്തോ നല്ല പന്തിയല്ല എന്നു തോന്നി മുഖത്തു നോക്കിയപ്പോൾ കണ്ടതെന്താണ്, ചുവന്നു തീ പാറുന്ന കണ്ണുകൾ. അവൻ ഓടി, ചൂച്ചിയുടെ വീട്ടിന്റെ പടിക്കലെത്തിയപ്പോഴാണ് ശരിക്കുള്ള ചൂച്ചി പുറത്തിറങ്ങുന്നതു കണ്ടത്. രാത്രി കൂട്ടുകിടക്കാൻ കുട്ടികളെ അന്വേഷിച്ച് അവർ പുറത്തിറങ്ങിയതായിരുന്നു. രാഹുൽ കണ്ടത് ചൂച്ചിയുടെ മമ്മിയുടെ പ്രേതമായിരുന്നുവെന്ന് പറയുമ്പോൾ ഞാൻ നടുങ്ങുന്നു. അവർ രാഹുലിനെ വിളിച്ചെങ്കിലും അവൻ നിന്നില്ല. കാരണമറിയാതെ ചൂച്ചി അന്തം വിട്ടു. അന്ന് ഷൈലയാണ് കൂട്ടിനു കിടന്നത്. മമ്മിയുടെ പ്രേതത്തിന്റെ കാര്യം ചൂച്ചിതന്നെയാണ് അവളോടു പറഞ്ഞത്. എന്നും വീട്ടിൽ രണ്ടാം നിലയിൽ വന്ന് ഇരിക്കാറുണ്ടത്രേ. മരിക്കുന്നതിനു മുമ്പ് രണ്ടാം നിലയിൽ ഒരു പെട്ടിയിലാണത്രെ അവരുടെ സമ്പാദ്യം മുഴുവൻ വച്ചിട്ടുള്ളത്. അത് എണ്ണിനോക്കാനാണ് വരുന്നത്.

ഊശ്. ഞാൻ പറയുന്നു. നിന്റെ കഥകൾ ശരിക്കും പേടിപ്പെടുത്തുന്നവ തന്നെ. എന്നിട്ട് നിനക്ക് ആ വീട്ടിൽ കിടക്കാൻ പേടിയില്ലേ?

'എനിക്കോ, എനിക്ക് പേടിയൊന്നുംല്ല്യ.' അവൾ പറയുന്നു. കഥയുടെ അവസാനമെത്തുമ്പോഴേയ്ക്ക് അവൾ അരിച്ചുവന്ന് എന്റെ മടിയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ധൈര്യശാലി!

ഒരു ശനിയാഴ്ച ഷൈല വന്നില്ല. പ്രാതൽ മേശപ്പുറത്തിരുന്ന് തണുത്തു. ഞാൻ ഉമ്മറത്ത് കസേലയിൽ പടിക്കലേയ്ക്കു നോക്കി ഇരുന്നു. ഇരിപ്പുറക്കാതെ വന്നപ്പോൾ മുറ്റത്തേയ്ക്കിറങ്ങി. സാവധാനത്തിൽ ഞാൻ ഗെയ്റ്റിനു പുറത്തെത്തി. മുമ്പിൽ നീണ്ടുകിടക്കുന്ന ഇടവഴിയിൽ ഒരു കുഞ്ഞിത്തല പ്രത്യക്ഷപ്പെടുന്നതും കാത്ത് നിൽക്കവേ ജെൻസി വന്നു. ഒപ്പം ഷൈലയുണ്ടായിരുന്നില്ല. അവൾ പനിയായി കിടക്കുകയാണ്, ജെൻസി മരുന്നു വാങ്ങാനായി

വന്നതാണ്. അപ്പോൾ ഇവിടെ കയറി, വരില്ലെന്നു പറഞ്ഞു പോകാമെന്നു കരുതി. അവൾ അന്ന് ലീവെടുത്തിരിക്കയാണ്. പിറ്റേന്ന് ഞായറാഴ്ച ഞാനും വത്സലയും ഷൈലയെ കാണാൻ പോകുന്നു. ബോട്ടിൽ കടവുകടന്ന് അവരുടെ വീടന്വേഷിച്ചു പോയി. പള്ളിയുടെ അടുത്തായതുകൊണ്ട് കണ്ടുപിടിക്കാൻ വിഷമമുണ്ടായില്ല.

ഞങ്ങളെ കണ്ടപ്പോൾ ഷൈല ഓടിക്കൊണ്ടു വന്നു. അവളുടെ മുഖത്ത് പരിഭ്രമമുണ്ടായിരുന്നു.

'എന്തിനാണ് അങ്കിളും ആന്റിയും വന്നത്?' അവൾ ചോദിച്ചു.

'നിനക്ക് പനിയല്ലേ, കാണാൻ വന്നതാ.'

'വേണ്ട, കാണാൻ വരണ്ട.' അവൾ പറഞ്ഞു. ഞങ്ങൾ വന്നത് അവൾക്ക് തീരെ ഇഷ്ടപ്പെട്ടില്ല. ജെൻസി പകച്ചു നിൽക്കവേ ഷൈല ഞങ്ങളെ തള്ളി പുറത്താക്കുകയാണ്. 'അങ്ക്ൾ പോ. അങ്ക്ൾ പോ.'

'എന്തിനാ മോളെ അങ്ക്ൾ പോണത്?' ഞാൻ ചോദിച്ചു.

'അങ്ക്ൾ വരണ്ട.' അവൾ എന്നെ ഉന്തുകതന്നെയാണ്. ഞാൻ വിഷമത്തിലായി. ഇങ്ങിനെ ഒരു സ്വീകരണമല്ല ഞാൻ പ്രതീക്ഷിച്ചിരുന്നത്. അവളുടെ ഭാവപ്പകർച്ചയുടെ കാരണം ഊഹിക്കാനുംകൂടി കഴിയാതെ ഞങ്ങൾ ഉമ്മറത്ത് പകച്ചുനിന്നു. മുറ്റത്തിറങ്ങിനിന്നു നോക്കിയാൽ പള്ളി കാണാം. പള്ളിയുടെ ഒരു വശത്തായി സെമിത്തേരി. ഞാൻ ജെൻസിയോടു ചോദിച്ചു.

'ഷൈല കൂട്ടുകിടക്കാൻ പോവുന്ന ചൂച്ചിയുടെ വീടേതാണ്?'

'ചൂച്ചിയോ?' ജെൻസി അദ്ഭുതത്തോടെ ചോദിക്കുന്നു. 'മോള് കൂട്ടുകിടക്കാൻ പോവേ?'

'അതേ, ഷൈല പറയാറുണ്ട്, നിങ്ങളുടെ വീട്ടിന്റെ അടുത്തുതന്നെ ഒരു ചൂച്ചി താമസിക്ക്ണ്ണ്ട്, അവളവിടെ ഇടക്കിടക്ക് കൂട്ടുകിടക്കാൻ പോവുംന്ന്.'

ഷൈല അമ്മയുടെ പിറകിൽ ഒളിച്ചുനിന്ന് എന്നെ നോക്കുകയായിരുന്നു. അവളുടെ മുഖം തീരെ പ്രസന്നമല്ല.

ഷൈലയെ മാറ്റി നിർത്തി ജെൻസി ഞങ്ങളെ വീട്ടിന്റെ പടിക്കലേയ്ക്കു കൊണ്ടുപോകുന്നു. പള്ളിക്കപ്പുറത്ത് പൊളിഞ്ഞു വീഴാറായി കിടക്കുന്ന ഒരു ഇരുനില മാളിക ചൂണ്ടിക്കാട്ടി പറയുന്നു. 'അതാ, ആ മാളികയിലാണ് ചൂച്ചി താമസിച്ചിരുന്നത് . അവര് മരിച്ചിട്ട് പത്തിരുപത് കൊല്ലായി. ഇപ്പൊ അവടെ ആരും താമസിക്കിണില്ല്യ. മോക്ക് അവരെപ്പറ്റിയൊന്നും അറിയാൻ വഴീല്ല്യല്ലോ.'

ഞാൻ തിരിച്ചു വീട്ടിലേയ്ക്കു നടന്നു. അവിടെ ഉമ്മറപ്പടിയിൽ ഷൈല തലയും കുമ്പിട്ടിരുന്ന് കരയുകയാണ്. ഞാൻ അവളെ വാരിയെടുത്തു. 'സാരമില്ല മോളെ' എന്നു ഞാൻ പറയുന്നുണ്ടെങ്കിലും എന്റെ നഷ്ടം എന്നെ വേദനിപ്പിക്കുന്നു.

എന്റെ ചുമലിൽ മുഖമമർത്തി ഷൈല തേങ്ങിക്കരയുകയാണ്.

back to index

# മാനസാന്തരത്തിനു ശേഷം

**ഓ**ട്ടോവിൽ വന്നിറങ്ങി ഡ്രൈവർ ബാക്കിതന്ന ഒറ്റയുറുപ്പിക നാണ്യം പാന്റ്സിന്റെ കീശയിലിട്ട് പ്ലാറ്റുഫോമിലേയ്ക്ക് ഓടുമ്പോൾ ഗണേശ് വാച്ചുനോക്കി. 12. 25. രാവിലെ ഒമ്പതരയ്ക്ക് എത്തിയതാണ്. 3 മണിക്കൂർ നേരത്തെ ജോലി. ഒരു കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ. ഇത്രയും മൂന്നു മണിക്കൂർകൊണ്ട് ഇൻസ്റ്റാൾ ചെയ്തുകൊടുത്തു. കൊള്ളാം. ദിവസഫലം മോശമാണെങ്കിൽ വൈകുന്നേരംവരെയിട്ടു കളിപ്പിക്കാൻ ഇത്രയും ജോലി മതി. ഒന്നുകിൽ ഹാർഡ്‌വെയർ പ്രശ്നങ്ങൾ, അല്ലെങ്കിൽ സോഫ്ട്‌വെയർ പ്രശ്നങ്ങൾ. ഇന്ന് അങ്ങിനെയൊന്നുമുണ്ടായില്ല. എല്ലാം ഘടിപ്പിച്ച് കമ്പ്യൂട്ടർ ഓണാക്കിയപ്പോൾ തെളിഞ്ഞുവന്ന സ്ക്രീനിൽ പ്രീ ഇൻസ്റ്റാൾഡ് വിന്റോസ് ആത്മവിശ്വാസത്തോടെ അഭ്യാസങ്ങൾ കാട്ടാൻ തുടങ്ങി. വീട്ടിൽനിന്നിറങ്ങുമ്പോൾ ഗണപതികോവിലിൽ തൊഴുത് കാണിക്കപ്പെട്ടിയിലിട്ട നാണ്യം വെറുതെയായില്ല. വെള്ളിയാഴ്ചതോറും തിരുമുമ്പിൽ എറിഞ്ഞുടക്കുന്ന തേങ്ങയ്ക്കും ഗണപതി നന്ദി കാണിച്ചു.

മതിൽ പൊളിഞ്ഞുണ്ടായ വിടവിലൂടെ പ്ലാറ്റുഫോമിലേയ്ക്കു കടന്ന് അന്വേഷണങ്ങളുടെ ദന്തഗോപുരത്തിനു മുമ്പിൽവച്ച വെള്ള പലകയിൽ ഒരു നിമിഷം കണ്ണോടിച്ചു. നീല മഷിയിൽ, വണ്ടികളുടെ പേരുകളും അവ വന്നുചേരാനിടയുള്ള സമയവിവരവും കുറിച്ചുവച്ചിരുന്നു. ഹൈദരബാദ്-കൊച്ചി 12.55. താഴെ പരശുരാം എക്സ്പ്രസ്സ് 13.16. 13.15 എന്നല്ല എഴുതിയത്. റെയിൽവേയുടെ കണിശം അയാളെ രസിപ്പിച്ചു. ഹൈദരബാദ് എക്സ്പ്രസ്സിൽ കയറിയാൽ തിരക്കുണ്ടാവില്ല. വണ്ടികൾ സ്ഥിരമായി വൈകിയോടുന്നതുകൊണ്ട് എപ്പോൾ സ്റ്റേഷനിൽ ചെന്നാലും വണ്ടിയുണ്ടാവുമെന്നത് ഗണേശ് കഴിഞ്ഞ ഒരു മാസമായി അനുഭവിച്ചറിയുന്ന കാര്യമാണ്. അയാൾ സസ്യഭോജനശാലയിലേയ്ക്കു നടന്നു. വെങ്കിടാചലപതിയുടെ കാരുണ്യകടാക്ഷത്തിനു കീഴിലുള്ള കൗണ്ടറിൽനിന്ന് 16 രൂപയുടെ ടിക്കറ്റെടുക്കുമ്പോൾ അയാൾ ഓർത്തു. ഈ ഭോജനശാലയുമായി താൻ ഒരു ആത്മീയബന്ധത്തിലേർപ്പെട്ടിരിക്കയാണ്. ദിവസത്തിൽ ഒരിക്കലെങ്കിലും ഭക്ഷണം, ഒന്നുകിൽ ഊണ്, അല്ലെങ്കിൽ ദോശയും കാപ്പിയും ഇവിടെനിന്ന് കഴിക്കുന്നു. ഒരമ്മയെപ്പോലെ ആ സ്ഥാപനം അയാളിൽ വാത്സല്യം ചൊരിഞ്ഞു. രാവിലെ ഒമ്പതു മണിക്ക് വണ്ടിയിറങ്ങിയാൽ ഉണ്ടാവുന്ന കടുത്ത വിശപ്പ് ഒരു ഡബിൾ ദോശയും ഒപ്പം 'സൗജന്യമായി' കിട്ടുന്ന വടയും ശാന്തമാക്കുന്നു. അതുപോലെത്തന്നെയാണ് ഉച്ചയ്ക്കുള്ള ഊണും. ഊണു നന്നായിരുന്നു എന്നത് ഒരു ഒഴുക്കൻ പറച്ചിൽ മാത്രമാണ്. പരമാർത്ഥം അതിലുമപ്പുറത്താണ്.

ഗണേശ് വാച്ചുനോക്കി. 12.45 കഴിഞ്ഞു. അഞ്ചുമിനുറ്റുകൊണ്ട് പ്ലാറ്റുഫോമിന്റെ തെക്കേ അറ്റത്തെത്താം. മുമ്പിലുള്ള അൺറിസേർവ്ഡ് കമ്പാർട്ട്മെന്റിൽ മരപ്പലകവിരിച്ച സീറ്റിലിരുന്ന് യാത്രചെയ്യാം. എറണാകുളം സൗത്തിൽ വണ്ടി നിന്നാൽ ചാടിയിറങ്ങി പാർസലാപ്പീസിലൂടെ പുറത്തുകടന്ന് രാവിലെ പാർക്കുചെയ്ത ഹീറോ ഹോണ്ടയിൽ രണ്ടു മിനിറ്റുകൊണ്ട് വീട്ടിലെത്താം. ശുഭം. താൻ എത്തുമ്പോഴേയ്ക്ക് വണ്ടി പ്ലാറ്റുഫോമിലെത്തിക്കഴിഞ്ഞാലാണ് വിഷമം. മുമ്പിലുള്ള അൺറിസേർവ്ഡ് കമ്പാർട്ടുമെന്റിലേയ്ക്കുള്ള ഓട്ടം ക്ഷീണിപ്പിക്കുന്നതും മാനഹാനിയുണ്ടാക്കുന്നതുമാകുന്നു. ഇടയിലുള്ള പരശതം സ്ലീപ്പർ കമ്പാർട്ടുമെന്റുകൾ പലതും ഒഴിഞ്ഞിട്ടുണ്ടെങ്കിലും കയറാൻ പാടില്ല. അവിടെ വിരട്ടിയോടിക്കാൻ അധികാരത്തിന്റെ മത്തുപിടിച്ച കറുപ്പുകോട്ടുധാരികളുണ്ടാവും. എറണാകുളത്ത് യാത്ര അവസാനിപ്പിക്കുന്ന ആ വണ്ടിയിൽ ഒരൊററ യാത്രക്കാർപോലുമില്ലാത്ത കമ്പാർട്ടുമെന്റുകളുണ്ടാവും. എന്നാലും നിയമമല്ലേ?

'നിയമം!' മുമ്പിലിരുന്ന വയസ്സായ മനുഷ്യൻ പറഞ്ഞു. 'നിയമം കേരളത്തിൽ മാത്രേ ഉള്ളൂ. ഞാൻ കൽക്കാമെയിലിൽ ധാരാളം യാത്ര ചെയ്തിട്ടുണ്ട്. ധാൻബാദ് എക്സ്പ്രസ്സിൽ യാത്ര ചെയ്തിട്ടുണ്ട്. ഉത്തരേന്ത്യയിൽ ഒരുമാതിരി യാത്രക്കാരൊന്നും ടിക്കറ്റെടുക്കാറില്ല. എക്സാമിനർമാർ ടിക്കറ്റ് ചോദിക്കുകയും ഇല്ല. അബദ്ധത്തിൽ ചോദിച്ചാൽ കിട്ടുന്ന ഉത്തരം 'കാഹെ, യെ ഗാഡി തേരാ ബാപ്കാ ഹെ' എന്നായിരിക്കും. ഉള്ളംകയ്യിലിട്ട് പുകയിലയും ചുണ്ണാമ്പും തിരുമ്മി അടിച്ചു പതം വരുത്തിക്കൊണ്ടുള്ള ഈ തന്തയ്ക്കു വിളി കേൾക്കാൻ വയ്യാത്തതുകൊണ്ട് അവിടെയൊന്നും ആരും ടിക്കറ്റ് ചോദിക്കില്ല. ഏതു കമ്പാർട്ടുമെന്റിലും കേറാം. നമുക്ക് കുറച്ചുകൂടി സംസ്കാരമുള്ളതുകൊണ്ട് അവർ പറയുമ്പോൾ ഇറങ്ങി മുമ്പിലോ പിന്നിലോ ഉള്ള കമ്പാർട്ടുമെന്റിലേയ്ക്കോടുന്നു. അല്ലെങ്കിൽ ഭാരിച്ച പിഴയൊടുക്കുന്നു. ആ പിഴകൊണ്ട് റെയിൽവേ ഉത്തരേന്ത്യയിൽ നല്ല കമ്പാർട്ടുമെന്റുകളിടുന്നു. പഴയ പാട്ടപോലത്തെ കമ്പാർട്ടുമെന്റുകൾ കേരളത്തിലേയ്ക്കയക്കുന്നു.'

സംസ്കാരത്തിന് അതിന്റേതായ വിലകൊടുക്കേണ്ടിവരുന്നു. ഗണേശ് ആലോചിച്ചു. ആദ്യത്തെ ദിവസം ഒഴിഞ്ഞ കമ്പാർട്ടുമെന്റിൽ കയറിയതിന് കേൾക്കേണ്ടിവന്ന ചീത്തവിളി ഇപ്പോഴും ഓർമ്മയുണ്ട്. 'ആരോടു ചോദിച്ചാണ് കയറിയത്?'

ഉത്തരം ഇപ്പോൾ തന്റെ മുമ്പിലുണ്ട്. താൻ പറയുമോ എന്നത് വേറെ കാര്യം.

'ഇതാ, കണ്ടോളൂ.' വയസ്സൻ വീണ്ടും പറയുകയാണ്. അയാൾ മുണ്ട് ഉയർത്തിക്കാട്ടി. മുട്ടിൽ നിറയെ ഉണങ്ങിത്തുടങ്ങിയ മുറിവുകൾ. 'കഴിഞ്ഞ ആഴ്ച മോളുടെ അടുത്തേയ്ക്ക് പോകുമ്പോൾ പറ്റിയതാണ്. അറിയാതെ ഒരു സ്ലീപ്പറിൽ കയറിപ്പോയി. എക്സാമിനർ വന്നു തട്ടിക്കയറി. അയാളുടെ മുത്തച്ഛനാവാൻ പ്രായം കാണും എനിക്ക്. അതൊന്നും കാര്യമല്ല. അടുത്ത സ്റ്റേഷനിൽത്തന്നെ ഇറങ്ങി അൺറിസേർവ്ഡ് കമ്പാർട്ടുമെന്റിൽ കയറണമെന്ന് അയാൾ ശഠിച്ചു. ഏതോ ചെറിയ സ്റ്റേഷനിൽ സിഗ്നൽ കിട്ടാതെ വണ്ടി നിന്നപ്പോൾ എന്നെ ഇറക്കിവിട്ടു. അൺറിസേർവ്ഡ് കമ്പാർട്ടുമെന്റ് ഏറ്റവും മുമ്പിലോ ഏറ്റവും പിന്നിലോ ആണ്. ഞാൻ വണ്ടിയുടെ നടുവിലും. ഓടി, ഈ അറുപത്തെട്ടാം വയസ്സിൽ. ഒന്നാലോചിച്ചുനോക്കൂ. അവസാനം കമ്പാർട്ടുമെന്റിന്റെ അടുത്തെത്തിയപ്പോഴേയ്ക്ക് വണ്ടി വിട്ടു. പെട്ടെന്ന് കയറാൻ വയ്യ, കാരണം കമ്പാർട്ടുമെന്റിൽ തിരക്കുകാരണം വാതിൽക്കൽവരെ ആൾക്കാർ തിങ്ങിനിൽക്കുകയാണ്. ആരൊക്കെയോകൂടി എന്നെ വലിച്ചു കയറ്റി. അതിനിടയ്ക്ക് വീഴുകയും ചെയ്തു. അങ്ങിനെ കിട്ടിയ സമ്പാദ്യമാണ്.'

തന്റെ ഉള്ളിൽ ഏതൊക്കെയോ വാതിൽ തുറക്കുന്നതായി ഗണേശിന്ന് തോന്നി. വിന്റോസ് 98നും ഇന്റർനെറ്റ്

പ്രോട്ടോക്കോളിനുമപ്പുറത്ത് വികൃതമായ മറ്റൊരു ലോകം. ഈ അനുഭവം തനിക്കുണ്ടായപ്പോൾ ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോൾ പത്തെഴുപതു വയസ്സായ ഒരു മനുഷ്യൻ അതു വിവരിക്കുമ്പോൾ ഇങ്ങിനെയൊക്കെയാണോ സംഭവിക്കേണ്ടത് എന്ന തോന്നലുണ്ടാവുന്നു. കലങ്ങിയ മനസ്സോടെ പുറത്തേയ്ക്കു നോക്കിയിരിക്കുമ്പോഴാണ് ആ ശബ്ദം കേട്ടത്.

'ഫ്രീയാണ്, വായിക്കു.' നരച്ച താടിയ്ക്കിടയിലെവിടേയോ ഘടിപ്പിച്ച ചെറുചിരിയോടെ ഒരു പാതിരിയച്ചൻ തിരക്കിന്നിടയിൽ നടന്നുകൊണ്ട് ലഘുലേഖ വിതരണം ചെയ്യുകയാണ്.

ഗണേശിന്ന് അദ്ഭുതം തോന്നി. എല്ലാവരും ടിവിയുടെ മയക്കുന്ന രശ്മികളിൽ ആകൃഷ്ടരായി പുസ്തകങ്ങളെ മറന്നിരിക്കയാണ്. വായന ഇല്ലെന്നുതന്നെ പറയാം. ഒരു ഇരുപതു കൊല്ലം കഴിഞ്ഞാൽ പുസ്തകങ്ങൾ ഗ്രാമഫോൺ റെക്കോർഡുപോലെ ഉപയോഗശൂന്യമായി പൊടി പിടിച്ചു കിടക്കും. അങ്ങിനെയിരിക്കുമ്പോഴാണ് ഒരു പാതിരി സ്വന്തം ചെലവിൽ പുസ്തകങ്ങൾ അച്ചടിച്ച് വായന പ്രോത്സാഹിപ്പിക്കാനായി സൗജന്യവിതരണം നടത്തുന്നത്. ഗണേശിന്ന് ആദരവു തോന്നി.

എട്ടുപേജുള്ള ആ പുസ്തകത്തിന്റെ ചട്ടയിലെ ചിത്രം വളരെ അസ്വാസ്ഥ്യമുളവാക്കുന്നതാണ്. പാപത്തിന്റെ ചുമടുമേന്തി കുനിഞ്ഞുനടക്കുന്ന മനുഷ്യർ രണ്ടു വരിയായി നടന്നു നീങ്ങുന്നു. ഒരു വരി നേരിട്ട് നരകത്തീയിലേയ്ക്കാണ്. ആളിക്കത്തുന്ന തീയിൽ അവർ പതിക്കുന്നു. മറ്റേ വരി നീങ്ങുന്നത് 'അവിശ്വാസം' എന്ന വാതിലിലൂടെയാണ്. ആ വാതിൽ കടന്നാലും എത്തുന്നത് നരകത്തീയിലേയ്ക്കു തന്നെ. ഇനി മറ്റൊരു വാതിൽകൂടിയുണ്ട്. ചുവപ്പുനിറത്തിൽ വാതിലിനു മുകളിൽ 'ക്രിസ്തു' എന്നെഴുതിയിരിക്കുന്നു. ആ വാതിൽ കടന്നുചെല്ലുന്നത് മേഘങ്ങൾക്കിടയിൽ അത്യുന്നതങ്ങളിലുള്ള സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്ന മനോഹരമായ പാതയിലേയ്ക്കാണ്. ആ പാതയിൽ ആരുമുണ്ടായിരുന്നില്ലെന്നത് ഗണേശിനെ അദ്ഭുതപ്പെടുത്തി. വാതിലിനു കീഴിൽ രണ്ടു കൈയ്യും നീട്ടി പാപികളെ സ്വീകരിക്കാൻ നിൽക്കുന്ന ക്രിസ്തുവിന്റെ ഏകാന്തത മനസ്സിൽ തട്ടുന്നതായിരുന്നു. ആ വാതിൽക്കലേയ്ക്കു നോക്കാതെ, രക്ഷകനെ ശ്രദ്ധിക്കാതെ പാപത്തിന്റെ ഭാണ്ഡവുമേന്തി മനുഷ്യർ നടന്നു നീങ്ങുകതന്നെയാണ്, അവിശ്വാസത്തിലേയ്ക്ക്, നരകത്തീയിലേയ്ക്ക്.

ആദ്യത്തെ പേജിൽ വലുതായി എഴുതിയിരിക്കുന്നു.

'പാപത്തിന്റെ ശമ്പളം മരണമത്രെ.'

ഒരു പുതിയ ലോകം ഗണേശിന്റെ മുമ്പിൽ തുറക്കപ്പെടുകയാണ്. അയാൾ പുസ്തകം ആദ്യംതൊട്ട് വായിക്കാൻ തുടങ്ങി. സ്റ്റേഷനുകൾ പിന്നിടുന്നതറിയാതെ പുസ്തകത്തിൽ ആകൃഷ്ടനായി ഗണേശ് ഇരുന്നു. ഒരു വട്ടമല്ല, രണ്ടു വട്ടം പുസ്തകം വായിച്ചപ്പോഴേയ്ക്ക് ആലുവ എത്തിയിരുന്നു. ഒന്നര മണിക്കൂറിന്റെ വിരസത അയാളെ കബളിപ്പിച്ച് സെക്കന്റുകളായി പൊലിഞ്ഞുപോയിരുന്നു. അയാൾ പുസ്തകത്തിന്റെ ചട്ടയിലെ ചിത്രം നോക്കി കുറേ നേരം ഇരുന്നു. ലോകം തനിക്കിനി ഒരിക്കലും മുമ്പേപ്പോലെയാവില്ല എന്നയാൾ അറിഞ്ഞു. ഓഫീസിൽ തമാശ പറഞ്ഞു കളിച്ചിരുന്നത്, വീട്ടിൽ തന്റെ മോണോക്രോം മോണിറ്ററുള്ള കമ്പ്യൂട്ടറിൽ വാർക്രാഫ്റ്റ് കളിച്ചിരുന്നത്, രാത്രി കിടക്കുമ്പോൾ.... ഇല്ലാ, ഒന്നുംതന്നെ ഇനി പണ്ടത്തെപ്പോലെയാവില്ല. ഇനിയുണ്ടാവാൻ പോകുന്നത് മറ്റൊരു ജന്മമാണ്. പാപത്തിന്റെ കനത്ത ഭാണ്ഡങ്ങളുമായി നടന്നുനീങ്ങുന്ന മനുഷ്യർക്കിടയിൽ അയാൾ തന്റെ സ്ഥാനം കണ്ടെത്തി. തന്റെ തലയിലെ ഭാണ്ഡം വളരെ വലുതാണെന്നയാൾ കണ്ടു. അതെവിടെയെങ്കിലും ഇറക്കിവയ്ക്കണം.

പുസ്തകത്തിന്റെ അവസാനത്തെ പേജിൽ പ്രസാധക സ്ഥാപനത്തിന്റെ പേരും വിലാസവും ഉള്ളത് ഒരാശ്വാസത്തോടെ ഗണേശ് കണ്ടു. മാത്രമല്ല പിന്നിട്ട പാപജീവിതം അവസാനിപ്പിച്ച് മാനസാന്തരപ്പെടുകയും, ശിഷ്ടജീവിതത്തിലെങ്കിലും പാപത്തിൽനിന്ന് മുക്തി നേടുകയും ചെയ്യാൻ ധ്യാനം കൂടുകയെന്ന കുറുക്കുവഴിയുണ്ടെന്ന് അയാൾ മനസ്സിലാക്കി. ദൗത്യം ആ സ്ഥാപനംതന്നെ ഏറ്റെടുക്കുന്നുമുണ്ട്. എറണാകുളം ടൗണിൽ വണ്ടിയിറങ്ങി ബൈക്ക് സ്റ്റാർട്ടാക്കി വീട്ടിലേയ്ക്കു പോകുമ്പോൾ ഒരു സംശയം അയാളെ വല്ലാതെ അലട്ടി. വണ്ടിയിൽനിന്ന് ലഭിച്ച പുസ്തകത്തിന്റെ ചട്ടയിലെ ചിത്രത്തെ സംബന്ധിക്കുന്നതായിരുന്നു അത്. ഇടത്തുവശത്തെ കമനീയകവാടത്തിനു മുമ്പിൽ കൈയ്യും ഉയർത്തി പാപികളെ സ്വീകരിച്ച് സ്വർഗ്ഗത്തിലേയ്ക്കുള്ള പാതയിലേയ്ക്കുയർത്താനായി നിൽക്കുന്ന യേശുവിനെ അവഗണിച്ച് എന്തിന് മനുഷ്യർ പാപത്തിന്റെ കെട്ടുകളുമായി അവിശ്വാസത്തിലേയ്ക്കും നരകത്തിലേയ്ക്കും പോകുന്നു? ഗണേശിനെ സംബന്ധിച്ചേടത്തോളം അത് അന്വേഷണത്തിന്റെ ആരംഭമായിരുന്നു.

വീട്ടിൽ ചെന്ന് ഒരിക്കൽക്കൂടി ആ ലഘുലേഖ വായിച്ചു. യേശുവിന്റെ മഹത്തായ ത്യാഗത്തെപ്പറ്റി ഉൾക്കാഴ്ച അങ്ങിനെയാണ് അയാൾക്കുണ്ടായത്. പുസ്തകത്തിന്റെ ചട്ടയിലെ ചിത്രത്തിന്റെ പ്രസക്തി ഒരു വെളിപാടുപോലെ അയാളിൽ പതഞ്ഞുപൊങ്ങി. പാപികളെ സ്വർഗ്ഗത്തിലേയ്ക്കുയർത്താൻ മിശിഹാ സ്വയം ബലിയർപ്പിക്കുകയാണുണ്ടായതെന്ന് അയാൾ വേദനയോടെ മനസ്സിലാക്കി. പുസ്തകത്തിൽ കൊടുത്ത ചിത്രം യേശുവിന്റെ മുഴുവൻ പ്രാധാന്യവും വെളിപ്പെടുത്തുന്നതിൽ ദയനീയമായി പരാജയപ്പെട്ടിരുന്നു.

ലോകം ഇന്ന് പുതിയൊരു ഉണർവ്വോടെയാണ് അയാൾ നോക്കിക്കാണുന്നത്. പാലാരിവട്ടത്ത് നിന്ന് ഒരു സർവീസ് കാൾ അയാളുടെ പേജറിൽ വന്നിരുന്നു. രാവിലെ പാലാരിവട്ടത്തേയ്ക്കു കുതിക്കുമ്പോൾ വഴിയിൽ ഇരുവശത്തും വച്ച പോസ്റ്ററുകളിൽ അയാളുടെ ശ്രദ്ധ തിരിഞ്ഞു. ഇതൊന്നും ഇതുവരെ തന്റെ ശ്രദ്ധയിൽ പെട്ടിരുന്നില്ലെന്നത് അദ്ഭുതകരമായി അയാൾക്കു തോന്നി. പുതുതായി കിട്ടിയ വീറോടെ അയാൾ പോസ്റ്ററുകളുടെ എണ്ണം വച്ചു. യേശുവിനേയോ കൃസ്തുമതത്തേയോ പറ്റിയുള്ള പോസ്റ്ററുകളുടെ എണ്ണം 46, ഇസ്ലാമിനെ പറ്റിയുള്ളത് രണ്ടെണ്ണം, ഹിന്ദുമതത്തെപ്പറ്റിയുള്ള പോസ്റ്റർ ഒന്ന്. ഈ മൂന്നു പോസ്റ്ററുകളും താരതമ്യേന ചെറുതും കണ്ണിൽ പെടാൻ വിഷമമുള്ളതുമായിരുന്നു. മറിച്ച് 46 പോസ്റ്ററുകളിൽ രണ്ടടി വീതിയും ഒന്നര അടി ഉയരവും തൊട്ട് പതിനഞ്ചടി ഉയരമുള്ള കട്ടൗട്ട് വരെയുണ്ട്. അയാൾ ഓടിച്ചിരുന്ന ബൈക്കിന്റെ വേഗമാണോ, പുതുതായി ലഭിച്ച മാനസാന്തരമാണോ എന്നറിയില്ല, അയാളുടെ മനസ്സിൽ ഒരു മിന്നൽപോലെ കടന്നു വന്നത് യേശു അപകടത്തിലാണെന്ന സന്ദേശമായിരുന്നു. ഓരോ പോസ്റ്ററും യേശു അപകടത്തിലാണ്, രക്ഷിക്കുവിൻ എന്നു പറയുന്നപോലെ ഗണേശിനു തോന്നി. രണ്ടു കൈകളും ഉയർത്തി നിൽക്കുന്ന കട്ടൗട്ടുപോലും 'എന്നെ രക്ഷിക്കു' എന്ന് ഏതോ നരകക്കുഴിയിൽനിന്നുകൊണ്ട് പറയുകയാണ്. ഒരു അടിയന്തിരാവസ്ഥ സംജാതമായിരിക്കയാണ്. രക്ഷിക്കേണ്ടത് തന്റെ കടമയാണെന്ന ബോധം അവഗണി

ക്കാൻ വയ്യാത്ത ഒരുൾവിളിയായി ഉയർന്നപ്പോൾ അയാൾ ധ്യാനകേന്ദ്രത്തിൽ ധ്യാനം കൂടാൻ പോയി.

രണ്ടായിരം പേർക്കിരിക്കാവുന്ന ഹാളിൽ ചുരുങ്ങിയത് മൂവ്വായിരം പേരെങ്കിലും ഉണ്ടാവുമെന്നയാൾ ഊഹിച്ചു. അൾത്താരയിൽ ക്രൂശിതനായ യേശുവിന്നു താഴെ അച്ചൻ പ്രസംഗിക്കുകയാണ്. ഓരോ വാക്കുകളും നിർത്തിനിർത്തി, ഇരുമ്പാണികൾ അടിച്ചുതാഴ്ത്തുന്നപോലെ അച്ചൻ പ്രസംഗിച്ചു. സ്വന്തം ജീവിതത്തെപ്പറ്റിയായിരുന്നു പ്രസംഗം. ജീവിതത്തിൽ പാപങ്ങൾ ചെയ്തും ഈശ്വരവിചാരമില്ലാതെയും നടന്ന കോളേജ് ദിനങ്ങൾ. പെട്ടെന്ന് ഒരു സന്ധ്യക്ക് ഒരുൾവിളിതോന്നി. യേശു വിളിക്കുകയായിരുന്നു. നിന്റെ ജീവിതം ഇങ്ങിനെ പാഴാക്കാനുള്ളതല്ല. എന്താണ് ഉൾവിളി? അച്ചൻ നിർത്തിനിർത്തിക്കൊണ്ട് ചോദിച്ചു. നിന്റെ – ജീവിതം – ഇങ്ങിനെ – പാഴാക്കാനുള്ളതല്ലാാ. അതോടെ മാനസാന്തരത്തിന്റെ നാളുകൾ. ജീവിതം പെട്ടെന്ന് ധന്യമാകുന്നു.

'ഹാലേലൂയാ.' അച്ചൻ ഒരു പ്രകോപനവുമില്ലാതെ വിളിച്ചു പറഞ്ഞു. മൂവ്വായിരം കണ്ഠങ്ങൾ അതേറ്റു പാടി. വീണ്ടും ഹാലേലൂയ വിളികൾ. ഹാൾ പ്രകമ്പനം കൊള്ളുന്നത് ഗണേശനറിഞ്ഞു. അപകടമുദ്രകൾ, വിപൽസന്ദേശങ്ങൾ, ഒരലയായി തന്നെ തേടിയെത്തുന്നു. യേശു അപകടത്തിലാണ്. രക്ഷിക്കൂ.

സ്തുതിയുടെ അലകൾ കെട്ടടങ്ങി. അച്ചൻ വീണ്ടും സംസാരിക്കുകയാണ്. യേശു ചെയ്ത അദ്ഭുതങ്ങളെപ്പറ്റിയായിരുന്നു പ്രസംഗം. അപസ്മാരരോഗിയായ ബാലനെ സുഖപ്പെടുത്തുന്നതുതൊട്ട്, അന്ധന്മാർക്കു കാഴ്ച കൊടുക്കുന്നത്, അത്തിവൃക്ഷത്തെ ശപിക്കുന്നത്, അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരം പുരുഷന്മാർക്കു വിളമ്പുന്നത്, വെള്ളത്തിനുമീതെ നടക്കുന്നത്, കടലിനെ ശാന്തമാക്കുന്നത്, രോഗശാന്തി നടത്തുന്നത്, മരിച്ച ലാസറെ പുനർജീവിപ്പിക്കന്നത്, എല്ലാറ്റിനുമുപരി സ്വന്തം മരണത്തെ അതിജീവിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുന്നത്. ഓരോ അദ്ഭുതങ്ങളെപ്പറ്റി പറഞ്ഞാലും അച്ചൻ ഉച്ചത്തിൽ ഹാലേലൂയ പറയുകയും ഹാൾ അതേറ്റുപറയുകയും ചെയ്തു.

യേശുവിന്റെ ത്യാഗത്തെപ്പറ്റിയായിരുന്നു പിന്നീടുള്ള പ്രസംഗം മുഴുവൻ. 'നമ്മൾ ചെയ്ത പാപത്തിനു പരിഹാരമായി യേശു പീഡനം സഹിച്ചു കുരിശിൽ നമുക്കു വേണ്ടി മരിച്ചു.' യേശുവിന്റെ ആത്മബലിയുടെ കഥകൾ അച്ചന്റെ വായിൽ നിന്ന് ഉതിർന്നുകൊണ്ടിരുന്നു. അച്ചന്റെ ശബ്ദത്തിന്ന് ഒരു താരാട്ടു പാട്ടിന്റെ ഈണമുണ്ടായിരുന്നു. അത് ഗണേശനെ ഒരു മയക്കത്തിലേയ്ക്കു നയിക്കുകയാണ്. ശരീരം മയക്കത്തിലായപ്പോൾ മനസ്സുണർന്നു പ്രവർത്തിക്കാൻ തുടങ്ങി. യുക്തി മനസ്സിന്റെ നിയന്ത്രണമേറ്റെടുത്ത് ഗണേശന് പ്രശ്നങ്ങളുണ്ടാക്കി. തന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം വിശുദ്ധഗ്രന്ഥത്തിലുണ്ടാവാമെന്ന പ്രതീക്ഷയിൽ കാസറ്റുകളും പുസ്തകങ്ങളും വിൽക്കുന്ന കൗണ്ടറിൽ ക്യൂ നിന്ന് അയാൾ ഒരു ബൈബിൾ വാങ്ങി. എൺപതു രൂപ. തന്റെ ചോദ്യങ്ങൾക്കുള്ള മറുപടി അതിലുണ്ടെങ്കിൽ ഈ തുക നിസ്സാരമാണ്.

കൗണ്ടറിലിരുന്ന സാരിയുടുത്ത സ്ത്രീ പറഞ്ഞു.

'ഇന്നലെ ഒരദ്ഭുതം നടന്നിട്ടുണ്ട്.'

'എന്തദ്ഭുതം?' ഗണേശിനു മനസ്സിലായില്ല.

ഇപ്പോൾ ആ സ്ത്രീയാണ് അദ്ഭുതപ്പെട്ടത്.

'അദ്ഭുതം തന്നെ. ഇവിടെ ഒട്ടുമിക്കവാറും ദിവസങ്ങളിൽ അദ്ഭുതങ്ങൾ സംഭവിക്കാറുണ്ട്. രോഗശാന്തിക്കാണ് ധ്യാനം കൂടാൻ വരുന്നത്. ഇന്നലെയുണ്ടായത് ജന്മനാൽ മുടന്തനായ ഒരാൾക്കാണ്.'

'എന്നുവച്ചാൽ?'

'ധ്യാനം പകുതിയായപ്പോൾ അയാൾ എഴുന്നേറ്റു നടക്കാൻ തുടങ്ങി.'

ഗണേശ് ഒന്നും പറഞ്ഞില്ല.

'എന്താ അത് അദ്ഭുതമല്ലേ?'

ഗണേശ് തലയാട്ടി. അദ്ഭുതം തന്നെയാണ്. പക്ഷേ എങ്ങിനെയാണ് അതു സംഭവിക്കുന്നത്?

'യേശു ചെയ്യുന്നതാണ്. ധ്യാനത്തിന്റെ നിമിഷങ്ങളിൽ അച്ചനെ യേശു ആവേശിക്കുന്നു. അങ്ങിനെ അച്ചൻവഴി യേശുതന്നെയാണ് രോഗശാന്തി നടത്തുന്നത്. കർത്താവിൽ വിശ്വസിക്കുന്നവർക്കു മാത്രമേ രോഗശാന്തിയുണ്ടാവൂ.'

രാത്രി അച്ഛനും അമ്മയും കാണാതെ ഗണേശ് ബൈബിൾ തുറന്നു വായിച്ചു. മേശപ്പുറത്ത് ഇരുന്നിരുന്ന ഗണപതിയുടെ വിഗ്രഹം അയാളെ അത്രതന്നെ കരുണയില്ലാതെ നോക്കി. ഗണപതിയെ തല്ക്കാലം മേശവലിപ്പിലേയ്ക്കു വച്ച് അയാൾ ബൈബിളിൽ മുഴുകി. അഞ്ചു രാത്രികളിൽ ഗണപതി മേശവലിപ്പിലുറങ്ങവേ അയാൾ ബൈബിൾ മുഴുവൻ വായിച്ചു തീർത്തു.

ഗണേശിന്റെ മനസ്സ് ആകെ കുഴഞ്ഞു മറിഞ്ഞിരുന്നു. സംശയങ്ങൾ തീർത്തുതരുമെന്ന് കരുതിയ ഗ്രന്ഥം തനിക്ക് കൂടുതൽ സംശയങ്ങളുണ്ടാക്കുകയാണ് ചെയ്തത്.

കമ്പ്യൂട്ടറുകൾ അയാൾക്ക് പ്രശ്നങ്ങളുണ്ടാക്കിയ ആഴ്ചയായിരുന്നു അത്. റെയിൽവേ കാന്റീനിലെ ഭക്ഷണവും അയാളിൽ അതൃപ്തി നിറച്ചു. അവിയലിൽ വേവാത്ത കഷ്ണങ്ങൾ, സാമ്പാറിൽ മൂത്ത വെണ്ടക്ക, വല്ലാതെ പുളിച്ച തൈര്. സ്വാമിയുമായുള്ള ആത്മീയബന്ധത്തിന് ഇളക്കം തട്ടിയെന്നയാൾ കണ്ടു.

അയാൾ വീണ്ടും ധ്യാനകേന്ദ്രത്തിലെത്തിയത് സംശയത്തിന്റെ ഭാണ്ഡവുമേന്തിയാണ്. പ്രസംഗത്തിന്റെ ഇടവേളകളിൽ ധ്യാനം കൂടുന്നവർക്ക് അച്ചനോട് നേരിട്ട് സംസാരിക്കാമായിരുന്നു. ഒരിടവേളയിൽ ഗണേശ് തന്റെ സംശയങ്ങൾ അച്ചന്റെ മുമ്പിൽ കാഴ്ചവച്ചു.

'അച്ചന്റെ പ്രസംഗത്തിൽ പറയുന്നതും ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ളതുമായ അദ്ഭുതകൃത്യങ്ങൾ യേശു ശരിക്കും ചെയ്തവയാണോ?'

'വിശുദ്ധപുസ്തകത്തെ സംശയിക്കേണ്ടതില്ല.'

അച്ചന്റെ മറുപടി ഗണേശനെ അസ്വസ്ഥനാക്കി. കഴിഞ്ഞ ആഴ്ച അച്ചന്റെ പ്രസംഗം കേൾക്കുമ്പോഴും, പിന്നീട് വീട്ടിൽനിന്ന് ബൈബിൾ വായിക്കുമ്പോഴും അയാളുടെ മനസ്സിൽ ഇരച്ചു കയറിയത് കോളേജിൽ ഒരിക്കൽ നടന്ന ജാലവിദ്യാപ്രകടനമായിരുന്നു. മാന്ത്രികൻ ഓരോ അഭ്യാസങ്ങൾ കാട്ടുമ്പോഴും വിദ്യാർത്ഥികൾ കൈകൊട്ടി അഭി

നന്ദിച്ചു. അതെല്ലാം വെറും ട്രിക്കുകൾ മാത്രമാണെന്നറിയുമ്പോഴും അയാൾക്ക് ആ ജാലവിദ്യയുടെ മാന്ത്രികവലയത്തിൽനിന്നു പുറത്തുകടക്കാൻ കഴിഞ്ഞിരുന്നില്ല. ഇവിടെ യേശുവിന്റെ അദ്ഭുതകൃത്യങ്ങൾ വിവരിക്കുമ്പോൾ കൈയ്യടികൾക്കു പകരം ഹാലേലൂയ വിളികളുയരുന്നുവെന്നു മാത്രം. യേശുവിനെ വെറുമൊരു മാന്ത്രികനായി കണക്കാക്കാൻ അയാളുടെ മനസ്സ് വിസമ്മതിക്കുകയും ചെയ്തു. യേശു ചെയ്ത കാര്യങ്ങളിൽ, അത്തിവൃക്ഷത്തെ ശപിച്ചതൊഴികെ എല്ലാം നല്ലതിനായിരുന്നുവെന്നും അയാൾക്കറിയാം. അത്തിവൃക്ഷം വന്ധ്യയായത് അതിന്റെ തെറ്റല്ല. ആ കാരണംകൊണ്ട് അതിനെ ശപിച്ച് ഉണക്കിയത് ന്യായീകരിക്കാൻ ഗണേശിനു പറ്റിയില്ല. അതെന്തുമാകട്ടെ, അയാളെ അലട്ടിയിരുന്ന സംശയം ത്യാഗത്തിന്റേതായിരുന്നു. അദ്ഭുതകൃത്യങ്ങളും ത്യാഗവും തമ്മിൽ പൊരുത്തപ്പെട്ടു പോകുന്നില്ല. യേശു ഒരു വെറും മനുഷ്യൻ മാത്രമായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ത്യാഗം വിലയേറിയതാകുമായിരുന്നു. അദ്ദേഹം ഏറ്റുവാങ്ങിയ പീഡനങ്ങളും, കുരിശിൽ തറയ്ക്കുമ്പോൾ സഹിച്ച വേദനയുമെല്ലാം ഒരു സാധാരണ മനുഷ്യന്നാണ് സംഭവിച്ചിരുന്നതെങ്കിൽ അത് പാപത്തിന്റെ കറവീണ സഹജീവിയെ രക്ഷിക്കാനുള്ള മഹത്തായ ത്യാഗമാകുമായിരുന്നു. ഇപ്പോഴതല്ല സ്ഥിതി. മരിച്ച ലാസർക്ക് ഉയിരു കൊടുത്ത, കുഷ്ഠരോഗിയുടെ രോഗം ഭേദമാക്കിയ, അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ സുഭിക്ഷമായി തീറ്റിച്ച, പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കി മാറ്റിയ, വെള്ളത്തിനുമീതെ നടന്ന, മരിച്ചശേഷം സ്വയം ഉയർത്തെഴുന്നേറ്റ ദൈവപുത്രന്ന് പീഡനങ്ങളേറ്റു വാങ്ങേണ്ട ആവശ്യമുണ്ടായിരുന്നില്ല, കുരിശിൽ തറച്ചാൽ വേദനയുണ്ടാവാൻ വഴിയില്ല. അങ്ങിനെയാകുമ്പോൾ ഇതിലെല്ലാം ത്യാഗമെവിടെ? വേദനയുള്ളിടത്തേ ത്യാഗവുമുള്ളൂ. യേശു ചെയ്ത അദ്ഭുതങ്ങൾ യേശുവിനുതന്നെ വിനയാവുകയാണ്.

അച്ചൻ ഗണേശിനെ ദേഷ്യത്തോടെ നോക്കി. മറുപടി പറയാനുള്ള കഴിവില്ലായ്മയിൽ അദ്ദേഹത്തിന് സ്വയം അമർഷം തോന്നിയിരുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പ് അദ്ദേഹം റോമിൽ ഒരു പേപൽ കൺവെൻഷനു പോയിരുന്നു. തൊട്ടു മുമ്പാണ് ജെസ്യൂട്ടുകൾ പ്രപഞ്ചോൽപ്പത്തിയെപ്പറ്റി ശാസ്ത്രജ്ഞന്മാരുടെ ഒരു കൺവെൻഷൻ വിളിച്ചുകൂട്ടിയത്. ഭൗതികശാസ്ത്രത്തിന്റെ ഇരച്ചുകയറ്റം ആത്മീയമായ പല അടിത്തറകളേയും വിശ്വാസങ്ങളേയും ശക്തമായി ഇളക്കിമറിച്ച പശ്ചാത്തലത്തിലായിരുന്നു അത്. സൃഷ്ടിയെപ്പറ്റിയും, പ്രപഞ്ചത്തിന്റെ പ്രായത്തെപ്പറ്റിയും. ശാസ്ത്രവും ബൈബിളും തമ്മിലുള്ള പൊരുത്തക്കേട് എങ്ങിനെ കുറക്കാമെന്നായിരുന്നു അവരുടെ നോട്ടം. കുറയ്ക്കാൻ പറ്റിയില്ലെന്നു മാത്രമല്ല തങ്ങളുടെ കണ്ടുപിടുത്തങ്ങളിൽ ശസ്ത്രജ്ഞന്മാർ തെളിവുസഹിതം ഉറച്ചുനിൽക്കുകതന്നെ ചെയ്തു. ഇന്നു കാണുന്ന ദൃശ്യപ്രപഞ്ചത്തിന്റെ തുടക്കം ഒരു വലിയ പൊട്ടിത്തെറിയിലാണെന്നും, ആ പൊട്ടിത്തെറിക്ക് പതിനായിരം കോടി വർഷത്തിലധികം പഴക്കമുണ്ടെന്നും അവർ തെളിവുസഹിതം വാദിച്ചപ്പോൾ പിടിച്ചു നിൽക്കാനാവില്ലെന്ന് പോപ്പിനു മനസ്സിലായി. അതിന്റെ അന്ത്യത്തിൽ ശാസ്ത്രജ്ഞന്മാരുമായി അനുവദിച്ചിരുന്ന ഒരു കൂടിക്കാഴ്ചയിൽ പോപ്പ് പറഞ്ഞു. പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയെപ്പറ്റി നിങ്ങൾ പറയുന്നതൊക്കെ ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. ബിഗ്ബാങ്ങിലാണ് തുടക്കമെന്ന് സമ്മതിക്കുന്നു. പക്ഷേ എനിക്ക് ഒരഭ്യർത്ഥനയുണ്ട്. ബിഗ്ബാങ് സൃഷ്ടിയുടെ നിമിഷമാണ്. അതിനുള്ളിലേയ്ക്ക്, അതായത് ദൈവത്തിന്റെ സൃഷ്ടിയുടെ ഉള്ളറകളിലേയ്ക്ക് നിങ്ങൾ എത്തിനോക്കരുത്. അത് ദൈവനിന്ദയാവും.

അച്ചൻ നെടുവീർപ്പിട്ടു. അദ്ദേഹത്തിന്ന് ഇന്നറിയാം പ്രപഞ്ചം സ്ഥലകാലപരിധിയില്ലാത്തതാണെന്നും, അതുകൊണ്ടുതന്നെ ആദ്യന്തവിഹീനമാണെന്നും. സൃഷ്ടിയുടെ മുഹൂർത്തം എന്നൊന്നില്ല. ബൈബിൾ എടുത്ത് ധ്യാനം നയിക്കുന്നത്, ആയിരാമാണ്ടിലെഴുതിയ സയൻസ് ബുക്കെടുത്ത് രണ്ടായിരാമാണ്ടിലെ കുട്ടികളെ പഠിപ്പിക്കുന്നതുപോലെയാണ്.

'ഒന്നുകിൽ യേശുവിൽ ആരോപിക്കപ്പെടുന്ന അദ്ഭുതങ്ങൾ കെട്ടുകഥകളായിരിക്കണം' ഗണേശ് പറഞ്ഞു. 'അല്ലെങ്കിൽ യേശു നമുക്കുവേണ്ടി കുരിശിലെ ത്യാഗമനുഷ്ഠിച്ചു എന്നത് മാറ്റിയെഴുതണം. രണ്ടും തമ്മിൽ ചേർന്നു പോവില്ല.'

ഒരു കന്യാസ്ത്രീ വന്ന് അച്ചനെ രക്ഷിച്ചു.

'നമുക്ക് ഇതിനെപ്പറ്റി കൂടുതൽ സംസാരിക്കാം.' അച്ചൻ പറഞ്ഞു. 'ഇപ്പോൾ പ്രാർത്ഥനക്കുള്ള സമയമായിരിക്കുന്നു.'

ധ്യാനം കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ ഗണേശ് ബൈബിൾ പുറത്തെടുത്തു പിടിച്ചിരുന്നു. ഒരനൈച്ഛികചേഷ്ടമാത്രമായിരുന്നു അത്. സഞ്ചിയിൽ സ്ഥലമുണ്ടായിരുന്നിട്ടും അതെടുത്ത് പുറത്തു പിടിച്ചതിന്റെ കാരണം അയാൾക്കു മനസ്സിലായില്ല. പുറത്തു കടന്ന് ബസ്സ്റ്റോപ്പിലേയ്ക്കു നടക്കുമ്പോഴാണ് എതിർവശത്തു നിന്ന് വന്നിരുന്ന ചെറുപ്പക്കാരനെ കാണുന്നത്. പിറ്റേന്നു തുടങ്ങുന്ന ധ്യാനത്തിനു പേർ ചേർക്കാൻ വരുന്ന ആരെങ്കിലുമായിരിക്കുമെന്നയാൾ ഓർത്തു. ഗണേശ് അയാളെ തടഞ്ഞു നിർത്തി. കൈയ്യിലുള്ള ബൈബിൾ നീട്ടിക്കൊണ്ട് അയാൾ പറഞ്ഞു.

'അകത്ത് എൺപതു രൂപയാണ് വില. പകുതി വില തന്നാൽ മതി എടുത്തുകൊള്ളൂ.'

അയാൾ ബൈബിൾ വാങ്ങി, വർഷാരംഭത്തിൽ സ്കൂളിൽ പോകുന്ന ഒരു വിദ്യാർത്ഥി ടെക്സ്റ്റ്ബുക് നോക്കുന്നപോലെ പരിശോധിച്ചശേഷം അയാൾ വിശ്വാസമാവാതെ ഗണേശിനെ നോക്കി.

'അതെ, പുതിയതുതന്നെയാണ്.'

വീട്ടിൽ ചെന്നശേഷം കുളിച്ച് അമ്മ വിളമ്പിത്തന്ന ഊണുകഴിച്ച്, കിടപ്പറയിലെ കമ്പ്യൂട്ടറിനു മുമ്പിൽ ഇരുന്ന് വാർക്രാഫ്റ്റ് കളിക്കാൻ തുടങ്ങുമ്പോൾ അയാളെ അലട്ടിയിരുന്നത് താൻ വഴിയിൽവച്ചു കണ്ട ചെറുപ്പക്കാരന്റെ നെറ്റിയിലെ ചന്ദനക്കുറിയായിരുന്നു. അയാളുടെ പേർ ഗണേശ് ആവരുതേ എന്നയാൾ പ്രാർത്ഥിച്ചു.

back to index

# വലിയൊരു ആൽബം

മാഷ് അപ്പോഴും അന്തം വിട്ട് നിൽക്കുകയാണ്. മുഖത്തുനിന്ന് കുറച്ചുമുമ്പുണ്ടായ ഞെട്ടലിന്റെ അന്ധാളിപ്പ് മാഞ്ഞു പോയിട്ടില്ല.

എനിക്കു കലശലായി ദേഷ്യം പിടിച്ചുവെന്ന് മാസ്റ്റർക്ക് മനസ്സിലായി. അദ്ദേഹം അപ്പോഴും എന്തോ പിറുപിറുക്കു കയാണ്, ക്ഷമാപണത്തോടെ. 'ഞാൻ അറിഞ്ഞില്ല ദാസൻ ......'

ഒരാഴ്ചയായി ആന്റണി മാസ്റ്റർ എന്റെ അടുത്ത് വന്നു കൂടിയിട്ട്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എന്നിൽ അടിച്ചേൽ പ്പിക്കുകയാണുണ്ടായത്. പെട്ടെന്നൊരു രാവിലെയാണദ്ദേഹം കയറി വന്നത്. ഒരു ചെറിയ സൂട്ട്കേസും കുടയുമായി ആന്റണി മാസ്റ്റർ വാതിൽക്കൽ നിൽക്കുന്നു. ഞാൻ ഓഫീസിൽ പോകാനായി വാതിൽ തുറന്നപ്പോൾ മാസ്റ്റർ കുത്തനെ നിൽക്കുകയാണ്. എന്നെ കണ്ടപ്പോൾ ആ മുഖം വികസിച്ചു.

'ആ, അപ്പൊ ഇതന്ന്യാണല്ലെ ദാസന്റെ വീട്. ഞാൻ സംശയിച്ചു നിക്ക്വായിരുന്നു.'

'അപ്പൊ, മാസ്റ്റർക്ക് ബെല്ലടിക്കായിര്ന്നില്ല്യേ?'

'എങ്ങിന്യാടോ നല്ല ഒറപ്പില്ലാതെ ഒരു വീട്ടില് കേറി ബെല്ലടിക്ക്യാ? ഇത് ദാസന്റെ വീടല്ലെങ്കിലോ?'

'മാഷ് എപ്പഴെ വന്നത്?'

'ഒരു മണിക്കൂറായി. അകത്ത്ന്ന് ഒച്ചിം അനക്കും ഒന്നുംല്ല്യ. അപ്പങ്ങനെ സംശയിച്ച് നിൽക്കുമ്പഴാ താൻ വാതിൽ തുറന്നത്.'

വല്ലാത്തൊരു മനുഷ്യൻ. എനിക്ക് അല്പം ദേഷ്യവും വന്നു. ഒരു മണിക്കൂർ. ഞാൻ കുളിയും പ്രാതലും ഒക്കെ കഴിച്ച് പത്രത്താളുകളിൽ ആദ്യവായനയിൽ ഒളിച്ചുകിടന്ന വല്ല വാർത്തയുമുണ്ടോ എന്നു പരതി സമയം കളയുക യായിരുന്നു. അപ്പോൾ ബെല്ലടിച്ചിരുന്നെങ്കിൽ മാസ്റ്റർ വന്ന കാര്യം ചോദിച്ച് സമയത്തിനു തന്നെ ഓഫീസിൽ പോകാ മായിരുന്നു.

ഞാൻ മുമ്പിൽ നിൽക്കുന്ന വയസ്സനെ നോക്കി.എഴുപതിനു മീതെ പ്രായമായിട്ടുണ്ടാവും. മെലിഞ്ഞ് നീണ്ട രൂപം. ചുളിഞ്ഞ മുഖവും കഴുത്തും. നാൽപ്പതു കൊല്ലം മുമ്പ്, വരിവരിയായി നിരന്നു നിൽക്കുന്ന കുട്ടികളുടെ മുമ്പിൽ വച്ച് ഡ്രിൽ അഭ്യസിപ്പിക്കുന്ന ചെറുപ്പക്കാരന്റെ രൂപം എന്റെ മനസ്സിൽ ആവാഹിക്കാൻ കഴിഞ്ഞില്ല.

'വരൂ' മാസ്റ്റർ നിലത്തുവച്ച സൂട്ട്കേസ് എടുക്കാൻ കുനിഞ്ഞുകൊണ്ട് ഞാൻ പറഞ്ഞു.

'ഏയ്' എന്നെ തടഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു. 'താൻ ബുദ്ധിമുട്ടണ്ടടോ. അതൊക്കെ എടുക്കാന്ള്ള ആരോഗ്യം എനിക്ക് ഇപ്പൊണ്ട്. ഒന്നുംല്ലെങ്കില് തന്ന്യാക്കെ ഡ്രില്ലെടുപ്പിച്ച മാഷല്ലെ?'

ലതിക സാധാരണപോലെ മുഖം അല്പം കനപ്പിച്ച് നിൽക്കുകയാണ്. മാഷും ഞാനും തമ്മിലുണ്ടായ സംവാദം ആയമ്മ കേട്ടിരിക്കുന്നു. മാസ്റ്റർ കയ്യിലേന്തിയ സൂട്ട്കേസും അവൾ കണ്ടിരുന്നു. പെട്ടിയും കിടക്കയുമായി വരുന്ന അതിഥികളെ അവൾക്ക് വലിയ പ്രിയമില്ല.

'എന്താ അറിയ്യോ?' മാസ്റ്റർ ചോദിച്ചു.

ലതിക ചിരിച്ചെന്നു വരുത്തി.

'ഞാൻ നിങ്ങടെ കല്ല്യാണത്തിന് കണ്ടതാണ്. ഓർമ്മണ്ടോന്നെ?ഓർമ്മയുണ്ടെന്ന് ലതിക തലയാട്ടി. ഞങ്ങളുടെ കല്ല്യാണത്തിനു ശേഷവും മാസ്റ്ററെ കണ്ടിട്ടുണ്ട്. എന്റെ രണ്ടനുജന്മാരുടെയും അനുജത്തിയുടെയും കല്ല്യാണത്തിന് മാസ്റ്റർ വന്നിരുന്നു. അതൊന്നും അദ്ദേഹത്തിന് ഓർമ്മയില്ല.

'അല്ല, മാഷ് വന്നതെന്തിനാന്ന് പറഞ്ഞില്ലല്ലോ.'

'നിങ്ങളെയൊക്കെ ഒന്ന് കാണാൻന്ന് വച്ചോ.' മാസ്റ്റർ ചിരിച്ചുകൊണ്ട് പറഞ്ഞു. 'അതല്ലെടൊ, എറണാകുളത്ത് വച്ചാണ് ആൾ കേരള അത്‌ലെറ്റ്സ് മീറ്റ് നടത്തണത്. നാളെത്തൊട്ടാണത്. ഞാനാണ് ഒരു ജഡ്ജി. ഒരാഴ്ചത്തെ പരി പാടിയാണ്.'

മാസ്റ്റർക്കു പിന്നിൽ നിന്ന ലതിക തലയിൽ കൈവച്ചു.

'എന്റെ അരുമ ശിഷ്യനാണ് കേട്ടോ.' മാസ്റ്റർ ലതികയോട് പറഞ്ഞു. പിന്നെ തിരിഞ്ഞ് എന്നോട്. 'തനിക്കോർമ്മ ണ്ടോന്നറീല്ല്യ. ഒരു ദിവസം കളിക്കുമ്പോ താൻ വീണ് കാലിന് ഫ്രാക്ചറായത്? അന്ന് തന്നെ തോളിലിട്ട് മൂന്ന് കിലോ മീറ്റർ ദൂരം ആശുപത്രിയിലേയ്ക്ക് നടന്നിട്ട്ണ്ട് ഞാൻ.'

'ഓർമ്മണ്ട്.' ഞാൻ പറഞ്ഞു. 'ലതികേ ചായയുണ്ടാക്കൂ.'

'മാഷ് ചായ കുടിച്ച് കുളിച്ച് വിശ്രമിക്കു. ഞാൻ ഓഫീസിൽ പോയിട്ട് നേരത്തെ വരാൻ നോക്കാം. ഏതായാലും മാഷ് കൊറച്ച് ദിവസം ഇവ്ടെണ്ടാവൂലോ.'

'ഞാനിവിടെ ഒരാഴ്ചണ്ടാവും ദാസാ. തനിക്ക് ലീവെടുക്കാൻ പറ്റ്വോ? വി.ഐ.പി. പാസുണ്ട്.'

'ഒരു രക്ഷയുമില്ല. നല്ല തിരക്കുള്ള സമയാ.'

ഓഫീസിൽ ജോലിയിൽ മുഴുകി ഞാൻ മാസ്റ്ററുടെ കാര്യംതന്നെ മറന്നിരുന്നു. വൈകുന്നേരം തിരിച്ച് വീട്ടിലെ ത്തിയപ്പോഴാണ് ഞാൻ മറന്നിട്ട മാഷെ ഓർമ്മ വന്നത്. ശരിക്കു പറഞ്ഞാൽ ഗെയ്റ്റു കടക്കുമ്പോൾ. മാഷ് പക്ഷേ വീട്ടി ലുണ്ടായിരുന്നില്ല. മാത്രമല്ല എനിക്ക് നേരിടേണ്ടി വന്നത് അത്രതന്നെ മയത്തിലല്ലാത്ത ഒരു ഭാര്യയെയാണ്.

'എന്തു പറ്റീ?'

'ഒന്നും പറയണ്ട, ഞാൻ നാളെത്തന്നെ വീട്ടീപ്പോവ്വാണ്.'

'എന്തു പറ്റീ, പറ.'

'എന്നെ കൊല്ലാതെ കൊന്നു ആ മനുഷ്യൻ. രാവിലെ തൊട്ട് ഉച്ചക്ക് ഊണു കഴിക്കണവരെ. അതു കഴിഞ്ഞ് എന്റെ ഭാഗ്യംകൊണ്ട് ഉറങ്ങാൻ കിടന്നു. നിങ്ങളുടെയൊക്കെ കുട്ടിക്കാലം, മാഷടെ വീരപരാക്രമങ്ങള് ഒക്കെ പറയ്യായി രുന്നു. എല്ലാം കഴിഞ്ഞപ്പോഴുണ്ട് രണ്ട് വലിയ ആൽബം പുറത്തെടുക്കുണു. പിന്നെ പറയണ്ട. ഓരോ ഫോട്ടോവും

ആരുടെയാണ്, എടുക്കാനുണ്ടായ കാരണങ്ങൾ, അതിൽ ആരൊക്കെ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്, ആരൊക്കെ മരിച്ചു, ജീവിച്ചിരിക്കുന്നവർ ഇപ്പോ എന്തു ചെയ്യുന്നു, എല്ലാം വിശദമായി പറയ്യാണ്. ഇനി ഒരു ദിവസം ആ മനുഷ്യൻ ഇവിടെ താമസിക്ക്യാണെങ്കില് ഞാൻ ആത്മഹത്യ ചെയ്യും. എനിക്കെന്ത് താൽപര്യാണുള്ളത് ഇതൊക്കെ സഹിക്കാൻ?'

'മാഷ് ഒരു ശുദ്ധനാണ്' ഞാൻ പറഞ്ഞു. 'ഞങ്ങടെ വീട്ടില് നിത്യ സന്ദർശകനായിരുന്നു. അച്ഛനെയും വലിയ ഇഷ്ടായിരുന്നു. സ്വന്തം അച്ഛനെപ്പോലെയാന്നാ പറയാറ്.'

'എന്നിട്ട് അച്ഛന്റെയും നിങ്ങള് മക്കള്ടെയും ഫോട്ടോ ഒന്നും അതിൽ കണ്ടില്ലല്ലോ. എങ്കിൽ ഒരു സമാധാനമായേനേ. നിങ്ങളൊക്കെ അതേ സ്കൂളിൽ പഠിച്ചവരല്ലെ?'

കാര്യം കുറച്ച് ഗൗരവമാണ്. അവൾ പിണങ്ങിയാൽ, പിന്നീട് എപ്പോഴെങ്കിലും ഞാൻ കൊണ്ടുവരുന്ന അതിഥികൾക്ക് അവൾ വിലക്കു കല്പിക്കും.

'സാരംല്ല്യ കുട്ടീ, വയസ്സായ മനുഷ്യനല്ലെ. എന്റെ ഗുരുനാഥനുമാണ്. പിന്നെ നാളെത്തൊട്ട് മാഷ് നേരത്തെ സ്റ്റേഡിയത്തിൽ പോവും, പിന്നെ വൈകീട്ടെ തിരിച്ചുവരൂ. ഞാൻ ഉറപ്പു തരുണു ഇനി പ്രശ്നംണ്ടാവില്ല. ആട്ടെ എങ്ങട്ടാ മാഷ് പോയത്?'

'എനിക്കറീല്ല. ഞാനൊന്ന് കറങ്ങി വരാംന്ന് പറഞ്ഞ് ഇറങ്ങീതാ. ഞാൻ ഗുരുവായൂരപ്പന് ഒരു പുഷ്പാഞ്ജലി നേർന്നിട്ടുണ്ട്. അടുത്ത പ്രാവശ്യം ഗുരുവായൂരിൽ പോമ്പ അതു നടത്തണം.'

'എന്തിന്?'

'മാഷെ എന്റെ തലേന്ന് ഒഴിവാക്കാൻ.'

കുറച്ച് ക്രൂരമായിപ്പോയി. എനിക്ക് ഗുരുവായൂരപ്പനെ അത്രകണ്ട് വിശ്വാസമില്ല. ഒരു ഭക്ത നേർന്ന കാര്യം ശരിയാക്കാൻ മൂപ്പര് എന്തെങ്കിലുമൊക്കെ ചെയ്തേക്കും. മാഷ്ക്കൊന്നും പറ്റാഞ്ഞാൽ മതിയായിരുന്നു.

വാതിൽക്കൽ ബെല്ലടിച്ചു. മാസ്റ്റർ തന്നെയായിരുന്നു.

'ഞാനൊന്ന് കറങ്ങാൻ പോയതാടോ.' അകത്തു കയറി ഇരുന്നുകൊണ്ട് മാസ്റ്റർ പറഞ്ഞു. 'ടൗണൊക്കെ ഒന്ന് ചുറ്റി. സ്റ്റേഡിയത്തിലേയ്ക്ക് എങ്ങിന്യാ നടന്ന് പോവ്വാന്നൊക്കെ മനസ്സിലാക്കി.'

'അപ്പൊ മാഷ് സ്റ്റേഡിയംവരെ നടന്നുപോയോ?' ഞാൻ ചോദിച്ചു. കടവന്ത്രയിൽനിന്ന് കലൂർ സ്റ്റേഡിയത്തിലേയ്ക്ക് കുറച്ചധികം ദൂരമുണ്ട്.

'നടത്തൊക്കെ നമുക്ക് പ്രാക്ടീസല്ലെടോ. എന്നും അഞ്ച് കിലോമീറ്റർ നടക്കും.' പിന്നെ സ്വകാര്യമായി ചെവിയിൽ പറഞ്ഞു. 'അതാണടോ എന്റെ ആരോഗ്യത്തിന്റെ രഹസ്യം.'

ലതിക ചായ കൊണ്ടുവന്നു. അതു കുടിച്ചുകൊണ്ട് മാസ്റ്റർ പറഞ്ഞു. 'ഞാനെന്റെ ആൽബം തന്റെ ഭാര്യക്ക് കാണിച്ചുകൊടുത്തു. ഈ ചായ കുടിച്ചുകഴിഞ്ഞിട്ട് നമുക്കതെടുക്കാം.'

ഭഗവാനെ! ഞാൻ അദൃശ്യമായി തലയിൽ കൈവച്ചു. നാലഞ്ചു തവണ കണ്ട ആൽബമാണത്. ഓരോ തവണയും ഓരോ ചിത്രത്തിന്റെ പിന്നിലുമുള്ള ചരിത്രം.....

അപകടങ്ങൾ വരുന്ന വഴികൾ! ഇതൊന്നും ആരും മുൻകൂട്ടി കാണാറില്ല. ഇനി കണ്ടാൽത്തന്നെ എന്തു ചെയ്യാനാണ്?

പഴക്കംകൊണ്ട് ചാരനിറമാർന്ന ഫ്രെയിമുകളിൽനിന്ന് ഓരോ പൗരാണികർ ഇറങ്ങിവന്നു. സുമുഖനായ ആന്റണി മാസ്റ്റർ, ഒപ്പം പഠിപ്പിച്ച മറ്റു അദ്ധ്യാപകർ. എനിക്കവരുടെ രൂപം ഇപ്പോൾ ഓർമ്മിച്ചെടുക്കാം. എന്നെ സ്നേഹിച്ചവർ, ഉപദ്രവിച്ചവർ. ആന്റണി മാസ്റ്ററുടെ ചിത്രങ്ങൾ നിറയെയുണ്ട് ആൽബത്തിൽ. പല അവസരങ്ങളിലായി എടുത്തത്. കല്യാണഫോട്ടോ, മാസ്റ്ററുടെ കുട്ടികളുടെ ഫോട്ടോകൾ. ഒരു ഏടെത്തിയപ്പോൾ മാസ്റ്റർ ചോദിച്ചു. 'ഇതാര്ടെ ഫോട്ടോ ആണെന്നറിയ്യോ?'

എനിക്കറിയാം. രാജശേഖരൻ സ്കൂളിൽ എന്റെ രണ്ടു കൊല്ലം സീനിയറായിരുന്നു. ഇപ്പോൾ എറണാകുളത്തു തന്നെയുണ്ട്. വല്ലപ്പോഴും കാണാറുമുണ്ട്.

'ഈ തൃപ്പൂണിത്തുറാന്ന് പറയണ സ്ഥലം ദൂരെയാണോ? അവിട്യാണ് രാജശേഖരൻ താമസിക്കണത്.'

'വലിയ ദൂരംല്ല്യ. അര മണിക്കൂർ ബസ്സിലിരുന്നാൽ മതി.' ഞാൻ പറഞ്ഞു. എന്തുകൊണ്ടോ എനിക്ക് രാജശേഖരനെപ്പറ്റി സംസാരിക്കാൻ തോന്നിയില്ല. കൈപ്പുള്ള അനുഭവങ്ങളാവാം കാരണം. ഒന്നിലധികം തവണ അയാൾ എന്റെ കുതികാൽ വെട്ടാൻ ശ്രമിച്ചിട്ടുണ്ട്.

ആൽബത്തിന്റെ ഏടുകൾ മറഞ്ഞു. പെട്ടെന്ന് ഞാൻ ലതിക പറഞ്ഞതോർത്തു. ഇത്രയധികം സ്നേഹമുള്ള മാഷടെ ആൽബത്തില് നിങ്ങടെ ആർടേം ഫോട്ടോ ഇല്ലല്ലോ. ശരിയാണ്. ഒരൊറ്റ ഫോട്ടോ ഇതുവരെ കണ്ടില്ല. പെട്ടെന്ന് ഒരു ഗ്രൂപ്പു ഫോട്ടോ കാണിച്ചുകൊണ്ട് മാസ്റ്റർ ചോദിച്ചു.

'ഇതാരാണെന്നറിയ്യോ?'

ഒരു നാടകാവതരണത്തിനു ശേഷം എടുത്ത ഫോട്ടോ ആണത്. എല്ലാവരും കഥാപാത്രങ്ങളുടെ വേഷങ്ങളിൽ. അറിയുന്ന മുഖങ്ങൾക്കു വേണ്ടി ഞാൻ പരതി. ഇരുപതാം വയസ്സിൽ ഞാൻ നാടു വിട്ട ശേഷം അവിടുത്തെ വായനശാല അരങ്ങേറിയ നാടകമാണത്.

'മനസ്സിലായില്ലാ അല്ലേ?'

ഇല്ലെന്നു ഞാൻ തലയാട്ടി.

'ഇതു തന്റെ അച്ഛനാണെടോ. ഒരു സ്കൂൾ മാസ്റ്ററുടെ വേഷത്തിൽ. താട്യൊക്കെ വച്ചതോണ്ട് തനിക്ക് മനസ്സിലാവാത്തതാ. ഞാനാണ് മേക്കപ്പ് ചെയ്തത്.'

അപ്പോൾ അച്ഛന്റെ ഒരു ഫോട്ടോവെങ്കിലും മാസ്റ്ററുടെ ആൽബത്തിലുണ്ട്. ഏടുകൾ മറിഞ്ഞു. മാസ്റ്റർ പറഞ്ഞു.

'ഇതാ ഈ പേജു മുഴുവൻ രാജശേഖരനു വേണ്ടി ഒഴിച്ചിട്ടിരിക്ക്യാണ്. ഇനി അയാള്ടെ കുടുംബത്തിന്റെ ഗ്രൂപ്പു ഫോട്ടോ കൂടി വേണം.'

രാജശേഖരൻ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയായി, പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയായി, സ്കൂൾ വാർഷികത്തിലെ പ്രാസംഗികനായി, നാടകത്തിൽ പെൺവേഷമായി, ശരിക്കുള്ള ജീവിതത്തിൽ ടൈ കെട്ടി മെഡിക്കൽ

റെപ്പായി, ഏറ്റവും അവസാനം കല്യാണഫോട്ടാവിൽ വരനായി, വിവിധ റോളുകളിൽ പ്രത്യക്ഷപ്പെടുന്നു. ആ പേജിൽ ഒരു ഫോട്ടോവിനുള്ള സ്ഥലം മാത്രമേ ബാക്കിയുള്ളൂ. ആ സ്ഥലമാണ് ആന്റണി മാസ്റ്റർ, രാജശേഖരന്റെ കുടുംബ ഫോട്ടോവിനു വേണ്ടി ഒഴിച്ചിട്ടിരിക്കുന്നുത്. അതോടെ ആ ഏടു പൂർണമാകുന്നു.

എന്തുകൊണ്ടോ ഞാൻ സ്കൂൾ ദിനങ്ങളെപ്പറ്റി ഓർത്തു. സ്കൂളിൽ കണിശക്കാരനായ മാസ്റ്റർ ഞങ്ങളുടെ വീട്ടിൽ വന്നാൽ നേരെ മറിച്ചാവുന്നു. അച്ഛന് മാസ്റ്ററെ ഇഷ്ടമാണ്. മാസ്റ്റർ എന്നോട് ഇടക്കിടക്കു പറയും. 'എടോ, താൻ എന്റെ അനുജനാണ്. അച്ഛന്റെ മൂത്ത മകൻ ഞാനാണ്.' സാരമില്ല. മൂത്ത മകനെന്ന സ്ഥാനം ഒഴിഞ്ഞു കൊടുക്കാൻ ഞാൻ തയ്യാറായിരുന്നു, ഡ്രിൽ സമയത്ത് ചില ഇളവുകൾ അനുവദിച്ചിരുന്നുവെങ്കിൽ. പക്ഷേ ഡ്രിൽ സമയത്ത് മാസ്റ്റർ ഒരു പ്രത്യേക മനുഷ്യനാണ്. ഒരിക്കൽ എന്നെ ഇട്ട് ഫുട്ബാൾ ഗ്രൗണ്ടിനു ചുറ്റും രണ്ടുതവണ ഓടിച്ചിട്ടുണ്ട്.

ഞായറാഴ്ചയാണ് അത്‌ലെറ്റ്സ് മീറ്റ് കഴിയുന്നത്. വൈകീട്ട് നാലരയോടെ വീട്ടിൽ തിരിച്ചെത്തിയ മാസ്റ്റർ പറഞ്ഞു.

'എടോ ഞാൻ രാജശേഖരനെ ഫോണിൽ വിളിച്ചിരുന്നു. അയാളെ ഒന്ന് കാണണം.'

ഞാൻ ഒന്നും പറയാതെ ഇരുന്നു. ഇന്നുകൂടിയല്ലെ ഉള്ളൂ എന്ന ആശ്വാസത്തിലാണ് ഞാൻ. രാജശേഖരന്റെ വീട്ടിൽ പോയാലും തിരിച്ച് ഇങ്ങോട്ടു തന്നെ വരും. രാവിലത്തെ ഏതെങ്കിലും വണ്ടിയിൽ പോകാമെന്നാണ് മാസ്റ്റർ പറഞ്ഞി രുന്നത്.

'എടോ താൻ വരുന്നോ എന്റെ കൂടെ?'

'ഇല്ല, മാഷ് പോയിവരൂ.'

'എന്താണെടോ ഒരു വലിയ സാഹിത്യകാരനെ ഇടക്കൊന്ന് കാണണത് നല്ല കാര്യല്ലെ? അയാള് രണ്ടു പുസ്തകം എഴുതീട്ട്ണ്ട്; തനിക്കറിയ്യോ?'

'അറിയാം' ഞാൻ പറഞ്ഞു. ഒന്ന് ഒരു ചെറുകഥാസമാഹാരമാണ്. ചെറുകഥാ സംഹാരമെന്നു പറയുന്നതാവും കൂടുതൽ ഭംഗി. രണ്ടാമത്തേത് ഒരു നോവലാണ്.

'അയാള് നന്നായിട്ടെഴുതും.' മാസ്റ്റർ പറഞ്ഞു. 'സ്കൂളില് കഥാമത്സരത്തിന് ഫസ്റ്റ് പ്രൈസ് ഒക്കെ കിട്ടീട്ട്ണ്ട്.'

ഞാൻ ഓർത്തു. സ്കൂൾ വിട്ടശേഷം ഞാൻ മാസ്റ്ററെ അധികമൊന്നും കണ്ടിട്ടില്ല. ജോലി അന്വേഷിച്ച് ബോംബെ യിൽ പോയി. ഇടക്ക് നാട്ടിൽ വരുമ്പോൾ ഒന്ന് കാണും. അത്ര മാത്രം. പിന്നെ മാസ്റ്റർ റിട്ടയർ ചെയ്ത ശേഷം രണ്ടോ മൂന്നോ തവണയെ കണ്ടിട്ടുള്ളൂ. ഒരിക്കൽപ്പോലും മാസ്റ്റർ എന്റെ സാഹിത്യ ജീവിതത്തെക്കുറിച്ച് സംസാരിച്ചിട്ടില്ല. എന്റെ ഒരൊറ്റ പുസ്തകത്തെപ്പറ്റി പറഞ്ഞിട്ടില്ല. വായിച്ചിട്ടില്ലെന്നു സ്പഷ്ടം. എനിക്കു കിട്ടിയ പുരസ്കാരങ്ങൾ...... മാസ്റ്റർ അവയെപ്പറ്റിയൊന്നും പറഞ്ഞുകേട്ടിട്ടില്ല. മറിച്ച് ഓരോ വട്ടം എന്നെ കാണുമ്പോഴും രാജശേഖരന്റെ സാഹിത്യ ജീവിതത്തെക്കുറിച്ച് വാനോളം പ്രശംസിക്കാറുമുണ്ട്. ഞാൻ പറഞ്ഞു.

'മാഷേ ഞാനൊരു കാര്യം ചോദിക്കട്ടെ.'

'എന്തിനാടോ അവതരണൊക്കെ.'

'അല്ലാ, ഞാൻ കഥയും നോവലുമൊക്കെ എഴുതുന്നുണ്ടെന്ന് മാഷ്ക്കറിയാമോ?'

'താൻ സ്കൂൾ മാസികേലൊക്കെ എഴുതിയിരുന്നു അല്ലെ? തന്റെ അച്ഛൻ നാടകൊക്കെ എഴുതീട്ടണ്ട്. താൻ അങ്ങിനെ ഒന്നും എഴുതിയതായി അറിയില്ല.'

'ഞാനും അത്യാവശ്യമൊക്കെ എഴുതീട്ട്ണ്ട്. ഒമ്പത് ചെറുകഥാ സമാഹാരങ്ങൾ, നാല് നോവലുകൾ. സാഹിത്യ അക്കാദമി അവാർഡടക്കം മൂന്ന് അവാർഡുകൾ കിട്ടിയിട്ട്ണ്ട്. എന്റെ കഥകളും നോവലുകളും ഒരുമാതിരി എല്ലാ വാരികേലും വരാറുണ്ട്. എന്നിട്ടും മാഷ്ക്കറിയില്ല ഞാൻ കഥയെഴുതാറുണ്ടോന്ന്. ആകെ രണ്ടു പുസ്തകം മാത്രം എഴുതീട്ട്ള്ള രാജശേഖരൻ, മാഷടെ കണ്ണിൽ വലിയ സാഹിത്യകാരനാണ്. ഒരു മാതിരി നിലവാരംള്ള വാരികേലൊന്നും അയാള്ടെ കഥ വന്നിട്ടില്ല. ഒരു അവാർഡും കിട്ടീട്ടില്ല. എന്നിട്ടും മാഷ്ക്ക് അയാളൊരു വലിയ സാഹിത്യകാരൻ. എന്നെ ഒരു സാഹിത്യകാരനായി അറിയുംല്ല്യ, അല്ലേ?'

മാഷ് സ്തബ്ധനായി ഇരിക്കുകയാണ്. അവസാനം വിക്കിവിക്കിക്കൊണ്ട് പറഞ്ഞു.

'താൻ ഒരു സാഹിത്യകാരൻ... ഞാൻ ശരിക്കും അറിയില്ല ദാസൻ..'

മാസ്റ്ററുടെ മുഖത്ത് അമ്പരപ്പ്, ജാള്യത. എനിക്ക് ദ്വേഷ്യം പിടിച്ചിരുന്നു. ഞാൻ തുടർന്നു.

'നാട്ടിലുള്ളപ്പോൾ എന്നും വരാറുള്ളതാണ് മാഷ് ഞങ്ങടെ വീട്ടില്. അച്ഛന്റെ മൂത്ത മകനാണെന്ന് എപ്പോഴും പറ യാറുമുണ്ട്. എന്നിട്ടും ഞങ്ങളുടെ ആരുടെയെങ്കിലും ഫോട്ടോ മാഷടെ ആൽബത്തിൽ കണ്ടില്ലല്ലോ. അച്ഛന്റെ ഫോട്ടോ തന്നെ കണ്ടാൽ മനസ്സിലാവാത്ത പ്രച്ഛന്നവേഷത്തിലും. മറിച്ച് രാജശേഖരന്റെ ഫോട്ടോ നിറച്ച ഒരു ഏടുതന്നെണ്ട് മാഷടെ ആൽബത്തില്. ഇനിയും ഫോട്ടോവിന് വേണ്ടി സ്ഥലമൊഴിച്ചിട്ടിരിക്കുന്നു.'

മാസ്റ്റർ തലകുനിച്ചിരിക്കയാണ്.

'ഇവിടെ ഒരാഴ്ച വന്ന് താമസിക്കാൻ തെരഞ്ഞെടുത്തത് രാജശേഖരന്റെ വീടല്ലല്ലോ.' ഞാൻ തുടർന്നു. 'വന്ന ദിവ സംതന്നെ മാഷ് ഈ രണ്ട് ആൽബങ്ങളും ലതികയെ കാണിച്ചു. ഓരോ ഫോട്ടോവിന്റെയും പിന്നിലുള്ള ചരിത്രം പറഞ്ഞ് അവളെ ബോറടിപ്പിച്ചു. അവൾക്ക് എന്തു താല്പര്യാണ്ള്ളത് കണ്ടോന്റെ ഫോട്ടോ കണ്ട് ആരൊക്കെയാണെന്നറി യാൻ. മാഷ് ഒരു കാര്യം മനസ്സിലാക്കണം, എല്ലാവർക്കും അവനവന്റെ ആൾക്കാർടെ ഫോട്ടോ കാണാനേ താല്പ ര്യണ്ടാവൂ. ഇത്രേം ഫോട്ടോവിന്റെ എടേല് എന്റെ ഒരു ഫോട്ടോവെങ്കിലും ഉണ്ടായിരുന്നെങ്കിൽ അവൾക്ക് സമാധാ നായേനേ. അതു ചോദിച്ചു വാങ്ങാനോ വെക്കാനോ മാഷ്ക്ക് തോന്നീല്ല്യ. ഇതിനൊക്കെ മാഷ്ക്ക് എന്തു മറുപടിയാ ണ്ള്ളത്?'

മാഷ് അപ്പോഴും ഞെട്ടലിലായിരുന്നു. എന്റെ വായിൽനിന്ന് ഇതൊന്നും അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. അതിനേ ക്കാൾ ഒരു പക്ഷേ വിഷമമായത് ഇങ്ങിനെ ഒരു വീഴ്ച തന്റെ ഭാഗത്തുനിന്ന് എങ്ങിനെ വന്നു എന്നതിലായിരിക്കണം.

ഞാൻ എഴുന്നേറ്റു പോയി. അകത്ത് എല്ലാം ശ്രദ്ധിച്ചുകൊണ്ട് ലതിക നിന്നിരുന്നു. പറഞ്ഞത് നന്നായിയെന്ന് അവ ളുടെ മുഖത്തുണ്ട്. അകത്തെ മുറിയിൽ കട്ടിന്മേലിരുന്ന് ഒരു പുസ്തകം വായിക്കുകയാണെന്ന മട്ടിലിരുന്ന എനിക്ക് പക്ഷേ വിഷമമായി. മാസ്റ്ററുടെ അന്ധാളിപ്പുള്ള മുഖം എന്നെ അലട്ടിത്തുടങ്ങി. പത്തെഴുപതു കഴിഞ്ഞ മനുഷ്യനാ ണ്. ഞങ്ങളെക്കുറിച്ചെല്ലാം നല്ല മതിപ്പാണ്. ഇപ്പോൾ ജീവിതത്തിന്റെ അവസാനകാലത്ത് ഞാനെന്തിനദ്ദേഹത്തിന്റെ

സ്വാസ്ഥ്യം നഷ്ടപ്പെടുത്തി? അതും ഒരാഴ്ച ഒപ്പം താമസിപ്പിച്ച് പോകാൻ നേരത്ത്? ഞാനൊരു വലിയ സാഹിത്യകാരനാണെന്ന് അറിയാതെ അദ്ദേഹം മരിച്ചുപോയാൽത്തന്നെ എന്താണ് കുഴപ്പം? അദ്ദേഹത്തെ സന്തോഷത്തോടുകൂടി പറഞ്ഞയക്കാമായിരുന്നില്ലേ?

ഞാൻ ഉമ്മറത്തേയ്ക്കു തിരിച്ചുപോയി. മാസ്റ്റർ അതേ ഇരുപ്പുതന്നെയായിരുന്നു. മുഖം വല്ലാതെയിരുന്നു. ഞാൻ അടുത്തുചെന്ന് പറഞ്ഞു.

‘മാഷ് ക്ഷമിക്കണം, ഞാനെന്തൊക്കെയോ പറഞ്ഞു.’

ആന്റണി മാസ്റ്റർ എന്നെ കുറേ നേരം നോക്കി. ആ നോട്ടത്തിൽ പലതുമുണ്ടായിരുന്നു. എനിക്കു മനസ്സിലാക്കാൻ പറ്റാത്ത പലതും. നീണ്ടുനിന്ന ആ നോട്ടത്തിനു ശേഷം അദ്ദേഹം പറഞ്ഞു.

‘ക്ഷമ ചോദിക്കേണ്ടത് താനല്ലെടൊ, ഞാൻ തന്ന്യാണ്. എന്റെ കയ്യിൽ പറ്റിയ ഒരബദ്ധാണത്.’ അദ്ദേഹം ഒന്നു നിർത്തി, സാവധാനത്തിൽ തുടർന്നു. ‘ഞാൻ മാപ്പു ചോദിക്ക്യാണ്. ഒരു കാര്യം ദാസനറിയ്യോ. എന്റെ കയ്യിൽ ഈ രണ്ട് ആൽബത്തിനു പുറമേ വേറെ വലിയൊരാൽബം കൂടിണ്ട്. ഇതാ ഇവിടെ.’ മാസ്റ്റർ നെഞ്ചു തൊട്ടു കാണിച്ചു. ‘ഞാനെപ്പഴും കൊണ്ടു നടക്കണത്, ഞാൻ മരിച്ചുപോവുമ്പഴും ഒപ്പം കൊണ്ടുപോണത്. ആ ആൽബത്തില് താനും തന്റെ അച്ഛനും ഒക്കെ നെറഞ്ഞ് നിക്ക്വാണ്.’

മാസ്റ്ററുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഞാൻ ചെറുതായി വരികയാണ്.

‘പക്ഷേ,’ മാസ്റ്റർ തുടർന്നു. ‘താനൊരു എഴുത്തുകാരനാണെന്നത്, താൻ പുസ്തകങ്ങൾ ഇറക്കീട്ട്ണ്ട്ന്നത്, അവാർഡുകള് കിട്ടീട്ട്ണ്ട്ന്നത്, ദാസൻ.... ഞാനറിഞ്ഞില്ല. പൊറുക്കാൻ പറ്റാത്ത വലിയൊരു തെറ്റാണത്. എനിക്കറിയില്ല എങ്ങിനെ അത്......’

back to index

# വൈകിയോടുന്ന വണ്ടികൾ എങ്ങിനെ വിപ്ലവമുണ്ടാക്കുന്നു

മുതലാളിയുടെ ഭാര്യ ഉച്ചഭക്ഷണവുമായി വരേണ്ട സമയമായിരിക്കുന്നു. അതിനു തൊട്ടുമുമ്പാണ് ആ സംഭവമുണ്ടായത്. ഫാക്ടറിയുടെ നടുവിൽ വെട്ടിയിട്ട റെക്സീനിന്റെ കഷ്ണങ്ങൾക്കിടയിൽ മൂന്ന് തൊഴിലാളി പെൺകുട്ടികൾ ചൂളിയിരുന്നു. ഭയംകൊണ്ട് അവരുടെ ഇരുണ്ട മുഖങ്ങൾ വിളറിയിരുന്നു. സംസാരിക്കാനെന്നല്ല അന്യോന്യം നോക്കാൻകൂടി അവർ ഭയപ്പെട്ടു. ഫാക്ടറി ഷെഡ്ഡിന്റെ ഒരു മൂലയിൽ അസ്ബസ്റ്റോസുകൊണ്ട് മറച്ച മുറിയിൽ മുതലാളി മരിച്ചു കിടക്കയാണ്.

പത്തു മിനുറ്റുമുമ്പ് ഈ പെൺകുട്ടികൾ അയാളെ വകവരുത്തുകയാണുണ്ടായത്. വർഷങ്ങളായുള്ള മർദ്ദനത്തിന്റേയും ചൂഷണത്തിന്റെയും ചരിത്രപരവും അനിവാര്യവുമായ ഒരു സ്വാഭാവികാന്ത്യം മാത്രം. ഒരു വിപ്ലവത്തിന്റെ പരിവേഷം കൊടുക്കാൻ പറ്റിയ തരത്തിലുള്ള ആസൂത്രിതവധമൊന്നുമായിരുന്നില്ല അത്. അതിനുള്ള ആത്മധൈര്യമോ ബുദ്ധിവികാസമോ വൈരുദ്ധ്യാത്മകഭൗതികവാദത്തിൽ പാണ്ഡിത്യമോ ഒന്നും ആ പാവപ്പെട്ട പെൺകുട്ടികൾക്ക് ഉണ്ടായിരുന്നില്ല. മൂന്നു പെൺകുട്ടികളുടെ അംഗബലം ഒരു സംഘടനയുണ്ടാക്കാൻ പര്യാപ്തമല്ല എന്നതിനാൽ രാഷ്ട്രീയനേതാക്കളാരും ഇതുവരെ ആ ഷെഡ്ഡിലേയ്ക്ക് തിരിഞ്ഞുനോക്കിയിട്ടുമില്ല. മാത്രമല്ല, പതിനഞ്ചടി നീളവും പത്തടി വീതിയും മാത്രമുള്ള ആ ചെറിയ ഷെഡ്ഡിനുള്ളിൽ രാവിലെ ഒമ്പതു മുതൽ വൈകീട്ട് ആറുമണിവരെ ശ്വാസം വിടാൻകൂടി സമയമില്ലാതെ ജോലിയെടുത്ത്, വൈകുന്നേരത്തെ പാസഞ്ചർ വണ്ടിയിൽ തിക്കിത്തിരക്കി ശുഷ്കമായ ദേഹത്തിൽ ഏല്ക്കുന്ന കടന്നുകയറ്റത്തിൽ പ്രതിഷേധിക്കാനുള്ള ധൈര്യം പോലുമില്ലാതെ യാത്ര ചെയ്ത് വീട്ടിലെത്തി എന്തെങ്കിലും കഴിച്ചെന്നു വരുത്തി പായിലേയ്ക്ക് വീഴുന്ന ആ പെൺകുട്ടികൾക്ക് ഒരു വിപ്ലവത്തെപ്പറ്റി ചിന്തിക്കാൻകൂടി സമയമുണ്ടായിരുന്നില്ല. ഇതിനൊക്കെപുറമെ ചേച്ചിയെന്നു വിളിച്ച് സ്നേഹിക്കുന്ന സ്ത്രീയെ വിധവയാക്കാൻ അവർക്കുദ്ദേശവുമുണ്ടായിരുന്നില്ല. മാസങ്ങളായി അവരുടെ ഉള്ളിൽ വളർന്ന വിദ്വേഷവും സ്വന്തം മനസ്സുകൾക്ക് അതാതവസരങ്ങളിൽ ആഴത്തിൽ പറ്റിയ ക്ഷതങ്ങളും അവഹേളനങ്ങളും അവരെ ഒരു നിമിഷത്തിൽ അന്ധരാക്കി എന്നു പറയാം.

അതൊരു ചെറിയ ഫാക്ടറിയായിരുന്നു. രണ്ടു, പഴകി തുരുമ്പുപിടിച്ചെങ്കിലും, പ്രവർത്തനക്ഷമമായ തുന്നൽയന്ത്രങ്ങൾ, അവയ്ക്കു മുമ്പിൽ ഇരിക്കാനായി പീഞ്ഞപ്പെട്ടികൾ, മൂന്ന് മേശകൾ. പിന്നെ കെട്ടുകെട്ടായി പല നിറത്തിലുള്ള റെക്സിൻ ഷീറ്റുകൾ. അതിന്റെ കുത്തുന്ന നാറ്റം ശ്വാസംമുട്ടുണ്ടാക്കും. ജനലുകളില്ലാത്ത ആ ഷെഡ്ഡിന്റെ വാതിൽ സദാ അടച്ചിട്ടിരിക്കും. അതിനുള്ളിലാണ് മൂന്ന് പെൺകുട്ടികൾ രാവിലെതൊട്ട് കട്ടിയുള്ള റെക്സിനുമായി മല്ലിടുന്നത്. വെട്ടുക, തുന്നുക, ബട്ടണുകൾ അമർത്തുക തുടങ്ങിയ പണികൾ. തുന്നുന്ന അവസരങ്ങളിലല്ലാതെ ഒരിടത്ത് ഇരിക്കാൻ അവിടെ ഇരിപ്പിടമില്ല. എല്ലാ ജോലിയും നിന്നുകൊണ്ടുതന്നെ ചെയ്യണം. മുതലാളിയുടെ മുറിയിൽ മാത്രമേ ഫാനുള്ളു. അവർ വിയർത്ത് റെക്സീനിന്റെ നാറ്റം സഹിച്ചുകൊണ്ട് ആ ഷെഡ്ഡിൽ ജോലിയെടുത്തു. പതിനഞ്ചു മിനുറ്റ് കൂടുമ്പോൾ മുതലാളി തന്റെ വലിയ ചന്തി കസേരയിൽനിന്ന് പണിപ്പെട്ട് ഇളക്കിയെടുത്ത് വേച്ചുവേച്ച് മുറിയുടെ വാതിൽക്കൽവരെ വരും. തന്റെ സ്ഥൂലശരീരം കൃത്യം ആറടി കൊണ്ടുനടന്നാൽത്തന്നെ അദ്ദേഹം കിതയ്ക്കുന്നുണ്ടാവും. പിന്നെ തന്റെ ജോലിക്കാരികളെ തുറിച്ചുനോക്കിക്കൊണ്ട് ശകാരിക്കും.

'സംസാരം വേണ്ട, സംസാരം വേണ്ടാ. ജോലിയെടുക്ക്. ഒന്നാന്തി കൈ നീട്ടി വരോലോ.'

പെൺകുട്ടികൾ ചൂളിക്കൊണ്ട് പണി തുടരും. അവർ ഒരിക്കലും ജോലിക്കിടയിൽ സംസാരിച്ചിരുന്നില്ല. ഒന്നാം തീയതി ശമ്പളം മേടിക്കാനായി നീട്ടുക എന്ന ഒരേയൊരു പാപകൃത്യം ചെയ്യുന്ന സ്വന്തം കൈകളെ അവർ ഒരു നികൃഷ്ടജന്തുവിനെയെന്നപോലെ നോക്കും. മെലിഞ്ഞ് ഉണങ്ങിയ കൈകൾ.

സമയം എത്രയായെന്ന് അറിയാൻ അവർക്ക് യാതൊരു വഴിയുമുണ്ടായിരുന്നില്ല. രാവിലെ ഏഴര മണിക്ക് കഞ്ഞി കുടിച്ച് വീട്ടിൽനിന്നിറങ്ങുന്ന അവർക്ക് വിശക്കുന്നുണ്ടാവും. ഒരുഗ്ലാസ് ചായപോലും അവർക്ക് ഫാക്ടറിയിൽനിന്ന് കിട്ടിയിരുന്നില്ല. ഉച്ചഭക്ഷണത്തിനു സമയമായിയെന്ന് അവർ അറിയുന്നത് മുതലാളിയുടെ ഭക്ഷണവുമായി അദ്ദേഹത്തിന്റെ ഭാര്യ എത്തുമ്പോൾ മാത്രമാണ്.

മെലിഞ്ഞ് സുന്ദരിയായ ആ സ്ത്രീ ചാരിയിട്ട വാതിൽ തുറന്ന് അകത്തേയ്ക്ക് കടക്കുമ്പോൾ പെൺകുട്ടികളുടെ മുഖം വികസിക്കുന്നു. അവർ അന്യോന്യം പറയുന്നു.

'എടീ, ചേച്ചി വന്നു.'

അവർ എഴുന്നേറ്റ് ആ സ്ത്രീയുടെ ചുറ്റും കൂടുന്നു. അവർ പെൺകുട്ടികൾക്കായി സ്വകാര്യമായി കൊണ്ടുവന്ന പാത്രം അവരെ ഏൽപ്പിക്കുന്നു. പിന്നെ ധൃതിയിൽ ഭർത്താവിന്റെ മുറിയിൽപോയി മേശപ്പുറത്ത് പ്ലേയ്റ്റ് വെച്ച് ഭക്ഷണം വിളമ്പുന്നു. മുമ്പിൽ കൂമ്പാരമായി വിളമ്പിയ ഭക്ഷണത്തിനുമുമ്പിൽ മുതലാളി ഇരുന്നാൽ അവർ പുറത്തു കടന്ന് പെൺകുട്ടികൾ അവരുടെ തണുത്തു വെറുങ്ങലിച്ച ഭക്ഷണം വാരിത്തിന്നുന്ന സ്ഥലത്തു വന്ന് നിൽക്കുന്നു.

അവർ പഴകി ഞെളുങ്ങിയ ചെറിയ പാത്രങ്ങളിൽ ചോറും എന്തെങ്കിലും ഒരു മെഴുക്കുപെരട്ടിയും ആയിരിക്കും കൊണ്ടു വരിക. പയർമണിപോലായ ആ ചോറ് പാത്രത്തിൽനിന്ന് വാരിയെടുത്ത് തിന്നുമ്പോൾ അവർ മുതലാളിയുടെ ഭാര്യ കൊണ്ടുവന്നു തന്ന കറികളെ പുകഴ്ത്തും.

'ചേച്ചീടെ മീൻകറി നല്ല സ്വാദുണ്ടല്ലെടീ.'

പിന്നെ ചേച്ചി മുമ്പ് പല അവസരങ്ങളിൽ കൊണ്ടു വന്നിരുന്ന കറികളെപ്പറ്റിയുള്ള ചർച്ചയായിരിക്കും. ഈ പ്രശംസകൾ വഴി അവർ തങ്ങളെ സ്നേഹിച്ചിരുന്ന ആ നാല്പതു വയസ്സുകാരിക്ക് നന്ദി പറഞ്ഞു. ചേച്ചിയാവട്ടെ ആ സാധു പെൺകുട്ടികളുടെ കണ്ണുകളിലെ ആർത്തിയും ഭക്ഷണം കഴിച്ചുകഴിഞ്ഞാലത്തെ സംതൃപ്തിയും തക്കതായ പ്രതിഫലമായെടുത്തു. അവരെ നോക്കിക്കൊണ്ടിരിക്കെ സ്വന്തം സ്ഥിതിയെപ്പറ്റി അവർ ആലോചിക്കും. അവരിൽനിന്നും ഒട്ടും വ്യത്യസ്തമല്ല തന്റെ സ്ഥിതിയും. വലിയ ഒരു വീട്ടിൽ താമസിക്കുന്നു എന്നു മാത്രം. പക്ഷെ ഒരു വലിയ വീട്ടിൽ വേലക്കാരിക്കു തുല്യം താമസിക്കുന്നതിലും മെച്ചം ദാരിദ്ര്യമാണെങ്കിലും ചെറിയൊരു വീട്ടിൽ യജമാനത്തിയായി

കഴിയുകതന്നെയാണ്.

രാവിലെ ആറുമണിക്ക് എഴുന്നേൽക്കുന്നു. ചായയുണ്ടാക്കി ഭർത്താവിനെ വിളിക്കുന്നു. അദ്ദേഹം തന്റെ ഭാരിച്ച ദേഹം കിടക്കയിൽനിന്ന് സാവധാനത്തിൽ പൊക്കിയെടുത്ത് അടിവെച്ചടിവെച്ച് കുളിമുറിയിൽ എത്തിയാൽ താൻ അവിടെ ഹാജരായി ബ്രഷും പേസ്റ്റും എടുത്തു കൊടുക്കണം. ഒരു നിമിഷം വൈകിയാൽ ഉച്ചത്തിൽ ചീത്ത കേൾക്കും. പല്ലുതേപ്പുകഴിഞ്ഞ് തന്റെ ദേഹം ഊണുമേശക്കു മുമ്പിലെ കസേലയിൽ പ്രതിഷ്ഠിച്ചാൽ ഉടനെ മേശപ്പുറത്ത് ചൂടുള്ള ചായയെത്തണം. ചായയുടെ ചൂട് അല്പമൊന്നു കുറഞ്ഞാൽ മതി അയാൾ ഗ്ലാസ് വലിച്ചെറിഞ്ഞ് ഉച്ചത്തിൽ ബഹളമുണ്ടാക്കും.

ആ മനുഷ്യൻ എട്ടരയ്ക്ക് കാറിൽ ഫാക്ടറിയിലേയ്ക്ക് പോയിക്കഴിഞ്ഞാൽ മുറുകിവന്ന ഞരമ്പുകൾക്ക് അല്പമൊരു അയവു വരാനായി അവൾ കിടക്കയിൽ പോയി വീഴുന്നു. വീണ്ടും എഴുന്നേറ്റ് ഉച്ചക്കുള്ള ഭക്ഷണത്തിന്റെ കാര്യം നോക്കുന്നു. അതിനിടയ്ക്ക് പ്രാതൽ കഴിക്കാൻ വിട്ടുപോകും. ഉച്ചഭക്ഷണം ഭാര്യതന്നെ കൊണ്ടു വരണം, അതും ബസ്സിൽ യാത്ര ചെയ്തുകൊണ്ട്. ഓട്ടോവിന് വരാൻ സമ്മതിക്കില്ല. അധികച്ചെലവല്ലെ. പൊള്ളുന്ന ഉച്ചവെയിലിൽ അവർ പാത്രവും തൂക്കി ബസ്‌സ്റ്റോപ്പു വരെ നടക്കുന്നു.

ഭർത്താവ് തിരിച്ച് വീട്ടിൽ വന്നാലും ഇതൊക്കെത്തന്നെ സ്ഥിതി. രാത്രി അയാൾ ഉറക്കം വരാനായി ഉത്തരാധുനിക കഥകൾ വായിക്കാനെടുക്കുമ്പോൾ അവർ അയാളുടെ വണ്ണമുള്ള കാലുകൾ തിരുമ്മിക്കൊടുക്കുന്നു. ഉത്തരാധുനിക കഥയ്ക്കു പകരം ലൈംഗികതയുടെ അതിപ്രസരമുള്ള വെറും ആധുനികകഥകളാണ് കൈയ്യിൽ കിട്ടിയതെങ്കിൽ അന്ന് ഭാര്യയുടെ കാര്യം കഷ്ടംതന്നെയാണ്.

ഫാക്ടറിയിൽ ജോലിയെടുക്കുന്ന കുട്ടികൾക്ക് ഇതെല്ലാം അറിയാം. ഒരോ ദിവസവും അവരോടൊപ്പമുള്ള അരമണിക്കൂർ നേരം മുഴുവൻ ഭർത്താവിന്റെ കുറ്റങ്ങളും ക്രൂരതകളും പറയാനാണ് അവർ വിനിയോഗിച്ചത്. ലൈംഗിക വൈകൃതങ്ങളെപ്പറ്റി അവർ സൂചനകൾ നൽകുക മാത്രമേ ചെയ്യാറുള്ളു. 'അങ്ങിനെ വേണം, ഇങ്ങിനെ വേണം ന്നൊക്കെ പറയും നടക്കണ കാര്യാ ണോ അതൊക്കെ? പിന്നെ ബഹളാണ്.' ഒരു ദിവസത്തെ കാര്യങ്ങൾ മുഴുവൻ പറഞ്ഞുകഴിഞ്ഞാൽ ഒരു വലിയ ഭാരം മനസ്സിൽനിന്ന് ഒഴിവാക്കിയപോലെ തോന്നുമായിരുന്നു ആ സ്ത്രീക്ക്.

'ഞാനയാളുടെ ജോലിക്കാരിയാണെന്നാ ഭാവം.'

ജോലിക്കാരി എന്നത് മോശമാണെന്നൊന്നും ഈ വാചകംകൊണ്ട് അവർ ഉദ്ദേശിച്ചിരുന്നില്ല. രണ്ടും രണ്ടാണെന്നുമാത്രമേ ഉദ്ദേശമുള്ളു. പരിപാടി അവസാനിപ്പിക്കുമ്പോഴുള്ള സിഗ്നേച്ചർ ട്യൂണായിരുന്നു ഈ വാചകം. അതു പറഞ്ഞു കഴിയുമ്പോഴേയ്ക്ക് മുതലാളിയുടെ മുറിയിൽ നിന്ന് അമറൽ കേൾക്കാം.

'ലഞ്ച്ടൈം കഴിഞ്ഞു. ജോലി തുടങ്ങ്. ശവങ്ങള് !'

അവർ ചാടിയെഴുന്നേൽക്കുന്നു. സമയമെത്രയായി എന്നറിയാൻ അവർക്ക് വഴിയൊന്നും ഉണ്ടായിരുന്നില്ല. മുതലാളിയുടെ അട്ടഹാസങ്ങൾ ഒരു ആറ്റമിക് ഘടികാരത്തിന്റെ കണിശതയോടെ ആവർത്തിച്ചു. മുതലാളിയുടെ ഭാര്യക്കും വീടു വിട്ടുകഴിഞ്ഞാൽ സമയബോധം നശിക്കുന്നു. അവർ ഭർത്താവിന്റെ മുറിയിലേയ്ക്ക് ഓടുന്നു. അയാൾ പ്രയാസപ്പെട്ട് എഴുന്നേറ്റ് മുറിയുടെ മൂലയിൽ ഒരു നോക്കുകുത്തിപോലെ സ്ഥാപിച്ചിട്ടുള്ള പൊട്ടിയ വാഷ്ബേസിനിൽ പോയി കൈകഴുകുകയായിരിക്കും. ഭാര്യ മേശപ്പുറത്തുള്ള എച്ചിൽപാത്രങ്ങൾ എടുത്ത് പുറത്തുവരുന്നു. ഫാക്ടറി ഷെഡ്ഡിനു പുറത്തുള്ള ടാപ്പിൽ, ചെളികെട്ടിയ സ്ഥലത്ത് പാവാട നനയാതെ ഉയർത്തിപ്പിടിച്ച് കൈ കഴുകുന്ന പെൺകുട്ടികളുടെ ഒപ്പം നിന്ന് അവർ പാത്രങ്ങൾ കഴുകുന്നു.

ഭക്ഷണം കഴിഞ്ഞാൽ മുതലാളി അരമണിക്കൂർ ഉറങ്ങും. സന്ദർശകർക്ക് ഇരിക്കാനായി മുറിയിൽത്തന്നെ സ്ഥാപിച്ചിട്ടുള്ള വീതി കുറഞ്ഞ ബെഞ്ചിൽ വളരെ ആപൽക്കരമായി തുലനം ചെയ്ത് മുതലാളി പള്ളിക്കുറുപ്പ് തുടങ്ങുന്നു.

ആ സമയമാണ് പെൺകുട്ടികളെ സംബന്ധിച്ചേടത്തോളവും അവർ ചേച്ചിയെന്നു വിളിക്കുന്ന സ്ത്രീയെ സംബന്ധിച്ചേടത്തോളവും സുവർണകാലം. ചേച്ചി ഒരിക്കൽ പുറത്തുനിന്ന് വരുമ്പോൾ കൊണ്ടുവന്ന് ഇറയത്തു തിരുകിയ ചെമ്പരത്തിയുടെ കോൽ പുറത്തെടുത്ത് വിറപ്പിച്ചുകൊണ്ട് പറയുന്നു.

'ഇനി അരമണിക്കൂർ നിങ്ങൾ എന്റെ നിയന്ത്രണത്തിലാണ്. ഞാൻ പറയുന്നതുപോലെയെല്ലാം ചെയ്യണം. അല്ലെങ്കിൽ...' കൃത്രിമമായി ഭയം നടിച്ച് പെൺകുട്ടികൾ ചിരിക്കുന്നു.

'എല്ലാവരും ഇവിടെ വന്നിരിക്ക്.' ആദ്യത്തെ ആജ്ഞ.

ഒരു റെക്സിന്റെ കഷ്ണത്തിൽ ചമ്രം പടിഞ്ഞിരിക്കുന്ന ചേച്ചിയ്ക്കു ചുറ്റും അവർ വന്നിരിക്കുന്നു. ഒരുത്തി ചേച്ചിയുടെ പിന്നിൽ ഇരുന്ന് അവരുടെ മുടി അഴിച്ചിട്ട് കോതാൻ തുടങ്ങും. മറ്റു രണ്ടുപേർ മുമ്പിൽത്തന്നെ ഇരുന്ന് അവരുടെ വിലപിടിച്ച സാരിയിലും സ്വർണ്ണവളകൾ ഇടതൂർന്നു കിടക്കുന്ന മെലിഞ്ഞ കൈയ്യിന്മേലും, അങ്ങിനെയെങ്കിലും അതെല്ലാം തൊടാൻ കഴിയുന്നുണ്ടല്ലോ എന്ന മട്ടിൽ തലോടുന്നു. പിന്നെ ചേച്ചി തമാശകളുടെ കെട്ടഴിക്കുന്നു. കുടുകുടെ ചിരിക്കുന്ന പെൺകുട്ടികൾ അവരുടെ ഗതികേടെല്ലാം കുറച്ചു നേരത്തേയ്ക്ക് മറക്കുന്നു. ചിരിച്ച് ചിരിച്ച് അവരുടെ വയറ്റിൽ വേദനയുണ്ടാവുന്നു.

തൊഴിലാളികൾ ഉഴപ്പി ആഗോള മുതലാളിത്തത്തിന്ന് ഭീഷണിയാവുന്നതൊന്നുമറിയാതെ മുതലാളി സുഖനിദ്രയിലായിരിക്കും. മുതലാളി എഴുന്നേൽക്കുന്ന ബഹളം കേട്ടാൽ പെൺകുട്ടികൾ ജോലിസ്ഥലത്തേയ്ക്ക് മുതലക്കൂപ്പിടുന്നു. ഉടനെ മുക്രയിടുന്നതു കേൾക്കാം.

'സംസാരിക്കാതെ ജോലിയെടുക്കാൻ നോക്ക് പിള്ളാരേ. മാസാവസാനം കയ്യും നീട്ടി വരില്ലേ.'

ചേച്ചി ഭർത്താവിന്റെ മുറിയുടെ വാതിൽക്കൽ മുഖം കാണിച്ച് പോയാൽ അവിടം മൂകമാകുന്നു. പെൺകുട്ടികളുടെ മുഖം വാടുന്നു.

ആ സ്ത്രീയെയാണ് തങ്ങൾ വിധവയാക്കിയിരിക്കുന്നത്. ഒരു കൊലപാതകത്തിന്റെ അനന്തരഫലങ്ങളെപ്പറ്റി, അതായത് പോലീസ്, ജയിൽ, കോടതി, വിധി, തൂക്കുമരം എന്നിവയെപ്പറ്റിയൊന്നുമല്ല അവർ വേവലാതിപ്പെട്ടിരുന്നത്. ചേച്ചിയുടെ ഉച്ചനേരത്തെ വരവ്, ചിരി, കളി എന്നിവക്കെല്ലാം ഒരവസാനമുണ്ടായി എന്നത് അവരെ ദുഃഖിപ്പിച്ചു. ചേച്ചി വരേണ്ട സമയമായിത്തുടങ്ങി. അടഞ്ഞുകിടക്കുന്ന പുറംവാതിലിലേയ്ക്ക് നോക്കിക്കൊണ്ട് അവർ ചൂളിയിരുന്നു.

ഭർത്താവിന്റെ ദാരുണമായ അന്ത്യത്തെപ്പറ്റി ഒരറിവുമില്ലാതിരുന്ന ആ സ്ത്രീ വാതിൽ തുറന്ന് അകത്തു കടന്നു.

പെൺകുട്ടികൾ നടുവിൽ പതിവിനു വിപരീതമായി ചൂളിയിരിക്കുന്നതു കണ്ടു. പുറത്തെ വെയിൽ അവരുടെ കാഴ്ച മങ്ങിച്ചതുകാരണം അവരുടെ മുഖഭാവമെന്താണെന്നവർക്കു മനസ്സിലായില്ല. എന്തെങ്കിലും ജോലിയെടുക്കുകയായിരിക്കുമെന്നേ അവർ കരുതിയുള്ളൂ. അവർക്കായി കൊണ്ടുവന്ന പൊതി നീട്ടിയപ്പോഴേ കുട്ടികളുടെ കണ്ണിലെ കൊടുംഭീതി ആ സ്ത്രീ കണ്ടുള്ളൂ.

'എന്തു പറ്റീ പിള്ളാരേ?' അവർ ആകാംക്ഷയോടെ ചോദിച്ചു.

അവർ മൂന്നു പേരും പൊട്ടിക്കരയാൻ തുടങ്ങി. ഒരഞ്ചു മിനുറ്റുനേരത്തെ കരച്ചിൽ അവരെ കുറച്ച് ശാന്തരാക്കി. അവർ പറഞ്ഞു.

'ചേച്ചീ, മൊതലാളി ചത്തു.'

ആ സ്ത്രീ ഞെട്ടി.

'ഞങ്ങള് കൊന്നതാ ചേച്ചീ.' അവർ ഒന്നിച്ച് ഏറ്റു പറഞ്ഞു. ചേച്ചിയിൽനിന്ന് ഒന്നും ഒളിപ്പിച്ചു വയ്ക്കാൻ അവർക്ക് ഉദ്ദേശമുണ്ടായിരുന്നില്ല.

മുതലാളിയുടെ ഭാര്യ ശരിക്കും ഞെട്ടിയിരുന്നു. ഇത്രയും തടിയും വണ്ണവുമുള്ള മനുഷ്യൻ മരിക്കുക. അല്ല കൊല്ലപ്പെടുക! അതും മൂന്നു ചെറിയ മെലിഞ്ഞ പെൺകുട്ടികളാൽ. അസംഭാവ്യമെന്നു തോന്നാവുന്ന ആ സംഭവം അവരിൽ ഉണ്ടാക്കിയ പ്രതികരണം എന്തായിരുന്നുവെന്ന് പറയാൻ പറ്റില്ല. ഞെട്ടൽ തെല്ലു ശമിച്ചപ്പോൾ അവർ ആലോചിച്ചത് ഈ കൊലപാതകം എന്തൊക്കെ പ്രശ്നങ്ങളുണ്ടാക്കുമെന്നതായിരുന്നു. പോലീസ് എത്തും, ഈ പാവപ്പെട്ട കുട്ടികളെ അറസ്റ്റു ചെയ്തു കൊണ്ടുപോകും. തടവിലാക്കും. പിന്നെ വിചാരണ, വിധി. അവരും ആ പാവം പെൺകുട്ടികളുടെ ഒപ്പം ഇരുന്നു. അവരുടെ മുഖവും വിളറിയിരുന്നു. അവർ ചോദിച്ചു.

'ഇനി നമ്മൾ എന്താ ചെയ്യ്വാ?'

കൂന്നിക്കൂടി ഇരിക്കുന്ന നാലു തലകളും ഒന്നിച്ച് ആലോചിക്കുകയാണ്. ഇനി എന്താണ് ചെയ്യുക?

'അപ്പോ എന്തിനേ നിങ്ങള് മൊതലാളീനെ കൊന്നത്?'

എന്തേ നിങ്ങൾ ഇതുവരെ മുതലാളിയെ കൊല്ലാതിരുന്നത് എന്നാണ് ചോദിക്കേണ്ടിയിരുന്നത്.

മൂന്നു പെൺകുട്ടികളും അന്യോന്യം നോക്കി. കൊലപാതകത്തിലേയ്ക്ക് നയിക്കുന്ന സംഭവങ്ങൾ അവ്യക്തത നിറഞ്ഞ മനസ്സോടെ അപഗ്രഥിക്കാൻ ശ്രമിക്കയായിരുന്നു അവർ. ഒന്നും വ്യക്തമല്ല. എന്താണുണ്ടായത്?തുടക്കം എവിടെവച്ചായിരുന്നു? അല്ലെങ്കിൽ ഇങ്ങിനെ ഒരു സംഭവത്തിന് തുടക്കം വേണോ? തുടക്കമുണ്ടാവാറുണ്ടോ?

രാവിലെ ഒമ്പതു മണിക്കുതന്നെ ജോലി തുടങ്ങണമെന്നാണ് മുതലാളിയുടെ ശാസന. എന്നുവച്ചാൽ ഒമ്പതുമണിക്കു മുമ്പുതന്നെ എത്തണം. കൃത്യം ഒമ്പതു മണിക്ക് ജോലി തുടങ്ങുകയാണ് വേണ്ടത്. പത്തു മിനുറ്റു നേരം വൈകിയാൽ പകുതി ദിവസത്തെ ശമ്പളം പിടിക്കും. അതാണ് കരാറ്. മാസത്തിൽ എങ്ങിനെയായാലും നാലഞ്ചു ദിവസം നേരം വൈകാതിരിക്കില്ല. തീവണ്ടി മിക്കവാറും വൈകിയേ എത്തൂ. വണ്ടി നിൽക്കേണ്ട താമസം അവർ ചാടി ഇറങ്ങി ഓടിക്കൊണ്ടാണ് ഫാക്ടറിയിലേയ്ക്കുള്ള ഒരു കിലോമീറ്റർ ദൂരം താണ്ടുന്നത്. അപ്പോഴേയ്ക്കും സമയം ഒമ്പതേ പത്തു കഴിഞ്ഞിരിക്കും. എന്നുവച്ചാൽ ആ ദിവസം പകുതിയായേ കൂട്ടൂ. ആകെ കിട്ടുന്ന നാനൂറുറുപ്പികയിൽ വണ്ടിയുടെ സീസൺ ടിക്കറ്റും പിന്നെ മുതലാളിയുടെ വക വെട്ടിമുറിക്കലും കഴിഞ്ഞാൽ എന്തു കിട്ടാനാണ്? കഴിഞ്ഞ മാസം തൊട്ട് ആഴ്ചയിൽ രണ്ടു ദിവസം പുതുതായി ഏർപ്പെടുത്തിയ എക്സ്പ്രസ്സ് വണ്ടിയുമുണ്ട്. ആ വണ്ടി മിക്കവാറും വൈകിയേ ഓടു. രണ്ടാംതരം പൗരന്മാരായ കുറേ നികൃഷ്ടജീവികളെ ആവിയിൽ വേവാൻപാകത്തിൽ കുത്തിനിറച്ച് ചലനമറ്റ് കിടക്കുന്ന പാസഞ്ചറിനെ തള്ളിമാറ്റി കുതിച്ചുപോകുന്ന ആ എക്സ്പ്രസ്സ് അതിന്റെ ലക്ഷ്യത്തിലെത്തി എന്നുറപ്പായാൽ മാത്രമേ തങ്ങൾക്ക് മോക്ഷമുള്ളൂ. മുമ്പിൽക്കൂടെ പൊടിപറപ്പിച്ച് കൊടുങ്കാറ്റിന്റെ വേഗത്തിൽ കടന്നുപോകുന്ന എക്സ്പ്രസ്സ് തങ്ങൾക്ക് മാസാവസാനം കിട്ടുന്ന നോട്ടുകളുടെ വലുപ്പം എത്രമാത്രം കുറച്ചുവെന്നത് ശമ്പളം കിട്ടിയ ദിവസമാണ് മനസ്സിലായത്. കിട്ടിയ തുഛമായ നോട്ടുകളും പിടിച്ച് ആ പെൺകുട്ടികൾ കുറച്ചുനേരം മുതലാളിയുടെ മുമ്പിൽ നിന്നു.

'എന്താ നോക്കി നിൽക്കണത്, പോയി ജോലിയെടുക്ക്. ശവങ്ങള്.' മുതലാളി അട്ടഹസിച്ചു.

സാധാരണ ശമ്പളത്തിൽ കുറവു കണ്ടാൽ ഒരിളിഞ്ഞ ചിരിയുമായി വാങ്ങിപ്പോയിരുന്ന കുട്ടികൾക്ക് ഈ മാസത്തെ ശമ്പളം ശരിക്കും ഒരടിയായി. അവർ ധൈര്യം സംഭരിച്ച് ചോദിച്ചു.

'ഇതോണ്ട് എന്താവാനാ മൊതലാളീ?'

'എന്തേ?'

'ശമ്പളത്തിൽ പകുതീം പിടിച്ചിരിക്ക്ണ്.'

'നിങ്ങൾ എത്ര ദിവസം വൈകി വന്നു?'

'ഞങ്ങളെന്താ ചെയ്യ്വാ. തീവണ്ടി സമയത്തിന് വരാത്തതിന്. എട്ടേമുക്കാലിന് വരണ്ട വണ്ടിയാണ് ഒമ്പതു മണിക്കും അതിലും വൈകീട്ടും വരണത്.'

'അത് നിങ്ങള് റെയിൽവേല് പോയി പറഞ്ഞാമതി.'

കുട്ടികൾക്ക് കൂടുതൽ ധൈര്യം കിട്ടുകയായിരുന്നു. അവർ ചോദിച്ചു.

'ഒരു പത്തു മിനുറ്റു വൈകിയാൽ പത്തു മിനുറ്റിന്റെ, അല്ലെങ്കിൽ അര മണിക്കൂറിന്റെ ശമ്പളം കൊറക്ക്യല്ലാതെ പകുതി ദിവസത്തെ കൊറക്കണതിന് എന്താ അർഥം? ബാക്കി സമയൊക്കെ ഞങ്ങള് ജോലിയെടുക്ക്ണില്ലേ? അതിന് ശമ്പളൊന്നും വേണ്ടെ?'

'എന്റെ കമ്പനീല്ത്തെ നിയമം അതാണ്.'

'ഞങ്ങള് സമ്മതിക്കില്ല.'

'സമ്മതിക്കില്ലെ?'

'ഇല്ല' എല്ലാവരും ഒപ്പം പറഞ്ഞു.

'എന്നാ നാളെത്തൊട്ട് നിങ്ങള് വരണ്ട. ഞാൻ വേറെ കുട്ടികളെ വെച്ചോളാം.'

എല്ലാം പറഞ്ഞു കഴിഞ്ഞതോടെ മുതലാളി ചാരിയിരുന്നു. ഇന്ന് ഒന്നാം തീയതിയാണ്. എല്ലാ കണക്കുകളും തീർ

ത്തിരിക്കുന്നു. സമയം പന്ത്രണ്ടരയായിരിക്കുന്നു. പതിവിനു വിപരീതമായി ഉച്ചയ്ക്കു തന്നെ ശമ്പളം കൊടുത്തത് ഉച്ചക്കുശേഷം ഒരിടത്തു പോകാനുള്ളതുകൊണ്ടായിരുന്നു. ഇപ്പോൾ ഇവരെ വിട്ടാൽ തനിക്കു ലാഭമാണ്. മൂന്നു പേരുടെ ഓരോ നേരത്തെ ജോലി? അതായത് ഒന്നര ദിവസത്തെ ജോലി തനിക്കു ലാഭം. നാളെ പുതിയ പെൺകുട്ടികളെ എടുക്കുകയും ചെയ്യാം; ഇപ്പോൾ ഇവർക്കു കൊടുക്കുന്നതിന്റെ പകുതി ശമ്പളമേ കൊടുക്കേണ്ടു പുതുതായി എടുക്കുമ്പോൾ.

'ഞങ്ങക്ക് ഞങ്ങടെ മുഴുവൻ ശമ്പളും കിട്ടണം.' പെൺകുട്ടികൾ ഒന്നായി പറഞ്ഞു.

'ഇല്ലെങ്കിൽ?'

പെട്ടെന്നാണതു സംഭവിച്ചത്. എവിടെ നിന്നാണവർക്കു ഇത്ര ധൈര്യം കിട്ടിയതെന്ന് അറിയില്ല. അതുപോലെ ആരാണാദ്യം തുടങ്ങിവെച്ചതെന്നും. ശരിക്കു പറഞ്ഞാൽ അവർ മൂന്നു പേരും ഒരേ സമയത്ത് ആക്രമണത്തിന്ന് മുതിരുകയാണുണ്ടായത്. അവർ തങ്ങളുടെ ശുഷ്കമായ കൈകൾകൊണ്ട് മുതലാളിയെ അടിക്കാൻ തുടങ്ങി. പെട്ടെന്നുണ്ടായ ആക്രമണത്തിന്റെ ആഘാതത്തിൽ മുതലാളി പതറി. ഒഴിഞ്ഞു മാറാൻ ശ്രമിച്ചപ്പോൾ അയാളുടെ സ്ഥൂലശരീരം കസേരയിൽനിന്ന് ഊർന്നിറങ്ങി നിലത്ത് വെട്ടിയിട്ട ആൽമരം കണക്കേ കിടന്നു. പെൺകുട്ടികൾ വർഗ്ഗശത്രുവിന്റെ മേൽ കയറി ഇരുന്നുകൊണ്ട് തൊഴിക്കുകയാണ്. ഒരു ചത്ത പോത്തിന്റെ മേൽ ഇരുന്ന് കൊത്തിക്കീറുന്ന കാക്കകളെപ്പോലെ അവർ തോന്നിച്ചു.

സാവധാനത്തിൽ മുതലാളി കണ്ണുകളടച്ചു അന്ത്യശ്വാസം വലിച്ചു. കുട്ടികൾ ഭയപ്പെട്ട് ഓടി ഫാക്ടറിയുടെ നടുവിൽ കൂനിക്കൂടിയിരുന്നു. അങ്ങിനെയാണതുണ്ടായത്. വിപ്ലവമെന്നൊന്നും പറയാൻ പറ്റില്ല.

'നമുക്ക് ഇവിടന്ന് ഓടിപ്പോവാം.' ചേച്ചി പറഞ്ഞു. 'എന്നിട്ട് വേറെ എവിടെയെങ്കിലും താമസിക്കാം.'

'അത് പറ്റൂല ചേച്ചീ, പോലീസ് പിന്നാലെ വന്ന് പിടിക്കൂലെ?'

അവർ ആലോചിച്ചു. ശരിയാണ്. കുറ്റകൃത്യം നടന്നിടത്തുനിന്ന് ഓടിപ്പോവുക എന്നതിനർഥം കുറ്റം സമ്മതിക്കുക എന്നാണ്.

'എങ്കിൽപിന്നെ ഇങ്ങിനെ ചെയ്യാം.' ചേച്ചി പറഞ്ഞു. 'മുതലാളി ഹാർട്ടറ്റാക്കായി മരിച്ചു എന്നു പറയാം. പോരെ?'

'അതു മതി ചേച്ചീ' മൂന്നു പെൺകുട്ടികളും ഒരുമിച്ചു പറഞ്ഞു. 'അപ്പോ പിന്നെ കേസൊന്നുണ്ടാവില്ലല്ലോ.'

അവർക്കാശ്വാസം തോന്നി. ചേച്ചിക്കും ഭർത്താവ് മരിച്ചതിൽ വലിയ വിഷമമൊന്നുമില്ല എന്നു കണ്ടപ്പോൾ അവർക്കു സമാധാനമായി.

'ഞാൻ മുറിയിൽ പോയി ഏതെങ്കിലും ഡോക്ടർക്ക് ഫോൺ ചെയ്യാം.' അവർ എഴുന്നേറ്റുകൊണ്ട് പറഞ്ഞു. അവർ ധൈര്യം സംഭരിച്ച് മുറിയുടെ വാതിൽ വരെ പോയി. ശരിയാണ് ഭർത്താവ് നിലത്ത് വീണുകിടക്കുന്നു. അനക്കമില്ല. വാതിൽക്കൽ തന്നെയാണ് ശരീരം കിടക്കുന്നത്. പെൺകുട്ടികൾ കൊലചെയ്തശേഷം അയാളുടെ ശരീരത്തിൽ ചവിട്ടിക്കൊണ്ടാണ് പുറത്തേയ്ക്ക് ഓടിയത്. ഉള്ളിൽ പോകാൻ ധൈര്യമില്ലാതെ അവർ മടങ്ങിപ്പോന്നു. അവരുടെ കാൽ മുട്ടുകൾ വിറച്ചിരുന്നു.

'എടീ എനിക്കു ധൈര്യം വരുന്നില്ല അകത്തു കടക്കാൻ.'

അവർ വീണ്ടും നിലത്ത് വട്ടമിട്ടിരുന്ന് ആലോചന തുടങ്ങി. അകത്ത് ഒരു പടുകൂറ്റൻ ശവം വിലങ്ങനെ വീണുകിടക്കുമ്പോൾ മൂന്ന് പെൺകുട്ടികളും നിസ്സഹായയായ ഒരു സ്ത്രീയും രക്ഷക്കായുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു. ഒരു വഴിയും അവർക്കുമുമ്പിൽ മുഴുവനായി തുറന്നില്ല. സമയം എത്രയായിയെന്നവർക്കറിയില്ല. അവർക്ക് വിശപ്പും ദാഹവും നഷ്ടപ്പെട്ടിരുന്നു. ഭർത്താവു മരിച്ചു എന്നതിനേക്കാൾ വലിയ ദുരന്തം ഈ പാവപ്പെട്ട കുട്ടികളുടെ കരിപിടിച്ച ഭാവിയാണെന്ന് ആ സ്ത്രീ മനസ്സിലാക്കി. അവരിൽ ഒരുത്തിയ്ക്ക് അച്ഛനില്ല. അവൾ കൊണ്ടുചെല്ലുന്നതുകൊണ്ടാണ് അവളും അമ്മയും രണ്ടനുജന്മാരുമുള്ള കുടുംബം പുലരുന്നത്. മറ്റു രണ്ടുപേരുടെ സ്ഥിതിയും അസൂയാർഹമൊന്നുമല്ല.

'നമുക്ക് ഒരു കാര്യം ചെയ്യാം.' ചേച്ചി പറഞ്ഞു. 'ഒരു ഡോക്ടറെ കൊണ്ടുവന്ന് കാണിക്കാം. ഹാർട്ടറ്റാക്കായി മരിച്ചതാന്ന് പറയാം. ന്ന്ട്ട് നമ്മക്ക് നാലുപേർക്കും കൂടി ഈ ഫാക്ടറി നടത്താം. അപ്പോ നിങ്ങക്കു ജോലിണ്ടാവും ചെയ്യും, കൂടുതൽ പണവും കിട്ടും.'

സ്വന്തം ഭർത്താവിന്റെ മൃതശരീരം തണുത്തുകൊണ്ടിരിക്കെ അയാളുടെ ഘാതകരുടെ ഭാവിയെപ്പറ്റി ഉൽക്കണ്ഠാകുലമായ ചിന്തകൾ ഒരസാമാന്യ സ്ത്രീയുടെ മനസ്സിൽനിന്നേ ഉദിക്കൂ. പെൺകുട്ടികളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അവർ കരയാൻ തുടങ്ങി.

ആ നിമിഷത്തിലാണതുണ്ടായത്. മുറിയിൽനിന്ന് എന്തോ ഒരു ശബ്ദം കേട്ടു. ഒരു കസേല വലിച്ചിടുന്നപോലെ. അവർ ശ്വാസം പിടിച്ചു. താമസിയാതെ ഒരു പടുകൂറ്റൻ ശരീരം വാതിലിൽ പ്രത്യക്ഷമായി, ഒപ്പം തന്നെ മുക്രയിടുന്ന ശബ്ദവും.

'ലഞ്ചിന്റെ സമയം കഴിഞ്ഞു. എല്ലാവരും ജോലിയിലേയ്ക്ക്. എന്താ ഒഴപ്പണത്. ഒന്നാന്തി കൈയ്യും നീട്ടി വരില്ലേ, ശവങ്ങള്.'

മുതലാളിയുടെ ഭാര്യ ഭക്ഷണത്തിന്റെ തൂക്കുപാത്രവുമായി അന്തം വിട്ട് നിൽക്കെ, വിപ്ലവവീര്യം തീരെ കെട്ടടങ്ങിയ പെൺകുട്ടികൾ ഒറ്റ കുതിപ്പിന് അവരവരുടെ സ്ഥാനത്തെത്തുകയും ജോലി തുടങ്ങുകയും ചെയ്തു.

back to index

# കുഞ്ഞിമാതു ചിരിച്ചുകൊണ്ടിരിക്കുന്നു

മുല്ലപ്പൂവിന്റേയും ചന്ദനത്തിരിയുടേയും വെളിച്ചെണ്ണ ഒഴിച്ചു കത്തിച്ച നിലവിളക്കിന്റേയും സുഗന്ധത്തിൽ, തീക്ഷ്ണമായൊരു സുരതത്തിന്റെ തളർച്ചയിൽ വധു ഉറക്കമായി. സമയം രണ്ടുമണി. അയാൾ ആലോചിക്കുകയായിരുന്നു. തനിക്ക് എന്താണ് പറ്റിയത്? പുറത്ത് ലോകം ഇരുട്ടിൽത്തന്നെ. നഷ്ടപ്പെട്ട എന്തോ ഒന്ന് തേടിപ്പിടിക്കാനെന്ന പോലെ മധു ജനലിലൂടെ പുറത്തേയ്ക്ക് ഉറ്റുനോക്കി. തന്റെ ഉള്ളിൽ ഗർജ്ജിക്കുന്ന മൃഗം, അതിന്റെ വന്യത ഒരു വിതുമ്പലിലൊതുക്കികൊണ്ട് നിശ്ശബ്ദനായിരിക്കുന്നു.

മൂന്നു മണിക്കൂർ മുമ്പ് അവൾ തന്റെ മറുപടിക്കുവേണ്ടി അക്ഷമയായി കാത്തിരിക്കുകയായിരുന്നു. വിവാഹരാത്രിയിൽ ഏതു പെൺകുട്ടിയും കേൾക്കാനാഗ്രഹിക്കുന്ന വാചകമാണതെന്ന് അയാൾക്കറിയാമായിരുന്നു. തനിക്കവളെ ഇഷ്ടമായി, വളരെയധികം. അവൾ സുന്ദരിയായിരുന്നു. മരുമകൾ സുന്ദരിയാവണമെന്ന് അമ്മയ്ക്കു നല്ല ആഗ്രഹമുണ്ടായിരുന്നു. അച്ഛന്റെ പ്രശാന്തമായ ജീവിതത്തിന്റെ ശ്രദ്ധിക്കപ്പെടാതെ കിടന്ന ഒരു മൂലയിൽ പാഴ്മരം പോലെ വർഷങ്ങളായി വളർന്നുപന്തലിച്ച അതൃപ്തി മകനിലേയ്ക്കു പകരരുതെന്നുണ്ടായിരുന്നു അവർക്ക്. അതുകൊണ്ട് അവർ ഓരോ ആലോചനയും ശ്രദ്ധയോടെ പഠിച്ചു. പെൺകുട്ടികളെ നേരിട്ടു കണ്ടു സംസാരിച്ചു. അവരുടെ നിറം, ദേഹപ്രകൃതി, സ്വഭാവം, സംസാരം എല്ലാം ഒരമ്മയ്ക്കു മാത്രം കിട്ടുന്ന സൂക്ഷ്മദൃഷ്ടിയോടെ, സ്വന്തം കുഞ്ഞിനു ഭക്ഷണം പാകംചെയ്യുമ്പോഴുള്ള ശ്രദ്ധയോടെ പരിശോധിച്ചു. എല്ലാം കഴിഞ്ഞാലും ജാതകവും ഒക്കണം. അങ്ങിനെ എല്ലാം തികഞ്ഞു കിട്ടിയ പെൺകുട്ടിയാണിത്. എന്നിട്ടും പെണ്ണുകാണാൻ തന്റെ ഒപ്പം വന്നപ്പോൾ അവർ ഒരു നൂറു വട്ടം ചോദിച്ചു. 'നിനക്ക് പെൺകുട്ടിയെ നല്ലോണം ഇഷ്ടായോ?' അയാൾക്ക് അവളെ നൂറുവട്ടം ഇഷ്ടമായിരുന്നു.

ഇപ്പോൾ അവൾതന്നെ ആ ചോദ്യം ചോദിച്ചപ്പോൾ അയാൾ സ്വന്തം പുറന്തോടിനുള്ളിലേയ്ക്കു വലിഞ്ഞു പരതുകയാണ്, ഉത്തരത്തിനുവേണ്ടി. അയാൾ അച്ഛനെ ഓർത്തു. അമ്പത്തിരണ്ടാം വയസ്സിൽ മരിക്കുമ്പോഴും അച്ഛൻ സുന്ദരനായിരുന്നു. അച്ഛന്റെ ഒപ്പം നിൽക്കുമ്പോൾ, പുറത്തേയ്ക്കു തള്ളിയ പല്ലുകളും മെലിഞ്ഞ ശരീരവുമായി അമ്മ ഒരു നോക്കുകുത്തിയെ ഓർമ്മിപ്പിച്ചു. അതൃപ്തി ഒരു സ്ഥായീഭാവമായി അച്ഛന്റെ കണ്ണുകളിൽ തെളിഞ്ഞു നിൽക്കുന്നത് അവൻ കുട്ടിക്കാലംതൊട്ടേ ശ്രദ്ധിക്കാറുണ്ട്. തനിക്ക് അച്ഛനോട് തോന്നാറുള്ള അനുകമ്പയോർത്ത് അവൻ പിന്നീടു പശ്ചാത്തപിക്കും. അമ്മയോട് കൂടുതൽ സ്നേഹത്തോടെ പെരുമാറാൻ അതവനെ പ്രേരിപ്പിക്കും.

'എന്താ ഒന്നും പറയാത്തത്?' അവൾ വീണ്ടും ചോദിച്ചു. 'എന്നെ ഇഷ്ടായില്ലേ?'

അയാൾ ചിരിച്ചുകൊണ്ട് അവളെ അടുപ്പിച്ചു. 'നല്ല ഇഷ്ടായി. ഇത്ര സുന്ദരിയായ കുട്ടിയെ ആർക്കെങ്കിലും ഇഷ്ടാവാതിരിക്ക്യോ?'

അതിനു ശേഷം കാര്യങ്ങൾ എളുപ്പമായിരുന്നു. ഇപ്പോൾ പുറത്തുള്ള ഇരുട്ടിലേയ്ക്ക് നോക്കി കിടക്കുമ്പോൾ അയാൾ ആലോചിച്ചു. എന്താണ് കുഴപ്പം? ഒരാഴ്ചക്കുള്ളിൽ എറണാകുളത്തു പോകും. തിങ്കളാഴ്ചയാണ് ലീവു കഴിയുന്നത്. അവിടെ പാലാരിവട്ടത്തെ വാടകവീട്ടിൽ രണ്ടുപേരും മാത്രമായി ഒരു ജീവിതം തുടങ്ങും. ലോഡ്ജിൽ സ്നേഹിതന്മാരോടൊത്തുള്ള താമസം അവസാനിക്കുന്നു. അത്രയും നല്ലത്. ഇനി താനും ശ്യാമയും മാത്രം. അമ്മയും വേണ്ട, അമ്മായിയമ്മയും വേണ്ട. അമ്മായിയമ്മ ഒപ്പം വരാമെന്ന നിർദ്ദേശം അമ്മ വീറ്റോ ചെയ്തു.

'അവര് മധുവിധു ആഘോഷിക്കാൻ പോവല്ലേ. നമ്മളൊക്കെ ഒപ്പം ചെന്നാൽ ശര്യാവില്ല്യ.'

'ഒരാഴ്ചത്തെ കാര്യാണ് ഞാൻ പറഞ്ഞത്.' ഒരു ചെറിയ ചമ്മലോടെ അവർ പറഞ്ഞു. 'അവൾക്കൊന്ന് പരിചയാവണവരെ. അവിടെ നിക്കാനൊന്നും അല്ലെങ്കിലും എനിക്ക് പറ്റില്ല. ശ്യാമടെ അച്ഛൻ ഇല്ല്യേ ഇവിടെ? അങ്ങേരടെ കാര്യൊന്നും ഞാനില്ലെങ്കിൽ ശര്യാവില്ല്യ. ഒരു ചായണ്ടാക്കി കുടിക്കാനറിയാത്ത ആളാണ്.'

'അവർക്കിപ്പോൾ ആരടേം കൂട്ട് വേണ്ടിവരില്ല്യ. അവര്തന്നെ കാര്യങ്ങളൊക്കെ നോക്കിക്കോളും.'

അമ്മായിയമ്മ ഒന്നും മറുപടി പറഞ്ഞില്ല. വിവാഹബന്ധങ്ങളിൽ ചെക്കന്റെ വീട്ടുകാർ എടുക്കുന്ന അനർഹവും അനാശ്യാസ്യവുമായ മേൽകോയ്മ അമ്മായിയമ്മയെ നിശ്ശബ്ദയാക്കിയതാവണം.

പാലാരിവട്ടത്ത് ഒന്നാം നിലയിലെ വീട്ടിൽ എത്തിയ ഉടനെ വാതിൽ കുറ്റിയിട്ട്, ശ്യാമയേയും കൈയ്യിലെടുത്ത് കിടപ്പുമുറിയിലേയ്ക്ക് ഓടുമ്പോൾ മധു അമ്മയ്ക്ക് നന്ദി പറഞ്ഞു. ചായപോലും ഉണ്ടാക്കാൻ പഠിക്കാത്ത ശ്വശുരന്റെ പുരുഷമേധാവിത്വത്തിന്നും.

അയാൾ എഴുന്നേറ്റ് ജനലിലൂടെ പുറത്തേയ്ക്കു നോക്കി. പുറത്ത് നഗരവെളിച്ചത്തിന്റെ ധാരാളിത്തത്തിൽ ഇരുട്ട് കൊച്ചുകൂടാരങ്ങളിലൊതുങ്ങി. ശ്യാമ ഉറക്കമായിരിക്കുന്നു. കുളിമുറിയിൽ പോയി വന്ന കിടപ്പാണ്. ഉടുപ്പിടാൻ പോലും സമയമില്ലാതെ അവൾ നിദ്രയിലാഴുന്നു. അവളെ സംബന്ധിച്ചേടത്തോളം സുരതം ഒരു ഉറക്കഗുളികയാണ്. 'ഞാൻ ഇത്ര പെട്ടെന്ന് ഉറങ്ങുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല.' അവൾ പറയും. 'എന്തിനാണ് എന്നെ ഇത്രയധികം സുഖിപ്പിക്കുന്നത്?'

ശ്യാമ ഉറങ്ങിയാൽ അവളുടെ മനോഹരമായ നഗ്നശരീരത്തിന്മേൽ ഒരു പുതപ്പ് വലിച്ചിട്ട് മധു എഴുന്നേൽക്കുന്നു. ജനലിലൂടെ പുറത്തേയ്ക്ക് ഉറ്റുനോക്കുന്നു. തന്റെ ഉള്ളിലെ മൃഗം എവിടെപ്പോയി?

ഒരു ദിവസം മധു ഓഫീസിൽനിന്നു വന്നപ്പോൾ അമ്മായിയമ്മ എത്തിയിരുന്നു. വരുന്ന കാര്യം അവർ അറിയിച്ചിരുന്നില്ല. അയാൾ ശ്യാമയെ സംശയത്തോടെ നോക്കി. അവർക്കതു മനസ്സിലായെന്നു തോന്നുന്നു.

'ഒരു മാസായില്ലേ കണ്ടിട്ട്. ഒന്ന് കാണാമെന്നുവച്ച് വന്നതാ.'

ഇതിൽ ക്ഷമാപണത്തിന്റെ ആവശ്യമെന്താണ്? ഒരാഴ്ചയായി ശ്യാമയുടെ പ്രഭാതങ്ങൾ വിഷമകരമായിരുന്നു. എഴുന്നേൽക്കാൻ വിഷമം, എഴുന്നേറ്റ ഉടനെ കുളിമുറിയിലേയ്ക്ക് ഓടുന്നു. ചെറുനാരങ്ങ വാസനിച്ചുകൊണ്ട് ശർദ്ധിക്കാനുള്ള പ്രവണതയ്ക്ക് കടിഞ്ഞാണിടുന്നു. അവൾ അമ്മയ്ക്ക് കത്തെഴുതിയിട്ടുണ്ടാവണം. അങ്ങിനെ കത്തെഴുതിയെന്ന് തന്നോടു പറയരുതെന്നും വിലക്കിയിട്ടുണ്ടാവണം. സാരമില്ല.

അമ്മായിയമ്മ വരുമ്പോൾ ഒപ്പം ഒരു ജോലിക്കാരിയേയും കൊണ്ടുവന്നിട്ടുണ്ടെന്ന് അടുക്കളയിൽ ചെന്നപ്പോ

ഴാണ് മനസ്സിലായത്. നാൽപത് നാൽപ്പത്തഞ്ചു വയസ്സു പ്രായം. തടിച്ച് ഇരുണ്ട പ്രകൃതം. മുഖത്ത് വസൂരിക്കലകൾ. സൗന്ദര്യം അവരുടെ നാലയലത്തുപോലും എത്തിയിട്ടില്ല. അയാൾക്ക് പെട്ടെന്ന് അവരോട് അനുകമ്പതോന്നി. അവർ അയാൾ അകത്തുകടന്നത് ശ്രദ്ധിക്കാതെ പച്ചക്കറി നുറുക്കുകയാണ്. തന്റെ സാന്നിദ്ധ്യം അവരെ സ്വാത്മബോധമുള്ളവളാക്കുന്നു എന്നറിഞ്ഞപ്പോൾ അയാൾ പുറത്തു കടന്നു.

ഒരു ജോലിക്കാരിയെ വെക്കുകയാണെങ്കിൽ ഇതുപോലൊരുത്തിയെയല്ല അയാളുടെ മനസ്സിലുണ്ടായിരുന്നത്. ഇത്ര വയസ്സില്ലാത്ത, കുറച്ചുകൂടി ഭംഗിയുള്ള, പ്രസാദാത്മകമായ മുഖമുള്ള ഒരുത്തി. അയാൾ നിരാശനായി.

'ഞങ്ങടെ വീട്ടില് ഇരുപതുകൊല്ലായിട്ട് ജോലിയെടുത്തിരുന്ന സ്ത്രീയാണ്.' അമ്മായിയമ്മ ശബ്ദം കുറച്ചുകൊണ്ട് പറഞ്ഞു. 'എല്ലാ ജോലീം എടുക്കും. ശ്യാമക്ക് സഹായാവുംച്ചിട്ട് കൊണ്ടന്നതാ.'

'സാരല്ല്യ.' അയാൾ പറഞ്ഞു. പറഞ്ഞുകഴിഞ്ഞ ഉടനെ അയാളാലോചിച്ചു. എന്തിനാണ് സാരമില്ല എന്നു പറഞ്ഞത്. നന്നായി എന്നു പറയാമായിരുന്നില്ലേ. അമ്മായിയമ്മയുടെ ശുഷ്കാന്തിയെ ശ്ലാഘിക്കാമായിരുന്നില്ലേ. തനിക്കൊരിക്കലും അവസരത്തിനൊത്ത് ഉയരാൻ കഴിയാറില്ല.

അമ്മായിയമ്മ പിറ്റേന്നുതന്നെ മടങ്ങി. ഒരാഴ്ചക്കകം മധുവിന് തന്റെ അഭിപ്രായങ്ങൾ തിരുത്തേണ്ടി വന്നു. ഭക്ഷണങ്ങൾക്ക് ഒരു പ്രത്യേക സ്വാദ്. ജോലിക്കാരി നല്ല പാചകക്കാരിയാണ്. വൈവിദ്ധ്യം നിറഞ്ഞ വിഭവങ്ങൾ ഉണ്ടാക്കി, ഭംഗിയായി മേശപ്പുറത്തു കൊണ്ടുവന്നു നിരത്തി അവർ പിൻവാങ്ങി. അലമാറി തുറന്നാൽ തന്റെ വസ്ത്രങ്ങൾ എപ്പോഴും അലക്കി തേച്ചുവച്ചിരിക്കുന്നതു കാണാം. വീടു വൃത്തിയായി സൂക്ഷിക്കുന്നതിലും അവർ മിടുക്കിയായിരുന്നു. എല്ലാം അതാതിന്റെ സ്ഥാനത്തുതന്നെ നിലകൊണ്ടു. അദ്ഭുതകരമായിട്ടുള്ളത് അവർ ഒരിക്കലും തന്റെ മുമ്പിൽ വന്നു പെട്ടിരുന്നില്ലെന്നതാണ്. ആ ചെറിയ വീട്ടിൽ അതൊരദ്ഭുതം തന്നെയായിരുന്നു. സ്വയം വെളിപ്പെടാതെ വെളിച്ചം തരുന്ന ഒരു വിളക്കുപോലെ അവർ, കർമ്മംകൊണ്ടുമാത്രം, സ്വന്തം സാന്നിദ്ധ്യമറിയിച്ചു.

അയാളെ ഏറ്റവുമധികം അദ്ഭുതപ്പെടുത്തിയത് ആ സ്ത്രീയുടെ പേരെന്താണെന്ന് ശ്യാമക്കറിയില്ലെന്നതാണ്. അവർ ജോലിക്കാരിയായിരുന്നു. അവളുടെ വീട്ടിൽ കഴിഞ്ഞ ഇരുപതു കൊല്ലമായി ആ സ്ത്രീ ജോലി ചെയ്തു. രണ്ടാം വയസ്സുതൊട്ട് അവൾ അവരെ നന്നമ്മ എന്നു വിളിച്ചു. ഒരിക്കലെങ്കിലും അവരുടെ ശരിക്കുള്ള പേരെന്താണെന്നന്വേഷിക്കാൻ അവൾക്കു തോന്നിയിട്ടില്ല. മറ്റുള്ളവരും ആ കൊച്ചുകുട്ടിയെ അനുകരിച്ചു നന്നമ്മയെന്നുതന്നെ വിളിച്ചു. കാലം അവരുടെ ശരിക്കുള്ള പേര് വളരെ വിദഗ്ദമായി ആ കുടുംബാംഗങ്ങളുടെ മനസ്സിൽനിന്നു തുടച്ചുനീക്കി.

'അവർക്കുതന്നെ ശരിക്കുള്ള പേര് ഓർമ്മയുണ്ടോ എന്നു കണ്ടറിയണം.' ശ്യാമ ഒരു ദിവസം പറഞ്ഞു.

കല്യാണം കഴിഞ്ഞു ആറുമാസത്തിനുള്ളിൽ ഭർത്താവ് അപകടത്തിൽ മരിച്ചപ്പോൾ തൊട്ട് ജോലിക്കുവന്നതാണ്. പിന്നെ ക്രമേണ സ്വന്തം വീട്ടുകാർ അവരെ മറന്നു. അവർ മറ്റൊരു വീട്ടിന്റെ, മറ്റൊരു കുടുംബത്തിന്റെ പ്രാന്തത്തിൽ സ്വന്തമായൊരു നിലനില്പുണ്ടാക്കുകയായിരുന്നു. അവരിലൊരാളാണെന്ന തോന്നലുണ്ടാക്കി, എന്നാൽ അവരിലൊരാളല്ലാതെ, സ്വന്തമെങ്കിലും അനിശ്ചിതമായൊരു അസ്തിത്വം.

അത് വേദനാജനകമായിരിക്കണമെന്ന് മധുവിന് തോന്നി. കഴിഞ്ഞ രണ്ടാഴ്ചയായി അവരുടെ ജീവിതം, നിഷ്ഫലമായൊരു നിഴലിനെ നായാടുന്ന കൗതുകത്തോടെ, അയാൾ പിന്തുടരുകയായിരുന്നു. ശ്യാമയുടെ വിവരണങ്ങൾ ആ നിഴലിനു നിറം കൊടുത്തുവെന്നുമാത്രം. അന്വേഷണത്തിന്റെ അന്ത്യം, അങ്ങിനെയും ഒരു ജീവിതം എന്ന നിരർത്ഥത്തിലൊടുങ്ങി.

ഏറ്റുമുട്ടലുണ്ടായത് ഒരു ശനിയാഴ്ചയായിരുന്നു. അയാൾ ഉച്ചയ്ക്ക് വീട്ടിലെത്തി താക്കോലിട്ട് വാതിൽ തുറന്നകത്തുകടന്നപ്പോൾ ശ്യാമ സോഫമേൽ കിടക്കുകയാണ്. അന്ന് രാവിലെ കുറേ ശർദ്ധിച്ചതുകാരണം അവൾ തളർന്നിരുന്നു.

'മേശപ്പുറത്ത് എല്ലാം വച്ചിട്ടുണ്ട്.' അവൾ ക്ഷീണസ്വരത്തിൽ പറഞ്ഞു. 'ഒന്ന് വിളമ്പിക്കഴിക്കാമോ?'

അയാൾ അവളുടെ അടുത്തിരുന്നു പുറം തലോടി.

'നീ ഊണു കഴിച്ചോ?'

കഴിച്ചെന്ന് അവൾ ആംഗ്യം കാട്ടി. അയാൾക്ക് വിശന്നിരുന്നു. ശനിയാഴ്ച ഒന്നരവരെ ഓഫീസുണ്ട്. അതുകഴിഞ്ഞ് അരമണിക്കൂർ യാത്രകഴിഞ്ഞ് വീട്ടിലെത്തുമ്പോഴേയ്ക്ക് കഠിന വിശപ്പായിരിക്കും. സ്വീകരണമുറിയുടെ അറ്റത്താണ് ഊൺമേശ. എല്ലാം കുപ്പിപ്പാത്രങ്ങളിലാക്കി അടച്ചുവച്ചിരുന്നു. കുപ്പിപ്പാത്രങ്ങൾ ജോലിക്കാരിയാണ് അവതരിപ്പിച്ചത്. കടലാസുപെട്ടികളിലും അലമാറിയിലും മറ്റുമായി എടുക്കാതെ വച്ചിരുന്ന ഡിന്നർസെറ്റുകൾ എടുത്ത് കഴുകി ഉപയോഗിക്കാൻ തുടങ്ങിയത് അവർ വന്നതിനു ശേഷമായിരുന്നു. എല്ലാം കലാപരമായി മേശപ്പുറത്തു വച്ചിരുന്നു.

അയാൾ അടുക്കളയിലേയ്ക്കു നോ ക്കി. നോക്കെത്താദൂരത്തൊന്നും അവരെ കണ്ടില്ല. അതെപ്പോഴും അങ്ങിനെയാണ്. അവർ തൊട്ടടുത്തുണ്ടാവും, അദൃശ്യയായി. അയാൾ ഊണുകഴിക്കാൻ തുടങ്ങി.

ഊണു കഴിഞ്ഞ് കൈ കഴുകാനായി വാഷ്ബേസിന്റെ ടാപ്പു തിരിച്ചു. വെള്ളം നിന്നിരിക്കുന്നു. വീട്ടുടമസ്ഥൻ പമ്പു ചെയ്യാൻ മറന്നിട്ടുണ്ടാവും. അയാൾ ഇടനാഴിയിലുള്ള കുളിമുറിയുടെ വാതിൽ തുറന്നു.

വാതിൽപ്പൊളി പിടിച്ചുകൊണ്ട് അനങ്ങാനാവാതെ അയാൾ നിന്നു. അയാൾക്ക് വേണമെങ്കിൽ ആ വാതിൽ തുറന്നപോലെത്തന്നെ അടക്കാം. തിരിച്ചുപോയി കിടപ്പറയിലെ കുളിമുറിയിൽ കയറാം. അവിടെയും ബക്കറ്റിൽ വെള്ളം പിടിച്ചുവച്ചിട്ടുണ്ടാവും. പക്ഷേ മുമ്പിൽ കണ്ട കാഴ്ച അയാളെ ഭ്രമിപ്പിച്ചിരുന്നു. നന്നമ്മ അയലിൽനിന്ന് ഒരു തോർത്തെടുത്ത് മാറു മറച്ച്, ഒന്നും സംഭവിക്കാത്ത പോലെ ഒരു മഗ്ഗിൽ വെള്ളമെടുത്ത് അയാൾക്കു കൊടുക്കുന്നതുവരെ കണ്ണെടുക്കാനാവാതെ അയാൾ അതു നോക്കിക്കൊണ്ടു നിന്നു.

രാത്രി അയാൾ ഉറക്കമില്ലാതെ കിടന്നു. തന്റെ ഉള്ളിലെ മൃഗത്തിന്റെ ഗർജ്ജനം അയാൾക്കിപ്പോൾ നല്ലപോലെ കേൾക്കാം. ശ്യാമ ഉറക്കമായതിനുശേഷം അയാൾ ആ ദൃശ്യം, അത്രതന്നെ പ്രധാനപ്പെട്ടതല്ലാത്ത ഒരു കഥാപാത്രത്തെ ക്ലോസപ്പിൽ കാണിക്കുന്ന കാമറാമാന്റെ അനൗചിത്യത്തോടെ വീണ്ടും വീണ്ടും ഓർത്തു. അവർ പാവാട മാത്രം ധരിച്ച് നിൽക്കുകയായിരുന്നു. കുളിക്കാനുള്ള ശ്രമത്തിലാണ്. ബ്ലൗസും അടിവസ്ത്രവും അപ്പോൾ ഊരി തിരുമ്പാനുള്ള ബക്കറ്റിലേയ്ക്കിട്ടത് പാതി പുറത്തു തൂങ്ങിക്കിടന്നിരുന്നു. അടിപ്പാവാടയും അഴിക്കാനുള്ള ഒരുക്കമാണ്. ഓർക്കാപ്പുറത്ത് വാതിൽ തുറന്ന് മുമ്പിൽ വന്നുപെട്ട ചെറുപ്പക്കാരന്റെ സാന്നിദ്ധ്യം അവരെ ഒന്നു ഞെട്ടിച്ചുവെന്നു മാത്രം.

അവർ സമനില വീണ്ടെടുത്തു, അക്ഷോഭ്യയായി അയലിൽനിന്ന് തോർത്തെടുത്ത് മാറു മറച്ച് ഒരു കപ്പിൽ വെള്ളമെടുത്ത് അയാൾക്കു കൊടുത്തു. ഏതാനും സെക്കന്റുകൾ മാത്രം. പക്ഷേ ആ സെക്കന്റുകൾ നിർണ്ണായകമായിരുന്നു. അവരുടെ ശക്തമായ നിറഞ്ഞ മാറിൽ അയാളുടെ കണ്ണുകളുടക്കിനിന്നു. സ്വധർമ്മം പൂർണ്ണമായി പുലർത്താൻ കഴിയാതിരുന്ന തോർത്തുമുണ്ടിന്നടിയിലെ മുഴുമുഴുപ്പ് ഒരു വെല്ലുവിളിയായി അയാളെ എതിരേറ്റു.

ഇപ്പോൾ ഉറക്കമില്ലാതെ കിടക്കുമ്പോൾ ആരോഗ്യമുള്ള ഒരു മാറിടം മനസ്സിനെ അസ്വസ്ഥമാക്കുമ്പോൾ അയാൾ ഒരു നാലു വയസ്സുകാരനായി. ഒരിക്കലും കിട്ടാത്ത പൂമ്പാറ്റയെ പിടിക്കാൻ ഓടി നടക്കുന്ന ഒരു അതൃപ്തനായ കുട്ടി. അമ്മയുടെ മടിയിൽ കിടന്ന് മുല കുടിക്കുന്ന അനുജനെ അസൂയയോടെ നോക്കിനിന്ന് എല്ലാ അർത്ഥത്തിലും അതൃപ്തനായ കുട്ടി. അമ്മയുടെ ശോഷിച്ച മാറിലെ ചെറിയ അമ്മിഞ്ഞ വായിലിട്ട് പാൽ കുടിക്കുന്ന അനുജനു നേരെ അസൂയയേക്കാൾ സഹതാപമാണ് തോന്നിയിരുന്നത്? തന്നെ ശ്രദ്ധിച്ചുകൊണ്ട് ഇരുപത്തഞ്ചുകാരി കുഞ്ഞിമാതു വാതിലിനടുത്ത് നിൽക്കുന്നു. വാതിലിന്റെ പിച്ചളപ്പട്ടയിൽ മുലക്കണ്ണുപോലെ മൊട്ടുകൾ.  അവൾ ചിരിക്കുന്നുണ്ടായിരുന്നു. മുറിയിൽ ഉലുവക്കഞ്ഞിയുടെയും സൂപ്പിന്റേയും ഗന്ധം. കുഞ്ഞിമാതു തന്റെ കൈപിടിച്ചു കൊണ്ടുപോയത് അവന് ഓർമ്മയുണ്ട്. മെഴുക്കു പിടിച്ച ചുവരുകളുള്ള ഇടനാഴികയിലൂടെ, തേഞ്ഞ വാതിൽപ്പടികൾ കടന്ന് അടുക്കളയിലേയ്ക്ക്. അടുക്കളയിൽ കുഞ്ഞിമാതുവിന്റെ സ്ഥാനം അടുപ്പിന്റെ അടുത്താണ്. അവിടെ കാലുകളുള്ള ഒരു പലകയിട്ടാണ് അവൾ ഇരിക്കാറ്. അടുപ്പിൽ അരി തിളക്കുന്നതിന്റെ ഗന്ധം അവനിഷ്ടപ്പെട്ടു. അടുപ്പിൽ വിറക് പുകയാതെ ആളിക്കത്തുന്നു. ഒരു പലകയിട്ട് തന്നെ ഇരുത്തിക്കൊണ്ട് അവൾ മുമ്പിലിരുന്നു. അവൾ തന്റെ കണ്ണുകളിൽ ഉറ്റുനോക്കി, കുസൃതിയോടെ ചിരിക്കുകതന്നെയാണ്. പുറത്തേയ്ക്കുവന്ന വിറകിൻ കൊള്ളികൾ അടുപ്പിലേയ്ക്ക് തള്ളിക്കൊണ്ട് അവൾ ചോദിച്ചു.

‘മോന് അമ്മിഞ്ഞ കുടിക്കണോ?’

താനെന്താണ് പറഞ്ഞതെന്ന് അയാൾക്കോർമ്മയില്ല. വേണമെന്നായിരിക്കാം, അല്ലെങ്കിൽ വെറുതെ തലയാട്ടിയിട്ടുണ്ടാവും. കുഞ്ഞിമാതു ബ്ലൗസിന്റെ കുടുക്കുകൾ അഴിക്കാൻ തുടങ്ങി. തന്റെ മുമ്പിൽ പ്രകമ്പനംകൊണ്ടു നിൽക്കുന്ന ആ മാറിടം അവൻ തൃപ്തിയോടെ, കൊതിയോടെ നോക്കിക്കണ്ടു.

കുഞ്ഞിമാതുവിന്റെ മുഖം ഇപ്പോൾ ഓർമ്മയില്ല. പക്ഷേ അവളുടെ ആരോഗ്യമുള്ള ശരീരത്തിന്റെ ഗന്ധം, കറുത്ത നിറത്തിന്റെ മിനുമിനുപ്പ്, തന്റെ കൊച്ചു ചുണ്ടുകളിൽ പാൽ ചുരക്കാത്ത വലിയ മുലക്കണ്ണുകളുടെ ആവേശം, എല്ലാം അയാൾ ഓർത്തു.

ശ്യാമ ഉറങ്ങുകയാണ്. മൃഗം ഇപ്പോൾ തന്റെ ഉള്ളിൽനിന്നുതന്നെയാണ് അലറുന്നത്.

അന്നുമുതൽ എല്ലാം വ്യത്യസ്തമായി. നന്നമ്മ അവരുടെ പൊത്തിൽനിന്ന്  പുറത്തു വന്നപോലെ. ഒരു ചൂട്ടഴിയിൽക്കൂടി പുറത്തേയ്ക്കു നോക്കുമ്പോൾ കാണുന്ന വണ്ടുപോലെ അവർ അടുക്കളവാതിലിനപ്പുറത്ത് അങ്ങോട്ടുമിങ്ങോട്ടും കുതിച്ചു. മുമ്പും അവർ അതുപോലെ കുതിച്ചിട്ടുണ്ടാവും, താൻ ശ്രദ്ധിച്ചിരിക്കയില്ല. ഒരാഴ്ചയ്ക്കുള്ളിൽ അയാൾക്ക് ഒരു കാര്യം തീർച്ചയായി. അവർ സ്വയം അയാൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ അവസരം കാത്തിരിക്കുക തന്നെയായിരുന്നു.

ശനിയാഴ്ച അയാൾ ഓഫീസിൽനിന്നു വന്നപ്പോൾ വാതിൽ കുറച്ച് തുറന്നിട്ടിരിക്കയാണ്. ശ്യാമ സോഫയിൽ കിടന്ന് ഉറക്കമാണ്. അയാൾ അകത്തുകടന്ന് വാതിലടച്ചു. ശ്യാമയെ ഉണർത്തേണ്ട എന്നു കരുതി ശബ്ദമുണ്ടാക്കാതെ ഡൈനിങ്ടേബിളിനു മുമ്പിലെ കസേലയിൽപോയി ഷൂസഴിച്ചു വച്ചു. കുളിമുറിയിൽപോയി കൈയും മുഖവും കഴുകി ഊണുകഴിക്കാനിരുന്നു. സാധാരണപോലെ എല്ലാം പാത്രങ്ങളിൽ അടച്ചുവച്ചിരുന്നു. അയാൾ ശബ്ദമുണ്ടാക്കാതെ വിളമ്പി. മേശപ്പുറത്ത് വെള്ളമെടുക്കാനുള്ള ഗ്ലാസ്സുണ്ടായിരുന്നില്ല. ഗ്ലാസ്സെടുക്കാനായി അയാൾ എഴുന്നേറ്റു. അപ്പോൾ പെട്ടെന്ന് നന്നമ്മ അടുക്കളയിൽനിന്ന് ഗ്ലാസുമായി വന്നു. ഗ്ലാസിൽ വെള്ളം നിറച്ചുവച്ച് അവർ തിരിച്ചുപോകയും ചെയ്തു.

അങ്ങിനെ പതിവില്ലാത്തതാണ്. മേശപ്പുറത്ത് ഗ്ലാസുകൾ എപ്പോഴുമുണ്ടാകാറുണ്ട്. അന്നുമാത്രം അവയില്ലാതിരിക്കാൻ കാരണം? അതുപോലെ താൻ ഗ്ലാസിനുവേണ്ടി എഴുന്നേറ്റ ആ നിമിഷത്തിലാണ് അവർ ഗ്ലാസുമായി വന്നതും.  ഒന്നും യാദൃശ്ചികമാവാൻ തരമില്ല. നന്നമ്മ അവരുടെ അജ്ഞാതവാസം അവസാനിപ്പിക്കുകയാണോ? അവർ മുഖത്തു നോക്കിയില്ല. പക്ഷേ അവരുടെ ദേഹത്തുള്ള ആയിരം കണ്ണുകൾ കൊണ്ട് അവർ തന്നെ നോക്കുന്നപോലെ തോന്നി.

ഊണുകഴിഞ്ഞ് കൈകഴുകാൻ വാഷ്ബേസിന്റെ ടാപ്പുതിരിക്കുമ്പോൾ അയാൾ മുമ്പിലുള്ള കണ്ണാടിയിൽ നോക്കി. കണ്ണാടിയിൽ അടുക്കളയുടെ ഒരു കഷ്ണം പ്രതിഫലിച്ചുകാണുന്നു.  സാധാരണയായി ഒഴിഞ്ഞുകിടക്കുന്ന ആ സ്ഥലം ഇന്ന് ഒഴിഞ്ഞിട്ടായിരുന്നില്ല.

അയാൾ ശ്യാമയ്ക്കെതിരെ സോഫയിൽ ചെന്നിരുന്നു. പിന്നിൽ, മേശപ്പുറത്തുനിന്ന് പ്ലേയ്റ്റുകൾ എടുത്തുമാറ്റുന്നതിന്റെ ശബ്ദം കേൾക്കാനുണ്ട്. നേരിയ ശബ്ദം മാത്രം. ശ്യാമയെ ഉണർത്തേണ്ട എന്നുകരുതി മാത്രമായിരുന്നില്ല അത്. സ്വതവേ അവർ ശബ്ദമുണ്ടാക്കാത്ത കൂട്ടത്തിലായിരുന്നു. കണ്ണാടിയിൽ കണ്ട ദൃശ്യം അയാൾ വീണ്ടും ഓർത്തു. നന്നമ്മ നിലത്ത് കണ്ണാടിക്കു പുറം തിരിഞ്ഞ് ഇരിക്കുകയാണ്. ആ ഇരുത്തത്തിൽ ഒരു പ്രകടനാത്മകതയുണ്ടോ എന്നയാൾ സംശയിച്ചു. കഴിഞ്ഞ ഒന്നര മാസമായി അയാൾ വാഷ് ബേസിനു മുമ്പിലുള്ള കണ്ണാടിയിൽ നോക്കുന്നു. കണ്ണാടിയിലൂടെ കാണുന്നത് ഒരദ്ഭുതലോകമാണെന്നയാൾക്ക് എപ്പോഴും തോന്നാറുണ്ട്. പരിചയമുള്ള സ്ഥലങ്ങളും വസ്തുക്കളും അപരിചിതമാകുക വഴി കൂടുതൽ ആകർഷകമാകുന്നു, കൂടുതൽ മനോഹരവും അപ്രാപ്യവുമാവുക വഴി അവയ്ക്ക് ഒരു പുതിയ മാനം കൈവരുന്നു. ഇത്രയും കാലം കണ്ണാടിയിൽ അടുക്കളയുടെ ഒഴിഞ്ഞ ഭാഗം മാത്രമേ ദർശിച്ചിരുന്നുള്ളു. ഇപ്പോൾ പെട്ടെന്ന് ആ ഭാഗത്തിന്റെ ശൂന്യത സ്വന്തം സാന്നിദ്ധ്യംകൊണ്ട് നിറയ്ക്കണമെന്ന് നന്നമ്മയ്ക്കു തോന്നാൻ കാരണം?

ശ്യാമ സോഫയിൽ നിന്നെഴുന്നേറ്റ് കിടപ്പുമുറിയിൽ കിടക്കയിലെത്തിയിരുന്നു. ശനിയാഴ്ചകളിൽ അങ്ങിനെയാണ്. തന്റെ ഊണു കഴിയുമ്പോഴേയ്ക്ക് അവൾ എഴുന്നേറ്റ് കുളിമുറിയിൽ പോയി, ഉറക്കത്തിന്റെ ശ്രുതി തെറ്റാതെ നേരെ കിടപ്പറയിലേയ്ക്ക്, കിടക്കയുടെ പതുപതുപ്പിലേയ്ക്ക് ഊളിയിടുന്നു. പിന്നെ നാലരവരെ ഉറക്കത്തിന്റെ താള

ലയങ്ങളിൽ, ആരോഹണാവരോഹണങ്ങളിൽ സ്വയം നഷ്ടപ്പെടുന്നു. മധു ഒരരുകിൽ തലയിണ കുത്തനെവച്ച് ചാരിക്കിടന്ന് വായിക്കും.

ഇന്ന് അയാൾക്ക് പുസ്തകത്തിൽ ശ്രദ്ധിക്കാൻ പറ്റിയില്ല. പുസ്തകത്തിന്റെ പേജുകളിലെ മഷി മാഞ്ഞു പോകുന്നതും കടലാസ് ശൂന്യമാവുന്നതും അയാൾ കണ്ടു. മധുവിന്ന് അഞ്ചു വയസ്സുള്ളപ്പോഴാണ് വീടു മാറിയത്. അതിനു ശേഷം അവൻ കുഞ്ഞിമാതുവിനെ കണ്ടിട്ടില്ല. ഇപ്പോൾ, അടുപ്പിൽ കത്തുന്ന വിറകിന്റെ ഗന്ധവും തിങ്ങിയ മുലകൾക്കിടയിൽ ശ്വാസം മുട്ടിയിരുന്നതും മാത്രം ഓർമ്മയുണ്ട്.

അയാൾ പുസ്തകമടച്ചുവച്ച് എഴുന്നേറ്റു. അടുക്കളയിൽ ചുമർ ചാരി ഇരുന്ന നന്നമ്മ അയാളെ കണ്ടപ്പോൾ പെട്ടെന്ന് ചാടിയെഴുന്നേറ്റു.

'എന്താ വേണ്ടത്?'

ആ സ്ത്രീ മധുവിനോട് ആദ്യമായി നേരിട്ടു ചോദിച്ച ചോദ്യമായിരുന്നു അത്. അതിനുള്ള ഉത്തരം അയാൾക്കു തന്നെ അറിയില്ലായിരുന്നു. എന്താണ് തനിക്കു വേണ്ടത്?

'നന്നമ്മ ഉച്ചയ്ക്ക് ഉറങ്ങാറില്ലേ?'

'ഇല്ല.'

'ഉച്ചയ്ക്ക് എന്താണ് ചെയ്യുക?'

അവരുടെ പരിഭ്രമം തെല്ലടങ്ങി. അവർ സ്വയം വീണ്ടെടുത്തു. അവർ പറഞ്ഞു.

'എന്തെങ്കിലും ജോലിണ്ടാവും. ഒന്നുംല്ല്യെങ്കിൽ വെറുതെ ഇരിക്കും.'

'ടി.വി. കാണാറില്ലേ?'

'ശ്യാമമോള് കാണുമ്പോ, ജോലിയൊന്നും ഇല്ലെങ്കിൽ കാണും.'

അയാൾ ആലോചിച്ചു. അവൾക്കിഷ്ടപ്പെട്ട സിനിമ മാത്രമേ ശ്യാമ കാണാറുള്ളു. അല്ലെങ്കിൽ അവൾ വെറുതെ ചാനലുകൾ മാറ്റിക്കൊണ്ടിരിക്കും. അത് മടുപ്പുണ്ടാക്കുന്നു. തനിക്കിഷ്ടപ്പെട്ട ഏതെങ്കിലും ചാനൽ കടന്നുപോകുമ്പോൾ അയാൾ നിർത്താൻ പറയും. അപ്പോഴേയ്ക്കും ചാനലുകൾ രണ്ടോ മൂന്നോ കഴിഞ്ഞിട്ടുണ്ടാവും. പിന്നെ അയാളുദ്ദേശിച്ചത് ഏത് ചാനലാണെന്നറിയാതെ അവൾ പിറകോട്ട് പോകുന്നു. അവസാനം കണ്ടുപിടിക്കുമ്പോഴേയ്ക്ക് അയാൾ ഉദ്ദേശിച്ച കാഴ്ച കഴിഞ്ഞു പോയിട്ടുണ്ടാവും. അയാൾ മടുപ്പോടെ എഴുന്നേറ്റുപോകും.

ശ്യാമ ഇരിക്കുന്ന സോഫയ്ക്കരികെ നിലത്ത് ഇരുന്നുകൊണ്ട് ടിവി കാണുന്ന നന്നമ്മയെ ഒരു ദിവസം ഓഫീസിൽനിന്നു വന്നപ്പോൾ കണ്ടിരുന്നു. അയാൾക്ക് ആ കാഴ്ച ഇഷ്ടപ്പെട്ടില്ല. എന്തുകൊണ്ടോ അയാൾക്കോർമ്മ വന്നത്, ഇഷ്ടപ്പെട്ട ഭക്ഷണം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലാതെ യജമാനൻ കഴിക്കുന്ന ഭക്ഷണത്തിൽനിന്ന് എറിഞ്ഞുകിട്ടുന്ന പങ്കുകൊണ്ട് വിശപ്പടക്കുന്ന ഒരു പട്ടിയെയാണ്.

അയാൾ അവരുടെ വസൂരിക്കലകളുള്ള മുഖത്തു നോക്കി. ഇപ്പോൾ അവർ തന്റെ നോട്ടം നേരിടാനുള്ള ധൈര്യമുണ്ടാക്കിയിരിക്കുന്നു. അയാൾ ചോദിച്ചു.

'നന്നമ്മയ്ക്കിവിടെ സുഖമാണോ?'

'ഉം.'

'എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറയണം.'

അവർ മൂളിയില്ല. വെറുതെ തലതാഴ്ത്തി നിന്നു. പിന്നെ സാവധാനത്തിൽ തലയുയർത്തിക്കൊണ്ട് പറഞ്ഞു.

'കുറച്ചു നേരം കെടക്കായിര്ന്നില്ലേ? പകലൊക്കെ യാത്ര്യന്നല്ലേ?'

അയാൾ തിരിച്ചു കട്ടിലിൽ പോയി കിടന്നു. അവസാനം നന്നമ്മ പറഞ്ഞത് അയാളെ സ്പർശിച്ചു. 'കുറച്ചുനേരം കിടക്കായിര്ന്നില്ല്യേ?' തന്റെ മുമ്പിൽ ഒരാലംബവുമില്ലാതെ നിൽക്കേണ്ടി വന്ന വിഷമം കൊണ്ടാണോ അവരതു പറഞ്ഞത്? അല്ലെന്നയാൾക്കു തോന്നി. തന്നോടുള്ള ആത്മാർത്ഥതകൊണ്ടാവണം, സ്നേഹം കൊണ്ടാവണം. ഇതു രണ്ടും കളഞ്ഞുകുളിക്കാൻ അയാൾ ഒന്നും ഇതുവരെ ചെയ്തിരുന്നില്ല. ഇതു രണ്ടും ഉണ്ടാക്കാനായി താൻ എന്തു ചെയ്തുവെന്ന് അയാൾക്കു മനസ്സിലായതുമില്ല.

ക്രമേണ അയാൾക്ക് ഒരു കാര്യം മനസ്സിലായി. ഒറ്റയ്ക്കു കിട്ടുന്ന സന്ദർഭങ്ങളിൽ അവർക്ക് സംസാരിക്കാൻ വിഷമമില്ല. ശ്യാമയുടെ മുമ്പിൽ പക്ഷേ അവർ മറ്റൊരു സ്ത്രീയാണ്. തനിക്ക് കടന്നുചെല്ലാൻ കഴിയാത്ത ഒരു മതിൽക്കെട്ടിനുള്ളിൽ അവർ സ്വയം കെട്ടിയിടുന്നു. ശ്യാമ അടുത്ത വീട്ടിലെ സുഹൃത്തുക്കളെ കാണാൻ പോകുമ്പോൾ അയാൾ നന്നമ്മയുമായി സംസാരിക്കുന്നു. അവർക്കു സംസാരിക്കാൻ വിഷമമൊന്നുമില്ല. നിരർത്ഥകമായ ഒരു ജീവിതം അയാൾക്കു മുമ്പിൽ, വെട്ടിയിട്ട പാഴ്മരം പോലെ നിവർന്നു കിടന്നു. അവരുടെ പേര് രാജമ്മ എന്നാണ്. അച്ഛനുമമ്മയും ജീവിച്ചിരിപ്പുണ്ടോ എന്നറിയില്ല. ഇരുപത്തി മൂന്നാം വയസ്സിൽ ഒരു ഫാക്ടറി സൂപ്പർവൈസറെ കല്യാണം കഴിച്ചു. ആറു മാസത്തിനുള്ളിൽ അയാൾ ഒരപകടത്തിൽ പെട്ടു മരിച്ചു. പിന്നെ ജീവിതം ശ്യാമയുടെ വീട്ടിൽ. ശ്യാമയ്ക്കന്ന് രണ്ടു വയസ്സായിരുന്നു. ആദ്യമെല്ലാം മാസത്തിലൊരിക്കൽ സ്വന്തം വീട്ടിൽ പോയിരുന്നു. പിന്നീട് യാത്രകൾക്കിടയിലെ ദൈർഘ്യം കൂടി, ആറു മാസത്തിലൊരിക്കലായി യാത്ര. ജ്യേഷ്ഠൻ പലചരക്കു കട നടത്തുന്നു. തന്റെ പണം അവർക്ക് ആവശ്യമില്ല. തന്റെ സാന്നിദ്ധ്യവും ആവശ്യമില്ലെന്ന് മനസ്സിലായപ്പോൾ പോക്കു നിർത്തി. ഭൂതകാലം ഇപ്പോൾ മനസ്സിന്റെ ആഴത്തിലെവിടേയോ ഓർമ്മയുടെ അടരുകളിൽ ഫോസിലായി കിടക്കുന്നു. അതെന്തെങ്കിലും കുഴിച്ചെടുക്കണം എന്നവർക്ക് ആഗ്രഹമില്ല.

'എല്ലാം വേറെ ഏതോ ജന്മത്തിൽ കഴിഞ്ഞപോലെ.'

അവർ ഊൺമേശയുടെ മറുവശത്ത് മധുവിനെതിരായി ഇരുന്നു. നടാടെയാണ് അവർ അയാളുടെ മുമ്പിൽ ഇരിക്കുന്നത്. എത്ര നിർബ്ബന്ധിച്ചാലും അവർ ഇരിക്കാറില്ല. ഇന്ന് സംസാരിച്ചുകൊണ്ടിരിക്കെ അയാൾ സാധാരണമട്ടിൽ ഇരിക്കില്ലെന്ന അറിവോടെത്തന്നെ അവരോട് ഇരിക്കാൻ ആവശ്യപ്പെട്ടു. അയാളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അവർ, സാരിയുടെ കോന്തലകൊണ്ട് മുഖം തുടച്ച് കസേരയിൽ ഇരുന്നു.

അയാൾക്ക് ഒരു കാര്യം മനസ്സിലായി. താനുമായുള്ള പെരുമാറ്റത്തെപ്പറ്റി രാജമ്മ ഒരുപാട് ചിന്തിക്കുന്നുണ്ട്. തന്റെ മുമ്പിൽ ഇരിക്കുകയെന്നത് അവർ വളരെ പാടുപെട്ടുണ്ടാക്കിയ തീരുമാനമായിരിക്കണം.

‘ഉറങ്ങണ്ടേ?’
രാജമ്മ ഓർമ്മിപ്പിച്ചു.
‘വേണം.’ അയാൾ എഴുന്നേറ്റു. ശ്യാമ പ്രത്യേകം പറഞ്ഞിരുന്നു.
‘മധുവേട്ടൻ കിടന്നോളൂ. ഞാൻ നാലുമണിക്കേ വരുള്ളൂ. അതുവരെ മിനിച്ചേച്ചിയായിട്ട് സംസാരിച്ചിരിക്കും. നേരത്തെ എണീറ്റാൽ നന്നമ്മ്യോട് പറഞ്ഞാമതി. ചായണ്ടാക്കിത്തരും.’
അയാൾ കിടപ്പറയിലേയ്ക്കു പോകാനായി തിരിഞ്ഞു. പെട്ടെന്നയാൾ ഓർത്തു. രാജമ്മയെന്താണ് ചെയ്യുക. അവർക്ക് വേണമെങ്കിൽ ടിവി കണ്ടോട്ടെ. അയാൾ പറഞ്ഞു.
‘രാജമ്മക്ക് ജോലിയൊന്നും ഇല്ലെങ്കിൽ ടിവി കണ്ടോളൂ. വല്ല സിനിമയും ഉണ്ടാവും.’
അവർ മൂളിക്കൊണ്ട് എഴുന്നേറ്റു.
കിടന്നു കുറച്ചു കഴിഞ്ഞിട്ടും ഇരിപ്പുമുറിയിൽനിന്ന് ടിവിയുടെ ശബ്ദമൊന്നും കേൾക്കാതിരുന്നപ്പോൾ അയാൾ എഴുന്നേറ്റു നോക്കി. ടിവി ഓണായിരുന്നില്ല. രാജമ്മ ആ മുറിയിലില്ലായിരുന്നു. അയാൾ അടുക്കളയിൽ പോയി നോക്കി. അവിടെ നിലത്ത് സ്ഥിരം താവളത്തിൽ രാജമ്മ ഇരിക്കുന്നു. തന്റെ പെട്ടെന്നുള്ള വരവിൽ അവർ ഞെട്ടിക്കൊണ്ട് എഴുന്നേറ്റു.
‘എന്താണ് ടിവി കാണാഞ്ഞത്?’
അവർ മുഖം കുനിച്ചു.
‘പോയി കണ്ടോളൂ, ഞാൻ പറഞ്ഞില്ലേ നല്ല വല്ല സിനിമയും ഉണ്ടാവും.’
‘ഞാൻ അങ്ങിനെ കാണാറില്ല.’ അവർ സാവധാനത്തിൽ പറഞ്ഞു. ‘പിന്നെ, എനിക്ക് അത് ഓണാക്കാനൊന്നും അറിയില്ല. എല്ലാം ശ്യാമമോളല്ലേ ചെയ്യാറ്.’
അയാൾക്ക് ശ്യാമയോട് നീരസം തോന്നി. അയാൾ പറഞ്ഞു. ‘വരൂ, ഞാൻ പഠിപ്പിച്ചുതരാം.’
അവരുടെ മുഖം വികസിച്ചു. അയാൾ റിമോട്ടിൽ ബട്ടണുകൾ അമർത്തിക്കാണിച്ചു. ചാനലുകൾ മാറിവന്നു. ശബ്ദം കുറക്കുകയും കൂട്ടുകയും ചെയ്യുന്നതെങ്ങിനെയെന്ന് കാണിച്ചുകൊടുത്തു. അവർ മധുവിന്റെ തൊട്ടടുത്ത് നിന്നുകൊണ്ട് എല്ലാം അദ്ഭുതത്തോടെ നോക്കിക്കണ്ടു. അയാൾ റിമോട്ട് കൺട്രാൾ രാജമ്മയുടെ കൈയ്യിൽ കൊടുത്ത്, അവരോട് ചെയ്തു നോക്കാൻ പറഞ്ഞു. അവർ മടിയോടെ ഉപകരണം വാങ്ങി ചാനലുകൾ മാറ്റാൻ തുടങ്ങി. അയാൾ കിടപ്പറയിലേയ്ക്ക് നടന്നു. വാതിൽക്കലെത്തി തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് അവർ സോഫയ്ക്കരികെ നിലത്ത് ഇരിക്കുന്നതാണ്. സ്ക്രീനിൽ ഡിസ്കവറി ചാനലിൽ സമുദ്രത്തിന്നടിയിലെ പര്യവേഷണമാണ്. അവരോട് നിലത്തിരിക്കണ്ട സോഫായിലിരുന്നുകൊള്ളൂ എന്ന് പറയാൻ ഓങ്ങിയത് വേണ്ടെന്നു വച്ചു.
തലയിണയിൽ ചാരിയിരുന്നുകൊണ്ട് അയാൾ പുസ്തകം നിവർത്തി. കണ്ണുകൾ വാക്കുകളുടെ വിരസതയിൽ നിന്ന് ഊർന്നിറങ്ങി വാതിലിനു പുറത്തേയ്ക്ക് സഞ്ചരിച്ച് സോഫയ്ക്കരികെ ഇരിക്കുന്ന രൂപത്തിൽ ഉടക്കിനിന്നു. അയാൾ, കുറച്ചുമുമ്പ് രാജമ്മ അടുത്തു നിന്നിരുന്നതോർത്തു. വളരെ അടുത്ത്. അയാൾക്ക് അവളുടെ ഗന്ധം അനുഭവപ്പെട്ടു. വിയർപ്പിന്റേയും, സോപ്പിന്റേയും ഒപ്പം വറുമണവും കലർന്ന ഗന്ധം. റിമോട്ടിൽ പിടിച്ചിരുന്ന അയാളുടെ കൈ വിറച്ചിരുന്നു. അരക്കെട്ടിൽ വികാരങ്ങളുടെ വേലിയേറ്റമുണ്ടായത് അയാൾ അറിഞ്ഞിരുന്നു. റിമോട്ട് അവരുടെ കൈയ്യിൽ കൊടുക്കുമ്പോൾ അവരെ അരക്കെട്ടിലൂടെ കൈയിട്ട് അടുപ്പിക്കാൻ തോന്നിയിരുന്നു. അവരുടെ മുഖഭാവത്തിന്റെ അനിശ്ചിതത്വമാണ് അയാളെ അതിൽനിന്നും പിന്തിരിപ്പിച്ചത്. ആ മുഖത്ത് ശൈശവത്തിലെ കൗതുകമുണ്ടായിരുന്നു, പരിഭ്രമമുണ്ടായിരുന്നു.
അയാൾ മനസ്സിന് കടിഞ്ഞാണിട്ടു. താനെന്താണ് ആലോചിക്കുന്നത്. തന്നേക്കാൾ പ്രായമുള്ള ഒരു സാധുസ്ത്രീ. തന്റെ ഇരുപത്തെട്ടിനു പകരം അവരുടെ നാല്പത്തഞ്ച്. ഇരുപതു കൊല്ലമായി അവർ വികാരങ്ങളെല്ലാം ഒതുക്കിപ്പിടിച്ച് ജീവിക്കുകയാണ്. മറിച്ചൊരു ജീവിതത്തെപ്പറ്റി അവർ ആലോചിക്കുന്നേയുണ്ടാവില്ല. ഇപ്പോൾ താനായി അവരുടെ ശാന്തിയെന്തിനു തകർക്കുന്നു. സ്ക്രീനിൽ ഡിസ്കവറി ചാനലിൽ കടലിന്നടിയിലെ ദൃശ്യങ്ങൾ. ശ്യാമ ഒരിക്കൽ പോലും ഡിസ്കവറി ചാനൽ കണ്ടിരുന്നില്ലെന്ന് അയാൾ ഓർത്തു. അവളുടെ ലോകം സിനിമമയമായിരുന്നു.
ശനിയാഴ്ചകൾ വീണ്ടും കടന്നുവന്നു. ശ്യാമ ഇപ്പോൾ ഉച്ചക്ക് ഉറങ്ങാറില്ല. ഉറങ്ങരുതെന്ന് അവളുടെ അമ്മ എഴുതി അറിയിച്ചിരുന്നു. ഉച്ചയ്ക്കുറങ്ങി ശീലിച്ചാൽ പ്രസവസമയത്ത് ഉറങ്ങിപ്പോകുമത്രേ. വീട്ടിലിരുന്നാൽ ഉറങ്ങുമെന്നു പറഞ്ഞ് അവളിപ്പോൾ അവളുടെ സ്നേഹിതയുടെ വീട്ടിൽ പോകുന്നു. മധു വരുമ്പോൾ ശ്യാമ ഉണ്ടാകാറില്ല. അയാളും രാജമ്മയും മാത്രം. അതയാൾക്ക് വിഷമമുണ്ടാക്കുന്നു. അവരുടെ ഒപ്പം ഒറ്റയ്ക്കാവുമ്പോൾ ഉള്ളിലെ വന്യമൃഗത്തിന്റെ അലർച്ച ഉച്ചത്തിലാകുന്നു. രാജമ്മ തുറന്നുകൊടുത്ത വാതിൽ കടന്ന് അകത്തുകടക്കുമ്പോൾ തന്റെ ഉള്ളിൽനിന്നു കേൾക്കുന്ന അലർച്ച ക്രമേണ ഒരു നിലവിളിയായി മാറുന്നു. അതു സഹിക്കാൻ കഴിയുന്നില്ല.
അവർ മേശക്കടുത്തു വന്നുനിന്ന് അയാളുടെ എതിർപ്പിനെ വകവെക്കാതെ ചോറു വിളമ്പിത്തരുന്നു. വളരെ അടുത്തു നിന്നുകൊണ്ട്. അവരുടെ ദേഹത്തിന്റെ ഗന്ധം തന്നെ തേടി വരുന്നത് അയാളറിയുന്നു. അരക്കെട്ടിൽനിന്നു പടരുന്ന തീ അണക്കാനാവാതെ വിഷമിക്കുമ്പോൾ കുറച്ചുറക്കെത്തന്നെ അയാൾ പറയുന്നു.
‘രാജമ്മ പൊയ്ക്കോളൂ. എല്ലാം ഞാൻ സ്വന്തം എടുത്തോളാം.’
അയാൾ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാവാതെ അവർ ഒരു നിമിഷം പകച്ചുനിൽക്കുന്നു. എന്തു തെറ്റാണ് താൻ ചെയ്തതെന്നറിയാതെ അവർ വീണ്ടും ചോദിക്കുന്നു.
‘ഈ തോരൻ കുറച്ചുകൂടി വിളമ്പട്ടേ?’
‘വേണ്ട.’ അയാൾ കനപ്പിച്ചുകൊണ്ട് പറയുന്നു. ‘പിന്നെ ഞാൻ പറഞ്ഞില്ലേ, രാജമ്മ പൊയ്ക്കോളൂ. വേണ്ടതെല്ലാം ഞാൻതന്നെ എടുത്തുകൊള്ളാം.’
രാജമ്മയുടെ മുഖം ഇരുളുന്നു. മുഖത്തുള്ള വസൂരിക്കലകൾ കൂടുതൽ തെളിയുന്നു. അവർ പാത്രം മേശപ്പുറത്തു വച്ച് തല കുനിച്ചു പോകുന്നു. അയാൾ ഊണുകഴിച്ചു വാഷ്ബേസിന്റെ മുമ്പിൽ പോയി കൈകഴുകി. മുമ്പിലുള്ള കണ്ണാടിയിൽ പ്രതിഫലിക്കുന്ന അടുക്കളയുടെ ഭാഗം ശൂന്യമായിരുന്നു. അയാൾക്ക് പെട്ടെന്ന് വിഷമം തോന്നി.
കിടക്കയിൽ ചാരിയിരുന്നുകൊണ്ട് പുസ്തകം വായിക്കുമ്പോൾ മേശപ്പുറത്തുനിന്ന് പാത്രങ്ങൾ എടുത്തു മാറ്റു

ന്നതിന്റെ ശബ്ദം കേട്ടു. അയാൾക്ക് ടിവി ഇരിക്കുന്നതുവരെ മാത്രമേ അങ്ങിനെ ഇരുന്നാൽ കാണാൻ പറ്റൂ. അടുക്കളയിലെ ശബ്ദങ്ങളെല്ലാം നിലച്ചു. സാധാരണ അയാൾ ഊണുകഴിച്ച് പത്തു മിനിറ്റിന്നുള്ളിൽ സാധനങ്ങളെല്ലാം ഒതുക്കി രാജമ്മ ടിവിക്കു മുമ്പിലിരിക്കാറുള്ളതാണ്. ഇന്ന് അവർ വന്നില്ല. അയാൾ എഴുന്നേറ്റു.

അടുക്കളയിൽ നിലത്ത് ചമ്രംപടിഞ്ഞിരിക്കുന്ന രാജമ്മ മധുവിനെ കണ്ടപ്പോൾ പിടഞ്ഞെഴുന്നേറ്റു.

'എന്താണ് ടിവി കാണുന്നില്ലേ?'

അവർ ഒന്നും പറയുന്നില്ല. കണ്ണുകൾ കലങ്ങിയിരുന്നു. വിതുമ്പാൻ കൊതിക്കുന്ന ചുണ്ടുകൾ. അവരുടെ മുഖം ഇതുവരെ വാടിക്കണ്ടിട്ടില്ല. അയാൾ പറഞ്ഞു.

'വരൂ.'

'വേണ്ട, പോയി കിടന്നോളൂ.'

അയാൾ ഒരു നിമിഷം എന്താണ് വേണ്ടതെന്നറിയാതെ നിന്നു. അവരെ സമാധാനിപ്പിക്കാം. പക്ഷേ അത് വീണ്ടും കുഴപ്പങ്ങൾക്കു കാരണമാവുമെന്നയാൾക്കറിയാം. അവരെ അവരുടെ പാട്ടിനു വിടുകയാവും നല്ലത്, ഒന്നും ചോദിക്കാതെ, ഒന്നും പറയാതെ. സാവധാനത്തിൽ എല്ലാം ശരിയായിക്കൊള്ളും. അയാൾ പോകാനായി തിരിഞ്ഞു.

എന്തോ ഒന്ന് അയാളെ പിടിച്ചുവലിക്കുന്നതയാളറിഞ്ഞു. അദൃശ്യമായ ഒരു വികാരം. താൻ പുറംതിരിയുന്നത് വികാരങ്ങളും സന്ദേഹങ്ങളും പ്രത്യാശകളും ഒക്കെ ഉള്ള ഒരു ആത്മാവിനു നേരെയാണ്. അവഗണനയുടെ ചതുപ്പുനിലങ്ങളിൽനിന്ന് അവരെ കയറ്റിയിട്ട് ഇപ്പോൾ കയ്യൊഴിയുകയാണോ? അയാൾ തിരിഞ്ഞുനിന്നുകൊണ്ട് ചോദിച്ചു.

'എന്നോട് വെറുപ്പ് തോന്നുന്നുണ്ടല്ലേ?'

മറുപടി ഒരു കരച്ചിലായിരുന്നു. അവർ വിതുമ്പിക്കരഞ്ഞു. അയാൾ ഭയപ്പെട്ടതുതന്നെ സംഭവിച്ചു. ഇപ്പോൾ അവരെ സമാധാനിപ്പിക്കേണ്ട കടമ സ്വാഭാവികമായും തന്റെ തലയിൽ വന്നു ചേർന്നിരിക്കുന്നു. അയാൾ അവരുടെ അടുത്തു ചെന്നുകൊണ്ട് പറഞ്ഞു.

'കരയാതിരിക്കൂ.'

അയാൾ അവരുടെ ചുമലിൽ കൈവച്ചു. അവർ പതുക്കെ ഒഴിഞ്ഞുമാറി. അയാളുടെ സ്പർശം, നടക്കുമ്പോൾ തലയിൽ തടഞ്ഞ ഒരു മാറാലപോലെ അവർ തട്ടി മാറ്റി. പെട്ടെന്ന് അയാൾ ഒരു കാര്യം മനസ്സിലാക്കി. അവരെ സാന്ത്വനിപ്പിക്കേണ്ടത് ഇപ്പോൾ അയാളുടെയും ആവശ്യമായിരിക്കുന്നു. തന്റെ ശാന്തി കിട്ടാത്ത മനസ്സിന്റെ, അപൂരിതങ്ങളായ വികാരങ്ങളുടെ, തന്റെ കലാപം കൂട്ടുന്ന ജൈവസാന്നിദ്ധ്യത്തിന്റെയെല്ലാം ആവശ്യമാണത്. അയാൾ അരക്കെട്ടിലൂടെ പിടിച്ച് അവരെ അടുപ്പിച്ചു.

രാജമ്മ രണ്ടു കൈകൊണ്ടും മധുവിന്റെ  കൈവിടർത്താൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു.

'വേണ്ട.'

അവളുടെ സ്വരത്തിൽ പരിഭവമുണ്ടായിരുന്നു. എന്നെ വെറുതെ വിട്ടേയ്ക്ക് എന്ന ഭാവം. അവർ ഇപ്പോൾ ബലമായിത്തന്നെ അയാളിൽനിന്ന് കുതറാൻ ശ്രമിക്കയാണ്. അയാൾ അവരെ രണ്ടു കൈകൊണ്ടും കെട്ടിപ്പിടിച്ച് കുടഞ്ഞ് തന്റെ നേരെ നിർത്തി. അയാൾക്കു ദേഷ്യം പിടിച്ചിരുന്നു. അവരുടെ കണ്ണുകളിൽ രൂക്ഷമായി നോക്കിക്കൊണ്ട് അയാൾ ചോദിച്ചു.

'ഒരു കാര്യം നിങ്ങൾ എന്നെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ?'

'എന്ത്?' അവർ അല്പം താഴ്ന്നപോലെ തോന്നി.

'ഒന്നുമില്ല. നിങ്ങൾക്കതു മനസ്സിലാവില്ല.'

രാജമ്മയുടെ ചെറുത്തുനില്പ് അവസാനിച്ചിരുന്നു. അവർ അനങ്ങാതെ നില്ക്കയാണ്. അവർ തളർന്നപോലെ തോന്നി. അവർ ഒന്നും പറയുന്നില്ല. അയാൾ പറഞ്ഞു.

'വരൂ, നമുക്കൊരിടത്തിരിക്കാം.'

അവർ അയാളുടെ കൈ വിടുവിച്ചുകൊണ്ട് അവിടെത്തന്നെ നിലത്ത് ഇരുന്നു. നിലത്തേയ്ക്ക് ഊർന്നിറങ്ങി എന്നു വേണം പറയാൻ. അവരുടെ ശക്തി മുഴുവൻ ചോർന്നുപോയപോലെ. അയാളും അവരുടെ അടുത്തുതന്നെ ഇരുന്നു.

അവർ സംസാരിക്കാൻ തുടങ്ങി.

'എന്നോട് ചോദിച്ചില്ലേ? അതുകൊണ്ട് പറയാം. എനിക്ക് പൂർണമായി മനസ്സിലായിട്ടുള്ള രണ്ടു കാര്യങ്ങളാണുള്ളത്. ഒന്ന് ഞാൻ തീരെ ഭംഗിയില്ലാത്ത, എന്നു മാത്രമല്ല വൈരൂപ്യമുള്ള എന്നു പറയാം, സ്ത്രീയാണ്. രണ്ടാമത്തേത് എന്നെ ഈ നിലയിൽത്തന്നെ ഇഷ്ടപ്പെടുന്ന ഒരാളെങ്കിലുമുണ്ട് ഈ ലോകത്തിൽ എന്ന്.'

അയാൾ അവളെ വീണ്ടും അടുപ്പിച്ചുകൊണ്ട് പറഞ്ഞു.

'നിങ്ങൾ ആദ്യം പറഞ്ഞതിനോട് എനിക്ക് യോജിപ്പില്ല. നിങ്ങൾ ഭംഗിയുള്ള സ്ത്രീയാണ്. രണ്ടാമത്തേത് എന്നെക്കാൾ നിങ്ങൾക്കറിയുകയും ചെയ്യാം.'

'ഞാൻ ഒന്നും പ്രതീക്ഷിക്കാൻ പാടില്ലാത്തതാണ്.' അവൾ പറഞ്ഞു. 'പക്ഷേ, എനിക്ക് മനസ്സിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല.  ഒരു സ്വപ്നം കാണുന്നപോലെയാണ്. കാണണ്ടാ എന്നുവച്ചിട്ട് കാര്യമില്ലല്ലോ. ഇതൊരു നല്ല സ്വപ്നായിട്ടേ ഞാൻ കാണുണുള്ളൂ. അതിനപ്പുറൊന്നുംല്ല്യ.'

അവൾ സംസാരിക്കുകയാണ്. അവളുടെ ചെറുപ്പക്കാലത്തെപ്പറ്റി. അതിനും മുമ്പുള്ള കുട്ടിക്കാലത്തെപ്പറ്റി. മറ്റുള്ളവർക്കും കുട്ടിക്കാലമുണ്ടായിരുന്നുവെന്ന് അയാൾ അപ്പോഴാണ് മനസ്സിലാക്കുന്നത്. വയലുകളും, മരങ്ങൾ നിറഞ്ഞ തൊടികളിൽ ഉണക്കയിലകൾ വീണുകിടക്കുന്ന ധനുമാസങ്ങൾ, രാത്രിയുടെ അവ്യക്തതയിൽ പാറിനടക്കുന്ന മിന്നാമിനുങ്ങുകൾ, എല്ലാം മറ്റുള്ളവർക്കു കൂടി വിധിച്ചിട്ടുള്ളവയായിരുന്നു.

അയാൾ സോഫയിൽ അവരെ അയാളുടെ അടുത്തുതന്നെ ഇരുത്തി.

'ഇപ്പോൾ സങ്കടം തോന്നുന്നുണ്ടോ, എല്ലാം കഴിഞ്ഞുപോയതിൽ?'

'ഇല്ല.'

അയാൾ റിമോട്ട് കൺട്രോൾ എടുക്കാൻ ശ്രമിച്ചപ്പോൾ അവൾ തടഞ്ഞു. ‘നമുക്ക് സംസാരിക്കാം.’

അയാൾ ഇപ്പോൾ സ്വന്തം കഥ പറയുകയാണ്. നടന്നുവന്ന വഴിയിൽ ഒരു കൊടുങ്കാറ്റ് വീശിയ പോലെയാണ്. തിരിച്ചുപോക്ക് വിഷമം പിടിച്ചതായിരുന്നു. വഴികൾ പലതും മാഞ്ഞുപോയി അവ്യക്തമായിരിക്കുന്നു. ഈ വഴിതന്നെയാണോ വന്നതെന്ന തോന്നൽ. വഴിയിൽ ഇടയ്ക്കിടക്ക് കണ്ടുമുട്ടുന്ന ആ സ്ത്രീ ആരാണ്? അയാൾ ഒരു കൊച്ചുകുട്ടിയായി യാത്ര തുടരുകയാണ്.

നന്നമ്മ പെട്ടെന്നു പറഞ്ഞു. ‘മതി’.

കുഞ്ഞിമാതു അടുപ്പിന്നരികിൽ മുട്ടിപ്പലകമേൽ ഇരുന്നുകൊണ്ട് ചിരിക്കുകയാണ്. അടുക്കളയിലെ സിമന്റടർന്ന നിലത്ത് അവൻ ഇരുന്നു. അടുപ്പിനുമുകളിൽ ചുമരിന് തവിട്ടുനിറമാണ്. അപ്പുറത്തുള്ള കിളിവാതിലിനു മുകളിൽ കിണറ്റിൽനിന്നു വെള്ളം കോരാനുള്ള കപ്പിയും കയറും തൂങ്ങുന്നു.

നന്നമ്മ എന്തോ പറയുന്നുണ്ട്. അവരുടെ നിശ്വാസം തന്റെ കവിളിൽ തട്ടുന്നതറിയുന്നുണ്ട്.

കുഞ്ഞിമാതു ചിരിച്ചുകൊണ്ടിരിക്കയാണ്.

back to index

# കഥയിലേയ്ക്കു നടന്നുപോയ സ്ത്രീ

**അ**വർ മാതൃകാദമ്പതികളായിരുന്നു. രാവിലെ അഞ്ചുമണിക്ക് അലാറം വച്ച് എഴുന്നേറ്റ്, അല്പം വിഷമിച്ചാണെങ്കിലും പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചശേഷം അരമണിക്കൂർ നടക്കാനിറങ്ങും. ആളൊഴിഞ്ഞ നടപ്പാതയിലൂടെ പാർക്കുചുറ്റി അപ്പോഴും വണ്ടികളുടെ പുകമലിനീകരണം ഏറ്റിട്ടില്ലാത്ത തണുത്ത വായു ശ്വസിച്ച് ഒരു ദിവസംകൂടി ശരീരം കൊണ്ടുനടക്കാനുള്ള ആരോഗ്യം സമ്പാദിച്ച് തിരിച്ചുവന്നാൽ അവൾ ഭർത്താവിനു കുളിക്കാനുള്ള വെള്ളം ചൂടാക്കാൻ ഗെയ്സർ ഓണാക്കിവയ്ക്കും. അയാൾ കഷണ്ടി കയറിയ തലയിലും നിറയെ നരച്ച രോമങ്ങളുള്ള മാറിലും എണ്ണതേച്ച് കസർത്തെടുക്കുമ്പോൾ ഭർത്താവിന്റെ മെലിഞ്ഞ കാലുകളും, അയഞ്ഞ പേശികളും, സ്വല്പം വളഞ്ഞ മുതുകും കാണാതെ കഴിക്കാൻ അവൾ എന്തോ ഗൗരവമായി ആലോചിക്കുന്നപോലെ മുഖം താഴ്ത്തി നടക്കും.

രാവിലെ എട്ടരയ്ക്ക് ഭർത്താവിന് ഓഫീസിൽ പോകേണ്ടതുകൊണ്ട് നേരത്തെത്തന്നെ പ്രാതൽ തയ്യാറാകുന്നു. ദോശയോ ഇഡ്ഡലിയോ ആയിരിക്കും. അല്ലെങ്കിൽ ഉപ്പുമാവ്. ഒപ്പം ഒരു ബുൾസൈയും. മുമ്പെല്ലാം മകൾ സ്കൂളിൽ പോയിരുന്ന കാലത്ത് അവളുടെ ഉച്ചഭക്ഷണംകൂടി എട്ടരക്കുള്ളിൽ തയ്യാറാക്കി കൊടുക്കണമായിരുന്നു. അവൾ മണിപ്പാലിൽ വൈദ്യം പഠിക്കാൻ പോയപ്പോൾ ആ ഭാരം ഒഴിഞ്ഞു.

ഭർത്താവിന് ഉടുക്കാനുള്ള ഡ്രോയറും, പാന്റ്സും, ഷർട്ടും പകൽ ഒഴിവുകിട്ടുമ്പോൾ തേച്ചുവച്ചത് കിടക്കമേൽ കൊണ്ടുവന്നു വച്ചു. മേൽ പൂശേണ്ട പെർഫ്യൂം ഏതാണെന്ന് അവൾ തെരഞ്ഞെടുത്തുവച്ചു. വസ്ത്രം ധരിച്ച് പരിമളവും പരത്തി ഭക്ഷണമേശയ്ക്കു മുമ്പിലിരിക്കുന്ന ഭർത്താവിന് അവൾ ചൂടോടെ ദോശയുണ്ടാക്കി കൊടുത്തു. ചട്ടിണിയിൽ എരിവുകൂടിയോ എന്ന് സ്നേഹത്തോടെ അന്വേഷിച്ചു. ഇടക്ക് അയാളുടെ ദേഹത്തോട് ചേർന്നുനിന്ന് ദോശ വിളമ്പുമ്പോൾ ഷർട്ടിൽ വീണുകിടന്ന നരച്ച രോമം എടുത്തുമാറ്റുകയും, എന്താണതെന്ന ചോദ്യത്തിന് ഒരു കരട് എന്നുമാത്രം ഉത്തരം നൽകുകയും ചെയ്തു. അവൾ സ്നേഹമയിയായ ഒരു ഭാര്യയായിരുന്നു.

ഒമ്പതു മണിക്ക് താഴെ കാത്തുനിൽക്കുന്ന കമ്പനിക്കാറിൽ ഭർത്താവ് യാത്രയായാൽ അവൾ കുളിക്കാൻ കയറുന്നു. പറയത്തക്ക സംഭവങ്ങളൊന്നുമില്ലാതെ കടന്നുപോകുന്ന പകലിനുശേഷം, വൈകുന്നേരം ഭർത്താവിനെ കാത്തിരിക്കുക എന്ന കർമ്മത്തിനുവേണ്ടി അവൾ വീണ്ടും ഉഷാറാവുന്നു. അവൾക്ക് നമ്മൾ നളിനിയെന്ന പേരു കൊടുക്കുക.

രാത്രി വീണ്ടും കുളിക്കാൻ വെള്ളം ചൂടാക്കികൊടുക്കൽ, ഭക്ഷണം തയ്യാറാക്കി മേശമേൽവച്ച് ഭർത്താവിനെ വിളിക്കൽ. ഏതൊരു ഹിപ്പൊപ്പൊട്ടാമസും വിരസതകൊണ്ട് ചത്തുപോയേക്കാവുന്ന ഈ ദിനചര്യയിൽക്കൂടി നളിനിക്ക് അതൃപ്തിയോ മടുപ്പോ അനുഭവപ്പെട്ടില്ലെന്നു മാത്രമല്ല അതിലെല്ലാം സന്തോഷം കണ്ടെത്തുകകൂടി ചെയ്തിരുന്നു എന്നത് അവൾ ഒരു മാതൃകാഭാര്യയായിരുന്നു എന്നതിന്റെ ലക്ഷണങ്ങളാണ്.

രാത്രി ഊണുകഴിഞ്ഞാൽ രണ്ടുപേരും തലയിണ കയറ്റിവച്ച് ചാരിയിരുന്ന് തലഭാഗത്തെ വായനവിളക്കു തെളിയിച്ച് വായിക്കും. അയാൾ ഗൗരവമുള്ള പുസ്തകങ്ങൾ വായിക്കുമ്പോൾ നളിനി നോവലുകൾ വായിച്ചു. അയാൾ കമ്പനി എക്സിക്യൂട്ടീവും മാന്യനുമായതിനാൽ ഇംഗ്ലീഷു പുസ്തകങ്ങളേ വായിച്ചിരുന്നുള്ളു. അവളാകട്ടെ വെറുമൊരു വീട്ടമ്മയായതുകൊണ്ട് മലയാളം പൈങ്കിളിനോവലുകളം. അതുകൊണ്ട് കഥാപാത്രങ്ങളുടെ വളർച്ചയെപ്പറ്റിയോ, ഗതിവിഹിതങ്ങളെപ്പറ്റിയോ അവർതമ്മിൽ ചർച്ചയോ തൽഫലമായി സാധാരണയുണ്ടാകാൻ സാദ്ധ്യതയുള്ള തർക്കങ്ങളോ ഒരിക്കലുമുണ്ടാവാറില്ല. രണ്ടുപേരും സമാന്തരപാതയിൽ സഞ്ചരിച്ചു, ഒരിക്കലും ഏറ്റുമുട്ടലുണ്ടാകാതെ. അവർ മാതൃകാദമ്പതികളായിരുന്നു.

അയാൾ (നമുക്കയാളെ ശിവദാസെന്നു വിളിക്കാം) ടീ ഷർട്ടും ബർമുഡയും ധരിച്ച്, കാൽ മടക്കിവച്ച് മലർന്നു കിടന്ന് വായിക്കുമ്പോൾ കുഴിനഖങ്ങളുള്ള ആ കാലുകളുടെ ഭംഗികേടും, കിടത്തത്തിലുള്ള അശ്ലീലതയും നളിനി ശ്രദ്ധിച്ചിരുന്നില്ല, കാരണം അവൾ, വായിക്കുന്ന നോവലിൽ അത്രയധികം ആകൃഷ്ടയായിട്ടുണ്ടാവും. നോവലിലെ സംഭവങ്ങൾ എത്ര മനോഹരമാണെന്നും അതിലെ കഥാപാത്രങ്ങൾ എത്ര ഭാഗ്യവാന്മാരാണെന്നും അവൾ ഓർക്കും, ഒപ്പംതന്നെ നെടുവീർപ്പിടുകയും ചെയ്യും.

അവൾ വായിച്ചുകൊണ്ടിരുന്നത് ജോസ് കാണാപ്പുറത്തിന്റെ ‘പാതിരാവിലും സൂര്യോദയം’ എന്ന ഹൃദ്യമായ നോവലായിരുന്നു. ആധുനികജീവിതം ഒരു നാടൻ പെൺകുട്ടിയിൽ ഏല്പിക്കുന്ന ആഘാതം മനോഹരമായി ചിത്രീകരിച്ച നോവൽ എന്ന് പുറംചട്ടയിൽ വിളംബരം ചെയ്ത ആ പുസ്തകം ആദ്യത്തെ പേജുതൊട്ടുതന്നെ ഹൃദ്യമായിരുന്നു. നോവൽ വാരികയിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചുവന്നപ്പോൾ കൊടുത്ത ചിത്രങ്ങളും നോവലിനു മാറ്റുകൂട്ടാനായി ചേർത്തിരുന്നു.

ശിവദാസ് വായിച്ചിരുന്നത് നരവംശ ശാസ്ത്രജ്ഞനായ ഡെസ്മണ്ട് മോറീസിന്റെ ‘നഗ്നനായ വാനരൻ’ എന്ന ശാസ്ത്രപുസ്തകമായിരുന്നു. കലക്കൻ പുസ്തകം. അയാൾ ഉറക്കെ പറഞ്ഞു. സ്വന്തം സ്പീഷീസിനെപ്പറ്റി ആ മനുഷ്യന്റെ നിരീക്ഷണം എത്ര സൂക്ഷ്മവും നിശിതവുമാണ്.

ഭാര്യ അതൊന്നും ശ്രദ്ധിക്കുന്നില്ല. അവൾ ഒരദ്ഭുതത്തിന് വിധേയയാവുകയായിരുന്നു. നോവൽ വായിച്ചുകൊണ്ടിരിക്കെ അസാധാരണമായ എന്തോ സംഭവിക്കുന്നതുപോലെ അവൾ ക്കു തോന്നി. ഖണ്ഡികകൾക്കിടയിൽ കൊടുത്തിട്ടുള്ള ചിത്രങ്ങൾ ഏതോ അദ്ഭുതലോകത്തേയ്ക്കുള്ള വാതിലുകളായും അവൾ അതിലൂടെ കടന്ന് കഥാപാത്രങ്ങൾക്കിടയിലൂടെ നടക്കുന്നതായും അവൾക്കു തോന്നി.

അയാൾ വായനക്കിടയിൽ തിരിഞ്ഞുനോക്കിയപ്പോൾ ഭാര്യയെ കണ്ടില്ല. പുസ്തകം മലർന്നു കിടക്കുന്നു. അവൾ കുളിമുറിയിൽ പോയിരിക്കുമെന്നു കരുതി അയാൾ വീണ്ടും ഡെസ്മണ്ട് മോറീസിന്റെ നേക്കഡ് ഏയ്പിലേയ്ക്ക് ഊളിയിട്ടു. ബഹുരസം. പുസ്തകമൊരു കണ്ണാടിയാവുകയും അയാൾ അതിൽനോക്കി സ്വന്തം പഠിക്കുകയും ചെയ്തു.

കഥയിലേയ്ക്കിറങ്ങിച്ചെന്ന ഭാര്യ ഒരു കഥാപാത്രമായി മാറുകയും സ്വയം അദ്ഭുതപ്പെടുത്തിക്കൊണ്ട് കഥയു

ടെതന്നെ ഭാഗമാവുകയും ചെയ്തു. മറ്റു കഥാപാത്രങ്ങളും സംഭവങ്ങളും എവിടെയോ കണ്ടുമറന്നപോലെ. ഒരുപക്ഷേ താൻ ഈ നോവൽ വർഷങ്ങൾക്കുമുമ്പ് വാരികയിൽ തുടർക്കഥയായി പ്രസിദ്ധപ്പെടുത്തി വന്നപ്പോൾ വായിച്ചിട്ടുണ്ടാകണം. എന്തായാലും കഥയുടെ പോക്കും പരിസമാപ്തിയും ഓർമ്മയില്ലാത്തതുകൊണ്ട് ഇപ്പോഴും വായിക്കാൻ രസംതന്നെ. അവൾ കടന്നുപറ്റിയ ചിത്രത്തിൽ കണ്ടത് ഭർത്താവിനെ സ്നേഹപൂർവ്വം യാത്രയാക്കുന്ന ഭാര്യയെയാണ്. ഭർത്താവ് ഗെയ്റ്റിൽനിന്ന് യാത്രപറഞ്ഞുകൊണ്ട് കാറിലേയ്ക്കു കയറുന്നു. ഒരു നിമിഷം നളിനി, തന്റെ യഥാർത്ഥ ജീവിതവും കഥയുമായുള്ള സാമ്യത്തിൽ അതിശയിച്ചു. ജീവിതത്തിൽ കഴിഞ്ഞുപോയ ആയിരക്കണക്കിന് പ്രഭാതങ്ങളിൽ ഞായറാഴ്ച ഒഴികെ ഏതെങ്കിലും ഒന്നെടുത്ത് ഇതുമായി ഒത്തുനോക്കിയാൽ അണുപോലും വ്യത്യാസമുണ്ടാവില്ല. കഥയുടെ പോക്കിൽ അവൾ നിരാശപൂണ്ടു. ഇനിയുണ്ടാവുക കഥാനായിക തിരിച്ചുവന്ന് കുളിമുറിയിൽ കയറുന്നതായിരിക്കും. അല്ലെങ്കിൽ പടിക്കൽ വന്നു വിളിച്ച മീൻകാരിയിൽനിന്ന് വിലപേശി മീൻ വാങ്ങുന്നതായിരിക്കും.

എന്നാൽ അവളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് നോവൽ തുടർന്നു. കഥാനായിക ഓടി കിടപ്പറയിൽ കണ്ണാടിക്കു മുമ്പിൽ നിന്ന് ധൃതിയിൽ പുറപ്പെടാൻ തുടങ്ങി. നളിനിയുടെ ജിജ്ഞാസ കൂടിവന്നു. കഥാനായിക ഒരു സാരിയെടുത്ത് ധൃതിയിൽ ചുറ്റി, കണ്ണാടിമേൽ ഒട്ടിച്ചുവച്ച പൊട്ടെടുത്ത് നെറ്റിയിൽ പതിച്ച് തലമുടി ഒരുവിധത്തിൽ ഒതുക്കി പുറത്തേയ്ക്കു കടന്നു. താക്കോൽ എടുത്തിട്ടില്ലെന്ന് ഓർമ്മ വന്നപ്പോൾ വീണ്ടും അകത്തു കടന്ന് താക്കോലും കൈസഞ്ചിയും എടുത്ത് വീടുപൂട്ടി നിരത്തിലേയ്ക്കിറങ്ങി. മുമ്പിൽത്തന്നെ വന്നുപെട്ട ഓട്ടോവിൽ കയറിയ നായികയെ നളിനി പിൻതുടർന്നു. കഥ യഥാർത്ഥ ജീവിതത്തെ അതിശയിച്ച ഒരപൂർവ്വതയായിരുന്നു അത്.

അയാൾ 'നഗ്നനായ വാനര'നിൽ ആകൃഷ്ടനായി എല്ലാം മറന്ന് വായിക്കുകയാണ്. സ്വാനുകരണത്തിന്റെ ഭാഗമാണയാൾ വായിച്ചിരുന്നത്. മനുഷ്യവർഗ്ഗത്തിൽ സ്വാനുകരണത്തിന്റെ ഉദാഹരണമാണ് മുലകൾ. കുട്ടിക്ക് പാൽ കൊടുക്കുവാൻ ഇത്ര വലിയ മുലകൾ ആവശ്യമില്ല. മനുഷ്യസ്ത്രീയെക്കാൾ കൂടുതൽ പാൽ ചുരത്തുന്ന ചിമ്പാൻസിയുടെ അവയവം ഇത്ര വലുതല്ല. പിന്നെ മനുഷ്യസ്ത്രീക്കു മാത്രം ആ അവയവം ഇത്ര വലുതായതെങ്ങിനെ? അവിടെയാണ് സ്വാനുകരണം വരുന്നത്. കോടി വർഷങ്ങൾക്കു മുമ്പ് മനുഷ്യൻ രണ്ടു കാലിലേയ്ക്കു നിവരുന്നതിനുമുമ്പ് പുരുഷന്റെ ലൈംഗികശ്രദ്ധ പിടിച്ചുപറ്റിയിരുന്നത് സ്ത്രീയുടെ പൃഷ്ഠഭാഗമായിരുന്നു. പിന്നീട് പരിണാമത്തിൽ മനുഷ്യൻ രണ്ടുകാലിൽ നിവർന്നു തുടങ്ങിയപ്പോൾ ലൈംഗികപ്രക്രിയയുടെ ദിശ പിന്നിൽനിന്നു മുന്നിലേയ്ക്കു മാറി. അപ്പോൾ സ്വാഭാവികമായും ശ്രദ്ധ ചെലുത്തുന്നത്, സമ്പർക്കസമയത്ത് കൂടുതൽ അടുത്തു വരുന്ന മുൻഭാഗത്തായിരുന്നു. അതുകൊണ്ട് കാലക്രമത്തിൽ ചന്തിയുടെ ഒരു പ്രോട്ടോടൈപ്പ് മുമ്പിലും ഉണ്ടായി. അതാണ് വലിയ മുലകൾ. അയാൾ തന്റെ സെക്രട്ടറി ശ്യാമളയെ ഓർത്തു. പരിണാമം അതിന്റെ പൂർണാവസ്ഥയിലെത്തിയ ദേഹമാണവളുടേത്. സ്വാനുകരണം പരിധിവിട്ട് നിർവ്വഹിച്ചി ട്ടുണ്ടോ എന്നുമാത്രമേ സംശയമുള്ളൂ. നാളെത്തന്നെ ഇതവളോടു പറയണമെന്നോർത്തപ്പോൾ അയാൾ പൊട്ടിച്ചിരിച്ചു.

പെട്ടെന്ന്, താൻ ചിരിച്ചത് ഭാര്യ കേട്ടോ എന്നു നോക്കാനായി തിരിഞ്ഞു. നളിനി അപ്പോഴും തിരിച്ചെത്തിയിട്ടുണ്ടായിരുന്നില്ല. അവൾ വായിച്ചിരുന്ന പുസ്തകം തുറന്നുകിടന്നിരുന്നു. നളിനി പക്ഷേ ആ പുസ്തകത്തിന്റെ അദ്ഭുതലോകത്ത് ഒരു കഥാപാത്രത്തിന്റെ പിന്നാലെ യാത്രയാണെന്ന കാര്യം അയാൾ അറിഞ്ഞില്ല. കുറച്ചുകൂടി വായിച്ചു കഴിഞ്ഞാൽ അയാൾ തലയ്ക്കു മുകളിലെ വിളക്കുകെടുത്തി ഉറക്കമാവും. ഭാര്യ സ്വീകരണമുറിയിൽ ടിവിക്കു മുമ്പിലായിരിക്കുമെന്ന് അയാൾ ഊഹിക്കും. അങ്ങിനെ പതിവുണ്ട്. കിടക്കുന്നതിനു മുമ്പ് ടിവിക്കു മുമ്പിൽ പോയി എല്ലാ ചാനലുകളും ഓടിച്ചുനോക്കും. രസമുള്ള സിനിമകൾ വല്ലതുമുണ്ടെങ്കിൽ അതിനുമുമ്പിലിരിക്കും. പിന്നെ ഒരു മണിയെങ്കിലുമാവും കിടക്കാൻ. രാത്രി ഉറക്കമൊഴിച്ചുള്ള പരിപാടിക്കൊന്നും ശിവദാസനെ കിട്ടില്ല.

കഥാപാത്രത്തിന്റെ പിന്നാലെ പോയ നളിനി എത്തിച്ചേർന്നത് ഒരാപ്പീസിന്റെ മുമ്പിലായിരുന്നു. താൻ പിൻതുടർന്ന കഥാപാത്രം ആപ്പീസിലേയ്ക്ക് ധൃതിയിൽ കയറുന്നതാണ് അവൾ കണ്ടത്. എന്തിനായിരിക്കും അവൾ ഭർത്താവിന്റെ പിന്നിൽ ഇത്ര ധൃതിപിടിച്ച് പോയതെന്ന് ആലോചിക്കുകയായിരുന്നു നളിനി. ഊഹങ്ങളുടെ ലോകത്തിൽ അവൾ സ്വയം നഷ്ടപ്പെടുമ്പോഴാണ് കഥാനായിക ആപ്പീസിൽനിന്ന് തിരിച്ച് വരുന്നതു കണ്ടത്. ഇരുവശത്തും തുറന്നിട്ട വാതിലുകളുള്ള ഇടനാഴികയിലൂടെ അവൾ ഓടുകതന്നെയായിരുന്നു. ഭർത്താവിനെ ആപ്പീസിൽ കണ്ടില്ലെന്നു വ്യക്തം. അവൾ പുറത്തുകടന്ന് മറ്റൊരു ഓട്ടോവിൽ കയറി യാത്രയായി. നളിനി പിൻതുടരാൻ നിർബ്ബന്ധിതയായി, കാരണം ഊഹങ്ങളുടെ സന്ദിഗ്ദതയിൽ സ്വയം തളച്ചിടാൻ അവൾ ഒരുക്കമായിരുന്നില്ല. അവൾ എത്തിച്ചേർന്നത് ഒരു ഹോട്ടലിന്റെ മുമ്പിലായിരുന്നു. ഓട്ടോക്കാരനോട് കാത്തുനിൽക്കാൻ പറഞ്ഞശേഷം അവൾ ധൃതിയിൽ ഓടുകയാണ്. റിസപ്ഷൻ കൗണ്ടറിൽ പോയി ഒരു നിമിഷം എന്തോ സംസാരിച്ച് അവൾ ഫോയറിന്റെ മറുവശത്തുള്ള കോണിപ്പടികൾ കയറാൻ തുടങ്ങി. അവളുടെ ഒപ്പമെത്താൻ നളിനിയും ഓടുകതന്നെയായിരുന്നു.

ശിവദാസ് പുസ്തകമടച്ചുവച്ചു. പതിനൊന്നു മണിക്കു ശേഷം ഡെസ്മണ്ട് മോറീസിനുപോലും അയാളെ പിടിച്ചു നിർത്താൻ കഴിയില്ല. ഭാര്യ തിരിച്ചെത്തിയിട്ടില്ല. അയാൾ ഒരു ചരടുവലിച്ച് തലക്കുമുകളിലെ വിളക്കു കെടുത്തി, തലയിണ താഴ്ത്തിവച്ച് കിടന്നു. അയാൾ ശ്യാമളയെ ഓർത്തു. ശനിയാഴ്ച ഹോട്ടലിൽ മുറിയെടുക്കാമെന്നവൾ സമ്മതിച്ചിട്ടുണ്ട്. ശനിയാഴ്ചയ്ക്ക് ഇനിയെത്ര ദിവസമുണ്ട്? ശനിയും ഞായറും ടൂറായിരിക്കുമെന്ന് അയാൾ ആപ്പീസിൽനിന്നു വന്ന ഉടനെ നളിനിയോട് പറഞ്ഞിരുന്നു. അയാൾ ഒരു ദീർഘശ്വാസം വിട്ടു, പിന്നെ അടുത്ത നിമിഷം കൂർക്കംവലി തുടങ്ങുകയും ചെയ്തു.

ഹോട്ടലിന്റെ രണ്ടാം നിലയിൽ കഥാനായിക ഇടനാഴികയിലൂടെ ഓടുകയാണ്. ഓരോ മുറിയുടെയും നമ്പർ നോക്കി അവസാനം ഒരു വാതിലിന്റെ മുമ്പിൽ നിന്നു. ഒരു നിമിഷം താൻ ചെയ്യുന്നത് ശരിയാണോ എന്നു സംശയിച്ചു നിന്നശേഷം അവൾ പെട്ടെന്ന് വാതിൽ തുറന്നു. നളിനിക്ക് അവളുടെ മുഖഭാവമെന്താണെന്ന് മുഴുവൻ വ്യക്തമായില്ല. അതിൽ അദ്ഭുതമുണ്ട്, സങ്കടമുണ്ട്, പകയുണ്ട്. മുറിയിൽ കഥാനായിക കണ്ട കാഴ്ചയെന്താണെന്ന് നോക്കാനായി നളിനി കുതിക്കുമ്പോഴേയ്ക്കും എല്ലാം കഴിഞ്ഞിരുന്നു.

നളിനി ദ്വേഷ്യത്തോടെ ടിവി ഓഫാക്കി കിടപ്പുമുറിയിൽ തിരിച്ചെത്തി. അവൾക്ക് അരിശം കയറിയിരുന്നു. ഈ സീരിയലുകളെല്ലാം ഒരുപോലെയാണ്. ഇരുപതു മിനുറ്റ് പരസ്യങ്ങൾ, അതിനിടയിൽ പത്തു മിനുറ്റ് കഥയും. അതു

കൊണ്ടെന്താവാനാണ്? അവൾ കട്ടിലിൽ മലർന്നുകിടന്ന് മുകളിലേയ്ക്കു കൈനീട്ടി ചരടുവലിച്ച് വിളക്കു കത്തിച്ചു. നിവർത്തിക്കിടക്കുന്ന പുസ്തകം വീണ്ടുമെടുത്ത് വായന തുടർന്നു. കഥയെന്തായിയെന്നറിഞ്ഞില്ലെങ്കിൽ ഇന്ന് ഉറക്കമുണ്ടാവില്ല.

ഗുണപാഠം: നിങ്ങൾ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളൂ, ടെലിവിഷൻ ഒരിക്കലും പുസ്തകത്തിന്ന് പകരം വരില്ല.

back to index

# തീവണ്ടി കയറിയിട്ടില്ലാത്ത പെൺകുട്ടി

ഉച്ചയ്ക്ക് രണ്ടു മണിയോടെ തിരക്ക് അവസാനിക്കും. ക്സെറോക്സ് മെഷിൻ നിശ്ചലമാകും. ഓപ്പറേറ്റർ ജാക്സൻ എന്നു പേരുള്ള ഇരുപത്തിരണ്ടുകാരൻ തന്റെ സൈ ക്കിളുമെടുത്ത് ഊണുകഴിക്കാൻ പോകും. ഇനി നാലു മണിക്കേ അയാൾ വരൂ. രാത്രി എട്ടുമണിവരെ ജോലിയെടുക്കേണ്ടതിനാൽ ഒരു സൗജന്യമായി ഒരു മണിക്കൂർ കൂടുതൽ ഭക്ഷണ സമയം അനുവദിക്കുന്നതാണ്. രേഖ ടൈപ്പ്റൈറ്ററിന്റെ മുമ്പിൽനിന്ന് മാറി പിറകിലെ പ്ലൈവുഡ് മറയ്ക്ക് പിന്നിലിട്ട മേശപ്പുറത്ത് അവളുടെ വട്ടത്തിലുള്ള ഭക്ഷണപാത്രം തുറന്നു. കടയിൽ ആരെങ്കിലും വന്നാൽ അവൾക്കു കാണാം. അവൾ ഭക്ഷണം കഴിക്കുന്നതു നിർത്തി തിടുക്കത്തിൽ ഒരു ഡോക്യുമെന്റിന്റെ ക്സെറോക്സ് കോപ്പി എടുത്തു കൊടുക്കും. അല്ലെങ്കിൽ ടൈപ് ചെയ്യാനുള്ള മാറ്റർ വാങ്ങിവയ്ക്കും.

കടക്കു പിന്നിൽ സാറിന്റെ വീടാണ്. അടുക്കളയിൽനിന്നുള്ള ശബ്ദങ്ങൾ അവൾക്കു കേൾക്കാം. സാറ് ഭക്ഷണം കഴിഞ്ഞാൽ ഉറങ്ങും. അത് നാല് നാലരവരെയുണ്ടാകും. അപ്പോൾ സാറിന്റെ ഭാര്യ രമച്ചേച്ചി കടയിൽ വന്നു നിൽക്കും. രേഖ വേഗം ഭക്ഷണം കഴിച്ച് കൗണ്ടറിൽ വരും. രമച്ചേച്ചിയോട് സംസാരിക്കുക രസമായിരുന്നു. ഭക്ഷണം വേഗം കഴിഞ്ഞ ദിവസങ്ങളിൽ അവൾ ചേച്ചി അകത്തുനിന്നു വരുന്നതും കാത്തു നിൽക്കും.

ഇന്ന് അവൾക്ക് ഒരു സന്തോഷവാർത്ത അറിയിക്കാനുണ്ടായിരുന്നു. അവൾ അല്പം അക്ഷമയോടെ കൗണ്ടറിൽ കാത്തുനിന്നു.

'സാറ് ഒറങ്ങിയോ?'

രമ വന്നപ്പോൾ രേഖ ചോദിച്ചു.

'നല്ല ഉറക്കമാണ്. നിന്റെ സാറില്ലേ, കിടത്തിയാൽ കണ്ണടക്കുന്ന പാവ പോല്യാണ്. കിടന്നാൽ മതി, ഉറക്കം തുടങ്ങും. ഇതാ ഇങ്ങനെ കൂർക്കം വലിക്കാൻ തുടങ്ങും.'

രേഖ ചിരിക്കാൻ തുടങ്ങും.

'ചേച്ചീ, അന്നൊരു കാര്യം പറഞ്ഞില്ലേ ഞാൻ? ട്രെയിൻ യാത്രയെപ്പറ്റി?'

'ട്രെയിൻ യാത്ര്യോ?'

'അതേ, സാറ് ബോംബെയ്ക്കു പോവ്വാണ്ന്ന് പറഞ്ഞപ്പോ ഞാൻ പറഞ്ഞില്ലേ?'

രമ ഓർത്തു. രണ്ടു മാസം മുമ്പാണത്. രവി ബോംബെയ്ക്കു പോവുകയാണെന്ന് അറിഞ്ഞപ്പോൾ രേഖ പറഞ്ഞു.

'തീവണ്ടിയിൽ യാത്ര ചെയ്യുക എന്തു രസമായിരിക്കും അല്ലേ ചേച്ചീ?'

'എന്തു രസം?' രമ പറഞ്ഞു. 'കുറച്ചു ദൂരത്തേയ്ക്ക് എല്ലാം രസം തന്നെ. പിന്നെ മടുക്കും.'

'എങ്ങിനെയാണ് മടുക്കുക? നല്ല രസമല്ലെ? ചക്രത്തിന്മേൽ ഒരു വീടുപോലെ?'

രേഖയുടെ കണ്ണുകളിൽ തിളക്കം. അവൾ തുടർന്നു.

'എനിക്ക് ഒരിക്കലെങ്കിലും തീവണ്ടിയിൽ യാത്ര ചെയ്യണം. ഞാനിതുവരെ തീവണ്ടിയിൽ യാത്ര ചെയ്തിട്ടില്ല.'

രമയ്ക്ക് അദ്ഭുതമായി. ഈ കാലത്ത് തീവണ്ടിയിൽ യാത്ര ചെയ്തിട്ടില്ലാത്ത ഒരിരുപതു വയസ്സുകാരി! വിശ്വസിക്കാൻ പറ്റുന്നില്ല.

'നീ ഭാഗ്യം ചെയ്തിട്ടുണ്ട്.' രമ പറഞ്ഞു. 'തീവണ്ടിയിൽ കയറാനുള്ള യോഗമുണ്ടായിട്ടില്ലല്ലോ.'

'അതിലെ തമാശ എന്താണെന്നറിയ്യോ ചേച്ചി?,' രേഖ പറഞ്ഞു. 'ഞങ്ങളുടെ വീട് തീവണ്ടിപ്പാളത്തിന് തൊട്ടടുത്താണ്. തീവണ്ടി പോകുമ്പോഴൊക്കെ ഞങ്ങളുടെ വീട് കുലുങ്ങും. വീട്ടിലെ ഫർണിച്ചറൊക്കെ കുലുങ്ങും. രാത്രി വണ്ടി പോകുമ്പോഴാണ് രസം. കട്ടിൽ ഒരു തൊട്ടിൽപോലെ കിടന്നാടും. ഉറക്കം വരാതെ കിടക്കുന്ന ദിവസങ്ങളിൽ പോലും, ഒരു തീവണ്ടി കടന്നുപോയാൽ എനിക്കുറക്കം വരും. ഒരമ്മമ്മ താരാട്ടണ പോലെ.'

തീവണ്ടിയുടെ കുലുക്കവും തൊട്ടിലാട്ടും ഓർക്കുന്നപോലെ അവൾ കണ്ണടച്ചു.

'ചെലപ്പോ, ഒരു വണ്ടി കുറേ നേരം ഞങ്ങടെ അട്ത്ത്ള്ള റെയിലിന്മേല് വന്നു നിൽക്കും. മറ്റു കുട്ടികളൊക്കെ അതിന്റെ ഉള്ളിൽ കയറിക്കളിക്കും. പക്ഷേ എനിക്ക് പേടിയായിരുന്നു. അതിൽ കയറിയിരിക്കുമ്പോൾ ട്രെയിൻ പെട്ടെന്ന് ഇളകി ഓടിയാലോ എന്ന്. കമല മറ്റു കുട്ടികളുടെ ഒപ്പം തീവണ്ടിയിൽ കയറിക്കളിക്കും. എനിക്ക് എന്തു പേടിയായിരുന്നെന്നോ.'

'കമല തീവണ്ടിയിലൊക്കെ പോയിട്ടുണ്ടോ?'

'പിന്നെ? അവള് വല്ലാത്ത സാധനാ ചേച്ചീ. ഒരു ചാൻസ് കിട്ടിയാൽ അവള് വിടില്ല. എന്റെ ചാൻസ് കളേം ചെയ്യും. അവള് അച്ഛന്റെ ഒപ്പം മദ്രാസില് പോയിട്ടുണ്ട്, ഒരിക്കല് കണ്ണൂരും പോയിട്ടുണ്ട്.'

'നീ ഭാഗ്യം ചെയ്തിട്ടുണ്ടെന്നേ ഞാൻ പറയൂ. യാത്ര നരകാണ്. കേരളത്തിന്റെ ഉള്ളിലൊക്കെ സുഖമാണ്. രണ്ടു ഭാഗത്തും നോക്കിയാൽ വയലും പുഴയും പച്ച പിടിച്ച കുന്നുകളും. കേരളം വിട്ടാൽ പിന്നെ രണ്ടു വശവും തരിശു ഭൂമി തന്നെയാണ്. സഹിക്കാൻ പറ്റാത്ത ചൂടും. സമയം എത്ര പതുക്കെയാണ് നീങ്ങുക എന്നറിയ്യോ? പിറ്റേന്ന് ഉച്ചയാകുമ്പോഴേക്കും നമുക്ക് കമ്പാർട്ടുമെന്റിൽ നിന്ന് ഇറങ്ങിയോടാൻ തോന്നും. എന്നാൽ പിന്നേയും ഒരു ദിവസത്തെ യാത്ര ബാക്കിയാണ്. കൽക്കത്തയിൽനിന്ന് രാജിവെച്ചു വന്നപ്പോഴേ എനിക്കു സമാധാനമായുള്ളൂ.'

'എന്നാലും ചേച്ചീ എന്തു രസാ.'

'നോക്കിക്കോ, ഇത്രയധികം മോഹമുണ്ടെങ്കില് നിന്നെ കല്ല്യാണം കഴിക്കണ ആള് ബോംബെയിലോ ദില്ലിയിലോ ആയിരിക്കും. അപ്പോ മനസ്സിലായിക്കൊള്ളും എന്താണ് തീവണ്ടി യാത്ര എന്ന്.'

അന്ന് രമ പറഞ്ഞതോർത്ത് രേഖ ചിരിച്ചു.

'ചേച്ചി അന്നു പറഞ്ഞത് ശരിയായിരിക്കുന്നു.'

'എന്ത്?'

‘തീവണ്ടിയിൽ കയറിയിട്ടേ ഇല്ലാത്ത എനിക്ക് കല്ല്യാണം കഴിഞ്ഞാൽ തീവണ്ടിയിൽത്തന്നെ ആയിരിക്കും ജീവിതം എന്ന്.’

‘നല്ല വാർത്തയുണ്ടോ?’ രമ ചോദിച്ചു.

‘ബോംബേന്ന് ഒരാള് വന്നിട്ടുണ്ട്.’

‘നല്ല പയ്യനാണോ?’

‘അതേ ചേച്ചീ. എനിക്ക് വിശ്വാസായില്ല. നല്ല ഉയരം, നെറോംണ്ട്. തടി അധികം ഇല്ല. ഒരു കമ്പനീല് സെയിൽസ് റെപ്രെസന്റേറ്റീവാണത്രെ. പത്തു മൂവ്വായിരം ശമ്പളംണ്ട്ന്ന്.’

‘നീ അയാളോട് സംസാരിച്ചുവോ?’

‘ഉം. ചെറിയച്ഛനാണ് ഈ ആലോചന കൊണ്ടുവന്നത്. മിനിഞ്ഞാന്ന് ഞാൻ ഇവിട്ന്ന് പോയില്ല്യേ? അപ്പോ ചെറിയച്ഛൻ കാത്തുനിൽക്ക്ണ്ണ്ടായിരുന്നു. പിറ്റേന്ന് വീട്ടിലേയ്ക്ക് ചെല്ലാൻ പറഞ്ഞു. ഇന്നലെ കട ഒഴിവായിരുന്നില്ലേ. അവിടെ പോയപ്പോഴാണ് മനസ്സിലായത് ഇതിനായിരുന്നു എന്ന്.’

‘പയ്യന് നിന്നെ ഇഷ്ടായോ?’

‘ഉം. ഇനി നാളെ വീട്ടില് വരുംത്രെ, പെണ്ണുകാണാൻ.’

‘അപ്പോ പെണ്ണു കാണലല്ലെ കഴിഞ്ഞത്?’

‘അല്ല, പയ്യന്റെ അമ്മയ്ക്കും അച്ഛനും ആ ചടങ്ങ് നടത്തണംന്ന്. നാളെ എല്ലാവരും കൂടി വരും. ഞായറാഴ്ചയല്ലേ. അച്ഛൻ കോഴീനിം അന്വേഷിച്ചു നടക്കാൻ തുടങ്ങി.’

‘ഒന്നു രണ്ടു കോഴീടെ ജീവൻ പോയാലും ശരി, കാര്യം ഭംഗിയായി നടക്കട്ടെ.’

‘നീ ഏതുടുപ്പാണ് ഇടുന്നത്?’

‘കമലയ്ക്ക് കഴിഞ്ഞ പിറന്നാളിന് വാങ്ങിയ ചൂരിദാർ ഇല്ലേ, അതു തരാൻ പറയണം. പിങ്കില് ചെറിയ പൂക്കളുള്ളത്.’ ഒന്നു നിർത്തിക്കൊണ്ടവൾ പറഞ്ഞു. ‘തരില്ല അസത്ത്. ഒരു സാധനം ഇടാൻ തരില്ല. ഞാൻ അവളില്ലാത്ത സമയത്ത് കട്ടിട്ട് ഇട്ടു നോക്കാറുണ്ട്. അവളതു തന്നില്ലെങ്കിൽ ഞാൻ വിഷുവിന് വാങ്ങിയ സാരിയുടുക്കും. സാരിയുടുത്താല് എനിക്ക് വയസ്സുതോന്നിക്കും. പിന്നെ ഇടാനുള്ളത് ആ പച്ച ചൂരിദാറില്ലേ, അതാണ്. ഏതാണ് ഇടേണ്ടതെന്ന് തീർച്ചയാക്കിയിട്ടില്ല.’

ഒരു കസ്റ്റമർ വന്നു. രണ്ടു ഫോറം ക്സെറോക്സ് ചെയ്യാൻ കൊടുത്തു. രേഖ അതുകൊണ്ട് മെഷിന്റെ അടുത്തേയ്ക്കു പോയി. അവളുടെ ചലനങ്ങൾ കലാപരമായിരുന്നു. ജാക്സനെപ്പോലെ ധൃതിയൊന്നുമില്ല. എന്നാൽ അത്രതന്നെ സമയമേ രേഖയും എടുക്കൂ. നോക്കി നിൽക്കുന്നത് കൗതുകമാണ്.

കസ്റ്റമർ പോയപ്പോൾ അവൾ പറഞ്ഞു.

‘ചേച്ചീ, ഞാൻ തിങ്കളാഴ്ച വരുമ്പോൾ ഒരു കുട്ടിയെ കൊണ്ടുവരാം.’

രമ ചോദ്യപൂർവ്വം അവളെ നോക്കി.

‘ങാ, നല്ല കുട്ടിയാണ്. ഞങ്ങളുടെ അയൽപക്കത്തുള്ളതാണ്. ഒരു പാവാ ചേച്ചീ. നന്നായി ജോലിയെടുക്കും. അച്ഛൻ മരിച്ചുപോയി. അതോണ്ടാ ജോലിക്കു പോണതു തന്നെ.’

‘നീ അതിന് ഇത്ര പെട്ടെന്ന് പോവ്വാണോ? തീയ്യതിയൊക്കെ തീർച്ചയാക്കണ്ടേ?’

രേഖ ചിരിച്ചു. ‘ഒക്കെ തീർച്ചയാക്കിയിരിക്കുന്നു ചേച്ചീ. പയ്യനിനി എട്ടു ദിവസത്തെ ലീവേയുള്ളൂ. അതിനുള്ളിൽ കല്ല്യാണം നടത്തണം, ഒപ്പം കൊണ്ടുപോവേം വേണം.’

‘അമ്പടി കേമീ.’ രമ ചിരിച്ചു.

അവൾക്കു സന്തോഷം തോന്നി. ഒപ്പം വ്യസനവും. കഴിഞ്ഞ ഒരു കൊല്ലമായി തനിക്കവളെ കൂടുതൽ കൂടുതൽ ഇഷ്ടപ്പെട്ടു വരികയായിരുന്നു. നല്ല കാര്യഗൗരവമുള്ള കുട്ടി. വിശ്വസിച്ച് എന്തും ഏൽപ്പിക്കാം. ഇനി വരുന്ന കുട്ടി എങ്ങിനെയാണാവോ? രേഖ കൊണ്ടുവരുമ്പോൾ മോശമാവാൻ വഴിയില്ല.

‘കമലയ്ക്ക് ജോലിയെടുക്കാൻ താൽപര്യമില്ലേ?’

‘വല്ലാത്ത സാധനാ ചേച്ചീ എന്റെ അനിയത്തി. അവള് ജോലിയെടുക്കുകയൊന്നും ഇല്ല. തിന്നു കൂടും, അത്രതന്നെ. ഇവിടെ കൊണ്ടുവന്നാൽത്തന്നെ സാറുമായി അടികൂടി പോകും.’

‘കമലയ്ക്ക് നിന്നെ ഇഷ്ടല്ലെ?’

രേഖ കുറച്ചുനേരം ആലോചിച്ചു, പിന്നെ പറഞ്ഞു.

‘ഇഷ്ടം തന്നെയാണ്, പക്ഷേ ഞാനും അവളുംകൂടി അടിപിടിയുണ്ടായാൽ അവളാണ് എപ്പോഴും ജയിക്കണത്. എന്നെ മാന്തിപ്പൊളിക്കും അവൾ. എപ്പോഴും ഞാനാണ് വിട്ടുകൊടുക്കാറ്. ഇതിനെ ഇഷ്ടംന്ന് പറയാമോ?’

‘കുറച്ചു കഴിഞ്ഞാൽ എല്ലാം ശരിയാവും.’ രമ പറഞ്ഞു. ചെറുപ്പമല്ലേ?’

‘എന്തു ചെറുപ്പം ചേച്ചീ? എനിക്ക് വയസ്സ് ഇരുപത്തിരണ്ടായി, അവൾക്ക് ഇരുപതും. ഒരാഴ്ചയും കൂടിയല്ലേ ഉള്ളൂ. ഞാനെന്റെ വഴിക്കു പോകും, പിന്നെ വല്ലപ്പോഴുമല്ലെ കാണുള്ളൂ.’

രേഖ നിർത്തി, അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

‘സാരല്ല്യ മണ്ടീ.’ രമ അവളുടെ ചുമലിൽ കൈവച്ചു.

രേഖ പെട്ടെന്നുതന്നെ സംയമനം വീണ്ടെടുത്തു. അവൾ പറഞ്ഞു.

‘ചേച്ചീ, സാറിനോട് ഇപ്പോൾ പറയണ്ട കേട്ടോ. ഞാൻ തിങ്കളാഴ്ച വന്നിട്ടു പറയാം.’

‘അതു ശരിയാവുമോ?’ രമ പറഞ്ഞു. ‘എന്തുകൊണ്ട് നേരത്തെ പറഞ്ഞില്ല്യാന്ന് ചോദിക്കില്ലേ?’

രേഖ ആലോചിച്ചു. ശരിയാണ്. തിങ്കളാഴ്ച ഒരു പെൺകുട്ടിയുമായി വരുമ്പോൾ നേരത്തെ പറഞ്ഞില്ലല്ലോ എന്നു തോന്നും.

‘ഒരു കാര്യം ചെയ്യൂ. ഞാൻ പോയ ശേഷം പറഞ്ഞാൽ മതി.’

ആറു മണിക്ക് പോകുന്നതിനു മുമ്പ് അവൾ രമയോടു പറഞ്ഞു.

'ചേച്ചീ, ഞാൻ കല്ല്യാണത്തിനു മുമ്പ് വീണ്ടും വരും കെട്ടോ. ക്ഷണിക്കാൻ. പിന്നെ ബോംബെക്കു പോകുന്നതിനു മുമ്പ് ഒരിക്കൽ കൂടി വരാം. വല്ല്യ നഗരത്തിലൊക്കെ എങ്ങിന്യാ ജീവിക്ക്യാന്ന് ചേച്ചി പറഞ്ഞുതരണം.'

ഫീസ് ഈടാക്കും കെട്ടോ.'

'ശരി ചേച്ചീ.'

തിങ്കളാഴ്ച രേഖ വന്നത് ഒറ്റയ്ക്കാണ്.

അവൾ സാധാരണ മട്ടിൽ കയറിവന്ന് കുടയും ബാഗും മേശവലിപ്പിൽ തിരുകി കസേരയിലിരുന്ന് ടൈപ്റൈറ്ററിന്റെ കവർ അഴിച്ചെടുത്തു. ഡ്രോയറിൽനിന്ന് ഒരു തുണിയെടുത്ത് ടൈപ്റൈറ്റർ തുടച്ചു.

രമ അവളെ അദ്ഭുതത്തോടെ നോക്കി. രേഖ രമയുടെ കണ്ണുകളെ നേരിടാതിരിക്കാൻ ശ്രമിക്കുകയായിരുന്നു. അവൾ രണ്ട് ഫുൾസ്കേപ് കടലാസ് റോളറിൽ തിരുകി കാർബൺ വെയ്ക്കുകയാണ്. രമ അടുത്തുചെന്നു.

'നീ ഒരു കുട്ടിയെ കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് എന്തായി?'

'അതൊന്നും ശരിയായില്ല ചേച്ചീ.'

'എന്തേ അവൾ പറ്റില്ലെന്നു പറഞ്ഞോ?'

'അതല്ല ചേച്ചി, കല്ല്യാണം.'

'എന്തു പറ്റി?'

'ഞാനെപ്പോഴും പറയാറില്ലേ ചേച്ചീ, അവളൊരു വല്ലാത്ത സാധനാ. ഞാൻ കുറേ ചോദിച്ചു. ഇരന്നു. എന്നിട്ടും അവൾ ആ പിങ്ക് ചൂരിദാർ തന്നില്ല. അവൾ വാശിപിടിച്ചു, അവൾക്കതന്നെ ഇടണംന്ന്.'

'എന്നിട്ട്?'

'അവൾ ആ ഉടുപ്പിട്ടു. ഞാൻ പച്ച ചൂരിദാർ ഇട്ടുനോക്കി. അതിട്ടപ്പോൾ ഒരു ഉദിപ്പില്ലാത്ത പോലെ. അപ്പോ അമ്മ പറഞ്ഞു സാരിയുടുത്താൽ മതിയെന്ന്. സാരിയുടുത്താൽ എനിക്ക് രണ്ടു വയസ്സെങ്കിലും കൂടുതൽ തോന്നിക്കും.

'പിന്നെ ചെറിയച്ഛൻ കമലയെ വീട്ടിലേയ്ക്കു വിളിച്ചു. അവർ വരുമ്പോൾ ഞാൻ മാത്രം മതി അവിടെ എന്നു പറഞ്ഞു. അവൾ കേൾക്കണ്ടേ? അവർ വന്നപ്പോൾ അവൾ ആ പിങ്ക് ചൂരിദാർ ഇട്ടു വിലസി. അവർക്ക് അവളെയാണ് ഇഷ്ടമായത്. പയ്യന് പ്രത്യേകിച്ചും.'

രമ ഒന്നും പറയാനാവാതെ ഇരുന്നു.

'കുട്ടിക്കാലം മുതലേ അവൾ അങ്ങിനെയാണ് ചേച്ചീ. എന്റെ കയ്യിൽനിന്ന് എല്ലാം തട്ടിയെടുക്കും. അവൾക്കതാണ് രസം.'

രേഖ മേശപ്പുറത്തുള്ള കടലാസുകൾ പരിശോധിച്ചു.

'ചേച്ചീ ഇതെത്ര കോപ്പിയാണ് എടുക്കേണ്ടത്. ഞാൻ പോയ ശേഷം സാറെടുത്തതാ.'

രമ ആ കടലാസു വാങ്ങി നോക്കി. വായിക്കുകയായിരുന്നില്ല, വെറുതെ കണ്ണോടിക്കുക മാത്രം. സമാധാനിപ്പിക്കാൻ എന്താണ് പറയേണ്ടതെന്ന് അവൾക്കറിഞ്ഞില്ല. ഒന്നും പറയാനില്ലായിരുന്നു.

'അച്ഛന് തീരെ ഇഷ്ടല്ല്യായിരുന്നു. പക്ഷേ ഞാൻ പറഞ്ഞു. അവർക്ക് കമലയെയാണ് ഇഷ്ടമായതെങ്കിൽ അവളെ കല്ല്യാണം കഴിച്ചു കൊടുക്കാൻ. അവളെങ്കിലും രക്ഷപ്പെടട്ടെ.'

രമ ഒന്നും പറയാതെ ഒരു കസേരയിലിരുന്നു. അവളുടെ മുഖം വാടിയിരുന്നു.

'സാരംല്ല്യ ചേച്ചീ.' രേഖ പതുക്കെ പറഞ്ഞു. 'ഈ പാവപ്പെട്ട പെണ്ണിനു വേണ്ടിയും ആരെങ്കിലും എവിടെയെങ്കിലും ഉണ്ടാവും.'

അവൾ കസേരയിലിരുന്നു. പിന്നെ നിർവ്വികാരമായ മുഖത്തോടെ മുമ്പിൽ ഇരിക്കുന്ന യന്ത്രത്തിലേയ്ക്ക്, അക്ഷരമാലയുടെ സംഗീതത്തിലേയ്ക്ക്, സ്വന്തം ആത്മാവിന്റെ ഏകാന്തതയിലേയ്ക്ക് തിരിച്ചുപോയി.

back to index

# മറ്റൊരു വാതിൽ

**ആ**ശുപത്രിയിൽ.

തളർന്നുറങ്ങുന്ന പെൺകുട്ടിയുടെ കിടക്കക്കരികെ അയാൾ കാത്തിരുന്നു. ഒന്നനങ്ങുമ്പോൾ സ്റ്റീൽ കസേരയുടെ കാലുകൾ നിലത്തുരഞ്ഞുണ്ടാകുന്ന ശബ്ദത്തിൽ അവൾ ഉണരുമോ എന്നയാൾ ഭയപ്പെട്ടു. ഉണരുമ്പോൾ അമ്മയെ കണ്ടില്ലെങ്കിൽ ബഹളം വയ്ക്കുമോ എന്നറിയില്ല. അവളുടെ അമ്മയും അച്ഛനും അര മണിക്കൂർമുമ്പ് വീട്ടിൽ പോയിരുന്നു. അമ്മയുള്ളപ്പോൾതന്നെ അവൾ ഭയപ്പെട്ടു കരയുന്നു. പേടിച്ച് ചുറ്റും നോക്കുന്നു. അമ്മയുടെ കൈ മുറുകെ പിടിക്കുന്നു. മോളെ ആരും ഇനി ഉപദ്രവിക്കില്ലെന്നു ഷൈല പറയുന്നതവളെ ആശ്വസിപ്പിക്കുന്നില്ല.

ഈ യാതന സഹിക്കാൻ അവൾക്കാകട്ടെ എന്നയാൾ പ്രാർത്ഥിക്കുന്നു. വാതിലിന്റെ കർട്ടൻ മാറ്റി നഴ്സും ഡോക്ടറും അകത്തു കടന്നു. അയാൾ എഴുന്നേറ്റു. ഡോക്ടർ അവളെ പരിശോധിക്കുകയാണ്. അയാൾ ചോദിച്ചു. 'ഡോക്ടർ ഇവൾക്ക്.......'

ഡോക്ടർ പരിശോധന നിർത്തി അയാളെ നോക്കി.

'കുഴപ്പമൊന്നുമില്ല, ജസ്റ്റ് ഏ ട്രാമ. ഷി വിൽ ഓവർകം ദാറ്റ്  ഇൻ എ കപ്പ്ൾ ഓഫ് ഡേയ്സ്. നിങ്ങൾ?'

'എന്റെ പേര് ഭാസ്കരൻ, ഞാൻ അയൽക്കാരനാണ്.'

'ഒരയൽക്കാരൻതന്നെയാണ് ഈ കുട്ടിയെ........' ഡോക്ടർ നിർത്തി.

'അതെ.' ഭാസ്കരൻ പറഞ്ഞു. ഒരയൽക്കാരനായതിൽ അയാൾ ലജ്ജിച്ചു.

'അയാളെ അറസ്റ്റു ചെയ്തെന്നു കേട്ടല്ലൊ.' ഡോക്ടർ പറഞ്ഞു.

'അതെ.'

'കഷ്ടം!  അമ്പതു കഴിഞ്ഞ മനുഷ്യൻ....'

ഡോക്ടർ നഴ്സിന് എന്തോ നിർദ്ദേശം കൊടുത്തുകൊണ്ട് പുറത്തേയ്ക്കു പോയി. ഭാസ്കരൻ അവിടെ ഒറ്റയ്ക്കായി. ഒറ്റയ്ക്കല്ല.  ഉറക്കമരുന്ന് കൊടുത്ത് ബോധമില്ലാതെ ഉറങ്ങുന്ന ഒരു പത്തു വയസ്സുകാരി കുട്ടിയുടെ ഒപ്പം. മനസ്സ് തേങ്ങി. മോളെ നിനക്കിത് സംഭവിച്ചുവല്ലൊ. എട്ടു കൊല്ലമായി എന്നും രാവിലെയും വൈകുന്നേരവും ഈ പെൺകുട്ടി തങ്ങളുടെ വീടിന്റെ പടിവാതിൽ കടന്ന് വന്നു. രാവിലെ സ്കൂൾ സഞ്ചിയുമായി വരുന്നു. ശാരദ മേശപ്പുറത്ത് മൂന്നുപേർക്കുമുള്ള പ്രാതൽ തയ്യാറാക്കി വച്ചിട്ടുണ്ടാകും. അങ്കിളിന്റെയും ആന്റിയുടെയും ഒപ്പമിരുന്ന് അവൾ ദോശയോ ഇഡ്ഡലിയോ കഴിക്കുന്നു. അയാൾ ഇടയ്ക്ക് കളിയായി ചോദിക്കുന്നു. 'നിനക്ക് നിന്റെ വീട്ടീന്ന് കഴിച്ചൂടെ?'

'ഇതെന്റെ വീടാണ്.' അവൾ ദ്വേഷ്യത്തോടെ പറയുന്നു.

'അല്ലല്ല ഇത് ദിനേശ് ചേട്ടന്റെ വീടാണ്.'

അവൾക്ക് ആദ്യം ദ്വേഷ്യവും പിന്നെ സങ്കടവും വരുന്നു. അവളുടെ കണ്ണുകൾ നിറയും. അവൾ അയാളെ കുഞ്ഞിക്കൈകൊണ്ട് ഇടിച്ചുകൊണ്ട് പറയും.

'ഞാനീ അങ്കിളിനോട് മിണ്ടില്ല.'

കാര്യം ശരിയാണ്. ഒരിക്കൽ തീർപ്പു കല്പിച്ച കാര്യമാണത്. പിന്നെ അങ്ക്ൾ മറിച്ചു പറയേണ്ട കാര്യമൊന്നുമില്ല. ദിനേശൻ വെള്ളിയാഴ്ച രാത്രി ഹോസ്റ്റലിൽ നിന്നെത്തുന്നു. ഒരാഴ്ച മോനെ വിട്ടുനിന്ന സങ്കടം തീർക്കാൻ അമ്മ സ്വാദുള്ള വിഭവങ്ങൾ ഉണ്ടാക്കുന്നു. വൈകുന്നേരം സ്കൂൾ വിട്ട് വരുന്ന നീനമോൾ കാണുന്നത് ആന്റി അടുക്കളയിൽ വിഭവങ്ങളുണ്ടാക്കുന്നതാണ്. അവൾക്ക് കാര്യം മനസ്സിലാവുന്നു. പിന്നെ ചോദ്യങ്ങളാണ്.  എന്തിനാണ് ദിനേശ്ചേട്ടൻ എല്ലാ ആഴ്ചയും വരുന്നത്? ഹോസ്റ്റലിലിരുന്ന് വല്ലതും പഠിച്ചുകൂടെ? അങ്ങിനെ ഒരുപാടു ചോദ്യങ്ങൾ. ശാരദ പറയുന്നു.

'ദിനേശ് ചേട്ടൻ ആന്റീടെ മോനല്ലെ. അപ്പോ അമ്മേ കാണണംന്ന്ണ്ടാവില്ലെ?'

അങ്ങിനെയൊക്കെ സാധാരണ പറയാറുള്ളതാണ്. അന്ന് എന്തുകൊണ്ടോ അവൾക്കത് തീരെ ഇഷ്ടപ്പെട്ടില്ല. ഉമ്മറത്തിരുന്ന് വായിച്ചുകൊണ്ടിരുന്ന അയാൾ അടുക്കളയിൽ നടന്ന ഭൂകമ്പങ്ങളൊന്നും അറിഞ്ഞില്ല. അയാൾ എത്ര ശ്രമിച്ചിട്ടും നീനയുടെ സങ്കടം മാറ്റാൻ കഴിഞ്ഞില്ല. അവളുടെ അമ്മയും അച്ഛനും കരച്ചിൽ കേട്ട് അന്വേഷിക്കാൻ വന്നപ്പോൾ കണ്ട കാഴ്ച അവളെയും ഏറ്റി നടന്ന് അങ്ക്ൾ സമാധാനിപ്പിക്കുന്നതാണ്.

'കെട്ടിച്ചുകൊടുക്കണ്ട പ്രായായി'. അവളുടെ അച്ഛൻ പറഞ്ഞു. 'കണ്ടില്ലെ അവളുടെ കാല് നെലത്ത് മുട്ടണത്?'

കാര്യം പറഞ്ഞപ്പോൾ അവർ ചിരിച്ചുകൊണ്ട് തിരിച്ചുപോയി. 'അത്രേള്ളൂ....'

അത്രേള്ളൂ എന്ന് അവർക്ക് പറയാം. പക്ഷേ നീനയെ സംബന്ധിച്ചേടത്തോളം അതൊരു ജീവന്മരണ പ്രശ്നമാണ്. ദിനേശ് ചേട്ടൻ തോളിൽ സഞ്ചിയുമായി പടി കടന്നു വന്നപ്പോൾ കാണുന്ന കാഴ്ച അങ്ക്ളും മോളും കൂടി ഒരു സന്ധിസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നതാണ്.

'അച്ഛൻ അവളെ ഇങ്ങിനെ കൊഞ്ചിച്ചു വഷളാക്കിക്കൊള്ളൂ.' അവൻ പറഞ്ഞു.  അവൻ ഇല്ലാത്ത സമയങ്ങളിൽ ഈ പിറുങ്ങിപ്പെണ്ണ് അവന്റെ അച്ഛനുമമ്മയുമായി കൊഞ്ചുന്നതൊന്നും അവന് ഇഷ്ടമല്ല. ഇത്ര പ്രായമായിട്ടും അവനും ഒരു അസൂയാലുവാണ്. അവൻ ചോദിച്ചു.

'എന്താടീ നെനക്ക് നെന്റെ വീട്ടീ പോയിരുന്നൂടെ?'

'ഇത് എന്റെ വീടാണ്.' പുതുതായി അങ്കിളിന്റെ അടുത്തുനിന്നു കിട്ടിയ ഉറപ്പിൽ അവൾ തിരിച്ച് പോരാടാൻ തന്നെയാണ് തീർച്ചയാക്കിയിരിക്കുന്നത്. അതുവരെയുണ്ടായിരുന്ന സങ്കടമെല്ലാം അവൾ തല്ക്കാലത്തേയ്ക്ക് മാറ്റിവച്ചു. സങ്കടം പിന്നേയുമാവാലോ.

'ഇത് നെന്റെ വീടോ? പള്ളീ പറഞ്ഞാമതി.'

'പള്ളീല് ദിനേശ് ചേട്ടൻ പറഞ്ഞാമതി.' പിന്നെ അവൾ ഒരു പടികൂടി കയറി. അങ്കിളിനെ കെട്ടിപ്പിടിച്ചുകൊണ്ട്

അവൾ പറഞ്ഞു. 'ഇത് എന്റെ അച്ഛനാണ്.'
കാര്യം കുലുമാലായെന്ന മട്ടിൽ ദിനേശൻ സഞ്ചി നിലത്തുവച്ച് കസേലയിൽ ഇരുന്നു. ഒരൊറ്റ മലക്കം മറിച്ചിലിൽ അവന് നഷ്ടമാകുന്നത് അവന്റെ അച്ഛനാണ്. രണ്ടാലൊന്ന് തീർച്ചയാക്കിയിട്ടു മതി ഇനി കാര്യങ്ങൾ എന്ന മട്ടിൽ പോർ വിളിയോടെ അവളും. ദിനേശൻ പറഞ്ഞു.
'അച്ഛാ ഞാനിനി കോളേജിലൊന്നും പോണില്ല. ഇവിടെ വീട്ടിലിരിക്കാൻ പോവ്വാണ്. ഇക്കണക്കിന് പോയാൽ എനിക്ക് അമ്മേംണ്ടാവില്ല, അച്ഛനുംണ്ടാവില്ല, ഈ വീടുംണ്ടാവില്ല. ഒക്കെ ഈ പെണ്ണ് അടിച്ചെടുക്കും.
ദിനേശ് ചേട്ടൻ ഇനി കോളേജിൽ പോകുന്നില്ലെന്നത് അവളെയും ഭയപ്പെടുത്തി. അല്ലെങ്കിൽത്തന്നെ അവനില്ലാ ത്തപ്പോൾ അവന്റെ കട്ടിലിൽ കയറി കിടക്കുമ്പോൾ, അവൻ പണ്ടേ ഉപേക്ഷിച്ചിട്ട കളിപ്പാട്ടങ്ങൾ എടുക്കുമ്പോൾ, എല്ലാം അവളുടെ മുഖത്ത് ഒരു കള്ളമുണ്ട്. അങ്കിളിനും ആന്റിക്കും പ്രശ്നമില്ലെന്നവൾക്കറിയാം. ദിനേശ് ചേട്ടനെ ങ്ങാൻ അറിഞ്ഞാലോ എന്ന ഭയം. കാര്യങ്ങളുടെ സ്ഥിതി അങ്ങിനെയായിരിക്കുമ്പോൾ ദിനേശ് ചേട്ടൻ സ്ഥിരമായി വീട്ടിലിരിക്കുകയെന്നത് അത്ര സുഖമുള്ള കാര്യമല്ല. അതവളുടെ വ്യക്തിസ്വാതന്ത്ര്യത്തിൽ കൈകടത്തലാവും.
പെട്ടെന്ന് എന്തോ ആലോചിച്ചുറച്ചപോലെ അവൾ നിവർന്നിരുന്നു. പിന്നെ ദിനേശ് ചേട്ടനെ ശരിക്കും വീഴ്ത്തിയ ഒരു പ്രസ്താവന ഇറക്കുകയും ചെയ്തു.
'അങ്ങന്യാണെങ്കില് ഞാൻ ദിനേശ് ചേട്ടനെ കല്യാണം കഴിക്കും.'
'പെണ്ണ് കൊള്ളാമല്ലോ. നീ എന്നെ കല്യാണം കഴിക്കുകയോ?' അവൻ ചോദിച്ചു. 'കാര്യായിട്ടാണോ പറേണത്? അതോ ഭീഷണിപ്പെടുത്താൻ പറയ്യാണോ?'
'അല്ല.' പിന്നെ എന്തോ സംശയം തോന്നി അവൾ അങ്കിളിനോട് ചോദിച്ചു. അങ്ക്ൾ, എന്താ എനിക്ക് ദിനേശ് ചേട്ടനെ കല്യാണം കഴിച്ചൂടെ?'
ഈ വീട്ടിൽ അങ്കിളിന്റെയും ആന്റിയുടെയും മകളായി കൂടാൻ ഒരു കുറുക്കുവഴി തേടുകയാണവൾ. അതിനായി ദിനേശ് ചേട്ടനെന്ന ആജന്മശത്രുവിനെ കല്യാണം കഴിക്കാനുംകൂടി അവൾ തയ്യാറാണ്. ദിനേശ് ചേട്ടൻ പഠിക്കുക യാണെന്നും, അതു കഴിഞ്ഞ് ഒരു ജോലി കിട്ടിയ ശേഷമേ കല്യാണം കഴിക്കുകയുണ്ടാവൂ എന്നെല്ലാം അയാൾ പറഞ്ഞു നോക്കി. സാരമില്ല, കാത്തിരിക്കാൻ അവൾ തയ്യാർ.
'ആട്ടെ, നിനക്കെത്ര വയസ്സായി?' അവൻ ചോദിച്ചു. 'നീ പറയണ്ട. എനിക്കറിയാം. അഞ്ച് തികഞ്ഞിട്ടേ ഉള്ളു. എനി ക്ക് ഇരുപത്തിഒന്ന്. എന്നുവച്ചാൽ നീ പ്രായപൂർത്തിയായി നിന്നെ കെട്ടുമ്പോഴേയ്ക്ക് എനിക്ക് റിട്ടയർമെന്റാവും. ഞാൻ വേറെ പെൺകുട്ടിയെ കിട്ടുമോ എന്നു നോക്കട്ടെ.'
അവൾക്ക് വീണ്ടും സങ്കടമായി. വാതിലുകൾ ഓരോന്നോരോന്നായി അടയുകയാണ്. അവൾ തേങ്ങിക്കരയാൻ തുടങ്ങി. അതിന്റെ അവസാനത്തിലാണ് ആ ഒത്തുതീർപ്പുണ്ടായത്. ദിനേശ് ചേട്ടൻ അങ്കിളിന്റെ മകനാണ്, നീ മക ളും. ഒരു വകയിൽ അവൾക്കും തുല്യാവകാശം കൊടുത്ത ആ ഉറപ്പ് അവൾക്ക് ആശ്വാസം നൽകി. അതിനു ശേഷം ഇപ്പോൾ ഇത് ദിനേശ് ചേട്ടന്റെ വീടാണെന്ന് പറഞ്ഞ് അങ്കിളിനവളെ ദ്വേഷ്യം പിടിപ്പിക്കേണ്ട ഒരാവശ്യവുമുണ്ടായി രുന്നില്ല.
പഴയ കഥകളുടെ ഓർമ്മയിൽ അയാൾ ചിരിച്ചു. പെട്ടെന്നുതന്നെ ആശുപത്രിമുറിയുടെ കറുത്ത യാഥാർത്ഥ്യത്തി ലേയ്ക്ക് തിരിച്ചുവരികയും ചെയ്തു.
ശാരദ എന്താണ് വരാത്തത്. വൈകുന്നേരത്തെ ഭക്ഷണം പാകം ചെയ്തുകഴിഞ്ഞ ഉടനെ വീട്ടിൽനിന്നിറങ്ങാമെന്ന് പറഞ്ഞതായിരുന്നു. അവൾ രാവിലെ കുറേനേരം കരഞ്ഞു. ഓർമ്മകൾ അവളെ വല്ലാതെ പീഡിപ്പിച്ചു. ഒരു കുട്ടി സ്വന്തം അച്ഛനെയും അമ്മയെയും ഉപേക്ഷിച്ച് മറ്റൊരച്ഛനെയും അമ്മയെയും സ്വീകരിക്കാൻ ശ്രമിക്കുക. അതിന് കഴി യാതിരിക്കുക. അതൊരു വല്ലാത്ത അനുഭവമാണ്. എന്താണ് അതിനു കഴിയാതിരുന്നത്? അവളുടെ അച്ഛനും അമ്മയും ജോലിക്കാരാണ്. വൈകുന്നേരം നീന സ്കൂൾ വിട്ടു വരുമ്പോൾ അവരെത്തിയിട്ടുണ്ടാവില്ല. അപ്പോൾ മകൾക്ക് ഒര ഭയസ്ഥാനം കിട്ടുന്നത് അവർക്ക് ആശ്വാസമാണ്. പിന്നെ മകൾ അവരുമായി കൂടുതൽ അടുക്കുന്നു എന്നതു മാത്ര മാണ്. സ്നേഹം കാരണമാണത്, അതിനവരെന്തു പറയാൻ? പല രാത്രികളിലും അവൾ തിരിച്ച് വീട്ടിൽ പോകാൻ മടി കാണിക്കും. അവളുടെ അച്ഛൻ ടോർച്ചുമായി അന്വേഷിച്ചു വരും. അങ്കിളിന്റെയും ആന്റിയുടെയും ഒപ്പം ഭക്ഷണം കഴിച്ച് അവരുടെ ഒപ്പം കിടന്നുറങ്ങാനുള്ള പദ്ധതിയുമായി നടക്കുകയായിരിക്കും നീന. അര മണിക്കൂർ നേരത്തെ വ്യർത്ഥമായ അനുനയശ്രമത്തിനു ശേഷം ഒറ്റയ്ക്ക് തിരിച്ചു പോകുമ്പോൾ ആ മനുഷ്യന്റെ മുഖത്ത് ചിരിയായിരി ക്കും. ഇങ്ങിനെയുമുണ്ടോ കുട്ടികൾ? അന്നു രാത്രി അവൾ അങ്കിളിന്റെയും ആന്റിയുടെയും നടുവിൽ അവകാശ ങ്ങൾ ഉറപ്പിക്കാനെന്നപോലെ കിടന്നുറങ്ങുന്നു.
ആ കുട്ടിയാണ് ഇവിടെ, ആശുപത്രിയിൽ അവശയായി കിടക്കുന്നത്. അയാൾ നെടുവീർപ്പിട്ടു. വാതിൽ കടന്ന് ശാരദ വന്നു. കയ്യിലെ സഞ്ചിയിൽ തൂക്കുപാത്രവും കുപ്പിയിൽ കുടിക്കാനുള്ള വെള്ളവുമുണ്ട്. സഞ്ചി മേശപ്പുറത്ത് വെച്ച് അവൾ ചോദിച്ചു.
'മോൾക്ക് എങ്ങിനെയുണ്ട്?'
'ഞാൻ വന്നതിന്റെ ശേഷം ബോധം വന്നിട്ടില്ല. അവര് സെഡേറ്റീവ് കൊടുത്തിരിക്ക്യാണ്. രാമചന്ദ്രനും ഷൈല യുമുള്ളപ്പോൾ രണ്ടുവട്ടം ബോധം വന്നൂത്രെ. അവൾ പേടിച്ചു നിലവിളിക്ക്യായിരുന്നൂന്ന്.'
'കഷ്ടം.'
'കുഴപ്പൊന്നുംല്ല്യാന്നാ ഡോക്ടറ് പറേണത്.'
ശാരദ കട്ടിലിലിരുന്ന് നീനയുടെ നെറ്റിയിൽ തലോടി. ഉറക്കം തന്നെയാണ്. ഉറങ്ങട്ടെ.
'എനിക്ക് ഇപ്പോ ഒരു കുറ്റബോധം തോന്ന്വാണ്.' അയാൾ പറഞ്ഞു.
ശാരദ ചോദ്യഭാവത്തിൽ അയാളെ നോക്കി.
'നമ്മള് അവളെ വേണ്ടത്ര ശ്രദ്ധിച്ചില്ലേന്ന്.'
'ഇതിനപ്രം എങ്ങിന്യാ ശ്രദ്ധിക്ക്യാ? നമ്മടെ കൺവെട്ടത്തീന്ന് പുറത്ത് വിടാറില്ല അവളെ.'
ഭാസ്കരൻ ഒന്നും പറഞ്ഞില്ല. അയാൾക്ക് പലപ്പോഴും മുൻവിധികളുണ്ടാകാറുണ്ട്, ആളുകളെപ്പറ്റി, സന്ദർഭങ്ങ

ളെപ്പറ്റി. അവ മിക്കവാറും ശരിയാകാറുമുണ്ട്. അയൽക്കാരനെപ്പറ്റി അങ്ങിനെയാണ് മുൻവിധിയുണ്ടായത്. അയൽക്കാരൻ ആ വീട്ടിൽ താമസമാക്കിയിട്ട് ആറു മാസമായെങ്കിലും ആരുമായും അടുപ്പമുണ്ടായിരുന്നില്ല. എന്തുകൊണ്ടോ അങ്ങോട്ടു പോയി പരിചയപ്പെടാൻ ഭാസ്കരന്നും താൽപര്യമുണ്ടായില്ല. അടുക്കാൻ കൊള്ളില്ലെന്ന ബോധം.

'ആ നിലയ്ക്കല്ല ഞാൻ പറഞ്ഞത്.' അയാൾ പറഞ്ഞു. 'എങ്ങിനെയാണ് അതു പറയ്യാന്ന് എനിക്കറീല്ല്യ. നിനക്കോർമ്മണ്ടോ അവള് എന്നെ അച്ഛാന്ന് വിളിക്കാൻ തൊടങ്ങീത്?'

ശാരദയ്ക്ക് ഓർമ്മയുണ്ട്. രണ്ടുമൂന്നുകൊല്ലം മുമ്പാണ്. ഒരു ദിവസം അവൾ അടുക്കളയിൽ ദോശയുണ്ടാക്കുമ്പോഴാണ് നീന വന്നു പറഞ്ഞത്.

'അമ്മേ, അച്ഛന് ദോശ വേണ്ടാന്ന് പറഞ്ഞു.'

ശാരദക്ക് പെട്ടെന്ന് ആശയക്കുഴപ്പമുണ്ടായി. തന്നെ അവൾ അമ്മയെന്ന് ഇടക്കിടക്ക് വിളിക്കാറുണ്ട്. പക്ഷേ അങ്കിളിനെ അങ്കിൾ എന്നുതന്നെയാണ് വിളിക്കാറ്. നീനക്കതു മനസ്സിലായെന്നു തോന്നുന്നു. അവൾ കൂട്ടിച്ചേർത്തു. 'എന്റെ ഇവിടത്തെ അച്ഛൻ!'

അതിനു ശേഷം കുറച്ചു കാലം അവൾ രണ്ടുപേരെയും അച്ഛൻ, അമ്മ എന്നുതന്നെയാണ് വിളിക്കാറ്. ദിനേശ് ചേട്ടനുമായി ഒരു തുല്യാവസ്ഥയുണ്ടായതിൽ അവൾ സന്തോഷിച്ചു. അവളുടെ പാവക്കുട്ടികൾ മിക്കവയും പല ദിവസങ്ങളിലായി ഈ വീട്ടിൽ ചേക്കേറി. ഉടുപ്പുകളും യൂനിഫോമും അലമാറിയിൽ ആന്റിയുടെ സാരികൾക്കിടയിൽ തൂങ്ങിക്കിടന്നു. രാത്രി തങ്ങലിന്റെ ആവർത്തി കൂടിവന്നു. ശനിയാഴ്ച രാത്രി ദിനേശ് ചേട്ടൻ ഉണ്ടെങ്കിലും അവൾ അവിടെ അവരുടെ നടുവിൽ കിടന്നുറങ്ങി. ഒരുതരം കൂസലില്ലായ്മയോടെ. ഉറങ്ങാനായി സ്വന്തം മുറിയിലേയ്ക്കു നടക്കുന്ന അവനെ പ്രകോപിപ്പിക്കാനായി പറയുകയും ചെയ്യും. 'ഇത് എന്റെ അച്ഛനാണ്.'

അവൻ അവളെ കൗതുകത്തോടെ നോക്കിക്കൊണ്ട് പറയും. 'കഷ്ടം, ഇതിന്റെ തലയില് ഒന്നുല്ല്യാന്നാ തോന്നണത്.'

'ഇതാ നെറയെ മുടിണ്ട്.' അവൾ അവളുടെ സമൃദ്ധമായ മുടി ഉയർത്തിക്കാണിച്ചുകൊണ്ട് പറയും.

'ണ്ട്, അതേ സാധനംതന്നെ തലേടെ ഉള്ളിലും ആയതാ കഷ്ടംന്ന് പറഞ്ഞത്.' അവൻ പറയും. പിന്നെ അവിടെ യുദ്ധമാണ്.

അയാൾ അതെല്ലാം ആലോചിച്ചുകൊണ്ട് ചിരിച്ചു. ശാരദയും ആലോചിക്കുകയായിരുന്നു. ഒരുപാട് ആലോചിക്കാനുണ്ട്. അതിന്റെ അന്ത്യമാകട്ടെ ഇവിടെ ആശുപത്രികിടക്കയിൽ അവശയായി കിടക്കുന്ന കുട്ടിയിലെത്തി വഴിമുട്ടി നിൽക്കുന്നു. ഓർമ്മകൾ സാന്ത്വനമാകുന്നില്ല. ഒരു ദീർഘശ്വാസം തേങ്ങലിനോടടുത്തെത്തുന്നു.

അയാൾ ആലോചിച്ചു. നീനയുടെ'അച്ഛൻ' വിളി അധികകാലം നിലനിന്നില്ല. ആദ്യമുണ്ടായ എതിർപ്പ് അവളുടെ അമ്മയുടെ പക്ഷത്തുനിന്നുമായിരുന്നു. അമ്മയെന്നു വിളിക്കുന്നത് കുഴപ്പമില്ല, പക്ഷേ അച്ഛൻ എന്നു മറ്റൊരാളെ വിളിക്കണത് അത്ര ശര്യാണോ? പിന്നീടാണ് മനസ്സിലായത് എതിർപ്പ് അവളുടെ അമ്മയിൽ നിന്നല്ല ഉണ്ടായിട്ടുള്ളത്, മറിച്ച് മറ്റയൽപക്കക്കാരുടെ പക്ഷത്തുനിന്നുമാണെന്ന്. മന്ഥരമാർ. അവർ ഒറ്റക്കൊറ്റക്ക് വന്ന് ഷൈലയുമായി കുശുകുശുത്തു. ഒരപവാദത്തിലേയ്ക്ക് നീങ്ങുമെന്നായപ്പോൾ മാത്രമാണ് ഷൈല പറഞ്ഞത്. 'ഒന്നും തോന്നര്ത്. മോളെക്കൊണ്ട് അങ്കിളെന്നുതന്നെ വിളിപ്പിച്ചാ മതി. അച്ഛനെന്നു വിളിക്കണ്ടാന്ന് പറയണം അവളോട്.'

ഈ തരത്തിലുള്ള സ്നേഹബന്ധങ്ങൾ പൊതുജനത്തിന് മനസ്സിലാവില്ല. അവർക്കാവശ്യം വൈകൃതമായ ബന്ധങ്ങളാണ്. അശ്ലീലകഥകൾ നെയ്തെടുക്കാൻ കഴിയുന്ന തരം ബന്ധങ്ങൾ.

ഭാസ്കരന് വിഷമം തോന്നി. ഒരു കൊച്ചുകുട്ടിയുടെ ആഗ്രഹമാണ്. അതിലെന്തിനാണ് മുതിർന്നവരുടെ വിഷലിപ്തമായ മനസ്സ് ഇടപെടുന്നത്. അതിനു ശേഷം നീന അയാളെ മറ്റുള്ളവരുടെ മുമ്പിൽവച്ച് അച്ഛാ എന്നു വിളിച്ചില്ല. ഒറ്റയ്ക്ക് കിട്ടുമ്പോൾ അവൾ ചെവിയിൽ മന്ത്രിക്കും. 'അച്ഛാ....'.

ഒരിക്കൽ അയൽക്കാരന്റെ വീട്ടിൽ നിന്ന് നീന വരുന്നതു കണ്ടു. എന്തുകൊണ്ടോ അയാൾക്കതിഷ്ടമായില്ല. അയാൾ ചോദിച്ചു. 'മോൾ എന്തിനാണ് അവിടെ പോയത്?'

അവൾ കൈ തുറന്നു കാണിച്ചു. മിട്ടായികൾ.

'ആ അങ്കിൾ തന്നതാണോ?'

അവൾ തലയാട്ടി. അന്നു തൊട്ടാണയാൾ ശ്രദ്ധിക്കാൻ തുടങ്ങിയത്. നീന അയൽക്കാരനുമായി വളരെ ലോഗ്യത്തിലായിരുന്നു. ഇടക്കിടക്ക് അങ്ങോട്ടോടി പോകുന്നതു കാണാം.

ശാരദയുടെ മുഖത്ത് ചിരിയുണ്ടായിരുന്നു. അവളും നീനയെപ്പറ്റി ഓർക്കുകയായിരിക്കണം. നീനയെപ്പറ്റി ചിരിയോടെയല്ലാതെ ഓർക്കാൻ പറ്റുന്നില്ല. മധുരമുള്ളതല്ലാതെ കൈപ്പുള്ള ഒരനുഭവവും അവളിൽനിന്നുണ്ടായിട്ടില്ല. എന്നിട്ടെന്തേ അവൾക്ക് ഇങ്ങിനെ പറ്റാൻ?

'ഇവളെ ഉപദ്രവിച്ച അയൽക്കാരനില്ലേ?' അയാൾ ശാരദയോടു പറഞ്ഞു. 'അയാളെ ഇവൾ എന്താണ് വിളിച്ചിരുന്നതെന്നറിയ്യോ?'

'ഉം?'

'അച്ഛനെന്ന്.'

'അത്യോ?' ശാരദ അദ്ഭുതത്തോടെ ചോദിച്ചു.

'ഒരു വാതിലടഞ്ഞപ്പോൾ അവൾ മറ്റൊരു വാതിൽ തുറന്നുനോക്കിയതാണ്. എന്നെ അച്ഛനെന്നു വിളിക്കണ്ടാന്ന് പറഞ്ഞപ്പോ അവൾ മറ്റൊരാളെ അവിടെ പ്രതിഷ്ഠിക്കാൻ ശ്രമിച്ചു.'

അര മണിക്കൂർ അനുനയത്തിൽ ചോദ്യം ചെയ്തപ്പോഴാണ് നീന ആ രഹസ്യം പുറത്തുവിട്ടത്. അച്ഛനെന്നു വിളിക്കട്ടെ എന്നു ചോദിച്ചപ്പോൾ അയാൾ ഉടനെ സമ്മതിച്ചത്രെ. ആ മനുഷ്യനാണ് വീട്ടിൽ ആരുമില്ലാത്ത സമയത്ത് ആ പത്തു വയസ്സുകാരി അച്ഛാ എന്നു വിളിച്ചു ചെന്നപ്പോൾ ഉപദ്രവിച്ചത്. മനുഷ്യന് ഇത്രയും നീചനാകാമോ? ഭാഗ്യത്തിന് അവൾക്ക് ഓടി അവരുടെ അടുത്തേയ്ക്ക് വരാൻ പറ്റി. അങ്ങിനെ രക്ഷപ്പെടാൻ പറ്റിയിരുന്നില്ലെങ്കിൽ അയാൾ അവളുടെ കഥ കഴിച്ചേനെ. സാധാരണ അങ്ങിനെയാണ് പതിവ്. പേര് പുറത്തുവരുമോ എന്ന് സംശയം തോന്നിയാൽ കുറ്റവാളികൾ ഇരയെത്തന്നെ ഇല്ലാതാക്കാൻ ശ്രമിക്കും.

ശാരദ തരിച്ചിരിക്കയാണ്. ഒരു തേങ്ങൽ അവളുടെ നെഞ്ചിൽ കൂടുകൂട്ടി. അത് പുറത്തേയ്ക്കു വരാൻ വെമ്പുകയാണ്. അടുത്ത നിമിഷം അവൾ മുഖം പൊത്തി തേങ്ങിതേങ്ങി കരയാൻ തുടങ്ങി.

'എനിക്കിപ്പോൾ കുറ്റബോധം തോന്ന്വാണ്.' അയാൾ പറഞ്ഞു. 'മറ്റുള്ളോര് എന്തു വേണങ്കിലും പറഞ്ഞോട്ടെ; അവളെ തടയണ്ടായിരുന്നു. ഒരു കൊച്ചുകുട്ടി അച്ഛാന്ന് വിളിച്ചാൽ ആകാശം ഇടിഞ്ഞു പൊളിഞ്ഞു പോകൊന്നും ല്ല്യ.'

'നമുക്കിനി അങ്ങിനെ വിളിപ്പിക്കാം.' ശാരദ തേങ്ങലിനിടയിൽ പറഞ്ഞു.

നീന ഒന്നനങ്ങി. അവൾ ഉണരാനുള്ള ശ്രമമാണ്. ശാരദ കണ്ണുതുടച്ചു കഴിയുന്നത്ര പ്രസന്നയാവാൻ ശ്രമിച്ചു. അവൾ നീനയുടെ തലയിൽ പതുക്കെ തലോടി. അവൾ കണ്ണുമിഴിച്ചു. ശാരദയെ കണ്ടപ്പോൾ സമാധാനമായി എന്നു തോന്നുന്നു. അവൾ വിളിച്ചു. 'അമ്മേ.....'

'എന്താ മോളെ?'

'അമ്മ എന്റെ ഒപ്പം കിടക്കൂ.'

ഭാസ്കരൻ എഴുന്നേറ്റു നിന്നു. നീന അയാളെ ഒന്നു നോക്കി, എന്തുകൊണ്ടോ വലിയ പ്രതികരണമൊന്നുമുണ്ടായില്ല. ശാരദ അവളുടെ ഒപ്പം കിടന്ന് അവളെ കെട്ടിപ്പിടിച്ചു. നീന അവളുടെ കൊച്ചുകൈകൾ ശാരദയുടെ കഴുത്തിലിട്ടു. അവൾ വീണ്ടും ഉറങ്ങാനുള്ള ഭാവമാണ്. ശാരദ പറഞ്ഞു. 'മോള് ഇനി ഒറങ്ങണ്ട.'

അവൾ കണ്ണുമിഴിച്ചു. ഭാസ്കരൻ കട്ടിലിൽ ഇരുന്ന് നീനയുടെ തലയിൽ തലോടി. ആ സ്പർശം അസഹ്യമാണെന്ന മട്ടിൽ അവൾ തല ചെരിച്ചു. ഏതോ ഭീകരജീവി നെറ്റിമേൽ അരിക്കുന്നപോലെ അവൾ ഭയത്തോടെ അയാളുടെ വിരലുകൾ നോക്കി. സ്വന്തം കൈ ഒരു കൂറ്റൻ എട്ടുകാലിയെപ്പോലെയും വിരലുകൾ അതിന്റെ ഇഴയുന്ന കാലുകൾ പോലെയും അയാൾക്കു തോന്നി. അയാൾ ഞെട്ടി കൈ പിൻവലിച്ചു. അയാൾ പതുക്കെ വിളിച്ചു. 'മോൾ...'

അവൾ 'അച്ഛാ' എന്നു വിളിക്കുമെന്നയാൾ ആശിച്ചു. അവൾ ഒന്നുംതന്നെ വിളിക്കുകയുണ്ടായില്ല. ശാരദ അവളുടെ നെറ്റിമേൽ തലോടിക്കൊണ്ട് പറഞ്ഞു.

'മോളിനി അങ്കിളിനെ അച്ഛനെന്നുതന്നെ വിളിച്ചാ മതീട്ടോ. മോളടെ മാത്രം അച്ഛനാണ്ട്ടോ.'

നീന അയാളെ തണുത്ത കണ്ണുകളോടെ നോക്കി, പിന്നെ തലതിരിച്ചുകൊണ്ട് പറഞ്ഞു.

'വേണ്ട.'

ഭാസ്കരൻ എഴുന്നേറ്റു മുറിക്കു പറത്തു കടന്നു. അയാൾക്ക് ഉറക്കെ കരയണമെന്നുണ്ട്. നെഞ്ചിൽ തേങ്ങൽ വന്ന് ശ്വാസം മുട്ടിക്കുകയാണ്. മുറിക്കു പുറത്ത് ഇടനാഴികയിൽ നിരത്തിയിട്ട കസേരകളിലൊന്നിൽ അയാൾ പോയി വീണു, പിന്നെ ആരെങ്കിലും ശ്രദ്ധിക്കുമെന്ന വിചാരമില്ലാതെ ഉറക്കെ കരയാൻ തുടങ്ങി.

back to index

# ഒരു പപ്പടക്കാരിയുമായി പ്രണയത്തിലായ കഥ

**ഞാ**ൻ ഒരു പപ്പടക്കാരിയുമായി പ്രണയത്തിലായ കഥയാണിത്. എന്റെ കഥയുടെ ശീർഷകവും ആദ്യവാചകവും കഥയുടെ പരിസമാപ്തിയെ ഒറ്റിക്കൊടുത്തുവെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടാവും. പക്ഷേ നിങ്ങൾക്കു തെറ്റി. ഇത് പരിസമാപ്തിയല്ല, തുടക്കം മാത്രമാണ്. ഒരു മിനുറ്റ്, ഞാനിപ്പോൾ വരാം, വാതിൽക്കൽ ബെല്ലടിക്കുന്നു. ഒരു പക്ഷേ ........

ഊഹം ശരിതന്നെ. ഇന്നും അവൾ വാതിൽക്കൽ ഇരുന്ന് സഞ്ചി അടുത്തുവച്ച് ഒട്ടിയ കവിളും കുണ്ടിൽപ്പോയ കണ്ണുകളുമുള്ള മുഖം അല്പം ചെരിച്ചു പിടിച്ചുകൊണ്ട് ചോദിക്കുന്നു.

'പപ്പടം മേണോ?"

ഞങ്ങൾക്ക് പപ്പടം വേണ്ട. മിനിഞ്ഞാന്ന് കൊണ്ടുവന്നത് അങ്ങിനെ ഇരിക്കുന്നുണ്ട്. അതിനുമുമ്പുള്ളതാണ് ഇപ്പോൾ കാച്ചുന്നത്. വേണ്ടെന്നു പറഞ്ഞാൽ അവരുടെ മുഖം വാടുന്നു. അവർ സഞ്ചിയെടുത്ത് മടിയിൽവച്ച് ഒരു നിമിഷംകൂടി അവിടെ ഇരിക്കുന്നു. ഞാൻ തീരുമാനം മാറ്റുമോ എന്ന് ഉറപ്പാക്കിയശേഷം ഒരിക്കൽക്കൂടി എന്റെ മുഖത്തു നോക്കുന്നു. പിന്നെ, ഭാര്യ ചുറ്റുവട്ടത്തുമില്ലെന്ന് ഉറപ്പാക്കിയാൽ ഭംഗിയായി ചിരിക്കുന്നു. 'ഇനി മറ്റന്നാൾ വരാം.' മറിച്ച് കാഞ്ചനയാണ് വാതിൽ തുറന്നതെങ്കിൽ അവരുടെ നോട്ടം മാറുന്നു. തുറിച്ചുനോക്കിക്കൊണ്ട് ചോദിക്കുന്നു. 'പപ്പടം മേണോ?' വേണ്ടെന്നു പറഞ്ഞാൽ പിറുപിറുക്കാൻ തുടങ്ങുന്നു. ഇടക്കിടക്ക് കാഞ്ചനയെ തുറിച്ചു നോക്കുന്നു.

'ഇന്ന് പപ്പടം വേണ്ട.' ഞാൻ പറഞ്ഞു.

പപ്പടക്കാരിയുടെ മുഖത്ത് നിരാശ. അവർ സഞ്ചി തുറന്ന് ഒരു കെട്ടെടുത്തു. 'മുളക് പപ്പടാ, 25 എണ്ണം തരട്ടെ?"

'എന്താ വില?

'എട്ടുറുപ്പിക"

എങ്ങിനെയെങ്കിലും അവരെ വെറും കൈയ്യോടെ തിരിച്ചയക്കാതെ നോക്കാനായി ഞാൻ പറഞ്ഞു. 'ശരി 25 എണ്ണം തന്നോളൂ.'

അവർ കെട്ടഴിച്ച് എണ്ണാൻ തുടങ്ങി. എനിക്കറിയാമായിരുന്നു അതിൽ മുപ്പതിലധികം ഉണ്ടാവുമെന്ന്. എപ്പോഴും അങ്ങിനെയാണ്. 25 എണ്ണം ചോദിച്ചാൽ മുപ്പതോ മുപ്പത്തഞ്ചോ എടുത്തുതരും. ആദ്യമൊന്നും ഞാൻ സംശയിച്ചില്ല. ഒരിക്കൽ എണ്ണി നോക്കിയപ്പോഴാണ് മനസ്സിലായത്. അടുത്ത തവണ പപ്പടം വാങ്ങുമ്പോൾ ഞാൻ എണ്ണിനോക്കി.

'ഇതിൽ മുപ്പത്തി രണ്ടെണ്ണണ്ടല്ലോ."

'വെച്ചോ.' അവർ എന്നെ നോക്കി ചിരിച്ചു. ഞാൻ അഞ്ചിന്റെ ഒരു നോട്ടുകൂടി എടുത്തു കൊടുത്തു. അവർ വാങ്ങിയില്ല. പിന്നെ ചാഞ്ഞ് ചെരിഞ്ഞ് അകത്തേയ്ക്കു നോക്കിക്കൊണ്ട് ചോ ദിച്ചു.

'ഇവിടെ ഇല്ല്യേ?'

കാഞ്ചനയുടെ കാര്യമാണ് ചോദിക്കുന്നത്. അവരുടെ മുഖത്ത് ദേഷ്യമുണ്ടായിരുന്നു, വെറുപ്പും. ഞാൻ പറഞ്ഞു.

'കുളിക്ക്യാണ്.'

ശരിക്കു പറഞ്ഞാൽ കാഞ്ചന ഷോപ്പിങ്ങിനിറങ്ങിയിരിക്കയാണ്. കാഞ്ചന വീട്ടിലില്ലെന്നു പറഞ്ഞാൽ പപ്പടക്കാരിയുടെ പ്രതികരണമെന്താവുമെന്നറിയില്ല. എന്തിന് റിസ്ക്കെടുക്കണം? സഞ്ചിയെടുത്ത് എഴുന്നേറ്റശേഷം അവർ ഒരിക്കൽക്കൂടി എന്നെ നോക്കി ചിരിച്ചു.

'ഞാനീ പപ്പടക്കെട്ടുകളോണ്ട് എന്തു ചെയ്യാനാ.' കാഞ്ചന പറഞ്ഞു.

ശരിയാണ്, രണ്ടു കെട്ടുകൾ തുറന്നിട്ടേയില്ല. രണ്ടാത്മാക്കൾക്ക് എത്ര പപ്പടം തിന്നുതീർക്കാൻ പറ്റും? തുറന്ന കെട്ടിൽത്തന്നെ ഇനിയും ബാക്കിയുണ്ട്, ഇരുന്ന് ചുവപ്പു നിറം കയറിയ പപ്പടങ്ങൾ. അവ കാച്ചുമ്പോഴേയ്ക്ക് ഇരുണ്ട നിറം പകരുന്നു. നല്ല സ്വാദുള്ള പപ്പടങ്ങൾ കേടുവന്ന് വായിൽ വക്കാൻ കൊള്ളാതെയാവുന്നു.

'ഇനി കുറച്ചു കാലത്തേയ്ക്ക് പപ്പടം വാങ്ങണ്ട.' കാഞ്ചന കല്പിക്കുന്നു. ഞാൻ സമ്മതിക്കുന്നു. പക്ഷേ മെലിഞ്ഞുണങ്ങിയ ദേഹവും ഇരുണ്ട് കവിളൊട്ടിയ മുഖവുമായി പപ്പടക്കാരി വാതിൽക്കൽ മുട്ടുമ്പോൾ ഞാൻ പറയുന്നു. ' ഇരുപത്തഞ്ച് എണ്ണം എടുത്തോളൂ.' പെട്ടെന്ന് കാഞ്ചന ഉമ്മറത്തേയ്ക്ക് വരുമ്പോൾ ഞാൻ കൈകൊണ്ട് ആംഗ്യം കാണിക്കുന്നു, അവളോട് പോയി പിന്നെ വരാൻ. പപ്പടക്കാരിക്ക് അതു മനസ്സിലാവുന്നില്ല. അവൾ എന്നെ നോക്കി സ്നേഹത്തോടെ പുഞ്ചിരിച്ച്, സഞ്ചി തുറന്ന് പപ്പടമെടുത്ത് എണ്ണാൻ തുടങ്ങുന്നു. ആ നിമിഷത്തിൽ കാഞ്ചന വരുന്നു. ഞാനും പപ്പടക്കാരിയുമായുള്ള സ്നേഹബന്ധങ്ങൾ അവൾ അറിയുന്നില്ല. അവൾ പറഞ്ഞു.

'നോക്കു ഇന്ന് പപ്പടം വേണ്ടട്ടോ. രണ്ട് കെട്ട് ഇരിക്ക്ണ്ണ്ട്.'

പപ്പടക്കാരി എണ്ണൽ നിർത്തി, കാഞ്ചനയെ നോക്കി കോക്രി കാട്ടി, പിന്നെ എന്റെ നേരെ തിരിഞ്ഞ് ഒരു ചിരിയോടെ ചോദിച്ചു. 'മുളക് പപ്പടം എടുക്കട്ടെ.'

'ഇപ്പ വേണ്ട.'

'അയ്യോ ഞാൻ പാലടുപ്പത്ത് വച്ചിട്ടുണ്ട്.' കാഞ്ചന അടുക്കളിയിലേയ്ക്ക് ഓടി.

കാഞ്ചന ഓടുന്നതു നോക്കി അവൾ കൊഞ്ഞനം കാട്ടിക്കൊണ്ട് പറഞ്ഞു.

'ആള് ശര്യല്ല.'

'ആര്?"

കാഞ്ചന പോയ വഴിയെ നോക്കി അവൾ പറഞ്ഞു. 'നിങ്ങടെ ഫാര്യ. അതിനെ ഒഴിവാക്ക്.'

ഭാര്യ ആള് ശരിയല്ലെന്ന് കല്യാണരാത്രിയിൽത്തന്നെ എനിക്കു മനസ്സിലായിരുന്നു.

ഞാൻ പപ്പടം ഒളിപ്പിച്ചു വയ്ക്കാൻ തുടങ്ങിയത് അങ്ങിനെയാണ്. അതും പക്ഷേ അധികകാലം നടന്നില്ല. സാധാ

രണ ഉപയോഗിക്കാത്ത ഒരു പാത്രത്തിനുള്ളിൽ നിന്ന് നിറം ചുവപ്പായ പപ്പടക്കെട്ടെടുത്ത് കാഞ്ചന പറഞ്ഞു. 'ദൈവമേ ഇത് എന്ന് വാങ്ങി വച്ചതാണ്? ഇപ്പൊത്തൊട്ട് എനിക്ക് ഓർമ്മീം ഇല്ല്യാതായിരിക്കുണു. ഞാനെന്തിനാണ് ഇത് ഇതിനുള്ളില് കൊണ്ടുവച്ചത്? പായസംണ്ടാക്കാൻ പാത്രം എടുത്തപ്പഴാ കണ്ടത്.'

'അതു സാരംല്ല്യ.' ഞാനവളെ സമാശ്വസിപ്പിക്കുന്നു. പിന്നെ അവൾ കുളിക്കാനായി കുളിമുറിയിൽ കയറിയപ്പോൾ ..... എനിക്കുതന്നെ ഓർമ്മയില്ല, എവിടെയൊക്കെയാണ് ഞാൻ പപ്പടം ഒളിപ്പിച്ചു വച്ചതെന്ന്. രണ്ടു പാക്കറ്റ് കിട്ടിയപ്പോൾ തിരച്ചിൽ നിർത്തി. ഇനി അതെന്തു ചെയ്യും?

ഓഫീസിൽ കാൻവാസു ചെയ്യാൻ തുടങ്ങിയത് അതിനു ശേഷമാണ്. പപ്പടക്കാരി വീട്ടിലുണ്ടാക്കുന്ന പപ്പടമാണെന്നറിഞ്ഞപ്പോൾ എല്ലാവർക്കും വേണം. എനിക്കു സമാധാനമായി. പിന്നെ ബൾക്ക് ഓർഡറുകളുടെ നാളുകൾ.

ആദ്യത്തെ ദിവസംതന്നെ സാധാരണ പപ്പടം ഇരുപത്തഞ്ചിന്റെ മൂന്നു കെട്ടുകളും മുളകുപപ്പടം രണ്ടു കെട്ടും വാങ്ങി. പപ്പടക്കാരി എന്നെ നോക്കി മധുരമായി ചിരിച്ചു. പിന്നെ കാഞ്ചനയെ ദ്വേഷ്യത്തോടെ നോ ക്കി. കണ്ടു പഠിക്ക് എന്ന മട്ടിൽ. പപ്പടത്തിന്റെ ഒരട്ടിയെടുത്ത് ഒന്നമർത്തി മടക്കി ഈരണ്ടെണ്ണമായി അവർ എണ്ണാൻ തുടങ്ങി. ഓരോ കെട്ടിലും അഞ്ചും എട്ടും പപ്പടം കൂടുതലിടുന്നത് ഞാൻ വിഷമത്തോടെ നോക്കിനിന്നു. കൊടുത്ത അമ്പതിന്റെ നോട്ടിൽ നിന്ന് ശരിക്കുള്ള വില മാത്രമെടുത്ത് ബാക്കി തിരിച്ചുതരികയും ചെയ്തു.

ഞാൻ ഓഫീസ് സ്നേഹിതന്മാരെ പരീക്ഷിക്കുകയായിരുന്നു. ആദ്യത്തെ പ്രാവശ്യം കെട്ടുകളിൽ കൂടുതൽ എണ്ണമുള്ളതിനെപ്പറ്റി അവരാരും പറഞ്ഞില്ല. അവരുടെ ഭാര്യമാർ തീർച്ചയായും അതെണ്ണിനോക്കിയിട്ടുണ്ടാവണം. കൂടുതൽ കണ്ടപ്പോൾ ഭർത്താവിനോട് പറഞ്ഞിട്ടുണ്ടാവും. 'നോക്കു, നഷ്ട്ടൊന്നുംല്ല്യ. കുറുപ്പിന്റെ കടേല് ആറുറുപ്പികയാ വില. ഇത് അഞ്ചേയുള്ളു, പോരാത്തേന് എണ്ണോം കൂടുതലുണ്ട്.'

ആരെങ്കിലും ഒരാൾ അതിനെപ്പറ്റി എന്നോടു പറഞ്ഞിരുന്നെങ്കിൽ എനിക്കു സമാധാനമായേനെ. അങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ. അടുത്ത പ്രാവശ്യം ഞാൻ എല്ലാം അഴിച്ച് ഓരോ കെട്ടിലും കൃത്യം ഇരുപത്തഞ്ചു വീതം വെച്ച് വീണ്ടും കെട്ടി. നോക്കുമ്പോൾ അഞ്ചുകെട്ടിനു പകരം ആറു കെട്ട്. എന്നുവച്ചാൽ എനിക്ക് ഇരുപതു ശതമാനം ലാഭം എന്നർത്ഥം. പക്ഷേ അതെന്നെ സന്തോഷിപ്പിച്ചില്ല, മറിച്ച് വേദനിപ്പിക്കുകയും ചെയ്തു. എന്നോടുള്ള സ്നേഹം കാരണമാണ് അവൾ എണ്ണം കൂടുതൽ വയ്ക്കുന്നത്. കാഞ്ചനയാണ് വാങ്ങുന്നതെങ്കിൽ കൃത്യം ഇരുപത്തഞ്ചെണ്ണം മാത്രമേ കാണൂ. എണ്ണത്തിൽ തെറ്റുകയല്ല ചെയ്യുന്നതെന്നർത്ഥം. സാധു സ്ത്രീ. അവരുടെ സാരി കീറി ഉപേക്ഷിക്കേണ്ട പരുവത്തിലായിരിക്കുന്നു. ദാരിദ്ര്യം അവരുടെ ഓരോ അവയവങ്ങളിലും ഓരോ ചലനങ്ങളിലും ഉടക്കിനിന്നു. ഒരു ദിവസം അവർ പറഞ്ഞു.

'ഫാര്യടെ പഴേ സാരിണ്ടെങ്കിൽ ഒരെണ്ണം താ. അതിനോട് പറേണ്ട.'

ഞാൻ ധർമ്മസങ്കടത്തിലായി. എനിക്ക് ശരിക്കു പറഞ്ഞാൽ ഭാര്യയുടെ സാരികളുടെ എണ്ണം അറിയില്ല. പഴയതേത് പുതിയതേത് എന്നറിയില്ല. അവളുടെ വസ്ത്രധാരണത്തെപ്പറ്റിയുള്ള എന്റെ ആസ്വാദനശേഷി കാഞ്ചനയെ എന്നും നിരാശപ്പെടുത്തിയിട്ടേയുള്ളൂ. അതുകൊണ്ട് ഇപ്പോൾ പുതിയ സാരി വാങ്ങുമ്പോൾ എന്നെ വിളിക്കാറില്ല. അതുപോലെ പുതിയ സാരി ഉടുത്താൽ അയൽവീട്ടിൽ പോയി അഭിപ്രായം ചോദിക്കുകയേ ഉള്ളൂ. സാരിക്കച്ചവടത്തിൽ അവളെന്നെ തഴഞ്ഞിരിക്കയാണ്. ഞാനിപ്പോൾ എന്താണ് ചെയ്യുക? പപ്പടക്കാരിയെ എങ്ങിനെയെങ്കിലും സഹായിക്കണമെന്നുണ്ട്. ഭാര്യയുടെ സാരി മോഷ്ടിക്കാൻ തീരുമാനിച്ചത് അങ്ങിനെയാണ്. അലമാറി തുറന്ന് ആദ്യം കണ്ട സാരി എടുത്തു മാറ്റി ഒരു സഞ്ചിയിലാക്കി ഒളിപ്പിച്ചുവച്ചു.

വൈകുന്നേരം ഞാൻ ഓഫീസിൽനിന്ന് എത്തിയപ്പോൾ വീട്ടിലാകെ ഭൂകമ്പമായിരുന്നു. കാഞ്ചന അലമാറിയിലെ സാരികളെല്ലാം വാരി വലിച്ച് പുറത്തിട്ടിരിക്കയാണ്. എന്നെ കണ്ടപ്പോളവൾ ചോദിച്ചു.

'എന്റെ പച്ച സാരി കണ്ടോ?'

'ഏത് പച്ച?' അവളുടെ സാരികളുടെ മുഴുവൻ കണക്കും വിവരങ്ങളും എന്റെ കയ്യിലുണ്ടെന്ന പോലെ ഞാൻ ചോദിച്ചു.

'ആ ചാണകപ്പച്ചയില്ലേ? കഴിഞ്ഞ ഓണത്തിനെടുത്തത്. ആയിരത്തഞ്ഞൂറിന് വാങ്ങ്യേത്. ഞാനത് ട്രീസാന്റിടെ കിറ്റി പാർട്ടിക്ക് ഉടുക്കാൻ ഇസ്തിരിയിട്ടു വച്ചതായിരുന്നു.'

എനിക്ക് ബുദ്ധി സാവധാനത്തിലേ വരൂ. സാരി മോഷ്ടിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒന്ന് അതിന്റെ വില. വില പിടിച്ചതാണെങ്കിൽ ഉടമസ്ഥയ്ക്ക് അതിന്റെ കണക്കുണ്ടാവും. അന്വേഷിക്കും. രണ്ടാമത് അഥവാ കണക്കില്ലാതെ, ഓർമ്മയില്ലാതെ പോയാൽത്തന്നെ അത് ഉടുത്തു വരുമ്പോൾ പിടിക്കപ്പെടും. കാഞ്ചന ചായയുണ്ടാക്കാൻ പോയ തക്കം നോക്കി, ഒളിപ്പിച്ചുവച്ച സാരി എടുത്ത് വളരെ വിദഗ്ദമായി അവളുടെ സാരിക്കൂമ്പാരത്തിനിടയിൽ തിരുകി. പിന്നെ അവൾ വന്നപ്പോൾ, തിരയാൻ സഹായിക്കുകയാണെന്ന മട്ടിൽ അതിൽനിന്ന് എടുത്തുകൊടുക്കുകയും ചെയ്തു.

'അപ്പൊ എന്തേ ഞാനതു കാണാഞ്ഞത്?' എന്ന കാഞ്ചനയുടെ അദ്ഭുതം, 'നോക്കാനറിയണേയ്' എന്ന പരിഹാസത്തിൽ ഒതുക്കി. കാഞ്ചനയുടെ സാരികളിൽ എനിക്കു പരിചയമുള്ള ഒരേ ഒരു സാരി അതായിരുന്നു. ഒരു രാത്രിയുടെയും ഒരു പകലിന്റെയും പരിചയം. ആ പരിചയം വച്ച് ആ സാരി എന്നെ നോക്കി ചിരിച്ചു.

പപ്പടക്കാരിക്ക് ഞാൻ പുതിയൊരു സാരി വാങ്ങിക്കൊടുത്തു. പച്ചനിറത്തിൽ ചുവപ്പു പൂക്കളുള്ള വിലകുറഞ്ഞ സിൽക്ക് സാരി. ഭാഗ്യത്തിന് കാഞ്ചന ഷോപ്പിങ്ങിനു പോയിരിക്കയായിരുന്നു. സാരിയടങ്ങിയ സഞ്ചി കൊടുത്തപ്പോൾ പപ്പടക്കാരി അതു തുറന്നുനോക്കി. സാരി പുറത്തെടുത്ത് നോക്കി. ഒരു പുതിയ സാരി അവർ പ്രതീക്ഷിച്ചിരിക്കയില്ല. അവർ എന്നെ നോക്കി.

'എന്തിനാ പുതീത് വാങ്ങ്യേ? ഫാര്യടെ പഴേ സാരി മത്യായിര്ന്നു.' അവൾ സാരിമേൽ തലോടി അതിന്റെ മിനുസം ആസ്വദിച്ചുകൊണ്ട് പറഞ്ഞു. 'നല്ല പട്ടുചേല. കല്യാണപൊടവപോലെ.' പിന്നെ സഞ്ചി ഭദ്രമായി എടുത്തുവച്ചുകൊണ്ട് പറഞ്ഞു.

'നീ ഒഴിവാക്ക്.'

എനിക്കു മനസ്സിലായില്ല. ഞാൻ ചോദിച്ചു. 'എന്ത്?'

‘ആ പെമ്പ്രന്നോരില്ലേ, നിങ്ങടെ ഫാര്യ. അതിനെ ഒഴിവാക്ക്. അത് ആളത്ര ശര്യല്ല.’

എനിക്കൊരു കുസൃതി തോന്നി. ഞാൻ ചോദിച്ചു.

‘അപ്പൊ ഞാനെന്താ ചെയ്യ്വാ?’

അവർ എന്നെ ഒന്ന് നോക്കി. എന്താണിത്ര ചോദിക്കാനെന്ന മട്ടിൽ. പിന്നെ കുറച്ചൊരു ലജ്ജയോടെ പറഞ്ഞു. ‘ഞാൻ വരാം. അല്ലെങ്കീ നമ്ക്ക് രണ്ടുപേർക്കുംകൂടി ഒളിച്ചു പോകാം. വേറെ എവിടേക്കെങ്കിലും.’

ഞാൻ ഒന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ അവൾ ധൈര്യപ്പെടുത്താനായി പറഞ്ഞു.

‘പപ്പടംണ്ടാക്കാനറിയ്യോ? ഇല്ലെങ്കീ പഠിപ്പിച്ചുതരാം. ഞാൻ കൊണ്ടോയി വിൽക്കാം. വേറെ വല്ല സ്ഥലത്തും. ഇവിടെ വേണ്ട. ഈ സ്ഥലം കൊള്ളൂലാ.”

‘അപ്പോ നിങ്ങടെ ഭർത്താവില്ലേ, അയാളോ?’

‘അയാളും അത്ര ശര്യല്ല. ഞാനയാളെ ഒഴിവാക്ക്വാണ്.’

അവൾ പറയുന്നതിൽ കാര്യമുണ്ട്. അവളുടെ ഭർത്താവ് ആള് ശരിയല്ല, എന്റെ ഭാര്യയും ആള് ശരിയല്ല. അപ്പോൾ ശരിയായിട്ടുള്ള രണ്ടുപേർ ഒന്നിക്കുക. ഇവിടെ ജീവിക്കാൻ പറ്റില്ലെങ്കിൽ ഒളിച്ചോടിപ്പോകുക. ഞാൻ വീട്ടിലിരുന്ന് പപ്പടമുണ്ടാക്കും, അവൾ കൊണ്ടുനടന്ന് വിൽക്കും. വളരെ റൊമാന്റിക്കായിട്ടുള്ള കാര്യം.

രാത്രി കിടക്കുമ്പോൾ ഞാൻ കാഞ്ചനയോടു പറഞ്ഞു.

‘എനിക്ക് ഒളിച്ചോടിപ്പോകാൻ ഒരു നല്ല ഓഫർ കിട്ടിയിട്ടുണ്ട്.’

‘നിങ്ങള് കാര്യായിട്ടാണോ പറയണത്?’ അവൾ ആശ്വാസത്തോടെ ചോദിച്ചു.

‘അതെ.’

‘ആരുടെ ഒപ്പാണ് പോണത്?’ അവളുടെ സ്വരത്തിലെ പ്രത്യാശ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു.

‘പപ്പടക്കാരിയുടെ ഒപ്പം.’

‘ഓ....’ അവൾ നിരാശയോടെ പറഞ്ഞു. ‘ഞാൻ വിചാരിച്ചു വല്ല മിസ് കേരളയോ മറ്റൊ ആയിരിക്കുംന്ന്.’

‘പപ്പടക്കാരിക്കെന്താ മോശം?’

‘ഞാൻ ഒരു കാര്യം പറഞ്ഞേക്കാം. അതിനെ പാവം വട്ടാക്കണ്ട. പാവം രണ്ടുകൊല്ലം ഭ്രാന്താശുപത്രീല് കെടന്ന താ. അതിന്റെ ഭർത്താവിനും ഭ്രാന്താ. ഓരോരുത്തർടെ യോഗം.’

പപ്പടക്കാരിക്ക് ഭ്രാന്താണെന്ന വിവരം എനിക്കറിയില്ലായിരുന്നു. അല്പസ്വല്പം കുഴപ്പമുണ്ടെന്ന് തോന്നിയിരുന്നു. പക്ഷേ ആശുപത്രിയിൽ കിടക്കാൻ മാത്രം പ്രശ്നമുണ്ടാകുമെന്ന് അറിഞ്ഞില്ല. ഭർത്താവിനും അതേ അസുഖം. പാവം. എനിക്ക് പക്ഷേ കുറ്റബോധമൊന്നും തോന്നിയില്ല. അവളെ സഹായിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ആവശ്യമില്ലാതിരുന്നിട്ടും അവളുടെ പപ്പടം വാങ്ങി കൂട്ടിയിട്ടുണ്ട്. ഓഫീസിൽ കൊണ്ടുപോയി വിറ്റിട്ടുണ്ട്. ഒരു പഴയ സാരി വേണമെന്നു പറഞ്ഞപ്പോൾ പുതിയതൊരെണ്ണം വാങ്ങിക്കൊടുത്തിട്ടുമുണ്ട്. എങ്കിലും മെലിഞ്ഞുണങ്ങിയ ആ മുഖം ഓർമ്മ വന്നപ്പോൾ എനിക്ക് വിഷമമായി.

എന്തുകൊണ്ടോ പിന്നെ കുറേ ദിവസത്തേയ്ക്ക് പപ്പടക്കാരി വരികയുണ്ടായില്ല. ഒരു ഞായറാഴ്ച രാവിലെ എഴുന്നേൽക്കാൻ മടിച്ച്, ആലസ്യത്തിന്റെ സ്വപ്നങ്ങളുമായി കിടക്കയിൽത്തന്നെയായിരുന്നു ഞാൻ. പെട്ടെന്ന് കാഞ്ചന വർത്തമാനപത്രവുമായി ഞാൻ കിടക്കുന്നിടത്തേയ്ക്ക് ഓടി വന്നു.

‘നോക്കു, നമ്മുടെ പപ്പടക്കാരിയില്ലേ......’

ഞാൻ ഉദ്വേഗത്തോടെ ഞെട്ടിയെഴുന്നേറ്റു. ‘എന്തു പറ്റീ?’

‘അവള് തൂങ്ങിമരിച്ചിരിക്കുന്നു. കഴുക്കോല്മ്മല് സാരി കെട്ടിയിട്ട്.’

ഞാൻ സ്തബ്ധനായി ഇരുന്നു. പത്രം കാഞ്ചനയുടെ കൈയ്യിൽനിന്ന് വാങ്ങി വായിക്കാൻ എനിക്കായില്ല. സാരി വിട്ടത്തിൽ കെട്ടി, പാവം സ്ത്രീ.... എനിക്ക് ചോദിക്കണമെന്നുണ്ടായിരുന്നു. സാരിയുടെ നിറം പച്ചയാണോ, പച്ചയിൽ ചുവന്ന പൂക്കളുള്ള പുതുമണം വിടാത്ത സിൽക്കുസാരി? വിലകുറഞ്ഞതെങ്കിലും കല്യാണപുടവപോലെയുള്ള, മിനുസമുള്ള സാരി? ആ വിവരങ്ങളൊന്നും പക്ഷേ പത്രക്കാർ കൊടുക്കുകയുണ്ടാവില്ല. അതൊന്നും അവർക്ക് അറിയേണ്ട കാര്യമില്ലല്ലോ.

back to index

# ആ പാട്ടു നിർത്തൂ

**ഫ്ളാ**റ്റിന്റെ വാതിൽക്കൽ സുജി കാത്തുനിന്നു. ഇന്നവളുടെ പിറന്നാളാണ്. പിറന്നാളല്ല, ഹാപ്പി ബർത്ത്ഡേ. കുട്ടികൾ ക്ക് പിറന്നാൾ ഉണ്ടാവില്ല, ഹാപ്പി ബർത്ത് ഡേ മാത്രം. അവൾ കൂട്ടുകാരെ പ്രതീക്ഷിച്ചു നിൽക്കുകയാണ്. ആ കെട്ടിടത്തിൽ ഇരുപത്തിനാലു ഫ്ളാറ്റുകളിൽ എട്ടെണ്ണത്തിലൊഴിച്ച് എല്ലാറ്റിലും കുട്ടികളുണ്ട്. സുജിയുടെ കൂട്ടുകാർ, മൂന്നു വയസ്സുതൊട്ട് എട്ടു വയസ്സുവരെയുള്ളവർ. അതുകൊണ്ട് മാസത്തിലൊന്നോ രണ്ടോ പ്രാവശ്യം ആ കെട്ടിടത്തിൽ ഹാപ്പി ബർത്ത്ഡേ ആഘോഷിക്കുന്നു. പിറന്നാൾകാരന്റെ അല്ലെങ്കിൽ പിറന്നാൾകാരിയുടെ വീട്ടിൽ എല്ലാ കുട്ടികളും വർണ്ണക്കടലാസിൽ പൊതിഞ്ഞ സമ്മാനങ്ങളുമായി ഹാജരാവുന്നു. വളരെ ചെറിയ കുട്ടികളെ അവരുടെ ചേച്ചിമാരോ അമ്മമാരോ കൊണ്ടുവന്നു വിടുന്നു. ആ കുട്ടികൾ കയ്യിലുള്ള സമ്മാനം വിട്ടുകൊടുക്കാൻ മടിയായി കുറച്ചുനേരം കയ്യിൽത്തന്നെ വയ്ക്കുന്നു. അതിഥിയുടെ കയ്യിൽ നിന്ന് നീളാത്ത സമ്മാനപ്പൊതിയിലേയ്ക്ക് തെല്ലൊരു വിഷമത്തോടെ പിറന്നാൾകുട്ടി നോക്കിനിൽക്കുന്നു. പിന്നെ ടേപ്റെക്കോർഡറിൽ കേൾക്കുന്ന നഴ്സറി പാട്ടുകളിൽ, മേശപ്പുറത്തു മെഴുകുതിരികൾ കുത്തിനിർത്തിയ കേക്കിന്റെ ഭംഗിയിൽ, അതിന്റെ സ്വാദിന്റെ പ്രതീക്ഷയിൽ എല്ലാം മറക്കുന്നു.

ഫ്ളാറ്റിന്റെ വാതിൽക്കൽ സുജി കാത്തുനിന്നു. അമ്മ സ്വീകരണമുറിയിലെ ടീപോയിമേൽ ഒരുക്കിവച്ച കേക്കിലേയ്ക്ക് അവൾ ഇടക്ക് നോക്കി. ഒരുറപ്പിനെന്ന പോലെ. അവൾ രാത്രിയിൽ കാണാറുള്ള സ്വപ്നം പോലെയല്ലെന്നും ശരിക്കുമുള്ളതാണെന്നും അവൾക്ക് ഉറപ്പ് വരുത്തേണ്ടിയിരുന്നു. കഴിഞ്ഞ രണ്ടു മാസമായി അവൾ അങ്ങിനെയൊരു ലോകത്തായിരുന്നു. പകൽ പനി, രാത്രിയിൽ സ്വപ്നങ്ങൾ.

കേക്കിനു മുകളിൽ ചോക്കളേറ്റിൽ 'ഹാപ്പി ബർത്ത്ഡേ ടു സുജാത' എന്നെഴുതിയതിനു ചുറ്റുമായി അഞ്ച് മെഴുകുതിരികൾ കുത്തിവച്ചിട്ടുണ്ട്. ടേപ് റെക്കോർഡറിൽ ഹാപ്പി ബർത്തഡേ എന്ന പാട്ടിന്റെ കാസറ്റ് അവൾതന്നെയാണ് ഇട്ടുവച്ചത്. എല്ലാം തയ്യാറായി. ഇനി കൂട്ടുകാർ വരികയേ വേണ്ടൂ. തലേന്ന് സുഖമില്ലെങ്കിലും അവൾതന്നെ എല്ലാ വീടുകളിലും പോയി കൂട്ടുകാരെ ക്ഷണിച്ചിരുന്നു. മുകളിലെ നിലയിലെ ഷൈനിയെ വിളിക്കണ്ട എന്നു കരുതിയതാണ്. നാലു ദിവസം മുമ്പ് അവളുടെ ബർത്ത്ഡേ പാർട്ടിക്ക് സുജിയെ വിളിക്കുകയുണ്ടായില്ല. അവൾ അമ്മയോടു പറഞ്ഞു. 'അമ്മേ ഷൈനിയെ ഞാൻ വിളിക്ക്ണ്ല്ല്യ.'

അമ്മയ്ക്കു കാര്യം മനസ്സിലായി. അവർ പറഞ്ഞു. 'മോളെ വിളിക്കാൻ അവള് മറന്നതായിരിക്കും. മോള് അതുകൊണ്ട് ഷൈനിയെ വിളിക്കാതിരിക്ക്യാന്നും വേണ്ട. മോള് നല്ല കുട്ടിയല്ലേ, എല്ലാവരേം വിളിക്കണം.'

അവർ മകളുടെ തലമുടി തലോടിക്കൊണ്ടിരുന്നു. ഒരേ കെട്ടിടത്തിൽത്തന്നെയാണെങ്കിലും ഓരോ വീട്ടിലേക്കുമുള്ള യാത്രകൾ ആ കൊച്ചുകുട്ടിയെ തളർത്തുന്നുണ്ടെന്നവർക്കറിയാം. ഓരോ കൂട്ടുകാരെ ക്ഷണിച്ചു കഴിഞ്ഞാലും സുജി തിരിച്ചുവന്ന് കട്ടിലിൽ കിടക്കും. 'എനിക്കു വയ്യ അമ്മേ'. അവൾ പറയും. ദേഹം തൊട്ടുനോക്കുമ്പോൾ അവൾക്ക് പനിക്കുന്നുണ്ടാവും. അമ്മ പറയും. 'ഇനി എന്റെ മോള് എവിടേം പോണ്ട.'

സുജി അർദ്ധസമ്മതത്തോടെയാണ് ഷൈനിയുടെ വീട്ടിൽ പോയി അവളെ ക്ഷണിച്ചത്. ഷൈനിയുടെ പിറന്നാളിന് തന്നെ ക്ഷണിക്കാത്തത് സുജിക്ക് വളരെ മനഃപ്രയാസമുണ്ടാക്കിയിരുന്നു. പിറന്നാളിനു പോകാനുള്ള ഉടുപ്പ് അവൾ അമ്മയെക്കൊണ്ട് ഇസ്തിരിയിട്ടു വച്ചിരുന്നു. കൊടുക്കാനുള്ള സമ്മാനവും അച്ഛനോട് പറഞ്ഞ് വാങ്ങിവച്ചിരുന്നു. ശരിക്കു പറഞ്ഞാൽ പിറന്നാളിന്റെ തലേ ദിവസം ടെറസ്സിൽ കണ്ടിട്ടുപോലും ഷൈനി അവളെ ക്ഷണിക്കുകയുണ്ടായില്ല. ക്ഷണിക്കുമെന്നു കരുതി അവൾ അധികസമയവും ഷൈനിയുടെ അടുത്തുതന്നെ ചുറ്റിപ്പറ്റി നിന്നിരുന്നു. ക്ഷണിക്കാത്ത ഒരിടത്തേക്കു ചെല്ലാൻ അവളുടെ കുഞ്ഞഭിമാനം സമ്മതിച്ചതുമില്ല. എതിർവശത്തുള്ള ഫ്ളാറ്റിലെ കൊച്ചുമോൻ പുതിയ ഉടുപ്പിട്ട് കയ്യിൽ ചുവപ്പുകടലാസ്സിന്റെ പൊതിയുമായി ഷൈനിയുടെ വീട്ടിലേയ്ക്ക് കോണി കയറി പോകുന്നതു കണ്ടതോടെ അവളുടെ മനസ്സിടിവ് പൂർണ്ണമായി.

തുറന്ന വാതിൽക്കൽ ആ അഞ്ചുവയസ്സുകാരി കൂട്ടുകാരെ കാത്തുനിന്നു. മുമ്പിൽ മൂന്നാം നിലയുടെ ലാന്റിങ് ഒഴിഞ്ഞു കിടന്നു. താഴേയ്ക്കും മുകളിലേയ്ക്കുമുള്ള കോണിയും ഒഴിഞ്ഞുതന്നെ കിടന്നു. ലിഫ്റ്റ് പുറപ്പെടുന്ന ശബ്ദം കേട്ടാൽ അവൾ ശ്രദ്ധിക്കും. പിന്നെ മൂന്നാം നിലയിൽ നിർത്താതെ ലിഫ്റ്റ് ഉയർന്നു പോകുമ്പോൾ അവൾ നിരാശയോടെ സ്വീകരണമുറിയുടെ ചുമരിൽ വച്ച ക്ലോക്കിൽ നോക്കും. സമയം 5.10. ടീപോയിമേൽ വച്ച കേക്ക് അവളെ കാത്തിരുന്നു.

അമ്മ അടുക്കളയിൽ ഉഴുന്നുവടയുണ്ടാക്കുകയാണ്. ഉഴുന്നുവടയും മിക്സ്ചറും ബിസ്ക്കറ്റും, പിന്നെ കേക്കും. അതാണ് പാർട്ടിക്ക് വിഭവങ്ങൾ. അത് സുജിയുടെ ആവശ്യപ്രകാരം ഉണ്ടാക്കുന്നതാണ്. ഓരോ പിറന്നാൾ ആഘോഷങ്ങൾക്ക് പോകുമ്പോഴും അവിടെ വിളമ്പിയ വിഭവങ്ങൾ അവൾ ശ്രദ്ധിച്ചിരുന്നു. അവയിൽ വച്ച് ഇഷ്ടപ്പെട്ട വിഭവങ്ങൾ അവൾ സ്വന്തം പിറന്നാളിന് ഉണ്ടാക്കാൻ അമ്മയോടു പറഞ്ഞതാണ്.

'എന്താ മോളെ ആരും എത്തീലേ?'

മാലതി അടുപ്പിൽനിന്ന് കണ്ണെടുക്കാതെ ചോദിച്ചു.

'ഇല്ലമ്മേ, ആരും വന്നില്ല.' സുജി പറഞ്ഞു. 'അവര് മറന്നുപോയതായിരിക്ക്യോ?'

'ആയിരിക്കില്ല. സുജിമോളടെ ബർത്ത്ഡേ ആരെങ്കിലും മറക്ക്വോ? അവര് വന്നോളും. മോള് അതുവരെ കൊറച്ചുനേരം കെടന്നോളൂ. അല്ലെങ്കിൽ കൂട്ടുകാരൊക്കെ വരുമ്പഴക്ക് മോക്ക് ക്ഷീണാവും.'

ഇപ്പോൾതൊട്ട് അവൾക്ക് അങ്ങിനെയാണ്. കുറച്ചുനേരം ഉത്സാഹത്തോടെ ഓടിനടന്നാൽ ക്ഷീണമാണ്. ഉടനെ പനിയും വരുന്നു. അതും കടുത്ത പനി. മരുന്നുകൾ ആ കൊച്ചുദേഹത്തിൽ ഫലിക്കുന്നില്ല. സുജി ചോദിക്കും, 'എന്താ അമ്മേ എന്റെ പനി മാത്രം മാറാത്തത്?' അവളുടെ കൂട്ടുകാർക്കെല്ലാം എപ്പോഴെങ്കിലും പനിച്ചിട്ടുണ്ട്. രണ്ടോ നാലോ ദിവസം കഴിഞ്ഞാൽ അതു മാറുന്നു. അവർ വീണ്ടും ടെറസ്സിൽ കളിക്കാനെത്തുന്നു, കൂടുതൽ ഉത്സാഹത്തോടെ. എന്താണ് അവൾക്കു മാത്രം ഇങ്ങനെ?

ഒരാഴ്ച മുമ്പാണവളുടെ രക്തപരിശോധനയുടെ ഫലമറിഞ്ഞത്. ഈ നൂറ്റാണ്ടിന്റെ ശാപമായ ആ രോഗം തന്നെ വന്നുപെടാൻ എന്താണ് കാരണം? അവളുടെ ഒന്നാം വയസ്സിലാണ് ആ രക്തസംക്രമണമുണ്ടായത്. കടം വാങ്ങിയ ആ രക്തത്തിലൂടെ അവളുടെ വിധി നിശ്ചയിക്കപ്പെട്ടിരുന്നു.

സുജി വീണ്ടും വാതിൽക്കലെത്തി. എന്താണ് കൂട്ടുകാർ വരാത്തതെന്ന് അവൾ അദ്ഭുതപ്പെടുകയാണ്. സാധാരണ ബർത്ത്ഡേ പാർട്ടികൾക്ക് വളരെ നേരത്തെ തന്നെ എല്ലാവരും എത്താറുണ്ട്. പിന്നെ പാട്ടും ഡാൻസുമൊക്കെയാണ്. എല്ലാ കുട്ടികളും പലപല നിറങ്ങളിലുള്ള തൊപ്പികൾ വെയ്ക്കുന്നു. കുപ്പിഗ്ലാസ്സുകളിൽ കൊക്കക്കോലയും പെപ്സിയും കുടിക്കുന്നു. പലപ്പോഴും പിറന്നാളുകാരന്റെ അല്ലെങ്കിൽ പിറന്നാളുകാരിയുടെ അച്ഛൻ ഓഫീസിൽനിന്ന് എത്തുന്നത് ആറു മണിയോടെയായിരിക്കും. അപ്പോഴാണ് കേക്ക് മുറിക്കുക.

സുജി എല്ലാം കരുതിയിരുന്നു. നിറമുള്ള തൊപ്പികൾ, വർണ്ണകടലാസുകൊണ്ടുള്ള തോരണങ്ങൾ, ബലൂണുകൾ, കൊക്കക്കോലയും പെപ്സിയും വലിയ കുപ്പികളിൽ; അവ പ്ലാസ്റ്റിക് ഗ്ലാസ്സിൽ തരാതെ കുപ്പിഗ്ലാസ്സിൽത്തന്നെ തരണമെന്ന് അവൾ നിർബ്ബന്ധിച്ചു. കുപ്പിഗ്ലാസ്സിൽ കൊക്കക്കോല കുടിക്കുന്നത് അന്തസ്സുതന്നെയാണ്. അവൾ എല്ലാം ഒരുക്കിയിരുന്നു. ആഘോഷങ്ങൾ കഴിഞ്ഞ് കൂട്ടുകാർ തിരിച്ചുപോകുമ്പോൾ മിട്ടായിയും ബലൂണുകളും മറ്റും കൊടുക്കാൻ ഭംഗിയുള്ള തൂക്കുറകൾ. എല്ലാം അവൾ കരുതിയിരുന്നു. തോരണങ്ങളും വലിയ ബലൂണുകളും തൂക്കിയ മുറിയിൽ അവൾ വീണ്ടും നടന്നുനോക്കി. എല്ലാമുണ്ട്. മറ്റുള്ള ഏതു ബർത്ത്ഡേയും പോലെത്തന്നെയാണ് തന്റെയും.

വാതിൽക്കൽ നിന്നുനിന്ന് അവൾക്ക് വയ്യാതെയായി. പനി വരുന്നുണ്ടെന്നു തോന്നുന്നു. അവൾ അടുക്കളയിലേയ്ക്കു പോയി.

'അമ്മേ, എനിക്ക് പനിക്കുന്നുണ്ടെന്നു തോന്നുണു.'

വടയുണ്ടാക്കൽ കഴിഞ്ഞിരുന്നു. മാലതി അവളുടെ അടുത്തു വന്നിരുന്ന് നെറ്റിമേലും നെഞ്ചത്തും കൈവച്ചു നോക്കി. ശരിയാണ് പനിക്കുന്നുണ്ട്. സുജിയുടെ കൂട്ടുകാർ ആരും വന്നില്ലെന്ന് അവർ അപ്പോഴാണ് ശ്രദ്ധിച്ചത്.

'ആരും വന്നില്ലെ മോളെ?'

'ഇല്ലമ്മേ, എന്താ കാരണം?'

മാലതിക്ക് കാരണം മനസ്സിലായി തുടങ്ങിയിരുന്നു. അതവളെ വേദനിപ്പിച്ചു. സുജിയുടെ രോഗവിവരങ്ങളും രക്തപരിശോധനയുടെ ഫലവും ആ കെട്ടിടത്തിൽ അവളുടെ ഏറ്റവും അടുത്ത സ്നേഹിതയോടു മാത്രമേ പറഞ്ഞിട്ടുള്ളു, ആരോടും പറയരുതെന്ന കരാറിൽ. മനസ്സിൽ നിന്നൊരു വലിയ ആധി ഇറക്കിവക്കാനാണവൾ പറഞ്ഞത്. ഇപ്പോൾ ആ സ്നേഹിതയുടെ ആത്മാർത്ഥതയിൽ അവൾക്കുണ്ടായിരുന്ന വിശ്വാസം നശിച്ചു.

'മോളെ അവരൊക്കെ വരും, എവിടെയെങ്കിലും കളിക്കാൻ പോയിട്ടുണ്ടാവും.' സ്വന്തം വാക്കുകളിലുള്ള വിശ്വാസ്യത നഷ്ടപ്പെട്ടതിൽ അവൾ വേദനിച്ചു. 'മോള് കുറച്ച് നേരം കിടന്നുറങ്ങിക്കൊള്ളു. അവര് വന്നാൽ മോളെ വിളിക്കാം.'

'വേണ്ടമ്മേ, എന്റെ ഉടുപ്പൊക്കെ കേടുവരും.'

നിറയെ തൊങ്ങലുള്ള ആ ഉടുപ്പ് അവൾ അച്ഛന്റെ ഒപ്പം പോയി എടുത്തതാണ്. കനകാംബരത്തിന്റെ നിറമുള്ള ഉടുപ്പ്. ആദ്യം വാങ്ങിയ ഉടുപ്പ് വീട്ടിൽ കൊണ്ടുവന്നപ്പോൾ ബോധ്യമാകാതെ വീണ്ടും അച്ഛനോടൊപ്പം സ്കൂട്ടറിൽ പോയി വാങ്ങിയതാണ്. ആദ്യത്തെ ഉടുപ്പ് നല്ലതുതന്നെയായിരുന്നു, അതുകൊണ്ട് അതു മാറ്റണമെന്നു പറഞ്ഞപ്പോൾ മാലതി വഴക്കിട്ടു. പക്ഷേ എന്നത്തെയും പോലെ അച്ഛൻ അവളുടെ രക്ഷക്കെത്തി. അയാൾ പറഞ്ഞു. 'അവൾക്കിഷ്ടപ്പെട്ട ഉടുപ്പല്ലേ വാങ്ങുക?" മകൾക്കുവേണ്ടി രണ്ടല്ല രണ്ടായിരം വട്ടം സ്കൂട്ടറെടുത്ത് പോകാൻ അയാൾ തയ്യാറായിരുന്നു. ഉടുപ്പ് പാകമാണോ എന്നു നോക്കാൻ ഇട്ടപ്പോൾ അയാൾ പറഞ്ഞു. 'എന്റെ മോളൊരു കനകാംബരമാലപോലെയുണ്ടല്ലോ.' പറഞ്ഞുകഴിഞ്ഞപ്പോൾ ഉയർന്നുവന്ന തേങ്ങലടക്കാൻ അയാൾ പാടുപെട്ടു.

ആ ഉടുപ്പ് കേടുവരുമോ എന്ന ഭയംകൊണ്ട് സുജി ഒരു ഭാഗത്ത് ഇരുന്നതുകൂടിയില്ല. അച്ഛൻ ഫോട്ടോ എടുക്കുമ്പോൾ ഉടുപ്പ് നന്നായി നിൽക്കണം. ആ അഞ്ചു വയസ്സുകാരി പ്രായത്തേക്കാൾ കൂടുതൽ ചിന്തിച്ചിരുന്നു. കുട്ടികളുടെ പിറന്നാൾ ആഘോഷത്തിന്റെ ഫോട്ടോ ആൽബം എല്ലാ വീടുകളിലും കൊണ്ടുപോയി കണ്ടിരുന്നു. അവനവന്റെ കുട്ടികളുടെ കേമത്തം വീണ്ടും വീണ്ടും നോക്കിക്കാണാനായി കോമാളിത്തം കാട്ടുന്ന കൊച്ചുമുഖങ്ങൾക്കിടയിൽ അവർ അവനവന്റെ കുഞ്ഞിനെ തിരയുന്നു.

വരാത്ത കൂട്ടുകാർക്കുവേണ്ടി സുജി കാത്തുനിന്നു. മുമ്പിലുള്ള ലാന്റിങ് ഒഴിഞ്ഞു കിടന്നു. മുകളിലേയ്ക്കും താഴേയ്ക്കുമുള്ള കോണിപ്പടികളിൽ കൊച്ചുതലകളോ കാലുകളോ കാണാൻ, അല്ലെങ്കിൽ ലിഫ്റ്റ് ആ ലാന്റിങ്ങിൽ നിർത്തി അതിൽനിന്ന് പൂത്തിരി പൊട്ടിവിരിയുംപോലെ കൂട്ടുകാർ തന്റെയടുത്തേയ്ക്ക് ഓടിവരുന്നതു കാണാൻ അവൾ കാത്തിരുന്നു. ലിഫ്റ്റ് മുകളിലേയ്ക്കും താഴേയ്ക്കും ചലിച്ചുകൊണ്ടിരുന്നു. അവളുടെ ലാന്റിങ്ങിൽ പക്ഷേ നിർത്തിയില്ല. താഴേയ്ക്കും മുകളിലേയ്ക്കുമുള്ള കോണി ഒരു ചെകുത്താന്റെ തുറന്ന വായ പോലെയും പടികൾ അതിന്റെ പല്ലുകൾ പോലെയും തോന്നിച്ചു.

പനി വീണ്ടും കൂടി. അവൾക്കു നേരെ നിൽക്കാൻ വയ്യെന്നായി. അവൾ പോയി സോഫയിൽ ഇരിക്കുന്ന അമ്മയുടെ മടിയിൽ വീണു. ഉടുപ്പു ചുളിയുന്നതിനെപ്പറ്റി അവൾ ആലോചിച്ചില്ല. അവൾക്ക് തീരെ വയ്യായിരുന്നു. അവൾക്ക് അമ്മയുടെ കൈകൊണ്ടുള്ള തലോടൽ വേണം.

'നന്നായി പനിക്കുന്നുണ്ട്.' മാലതി പറഞ്ഞു. 'മോളേ അമ്മ പോയി മരുന്നു കൊണ്ടുവരട്ടെ.'

മരുന്നുകൾ ഫലിക്കുന്നില്ലെന്നറിഞ്ഞുകൊണ്ടുതന്നെ അവർ മകൾക്ക് മരുന്നു കൊടുത്തു. നനഞ്ഞ തോർത്തെടുത്ത് അവളുടെ മുഖവും കൈയ്യും കാലും തുടച്ചു. അവൾ ഒരു മയക്കത്തിലേയ്ക്കു വഴുതിവീഴുകയായിരുന്നു. മാലതി മോളെ അകത്ത് കിടക്കയിൽ കൊണ്ടുപോയി കിടത്തി, പുതപ്പിച്ചു.

തിരിച്ചു സ്വീകരണമുറിയിൽ വന്നപ്പോൾ അവൾ ടീപോയ്മേൽ വച്ച അലങ്കരിച്ച കേക്കും, തട്ടിൽ നിന്ന് തൂങ്ങിക്കിടക്കുന്ന വർണ്ണക്കടലാസിന്റെ തോരണങ്ങളും ബലൂണുകളും കുറച്ചുനേരം നോക്കിനിന്നു. പിന്നെ ഒഴിഞ്ഞുകിടക്കുന്ന ലാന്റിങ്ങിനുനേരെ, അതിഥികളാരും വരാനിടയില്ലാത്ത വാതിൽ അടച്ചു.

ആറുമണിക്ക് മാധവൻ വന്നപ്പോൾ വാതിലടച്ചിട്ടു കണ്ടത് അദ്ഭുതമായി. തുറന്നിട്ട വാതിലും അകത്ത് സംഗീതവും കുട്ടികളുടെ ബഹളവുമാണയാൾ പ്രതീക്ഷിച്ചിരുന്നത്.

'എന്താ കുട്ടികളാരും വന്നില്ലെ?' വാതിൽ തുറന്നുപിടിച്ചുകൊണ്ടു നിന്ന മാലതിയോടയാൾ ചോദിച്ചു.

'ആരും വന്നില്ല.' അവൾ താഴ്‌ന്ന സ്വരത്തിൽ പറഞ്ഞു. 'അവരെല്ലാം മോളുടെ അസുഖത്തെപ്പറ്റി അറിഞ്ഞു കാണും.'

'മോളെവിടെ?'

'ഒറങ്ങ്വാണ്. നല്ല പനി. ഇത്രേം നേരം വാതിൽക്കൽതന്നെയായിരുന്നു.'

മാധവൻ നിശ്ശബ്ദനായി. അയാൾ ആലോചിക്കുകയായിരുന്നു. മകളുടെ മനസ്സിനുള്ളിലെ മോഹങ്ങളെപ്പറ്റി, ആധികളെപ്പറ്റിയെല്ലാം മാലതിയേക്കാൾ അയാൾക്കാണറിയുക. സുജി തന്റെ ഏറ്റവും നിഗൂഢമായ രഹസ്യങ്ങൾകൂടി പറഞ്ഞിരുന്നത് അച്ഛനോടായിരുന്നു. അയാളുടെ മടിയിലിരുന്ന് കഴുത്തിലൂടെ കയ്യിട്ടുകൊണ്ട്, അല്ലെങ്കിൽ അയാൾക്കു ചുറ്റംനടന്നുകൊണ്ട് അവൾ അതെല്ലാം പറഞ്ഞു. ഒരുപക്ഷേ കുറച്ചുകൂടി പ്രായമാകുമ്പോൾ അവൾ അമ്മയോടായിരിക്കും കൂടുതൽ അടുക്കുക.

'നമുക്കവളെ വിളിച്ച് കേക്കു മുറിക്കാം' മാലതി പറഞ്ഞു.

അയാൾ ഒന്നും പറയാതെ എഴുന്നേറ്റു. അകത്തു നല്ല ഉറക്കത്തിലായിരുന്ന സുജിയുടെ നെറ്റിമേൽ കൈവച്ചു നോക്കി. പനി കുറഞ്ഞിരിക്കുന്നു. അച്ഛന്റെ സ്പർശം അറിഞ്ഞുവെന്നുതോന്നുന്നു, അവൾ കണ്ണുമിഴിച്ചു.

അയാൾ കട്ടിലിലിരുന്ന് അവളെ വാരിയെടുത്ത് ഉമ്മവച്ചു. 'അച്ഛന്റെ കുഞ്ഞിമോൾ അച്ഛന്റെ മടിയിലിരുന്ന് ബർത്ത്ഡേ കേക്കു മുറിക്കാൻ പോണു.'

സ്വീകരണമുറിയിൽ കൊണ്ടുവന്നപ്പോൾ അവൾ അടഞ്ഞുകിടക്കുന്ന വാതിൽ ഒരിക്കൽ നോക്കി. അവളുടെ മുഖം മ്ലാനവും അതേ സമയം നിർവ്വികാരവുമായിരുന്നു. കൂട്ടുകാർക്കണിയാനായി അവൾ വാങ്ങിവച്ച കൂമ്പൻ തൊപ്പികൾ ആവശ്യക്കാരില്ലാതെ ഒരു മേശപ്പുറത്ത് കൂട്ടിയിട്ടിരുന്നു. പാർട്ടികഴിഞ്ഞ് പോകുമ്പോൾ അതിഥികൾക്കു കൊടുക്കാനുള്ള തൂക്കുറകളിൽ മിട്ടായികളും ബലൂണുകളും മയങ്ങിക്കിടന്നു. അയാൾ ഒരു കസേല വലിച്ചിട്ട് കേക്കുവച്ച ടീപോയ്ക്കു മുമ്പിലിരുന്നു. കേക്കിനു തൊട്ടടുത്തുതന്നെ പിടിമേൽ ചുവപ്പു റിബ്ബൺ കെട്ടിയ കത്തി വച്ചിരുന്നു. അയാൾ കത്തിയെടുത്ത് സുജിയുടെ കയ്യിൽ വച്ചുകൊടുത്തു. മാലതി ടേപ്പ്റെക്കോർഡർ ഓണാക്കി, കാമറയുമായി മറുവശത്തു കുനിഞ്ഞു നിന്നു. ടേപ്പ്റെക്കോർഡറിൽനിന്ന് ഹാപ്പി ബർത്ത്ഡേ എന്ന പാട്ട് ഉറക്കെ കേട്ടു. ഏതോ അപരിചിതലോകത്തു നിന്ന് വരുന്ന കാലഹരണപ്പെട്ട സന്ദേശം പോലെ ആ ഗാനം അർത്ഥശൂന്യമായി ഒഴുകിവന്നു. സുജി മുഖമുയർത്തി അമ്മയോടു പറഞ്ഞു.

'അമ്മേ.......ആ പാട്ടു നിർത്തു.'

back to index